വാല്യം 145

തലശ്ശേരി ബ്ലോക്ക്
(കണ്ണൂർ ജില്ല)

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

ധർമ്മടം
ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണം

വികസന റിപ്പോർട്ട് - 1996



ധർമ്മടം ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

സമഗ്രവികസന രേഖ 1996

ധർമ്മടം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം
സമഗ്രവികസന രേഖ
കവർ
ധർമ്മടം തുരുത്ത്
ഫോട്ടോ ഡിസൈൻ : സെൽവൻ മേലൂർ

രേഖാ ചിത്രം
സെൽവൻ മേലൂർ,
എൻ.കെ.ഉദയൻ, സത്യനാഥ്,
പ്രദീഷ്.് എം

ഡി.ടി.പി
സെവൻത്ത് സീൽ അഡ്വർടൈസേർസ്
കായ്യത്ത് റോഡ്, തലശ്ശേരി - 1
ഫോൺ- റസി :233322

പ്രിൻറിംഗ്
കെ ടി സി ഓഫ്സെറ്റ് പ്രിൻേറർസ്
കോഴിക്കോട്

നന്ദി...

മാന്യരെ,
ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ
വികസനമെമ്പാടുമാർ വിജയിപ്പിക്കുന്നതിനു
വേണ്ടി അക്ഷീണം പ്രവർത്തിച്ച
കുല്ലാസു ഹൃത്തുക്കൾക്കും
തങ്ങളുടെ ഹൃദയം നിറഞ്ഞ
നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

ഭരണസമിതിക്കുവേണ്ടി

കൊളായൻ രാഘവൻ
(പ്രസി: ധർമ്മടം ഗ്രാമപഞ്ചായത്ത്)



ധർമ്മടം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 30.5.95മുതൽ

1	കൊള്ളൃൻ രാഘവൻ	(പ്രസിഡൻറ്)
2	ബി.ഗീതമ്മ	(വൈസ് പ്രസിഡൻറ്)
3	എൻ.കെ.രവി	(സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ)
4	ടി.രമണി	(മെമ്പർ)
5	സി.സരോജം	,,
6	സി.പി.സതി	,,
7	ടി.കെ.പവിത്രൻ	,,
8	സി.കെ.ദാമു	,,
9	എം.സുരേഷ്	,,
10	സി.സുരേന്ദ്രൻ	,,
11	വി.അസ്സുട്ടി	,,

വിഷയവിവരം		പേജ്
1 ആമുഖം		1
2 ചരിത്രം		6
3 ഭൂപ്രകൃതി,ജനപ്രകൃതി		11
4 വികസന മേഖലകൾ		
4-1	കൃഷി, ജലസേചനം	15
4-2	മൃഗസംരക്ഷണം,മത്സ്യബന്ധനം	25
4-3	വ്യവസായം	36
4-4	വിദ്യാഭ്യാസം	45
4-5	കുടിവെള്ളം,പൊതുജനാരോഗ്യം	58
4-6	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	64
4-7	പാർപ്പിടം സാമൂഹ്യക്ഷേമം	73
4-8	സാംസ്കാരിക രംഗം, കായികരംഗം	81
4-9	വനിതാക്ഷേമം	89
4-10	സഹകരണം	93
4-11	പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം	99
4-12	വിഭവസമാഹരണം	103

വർക്കിംങ്ങ് ഗ്രൂപ്പ്

1. ശ്രീമതി പി.കെ സീത ടീച്ചർ
2. ശ്രീ. മലപ്പിലായി വിജയൻ
3. ശ്രീ. സി.പി.ഹരീന്ദ്രൻ
4. ശ്രീ. കെ.പ്രഭാകരൻമാസ്റ്റർ
5. ശ്രീ. എം 'ബാലൻ
6. ശ്രീ. എം.പി.രാമചന്ദ്രൻ
7. ശ്രീ. എ.വി.സുരേന്ദ്രൻ
8. ശ്രീ. ടി.കെ.കനകരാജ്
9. ശ്രീ. സി.ഗിരീശൻ
10 ശ്രീ. എം.പി.മോഹനൻ
11. ശ്രീ. എ.കെ.സഹദേവൻ
12. ശ്രീ. എസ്.ശ്യാമളകുമാരൻ
13. ശ്രീ. ക്യപ്റ്റൻ.വിജയരാഘവൻ
14. ശ്രീ. കൈപ്രത്ത് ബാലൻ
15. ശ്രീ. എൻ. ചന്ദ്രഹാസൻ മാസ്റ്റർ
16. ശ്രീ. കെ.വിജയൻ
17 ഡോക്ടർ അബ്ദുൾ ഷുക്കൂർ
18 ശ്രീ. പി.കെ.ശശീന്ദ്രൻ
19. ശ്രീ മതി ബേബി സരോജം.സി.പി
20. ശ്രീ. സി.ദാമുമാസ്റ്റർ
21. ശ്രീ. കെ.ദിനേശൻ
22. ശ്രീ. കെ.പി.സുനിൽ
23. ശ്രീ. എം.ലക്ഷ്മണൻ
25. ശ്രീ. വിനോദൻ കെ
26. ശ്രീ. ടി.ഡി. ശശിധരൻ
27. ശ്രീ. കിരാലി. ചന്ദ്രൻ
28. ശ്രീ. എം പത്മനാഭൻ മാസ്റ്റർ
29. ശ്രീ. പി.എ.ജോയ് മാസ്റ്റർ
30. ശ്രീ. പി.യം.നാരായണൻ
31. ശ്രീ. എം.പത്മനാഭൻ
32. ശ്രീ. പനോളി ലക്ഷ്മണൻ
33. ശ്രീ. വി.ബാലൻ മാസ്റ്റർ
34. ശ്രീ. പണിക്കൻ രാജീവൻ
35. ശ്രീ. ഗോകുൽ ദാസ്
36. ശ്രീ. സനൽ എം

1 ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം എട്ട് പഞ്ചവത്സരപദ്ധതികൾ പിന്നിട്ടു. ഇതുവരെ ഇന്ത്യയിലും കേരളത്തിലും നടപ്പിലാക്കിയ പദ്ധതികൾ നേട്ടങ്ങൾ ചിലത് കൊയ്തെങ്കിലും അവ പോരായ്മകൾ നിറഞ്ഞതായിരുന്നു. ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവുമായിരുന്നു. പദ്ധതികൾ നടപ്പാക്കേണ്ടുന്ന പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണത്തിലോ പങ്ക് ഉണ്ടായിരുന്നില്ല. ലക്ഷ്യമില്ലായ്മയും നടത്തിപ്പിലെ അശാസ്ത്രീയതയും നിമിത്തം പഞ്ചവത്സര പദ്ധതികൾ വെറും ജലരേഖകളായി മാറി.

അധികാരവികേന്ദ്രീകരണം

1993ലെ 73, 74 ഭരണഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കി. ഇതിന്റെ ഫലമായി കേവലം മാർഗ്ഗനിർദ്ദേശകത്വങ്ങൾ എന്ന നിലയിൽ നിന്നും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾ ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ ഘടകങ്ങളായി മാറി. കൂടാതെ എല്ലാ വോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകളും നിലവിൽ വന്നു. ഇതോടെ അധികാരം വികേന്ദ്രീകരിക്കപ്പെടുകയും ജനങ്ങളിലേക്ക് മാറ്റപ്പെടുകയും ചെയ്തു.

ജനകീയാസൂത്രണ പ്രസ്ഥാനം

അധികാരവികേന്ദ്രീകരണം തികച്ചും യാഥാർത്ഥ്യമാക്കുന്നതിനുള്ള ജനകായ മുന്നേറ്റമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ജനപങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്ന്ഃാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകക്ക് വരുന്ന സ്കീമുകൾ രൂപപ്പെടിത്തി എടുക്കുകയാണ്. ഇതിന്റെ ലക്ഷ്യം പഞ്ചായത്ത്/മുനിസിപ്പൽ സമിതികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും വിദഗ്ദരേയും ഉദ്യോഗസ്ഥരേയും കോർത്തിണക്കി വികസന പ്രശ്നങ്ങളെ സർക്കാരിന്റെ സഹായത്തോടുകൂടി പ്രാദേശിക മുൻകൈയ്യോടെ പരിഹരിക്കുന്ന ഒരു പുതിയ രീതിയാണിത്. ജനങ്ങളിൽ വികസന ബോധം വളർ ന്നതിനും ശോഭനമായ നാളെ കെട്ടപ്പടുക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പിക്കുന്നതിനും ജനകീയാസൂത്രണ പ്രസ്ഥാനം സഹായിക്കും.

പഞ്ചായത്ത് തല പ്രവർത്തനങ്ങൾ

വികസന പ്രവർത്തനത്തിൽ ജനപങ്കാളിത്തം എന്ന ലക്ഷ്യത്തോടെ 1996 ജൂൺ 10ം തീയ്യതി, വിവിധ സാമൂഹ്യ, രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ കൊള്ളൃൻ രാഘവൻ ചേയർമാനായും ശ്രീ ടി. പ്രസാദ് കൺവീനറായും ധർമ്മടം ഗ്രാമപഞ്ചായത്ത് വികസന സമിതി രൂപീകരിച്ചു. തുടർന്ന് വാർഡ് തല വികസന സിമിതികൾക്കും രൂപം നല്കി. വികസന സമിതിക്ക് കൃഷി, ആരോഗ്യം,

വിദ്യാഭ്യാസം, കലാസാംസ്ക്കാരികം, കായികം എന്നീ മേഖലകളിലുള്ള പ്രത്യേക പ്രവർത്തനത്തിനുവേണ്ടി 5 ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസപ്രവർത്തനങ്ങൾ വാർഡ് തലത്തിൽ ഊർജ്ജിതമാക്കുന്നതിനുവേണ്ടി വാർഡ്തല വികസന സമിതിയുടെ കീഴിൽ വിദ്യാഭ്യാസ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് വികസനസമിതിയുടെ ആദ്യ സംരഭമായി ജനപങ്കാളിത്തത്തോടുകൂടി സാമൂഹ്യസാമ്പത്തിക സർവ്വെനടത്തി. വിദ്യാഭ്യാസ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗുരുകുല വിദ്യാഭ്യാസപദ്ധതിയുടെ വിജയത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി. എല്ലാവാർഡുകളിലും അയൽ കൂട്ടങ്ങൾ രൂപീകരിക്കുകയും ചില അയൽ കൂട്ട സമിതിയുടെ നേതൃത്വത്തിൽ ക്ലാസ് മുറികൾക്ക് പുറത്ത് പഠനപ്രവർത്തനങ്ങളും പഠനാനുബന്ധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക ഉപസമിതി, തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി നടത്തിയ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി ശ്രദ്ധേയമായ ഒരു പ്രവർത്തനമായിരുന്നു.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായുള്ള ഒന്നാം ഘട്ട ഡി. ആർ.പി. പരിശീലന കേമ്പുകളിൽ ഒന്ന് ധർമ്മടം പഞ്ചായത്തിലെ പാലയാട് ഡയറ്റിലാണ് നടന്നത്. ഈ കേമ്പ് സംഘടിപ്പിക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ട്. 10 പേരാണ് ഈ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും പങ്കെടുത്തത്. 12.9 96ന് നടന്ന പഞ്ചായത്ത് പരിശീലന കളരിയിൽ പഞ്ചായത്ത് മെമ്പർമാർ, സർക്കാർ ഉദ്യോഗസ്ഥന്മാർ, സന്നദ്ധ പ്രവർത്തകർ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങി വിവിധ മേഖലയിലുള്ള 90ൽ പരം ആളുകൾ പങ്കെടുത്തു. ഇതിൽ പത്ത് വനിതകളും പങ്കെടുത്തു.

സപ്തംബർ 15ന് വിശേഷാൽ ഗ്രാമസഭയുടെ ഉൽഘാടനം 9ാം വാർഡിൽ നടന്നു. തലശ്ശേരി ഉപതെരഞ്ഞെടുപ്പിന്റെ അന്തരീക്ഷം ഗ്രാമസഭയിലെ ജനപങ്കാളിത്തത്തെ ബാധിച്ചു. ജനപങ്കാളിത്തം പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ലെങ്കിലും ചർച്ചകൾ സജീവവും നിലവാരം പുലർത്തുന്നവയുമായിരുന്നു.

ഒക്ടോബർ 3 മുതൽ 22 വരെ ദ്വിതീയ വിവര ശേഖരണം നടന്നു.

ഒക്ടോബർ 26, 27,28 തീയ്യതികളിൽ നടന്ന രണ്ടാം ഘട്ട ജില്ലാതല പരിശീലന ക്യാമ്പിൽ 10 പേർ പങ്കെടുത്തു. നവംബർ 2, 3, തീയ്യതികളിലായി പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിൽ പഠനപര്യടനം നടത്തി ദ്രുത ഗ്രാമപഠന റിപ്പോർട്ട് തയ്യാറാക്കി.

രണ്ടാഘട്ട പരിശീലനത്തിന്റെ ഭാഗമായുള്ള പഞ്ചായത്ത് തല ശില്പശാല നവംബർ 5ന് നടന്നു. ഈ ശില്പശാലയിൽ നിന്ന് രൂപീകരിച്ച 15 വർക്കിം ങ്ങ് ഗ്രൂപ്പുകളാണ് പഞ്ചായത്ത് വികസന രേഖയുടെ കരട് തയ്യാറാക്കിയത്. പഞ്ചായത്ത് ഭരണ സമിതി നിയോഗിച്ച ഡി.ആർ.പി മാരടങ്ങുന്ന എഡിറ്റോറിയൽ ബോർഡ് വികസന രേഖക്ക് അന്തിമ രൂപം നൽകുകയും 12.11.96ന് ചേർന്ന പഞ്ചായത്ത് ഭരണ സമിതി വികസന രേഖക്ക് അന്തിമ അംഗീകാരം നല്കുകയും ചെയ്തു.

പഞ്ചായത്തിന്റെ പൊതുവിവരം

1. പഞ്ചായത്തിന്റെ പേര്	-	ധർമ്മടം ഗ്രാമപഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജ്	-	ധർമ്മടം വില്ലേജ്
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	3-ധർമ്മടം
4. ബ്ലോക്ക് പഞ്ചായത്ത്	-	തലശ്ശേരി
5. താലൂക്ക്	-	തലശ്ശേരി
6. ജില്ല	-	കണ്ണൂർ
7. അസംബ്ലി മണ്ഡലം	-	തലശ്ശേരി
8. വിസ്തീർണ്ണം	-	10.68ച.കി.മി
9. അതിരുകൾ	-	വടക്ക് : അഞ്ചരക്കണ്ടിപുഴ തെക്ക് : അറബികടൽ കിഴക്ക് : അഞ്ചരക്കണ്ടിപുഴ പടിഞ്ഞാറ് : അഞ്ചരക്കണ്ടിപുഴ , അറബിക്കടൽ
10 ജനസംഖ്യ	-	26705
11 വാർഡുകളുടെ എണ്ണം	-	11
12. പ്രസിഡൻറ്	-	ശ്രീ കൊള്ളൃൻ രാഘവൻ
13. വൈസ്പ്രസിഡൻറ്	-	ശ്രീമതി. ഗീതമ്മ. ബി

ഭരണ ചരിത്രം

1950ലാണ് ധർമ്മടം പഞ്ചായത്ത് ഔദ്യോഗികമായി രൂപം കൊണ്ടത്. (ഇൻസെപ്ടർ ഓഫ് മുനിസിപാലിറ്റീസ് ആൻറ് ലോക്കൽ ബോഡീസ് മദ്രാസിന്റെ 5-6-1950ലെ എൽ.ഡി.സ് 29239/50 നമ്പർ ഉത്തരവ് പ്രകാരം) തലശ്ശേരി നഗരത്തിൽ നിന്നും നാല് കിലോമീറ്റർ വടക്കുപടിഞ്ഞാറ് മാറി തലശ്ശേരി മുനിസിപാൽ അതിർത്തിയോട് ചേർന്ന ധർമ്മടം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. രൂപം കൊണ്ടതിനുശേഷം അതിർത്തികളിൽ ഭരണപരമായി മാറ്റം വന്നിട്ടില്ല. നള്ളക്കണ്ടി ദാമു വക സത്രം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്തോഫീസ് 14.8.1990ലാണ് ധർമ്മടം ബ്രണ്ണൻ കോളേജിനടുത്തുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറിയത്. തുടക്കത്തൽ പഞ്ചായത്തിൽ 10 വാർഡുകളാണ് ഉണ്ടായിരുന്നത്. 1995ൽ അത് 11 ആയി ഉയർന്നു. 1,3,5,11 എന്നീവാർഡുകൾ വനിതകൾക്കും ആറാം വാർഡ് പട്ടിക ജാതി- പട്ടികവർഗ്ഗത്തിനും നീക്കിവെച്ചിരിക്കുന്നു.

ജനസംഖ്യയുടെ 52.06 ശതമാനം സ്ത്രീകളാണ് സ്ത്രീപുരുഷാനുപാതം 1000പുരുഷന് 1086സ്ത്രീ എന്നതോതിലാണ്. ജനസംഖ്യയുടെ 0.1% പട്ടികവർഗ്ഗത്തിലും 2.48% പട്ടിക ജാതിയിലും പെട്ടവരാണ്.

പഞ്ചായത്തിന്റെ മുൻ ഭരണ സാരഥികൾ

കാലയളവ്	ഭാരവാഹികൾ
1950 ജൂൺ മുതൽ 1953 മാർച്ച് വരെ	പ്രസിഡൻറ് എൻ.വി.ബാലകൃഷ്ണൻ
	വൈസ് പ്രസിഡണ്ട്, ഇ. കുഞ്ഞിക്കണ്ണൻ
	മെമ്പർമാർ 1. വി. കെ. കൃഷ്ണൻ
	2. എം പൊന്നൻ
	3 എം. ഇബ്രായൻ
	4. വി.എം ശങ്കർനമ്പ്യാർ
	5. പി.കെ. കുമാരൻ
	6. എം മന്നി
	7. സി.പി. കണാരൻ
	8. സി. ദാമോദരൻ നായർ
1.4.1953 മുതൽ 13.5.1953 വരെ	: ഉദ്യോഗസ്ഥ ഭരണം
14.5.1953മുതൽ 9.12.55 വരെ	: പ്രസിഡണ്ട് എൻ.വി. ബാലകൃഷ്ണൻ
	: വൈ: പ്രസിഡണ്ട് ഇ. കുഞ്ഞിക്കണ്ണൻ
10.12.1955മുതൽ 29.1.1963വരെ	: വൈ: പ്രസിഡണ്ട് ഇ.കുഞ്ഞിക്കണ്ണൻ
	: (പ്രസിഡൻറ് ഇൻ ചാർജ്ജ്)
30.1 1963 11.12 63	: സ്പെഷൽ ഓഫീസർ
12.12.1963മുതൽ 31.1.1965വരെ	: പ്രസിഡണ്ട് പി. കുഞ്ഞിക്കണ്ണൻ
	: വൈസ് പ്രസി. ശ്രീ. സി. വി. മുകുന്ദൻ
1.2.1965മുതൽ 29.7.1965വരെ	: പ്രസി: ശ്രീ.സി. വി. മുകുന്ദൻ
30.7. 1965 മുതൽ 14.6.1981വരെ	: പ്രസി. ശ്രീ. വേണാടൻ കുമാരൻ
	: വൈ: പ്രസി. ശ്രീ. മലപ്പിലായ് വിജയൻ
	: പ്രസി : ശ്രീ. വേണാടൻ കുമാരൻ
15.6 81 മുതൽ 29.8.81 വരെ	: വൈസ്: പ്രസി. പി. ഭാസ്കരൻ
30.8.81 മുതൽ 19.10.84 വരെ	: പ്രസിഡണ്ട് വേണാടൻ കുമാരൻ,
	: വൈ: പ്രസി. ശ്രീ. കൊള്ളൃൻ രാഘവൻ
20.10.84 മുതൽ 8.2.89 വരെ	താലൂക്ക് പഞ്ചായത്ത് ഓഫീസർ
	(സ്പെഷൽ ഓഫീസർ)
9.2.89മുതൽ 16.7.89വരെ	: പ്രസി. വേണാടൻ കുമാരൻ,
	: വൈ: പ്ര. ശ്രീ. മലപ്പിയായി വിജയൻ
17.7.89മുതൽ 29.9.95 വരെ	: ആക്ടിംങ്ങ് പ്രസിഡണ്ട്
	ശ്രീ മലപ്പിലായി വിജയൻ
30.9.95മുതൽ	: പുതിയ ഭരണ സമിതി

പഞ്ചായത്ത് അതിർത്തിയിലെ സ്ഥാപനങ്ങൾ

സർക്കാർ - അർദ്ധ സർക്കാർ

1 മേലൂർ ബ്രാഞ്ച്പോസ്റ്റാഫീസ്
2 പഞ്ചായത്ത് ശിശുമന്ദിരം
3 കൃഷിഭവൻ, ധർമ്മടം
4 കോക്കനട്ട് നഴ്സറി
5 ഐ. സി. ഡി. പി സബ്സെൻറർ
6 ഇൻറസ്ട്രിയൽ എസ്റ്റേറ്റ്
7 യൂനിവേഴ്സിറ്റി സെൻറർ
8 ഫാമിലി വെൽഫെയർ സെൻറർ
9 അങ്കണവാടി
10 പി.എച്ച്.സി,
11.പാലയാട് സബ്പോസ്റ്റോഫീസ്
12 ബീഡി വർക്കേഴ്സ് വെൽ ഫെയർ ഡിസ്പെൻസറി
13 മാവേലി സ്റ്റോർസ്
14 ഡയറ്റ്, പാലയാട്
15 ജി. എച്ച്. എസ്. പാലയാട്
16. വി. ഇ. ഒ. ഓഫീസ്
17. ബ്രണ്ണൻ കോളേജ്
18. ബ്രണ്ണൻ കോളേജ് മെൻസ് ഹോസ്റ്റൽ
19. ബ്രണ്ണൻ കോളേജ് വനിതാ ഹോസ്റ്റൽ
20. കുടുംബക്ഷേമ കേന്ദ്രം, പാലയാട്
21 വില്ലേജ് ഓഫീസ്, ധർമ്മടം
22 ഫിഷറീസ് ഓഫീസ്, ധർമ്മടം
23 ഇ.എസ്.ഐ ഡിസ്പെൻസറി, ധർമ്മടം
24. ഗവ: മാപ്പിള ജെ. ബി സ്കൂൾ, ധർമ്മടം
25. തലശ്ശേരി ബ്ലോക്ക് ഓഫീസ്
26. ധർമ്മടം സബ്പോസ്റ്റോഫീസ്
27. ആയുർവേദ ഡിസ്പെൻസറി
28. കുടുംബക്ഷേമ കേന്ദ്രം, പരീക്കടവ്
29. ഇലക്ട്രികൽ മേജർ സെക്ഷൻ ഓഫീസ്, ധർമ്മടം
30. ടെയിലറിംഗ് ആൻറ് ഗാർമെൻറ് മെയ്ക്കിംങ്ങ് ട്രെയിനിംങ്ങ് സെൻറർ
31. ധർമ്മടം ഗ്രാമപഞ്ചായത്ത് ഓഫീസ്
32. ധർമ്മടം റയിൽവേസ്റ്റേഷൻ
33. എൻ.സി. സി. ഓഫീസ്, ധർമ്മടം.
34. ദീനേശ് ഭവൻ, പാലയാട്
35 സിൻറിക്കേറ്റ് ബേങ്ക്, ധർമ്മടം

സ്വകാര്യ സ്ഥാപനങ്ങൾ	എണ്ണം
1 സ്കൂളുകൾ	12
2 പാരലൽ കോളേജുകൾ	2
3 ബധിരമൂക വിദ്യാലയം	1
4 മന്ദബുദ്ധി വിദ്യാലയം	1
5 സിനിമാ ടാക്കീസ്	2
6 ഓർക്കിഡ് നഴ്സറി	1
7 തീപ്പെട്ടി കമ്പനി	1
8 നാളികേരോത്പന്ന സംസ്ക്കരണ സ്ഥാപനം	1
9 ഐസ്ഫാക്ടറി	1

സഹകരണ സ്ഥാപനങ്ങൾ

1 ധർമ്മടം സർവ്വീസ് സഹകരണബേങ്ക് (എച്ച്ഒ)
2 ധർമ്മടം ബീഡിതൊഴിലാളി കോ-ഓപ്പ് സൊസൈറ്റി
3 അണ്ടലൂർ വീവേഴ്സ് കോ-ഓപ്പ് സൊസൈറ്റി
4 യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘം
5 തലശ്ശേരി കോ-ഓപ്പ് ടൗൺ ബേങ്ക് ബ്രാഞ്ച്

2 സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

കേരളത്തിന്റെ പ്രത്യേകിച്ച് വടക്കെ മലബാറിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം രൂപപ്പെടുത്തുന്നതിൽ സുപ്രധാനമായ പങ്ക് വഹിച്ച ഒരു സ്ഥലമാണ് ധർമ്മടം. ഇന്നത്തെ കണ്ണൂർ ജില്ലയിൽ തലശ്ശേരിക്കും കണ്ണൂരിനും ഇടയിൽ കിടക്കുന്ന ധർമ്മടം ഗ്രാമം 'ധർമ്മപട്ടണം' എന്ന പേരിൽ പ്രാചീന കേരളചരിത്രത്തിലും, ആധുനിക കേരള ചരിത്രത്തിലും പ്രസിദ്ധമാണ്.

വയനാടൻ മലകളുടെ പടിഞ്ഞാറൻ ഇടുക്കുകൾ ചൂഴ്ന്ന നിൽക്കുന്ന വനാന്തരങ്ങളിൽ -നിന്നുൽഭവിക്കുന്ന അഞ്ചരക്കണ്ടിപ്പുഴ 40 നാഴികയോളം കീഴോട്ട് ഒഴുകി രണ്ടായിത്തിരിയുകയും കടലിൽ ചേരുന്ന സ്ഥാനത്തുവെച്ച് 'ധർമ്മപട്ടണം' ദ്വീപിന് ജന്മം നൽകുകയും ചെയ്യുന്നു. പുഴയുടെ ഇരുശാഖകൾക്കും, അറബിക്കടലിനും ഇടയിലുള്ള പ്രകൃതി സൗകുമാര്യം നിറഞ്ഞ ഈ ദ്വീപ് ഇന്ന് ധർമ്മടം, പാലയാട് അണ്ടലൂർ, മേലൂർ എന്നീ ദേശങ്ങളടങ്ങിയ ഒരു പഞ്ചായത്താണ്. ചരിത്രത്തിന്റെ താളുകളിൽ നിത്യശോഭയാർന്ന് നിൽക്കുന്ന സ്ഥലനാമങ്ങളിൽ ഒന്നാണ് ധർമ്മടം. വിവിധ ജന സമൂഹങ്ങളുമായുള്ള സമ്പർക്കങ്ങളും അവയിലൂടെ ഉരുത്തിരുഞ്ഞുവന്ന ജീവിത രീതികളും ഉന്നതമായ ഒരു സംസ്ക്കാരത്തിന്റെ രൂപമാതൃകകൾ സ്വായത്തമാക്കാൻ ധർമ്മടത്തിന് പ്രചോദനമേകിയിട്ടുണ്ട്. പ്രസിദ്ധമായ അണ്ടലൂർ കാവും, മേലൂർ ശിവക്ഷേത്രവും, ഗവ: ബ്രണ്ണൻ കോളേജുമാണ് ധർമ്മടത്തെപ്പറ്റിപ്പറയുമ്പോൾ ആരും ഓർക്കുക.

സ്ഥലനാമം

ധർമ്മടം എന്ന സ്ഥലനാമത്തെപ്പറ്റി വിവിധാഭിപ്രായങ്ങളുണ്ട്.'ധർമ്മപട്ടണമാണ്' ധർമ്മടം ആയതെന്നാണ് ഒരഭിപ്രായം.

ഒരു കാലത്ത് ബുദ്ധമത കേന്ദ്രമായിരുന്നതുകൊണ്ടാണ് ധർമ്മപട്ടണം എന്ന നാമധേയം വന്നുചേർന്നത് എന്നും കരുതാം. ബുദ്ധമതക്കാർ സ്ഥാപിച്ച ധർമ്മ മഠങ്ങളുണ്ടായിരുന്നതുകൊണ്ടാണ് ധർമ്മടം എന്ന പേർ വന്നത് എന്ന പറയുന്നവരുണ്ട്. കോലത്ത് നാട്ടിലെ ധർമ്മൻ എന്ന ഭരണാധികാരിയിൽ നിന്നാണ് 'ധർമ്മപട്ടണം' എന്ന പേർ കിട്ടിയതെന്ന അഭിപ്രായവുമുണ്ട്. 'തറമേലിടം' ധർമ്മടമായി എന്നുകരുതുന്നവരും കുറവല്ല. അരയാൽത്തറ മേലയോഗം ചേർന്നായിരുന്നുവത്രെ പണ്ട് ഈപ്രദേശങ്ങളിൽ വഴക്കുകളും മറ്റും പറഞ്ഞ് തീർത്തിരുന്നത്. തറമേലിടത്തുവെച്ച് തീരാത്ത വഴക്കുകളും മറ്റും അണ്ടല്ലൂർ കൊട്ടിലിൽ വെച്ചും, അവിടേയും തീരാത്തവ ചിറക്കൽ കോവിലകത്തുവെച്ചും, പറഞ്ഞു തീർത്തിരനുവത്രെ. അങ്ങിനെ തറമേലിടം എന്ന സ്ഥലപേര് ഉണ്ടായിഎന്നും കാലാന്തരത്തിൽ അത് ധർമ്മടം ആയെന്നുമാണ് മറ്റൊരു അഭിപ്രായം.

ധർമ്മടത്തിന്റെ ചരിത്രം

ഏഴിമല രാജ്യത്തിന്റെ ഭാഗമായിരുന്ന ധർമ്മടം പ്രദേശം മുമ്പ് പ്രസിദ്ധമായ ഒരു തുറമുഖ പട്ടണമായിരുന്നു. പിൽകാലത്ത് ധർമ്മടം, കോലത്തുനാട് ഭരിച്ചിരുന്ന രാജാക്കന്മാരുടെ അധീനതയിലായി. ഇന്ത്യയിൽ യൂറോപ്പ്യന്മാരുടെ അധിനിവേശകാലം മുതൽ ധർമ്മടത്തിന്റെ ചരിത്രം മനസ്സിലാക്കാൻ ഏറെക്കുറേ ഉതകുന്ന രേഖകൾ കിട്ടുന്നുണ്ട്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യകമ്പനിയുടെ ഒരു പ്രമുഖ വ്യാപാര ഭരണ കേന്ദ്രമായിരുന്ന തലശ്ശേരിയുമായി ധർമ്മടത്തിനുള്ള ബന്ധം സുവിദിതമാണല്ലൊ.

വ്യപാരാവശ്യങ്ങൾക്കായി ഇവിടെയെത്തിയ വിദേശികൾ തമ്മിൽ നടന്ന മത്സരങ്ങളും പോരാട്ടങ്ങളും അതി പ്രധാന

സംഭവങ്ങളാണ്. ഗതാഗത സൗകര്യവും സമീപ പ്രദേശങ്ങളിൽ വൻതോതിൽ ഉൽപാദിപ്പിക്കപ്പെട്ടിരുന്ന കുരുമുളക്, ഏലം മുതലായ വിഭവങ്ങളുടെ ലഭ്യതയും ധർമ്മടത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. ലോകത്തിൽ വെച്ച് ഏറ്റവും നല്ല ഏലം ഉൽപാദിപ്പിക്കുന്ന പ്രദേശം വയനാട്ടിലെ പെരിയ ആണെന്ന് ലോഗൻ പറയുന്നു. 'പെരിയ'ക്ക് ഏറ്റവും അടുത്ത തുറമുഖം ധർമ്മപത്തനമാണ്. ബ്രിട്ടീഷുകാരുടെ കാലത്തു പോലും 50% ത്തിലധികം കുരുമുളക് മലബാറിൽ നിന്ന് ശേഖരിച്ചിരുന്നത് കോട്ടയം (വടക്കൻ കോട്ടയം) പ്രദേശത്തുനിന്നായിരുന്നു.

കണ്ണൂരിലെ മുസ്ലീം കച്ചവടപ്രമാണിമാരോട് പക വീട്ടാൻ കോലത്തിരിയുടെ നിർദ്ദേശപ്രകാരം പോർച്ചുഗീസുകാർ 1525 ജനവരി 26ാം തീയ്യതി കപ്പൽ നിർമ്മാണ കേന്ദ്രം അടക്കമുള്ള ധർമ്മപട്ടണം നഗരവും തുറ മുഖവും കൊള്ളയടിക്കുകയും തീ വെച്ച് നശിപ്പിക്കുകയും ചെയ്തു. ആ സംഭവത്തിന്റെ ഓർമ്മയാണ് 'ധർമ്മടം വെന്തത് കോയ അറീല്ല' എന്ന ഇന്നും നിലനിൽക്കുന്ന പഴഞ്ചൊല്ല്.

ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥരിൽ ചിലർ ധർമ്മടത്ത് ബംഗ്ലാവുകൾ വെച്ച് താമസിച്ചിരുന്നു. ചേരമാൻ കോട്ട എന്ന് പലരും വിളിക്കുന്ന വലിയ കുന്നുമ്പ്രത്തെ ചെങ്കൽ കോട്ട (ഇന്ന് ഗവ: ബ്രണ്ണൻ കോളേജ് അതിന്നടുത്താണ്). ഈസ്റ്റിന്ത്യാ കമ്പനിയുടെ കാലത്ത് ഒരു സൈനീക കേന്ദ്രമായിരുന്നു കോട്ടയം രാജാവിന്റെ സഹായത്തോടുകൂടി ഇംഗ്ലീഷുകാർ ആലി രാജാവിന്റെ ധർമ്മടത്തെ കോട്ടകളിൽ ഒന്ന് പിടിച്ചെടുത്തതായി ചരിത്രരേഖകളിൽ കാണുന്നു. ഇത് ചേരമാൻ കോട്ടയായിരിക്കാനാണ് സാധ്യത. പിന്നീട് കോലത്തിരിയുടെ പ്രതിപുരുഷനായ ഉദയവർമ്മന്റെ സഹായത്തോടെ ഇംഗ്ലീഷുകാർ ധർമ്മടവും പിടിച്ചെടുത്തു. കോട്ടയ്ക്ക് സമീപമുള്ള പറമ്പിന് കാമ്പിൽ (കേമ്പിന്റെ ഗ്രാമ്യരൂപം) എന്നാണ് ഇന്നും പേര്.

സ്വാതന്ത്ര്യസമരകാലത്ത് അനേകം രാഷ്ട്രീയ സംഭവങ്ങൾക്ക് ധർമ്മടം സാക്ഷ്യം വഹിക്കുകയുണ്ടായി. മലബാറിന്റെ രാഷ്ട്രീയ വളർച്ചയിൽ ഉജ്ജ്വലമായ ഏടുകൾ എഴുതി ചേർത്ത പ്രദേശങ്ങളിൽ ധർമ്മടത്തിന് സുപ്രധാനമായ സ്ഥാനം ഉണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നിറതോക്കിനുമുമ്പിൽ വിരിമാറുകാട്ടി രക്തസാക്ഷിത്വം വരിച്ച മുളിയിൽ ചാത്തുക്കുട്ടിക്ക് ജന്മം നൽകിയത് ഈ ഗ്രാമമാണ്. 1940 സെപ്തംബർ 15ന് തലശ്ശേരി കടപ്പുറത്തെ ജവഹർഘട്ടിൽ കർഷക വാളണ്ടിയർമാരും പോലീസും തമ്മിൽ ഏറ്റുമുട്ടിയതിനെ തുടർന്നുണ്ടായവെടിവെപ്പിലാണ് മുളിയിൽ ചാത്തുകുട്ടിയും അബു മാസ്റ്ററും രക്തസാക്ഷികളായത്. ദേശീയ പ്രസ്ഥാനത്തിന്റെ ആഹ്വാനം കേട്ട് രംഗത്തിറങ്ങിയ അബുമാസ്റ്റർ 28ാം മത്തെ വയസ്സിലാണ് ജീവൻ ബലിയർപ്പിച്ചത്. ബീഡിതൊഴിലാളിയായ ചാത്തുക്കുട്ടിക്ക് രക്ത സാക്ഷിത്വം വരിക്കുമ്പോൾ 22 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.

നവോത്ഥാനപ്രസ്ഥാനങ്ങളുടെ സ്വാധീനവും സാംസ്കാരിക പുരോഗതിയും

പ്രസിദ്ധമായ അണ്ടലൂർ കാവ് ധർമ്മടത്തിന്റെ സാമൂഹിക സാംസ്കാരക രംഗങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. കാവിലെ തിറയോടനുബന്ധിച്ചുള്ള പ്രാദേശീകമായ ആചാരാനുഷ്ഠാനങ്ങൾ അത് ഒരു ഹീനയാന ബുദ്ധമത കേന്ദ്രമായിരുന്നു എന്നതിന്റെ ദൃഷ്ടാന്ത ങ്ങളാണ്. അവർണ്ണരുടെ മറ്റ് കാവുകളിൽ മദ്യത്തിന് വളരെയേറെ സ്വാധീനമുള്ളപ്പോൾ തെങ്ങ്

ചെത്തിനും മീൻപിടുത്തത്തിനും പ്രഖ്യാത മായ ഈ പ്രദേശം കുംഭം 1 മുതൽ 7 വരെ (തിറയുടെ നാളുകളിൽ) മദ്യവും, മത്സ്യ മാംസാദികളും നിശ്ശേഷം വർജ്ജിക്കുന്നു എന്നത് ഒരു അദ്ഭുതമായി തോന്നാം.

തിറ ദിവസങ്ങളിൽ ധർമ്മടം ഗ്രാമത്തിലെ ഓരോവീടും അവിൽ, മലർ, പഴം എന്നിവയാൽ സമൃദ്ധമായി തീരുന്നു. ഒരു പക്ഷെ നാടിന്റെ നാനാഭാഗത്തുനിന്നും ഉത്സവകാലത്തെത്തുന്ന ബുദ്ധസന്ന്യാ സിമാരെ അവിലും, മലരും പഴവും നൽകി സ്വീകരിച്ച കാലത്തെ പാരമ്പര്യമായി രിക്കാം. മുറ്റത്ത് പന്തലിട്ട് അവിലും മലരും പഴവുമായി അഥിതികളെ കാത്തുനിൽക്കുന്ന ധർമ്മടം ഗ്രാമത്തിലെ ഓരോവീടും ഇപ്പോൾ അനു ഷ്ഠിക്കുന്നത്.

അടുത്തകാലം വരെയും ബ്രാഹ്മണ കുടുംബങ്ങൾ ഗൃഹം ഇവിടെയുണ്ടായിരു ന്നില്ല എന്നത് സാമൂഹ്യശാസ്ത്ര ദൃഷ്ട്യ ഒരു പ്രത്യേകതയായി കണക്കാക്കാം. അണ്ടലൂർ കാവിന്റെ അവ കാശികളായ നാല് അച്ഛ ന്മാരുടെ തറവാടുകളും 32 കാരണവ തറവാടു കളും 72 കുടിപതികളും , നിത്യപൂജനടത്തുന്ന എമ്പ്രാനും ദൈവത്താറേയും മറ്റ് ദൈവങ്ങ ളേയും അകമ്പടി സേവിക്കുന്ന വീര പട്ട ക്കാരും പട്ടാളിയും വെടിക്കാരനും കടു ത്തിലക്കാരനും ഊരാളന്മാരും എല്ലാം തന്നെ തീയ്യന്മാരാണ്.

1906മാർച്ച് 17ാ തീയതിയാണ് തല ശ്ശേരിയുടെ മണ്ണിൽ ആത്മചൈതന്യത്തി ന്റേയും, സാമൂഹ്യ പരിഷ്കാരത്തിന്റേയും സന്ദേശവുമായി ശ്രീനാരായണ ഗുരുകാലു കുത്തിയത്. ദശകങ്ങൾക്കുമുമ്പ് ഗുരുദേവൻ അവധൂതനായി തലശ്ശേരിയിലും പരിസര പ്രദേശത്തും വന്നപ്പോൾ ധർമ്മടത്തെ കാപ്പാ ടൻ കുഞ്ഞിക്കണ്ണൻ ഗുരുക്കളുടെ ഭവനത്തിൽ വിശ്രമിച്ചതായി പറയപ്പെടുന്നു. അവിടെ നാട്ടുകാർ പരിഷ്ക്കരിച്ചു നിർമ്മിച്ചിട്ടുള്ള 'മൂകാംബിക ഭക്തഭജന ാത്തിൽ ഗുരുദേവൻ അന്ന് വസ്ത്രം വിരിച്ച് തലവെച്ച് കിടന്ന കല്ല് ഭക്തി ബഹുമാനപൂർവ്വം സൂക്ഷിച്ചുവരുന്നു.

തലശ്ശേരി ശ്രീ ജഗനാഥ ക്ഷേത്ര ത്തിന്റെ കുറ്റിയടിക്കൽ കർമ്മത്തിനെത്തിയ പ്പോൾ വേലാണ്ടി കുഞ്ഞിരാമന്റെ ക്ഷണം സ്വീകരിച്ച് ഗുരുദേവൻ ധർമ്മടത്തെത്തുക യുണ്ടായി കണാരന്റെ ഗൃഹത്തിൽ താമസി ക്കുകയും ചെയ്തു. ഇന്നിവിടെ കാണുന്ന മഠം ഗുരുദേവന്റെ പ്രത്യേക നിർദ്ദേശ പ്രകാരം പണിതീർത്തതാണ്. അന്ന് വൃദ്ധന്മ ാർ, രോഗികൾ സാധാരണക്കാർ തുടങ്ങി നിരവധി പേർ സ്വാമി ദർശനം നടത്തുക യുണ്ടായി. വിദ്വാൻ എം. കെ. സുകുമാരൻ ഇപ്രകാരം എഴുതുന്നു.

'ധർമ്മടത്തു നിന്ന് സ്വാമിജി തോണിയിലാണ് സഞ്ചരിച്ചിരുന്നത് ധർമ്മടം പുഴയിലൂടെയുള്ള യാത്ര അവസാനിച്ചത് മേലൂരിലുള്ള മാടക്കലിലാണ്. മഠത്തിൽ പൂരയ്ക്കലെ കയ്യാലയിൽ അല്പ സമയം വിശ്രമി ക്കുകയും ചെയ്തു അഷ്ടാംഗഹൃദയത്തിലെ ശ്ലോകങ്ങൾ ചൊല്ലി സ്വാമിജി രോഗികൾക്ക് രോഗ നിവാരണത്തിനുള്ള മരുന്നുകൾ നിർ ദ്ദേശിച്ചിരുന്നു. അന്നത്തെ ജ്ഞാനോ ദയയോഗം ഭാരവാഹികളോടൊപ്പം ഗുരു ദേവൻ അണ്ടലൂർ ക്ഷേത്ര ദർശനം നടത്തുക യുണ്ടായി ഇത്രയും മാഹാത്മ്യമുള്ള ഒരു പുരാതന ക്ഷേത്രം ഉണ്ടായിരിക്കേ മറ്റൊരു പുതിയ ക്ഷേത്രത്തിന്റെ ആവശ്യം ഇവിടെ യില്ല എന്ന് ഗുരുദേവൻ പറഞ്ഞുവത്രെ.

ഒരിക്കൽ ഗുരുദേവൻ ഇപ്പോൾ കോ ളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് വൈകുന്നേ രം കാറ്റുകൊള്ളാൻ പോയി അപ്പോൾ നാട്ടു കാരെല്ലാം യോജിച്ച് ആ സ്ഥലത്ത് ഒരു മഠം സ്ഥാപിക്കാനുള്ള അനുവാദം തരേണ മെന്ന് അഭ്യർത്ഥിച്ചു അപ്പോൾ ഗുരുദേവൻ ഇപ്രകാ രം മറുപടി പറഞ്ഞു 'ഇവിടെ മഠമല്ല ആവശ്യം ഇവിടെ ഒരു സരസ്വതീക്ഷേത്രം ഉണ്ടാകും' ഇത് സ്വാമിയുടെ ദീർഘ ദർശന മായിരുന്നു. അത് ഫലിച്ചു ഈ പരിസരത്താണ്

ധർമ്മടം ഗവ: ബ്രണ്ണൻ കോളേജ് സ്ഥിതി ചെയ്യുന്നത്. 1958 ലാണ് പ്രസ്തുത കലാശാല ഇവിടെ ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ഗുരുദേവൻ തലശ്ശേരി സന്ദർശിക്കുന്നതിന് മുമ്പ് നമ്മുടെ ഗ്രാമത്തിലെ സാമൂഹ്യ ജീവിതത്തിൽ നടമാടിയിരുന്ന പ്രശ്നങ്ങൾ ആരെയും ലജ്ജിപ്പിക്കുന്നതായിരുന്നു. ഗോവിന്ദൻ ഗുരുക്കളുടെ സ്കൂളിൽ പുലയക്കുട്ടികളെ പ്രവേശിപ്പിച്ചതിനാൽ അയിത്തത്തിന്റെ പേരിൽ സ്കൂൾ ബഹിഷ്കരണം വരെ നടന്നിരുന്നു. പുതിയപുരയിൽ ചാത്തു മേനോൻ, ബസറ കുഞ്ഞിരാമൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദ്യാലയ ബഹിഷ്കരണത്തിനെതിരെ കുരിശുയുദ്ധം തന്നെ നടക്കുകയുണ്ടായി. ഇത് ഇവിടുത്തെ പുലയ സമുദായത്തിന്റെ ഉദ്ധാരണത്തിന് വഴിതെളിയിച്ച സംഭവമാണ്.

ഇന്ത്യയിലെ മറ്റു ഭഗങ്ങളിൽ എന്ന പോലെ പിൽക്കാലത്ത് ബുദ്ധമതബന്ധങ്ങൾ ഇവിടെയും അപ്രത്യക്ഷമായെങ്കിലും ഇസ്ലാം മതവും ക്രിസ്തു മതവും അവയുടെ ശക്തമായ സ്വാധീനം ഇവിടെ ഉറപ്പിച്ചു ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ വരവോടെയാണ് ക്രിസ്തുമതക്കാർ ഇവിടെ വന്നു തുടങ്ങിയത് ധർമ്മടത്തെ പള്ളി അതിന്റെ സൂചകമായി നിൽക്കുന്നു. കേരളത്തിലെ ഏക മുസ്ലീം രാജവംശമായ അറക്കൽ കോവിലകത്തിന് ധർമ്മടവുമായുള്ള ബന്ധം സുവിദിതമാണല്ലോ. ഹൈന്ദവ ദൈവങ്ങളേ കെട്ടി ആരാധിക്കുന്ന അണ്ടലൂർ ക്ഷേത്രത്തിന് അറക്കൽ രാജവംശവുമായുള്ള ബന്ധം ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്. ധർമ്മടത്തും പാലയാടുമായി ഏഴോളം മുസ്ലിം ആരാധനാലയങ്ങളുണ്ട് വിവധ മതങ്ങളുടേയും ആരാധാലയങ്ങളുടേയും സഹവർത്തിത്വം ചരിത്രപരമായി തന്നെ ഈ ഗ്രാമത്തിന്റെ സവിശേഷതയാണ്.

ഡോക്ടർ ഗുണ്ടർട്ടിന്റെ പരിലാളനയിൽ വളർന്ന ഇല്ലിക്കുന്നിലെ അധ്യാപന കേന്ദ്രം ധർമ്മടത്തെ വിദ്യാഭ്യാസ പ്രവർത്തകർക്ക് ഒരാശ്രയമായിരുന്നു.

ഇന്ത്യയുടെ നവോത്ഥാനത്തിന് നേതൃത്വം നൽകിയ ബ്രഹ്മസമാജം, ശ്രീ രാമകൃഷ്ണ മിഷൻ, ബ്രഹ്മവിദ്യാ സംഘം എന്നീ സംഘടനകളുടെ ശാഖകൾ ധർമ്മടത്തു പ്രവർത്തിച്ചിരുന്നു. മനുഷ്യർ തമ്മിൽ ഉച്ചനീചത്വം പുലർത്തുന്ന ജാതിവ്യവസ്ഥയെ എതിർത്തു പോന്ന ബ്രഹ്മവിദ്യാസംഘത്തിലെ പ്രമുഖ വ്യക്തികളിൽ പലരും അന്ന് പാലയാട് ഉണ്ടായിരുന്നു. പ്രസ്തുത സംഘടനയുടെ പ്രമുഖ പ്രവർത്തകനായ മഞ്ചേരി രാമയ്യർ ഇവിടെ വന്ന് പ്രഭാഷണം നടത്തിയതായി അറിവുണ്ട്.

ഒട്ടേറെ പ്രതികൂല സാഹചര്യങ്ങളെ നേരിട്ടു കൊണ്ടും കഠിനയാതനകൾ സഹിച്ചു കൊണ്ടും ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ആത്മാർത്ഥമായി പരിശ്രമിച്ച ഒട്ടേറെ പേർ ധർമ്മടത്തുണ്ടായിട്ടുണ്ട്. ബീഡി നിർമ്മാണ മേഖലയിലാണ് പ്രസ്ഥാനത്തിന് ശക്തിയാർജ്ജിക്കാൻ സാധിച്ചത്. തെങ്ങ് ചെത്തും മീൻപിടുത്തവും, നെയ്ത്തും പരമ്പരാഗതമായുള്ള ഇവിടുത്തെ തൊഴിലുകളാണ്. ആദ്യ കാലത്ത് ചെത്ത് തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ഒരു ചക്കര സൊസൈറ്റി പാലയാട്ട് സജീവമായി പ്രവർത്തിച്ചിരുന്നു. ധാരാളം പേർ പിന്നീട് പ്രധാന ജീവിതോപാധി എന്ന നിലയിൽ ബീഡി നിർമ്മാണ മേഖലയിലേക്ക് കടന്നു വന്നു. പഴയ കാലത്തെ ഗ്രേറ്റ് ഡർബാർ ബീഡിയിലെ ഒട്ടനവധി പേർ ഇവിടുത്തെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ജീവനാഡികളായി പ്രവർത്തിച്ചവരാണ്.

ഇന്ന് ധർമ്മടം ഗ്രാമം വിദ്യാഭ്യാസപരമായി വളരെ മുന്നിട്ടു നിൽക്കുന്ന പ്രദേശമാണ് കണ്ണൂർ സർവകലാശാലാകേന്ദ്രം (യൂണിവേഴ്സിറ്റി സെൻറർ) മൂവായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഗവ:ബ്രണ്ണൻ കോളേജ്, കണ്ണൂർ ജില്ലയുടെ വിദ്യാഭ്യാസ കേന്ദ്രമായ ഡയറ്റ്, ആയിരത്തോളം വിദ്യാർത്ഥികളുള്ള പാലയാട് ഗവ: ഹൈസ്കൂൾ ആറ് യുപി സ്കൂളുകൾ എട്ട് എൽ.പി.

സ്കൂൾ എന്നിവ വിദ്യാഭ്യാസരംഗത്ത് ഈ ഗ്രാമംത്തിന് അഭിമാനമുളവാക്കുന്ന സ്ഥാപനങ്ങളാണ്.

ശില്പ ശൈലി വേണ്ടത്ര ഇണങ്ങി ച്ചേരുന്ന മേലൂരിലെ പൊറത്തലത്ത് വീട് പ്രാചീന വാസ്തു വിദ്യയുടെ മികവാർന്ന പ്രതീകമാണ്.

റായി ബഹാദൂർ എന്ന സ്ഥാനപേരിൽ അറിയപ്പെട്ടിരുന്ന മേലൂരിലെ ജഡ്ജി ടി. വി. നാരായണൻ നായർക്ക് വേണ്ടി പേരു കേട്ട തച്ചനായ കോയിത്തട്ടയാണ് പ്രസ്തുത കെട്ടിടത്തിന് രൂപകല്പന ചെയ്തത്.

1970 ജനുവരി 1 ന് ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ധർമ്മടത്ത് നിലവിലുണ്ടായിരുന്ന ജന്മകുടിയാൻ ബന്ധം നിശ്ശേഷം ഛേദിക്കപ്പെടുകയും ഇവിടുത്തെ കുടിയാന്മാർ അവരുടെ കൈവശമുള്ള ഭൂമിയുടെ ഉടമകളായിത്തീരുകയും ചെയ്തു.

ധർമ്മടത്തെ സംബന്ധിച്ചേടത്തോളം ഒരു പ്രധാന പ്രശ്നം കൃഷിഭൂമിയുടെ വലിപ്പം കുറഞ്ഞു കുറഞ്ഞു വരുന്നുഎന്നതും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ കൂടി വരികയും ചെയ്യുന്നു എന്നുള്ളതുമാണ്. ഗതാഗത സൗകര്യം പൊതുവെ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പാർപ്പിടപ്രശ്നം ഇന്ന് ഗ്രാമം നേരിടുന്ന ഒരു വെല്ലുവിളിയാണ്.

3 ഭൂപ്രകൃതി, ജനപ്രകൃതി

ഭൂമിശാസ്ത്രപരമായി ധർമ്മടം ഗ്രാമപഞ്ചായത്തിന് എടുത്ത് പറയക്കത്തക്ക പല സവിശേഷതകളുമുണ്ട്. ധർമ്മടം, പാലയാട്, അണ്ടലൂർ, മേലൂർ എന്നീ നാലു ദേശങ്ങൾ ചേർന്ന ഒരു ദ്വീപാണിത്. വടക്ക് നിന്ന് ഒഴുകി വരുന്ന അഞ്ചരക്കണ്ടിപ്പുഴ മമ്മാങ്കുന്ന് കടവിനടുത്ത് വച്ച് രണ്ടായി പിരിഞ്ഞ് ഈ വില്ലേജിന്റെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കൂടി ഒഴുകി തെക്ക് ഭാഗത്തുള്ള അറബിക്കടലിൽ പതിക്കുന്നു തീരത്ത് തെക്കു വടക്ക് നീളത്തിലാണ് ഇതിന്റെ കിടപ്പ്.

ഒരു വില്ലേജ് മാത്രം ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്.

ഇതിന്റെ തെക്ക് പടിഞ്ഞാറുഭാഗത്ത് കരയിൽ നിന്ന് ഏതാണ്ട് 300 മീറ്റർ അകലെ കടലിൽ നിത്യ ഹരിതമായി കാണപെടുന്ന ധർമ്മടം തുരുത്ത് ഈ വില്ലേജിന് ഒരു തിലകക്കുറിയാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുള്ള ധർമ്മടം തുരുത്തും ധർമ്മടവും കൂടുതൽ ആരോഗ്യകരമായ വികസനത്തിന് കാതോർത്ത് നില്ക്കുന്നു.

മേലൂരിനടുത്ത് അഞ്ചരക്കണ്ടിപുഴയിൽ മറ്റൊരു തുരുത്തു കൂടിയുണ്ട്

വലിപ്പത്തിന്റെ കാര്യത്തിൽ താരതമ്യേന ചെറുതാണ് ഈ വില്ലേജ് കേരളാ ലാൻറ് റിസോഴ്സ് ബോർഡ് പ്രസിദ്ധീകരിച്ച കണക്കു പ്രകാരം 10.68 ച.കി.മീ ആണ് ഇതിന്റെ വിസ്തൃതിയെങ്കിലും അതി വിശാലമായ ഒരു ഭൂപ്രദേശത്തിന് അവകാശപ്പെടാവുന്ന എല്ലാ സവിശേഷതകളും ഈ പ്രദേശത്തിനുണ്ട്. ഭൂപ്രകൃതിയനുസരിച്ച്, ഉയർന്ന സമതലം, ചെരിവ് പ്രദേശം, താഴ്വരകൾ, തീര സമതലം,ചതുപ്പ് നിലങ്ങൾ എന്നിങ്ങനെ അഞ്ച് മേഖലകളായി തരം തിരിക്കാം.

(അവലംബം: റവന്യുരേഖകൾ പഠനപര്യടനങ്ങൾ സർവ്വേ റിപ്പോർട്ട്)

1 ഉയർന്ന സമതലം

മേലൂരിലെ വിളക്കത്താൻ കുന്ന് പനോളിക്കുന്ന് ധർമ്മടം ദേശത്തിലെ സ്വാമിക്കുന്ന്, അട്ടാരക്കുന്ന്,ചേരമാൻ കുന്ന്, കടവത്ത് കുന്ന് ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാന കുന്നുകൾ. ഇവയിൽ ഏറ്റവും ഉയരം കൂടിയത് ചേരമാൻ കുന്നാണ്. ഒരു കോട്ടയുടെ അവശിഷ്ടവും ഇവിടെയുണ്ട്. ഈ പ്രദേശങ്ങളിൽ തെളിഞ്ഞ പാറയുടെ സാന്നിദ്ധ്യം വളരെ കുറച്ചു സ്ഥലത്തു മാത്രമേയുള്ളു. ലാറ്ററേറ്റ് മണ്ണ് (ചെമ്മണ്ണ്) കലർന്ന ഈ പ്രദേങ്ങളിൽ അധിക ഭാഗവും ഫലവൃക്ഷങ്ങൾ നിറഞ്ഞതാണ്. വേനൽകാകാലങ്ങളിൽ വരൾച അനുഭവപ്പെടുന്നതുകൊണ്ട് കാർഷിക വിളകൾ കുറവാണ് ചേരമാൻ കുന്ന് ഒഴികെ ബാക്കിയെല്ലാകുന്നുകളും സ്വകാര്യ വ്യക്തികളുടെ അധീനതയിലാണ്.

2 ചെരിവ് പ്രദേശങ്ങൾ

ഈ വില്ലേജിലുള്ള കുന്നിൻ ചെരിവുകളിൽ ചിലത് ചെറിയ ചെരിവുകളും മറ്റുചിലത് കുത്തനെയുള്ളവയുമാണ്. ചേരമാൻ കുന്നിന്റെ ചെരിവ് ധർമ്മടം പാലം, ധർമ്മടം റെയിൽവെ സ്റ്റേഷൻ പരിസരം, വെള്ളൊഴുക്ക്, കിഴക്കേ പാലയാട് എന്നീ പ്രദേശങ്ങൾ വരെ വ്യാപിച്ചുകിടക്കുന്നു. സ്വാമികുന്നിന്റെയും അട്ടാരക്കുന്നിന്റെയും കടവത്ത് കുന്നിന്റെയും ചരിവ് കടൽതീരത്തേയ്ക്കും, സത്രത്തിന്റെ ഭാഗത്തേയ്ക്കും ചെന്നെത്തുന്നു. അട്ടാരക്കുന്നിൽ നിന്നും ചാത്തോടത്തേക്കുള്ള ചരിവ് കുത്തനെയുള്ളതാണ്, മേലൂർകുന്നിന്റെ കിഴക്കു ഭാഗത്തിന് കൂടുതൽ ഉയരമുള്ളതിനാൽ കിഴക്കോട്ടുള്ള ചെരിവ് കുത്തനെയാണ്. ചെരിവ് പ്രദേശങ്ങളിലെല്ലാം തെങ്ങും മറ്റു ഫലവൃക്ഷങ്ങളും ധാരാളമായുണ്ട് വിളക്കത്താൻ കുന്നിന്റെ ചെരിവുകളിൽ കശുമാവ് ധാരാളമായി വളരുന്നു.

3. താഴ്വരകൾ

ധർമ്മടം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ ചെറിയ ഭാഗം മാത്രമേ താഴ്വര പ്രദേശമായുള്ളു. മിക്കവാറും ചെമ്മണ്ണു കലർന്ന ഈ പ്രദേശങ്ങളിൽ അധികമുള്ള ഫലവൃക്ഷം തെങ്ങാണ്. ചിലയിടങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണ് കാണാം. നരിവയൽ ഭാഗത്ത് കളി മണ്ണും കാണപ്പെടുന്നു. ഇവിടെ നെൽകൃഷിയും ഉണ്ട്.

4. തീര സമതലങ്ങൾ

ധർമ്മടം റെ: സ്റ്റേഷനടുത്തുള്ള ശങ്കുസ്മാരക വായനശാല മുതൽ മേലൂർ കലാമന്ദിരത്തിന്റെ പരിസരം വരെയുള്ള് തീരസമതലം. മണൽ മണ്ണ് നിറഞ്ഞതാണ്. ഇവിടെ ചിലയിടങ്ങളിൽ കശുമാവ് കൃഷി കാണപ്പെടുന്നു. മുൻപ് കശുമാവ് കൃഷി മാത്രം

ഉണ്ടായിരുന്ന ഈ പ്രദേശത്തെ മണൽ, കെട്ടിട നിർമ്മാണത്തിനും മറ്റുമായി നീക്കം ചെയ്തു കവഴി കശുമാവ് കൃഷി നാമമാത്രമായി അവശേ ഷിക്കുകയും ആ സ്ഥലത്ത് വീടുകൾ ധാരാള മായി നിർമ്മിക്കപ്പെടുകയും ചെയ്തു. 8 ാം വാർഡിലെ നുരുമ്പിൽ പ്രദേശത്തും മൊയ്തു പാലം മുതൽ വട്ടക്കല്ല് വരെ ഒന്നര കിലോ മീറ്ററോളം നീളത്തിൽ ചാത്തോടം ഭാഗത്തു മായി വ്യാപിച്ചുകിടക്കുന്ന കടൽത്തീര പ്രദേ ശവും ഈ പഞ്ചായത്തിലുണ്ട്. ഇവിടെ ധാരാ ളമായി തെങ്ങ് വളരുന്നു.

5. ചതുപ്പ് നിലങ്ങൾ

പാലയാട്, അണ്ടലൂർ, മേലൂർ എന്നീ ദേശങ്ങളുടെ കിഴക്ക്ഭാഗങ്ങളിലും മേലൂ രിന്റെ വടക്ക് പടിഞ്ഞാറുഭാഗങ്ങളിലുമായി വിസ്തൃതമായ ചതുപ്പ് നിലങ്ങളുണ്ട് ഈ പ്രദേ ശങ്ങളിൽ വർഷങ്ങൾക്കു മുൻപ് നെൽ കൃഷിയും, നാടൻ രീതിയിലുള്ള ചെമ്മീൻ കൃ ഷിയും നടത്തിയിരുന്നു. ധാരാളം കണ്ടൽ കാടുകളും ഈ പ്രദേങ്ങളിലുണ്ട്. കൈപ്പാട് നിലം എന്നാണ് ഈ പ്രദേങ്ങൾ അറിയ പ്പെടുന്നത്. കേരളാ ലാൻറ് യൂസ് ബോർഡ് തയ്യാറാക്കിയ ലാൻറ് സോഴ്സ് ഓഫ് കേരള എന്ന പുസ്തകത്തിൽ രേഖപെടുത്തിയിരി ക്കുന്നത് ചതുപ്പിന്റെറയും അഴിമുഖത്തിന്റെറ യും കൂടിയുള്ള വിസ്തീർണ്ണം 3599.06 ഹെക്ടർ വരുമെന്നാണ്.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് കേരളത്തെ 13 കാർഷിക കാലാവസ്ഥാമേഖലകളായി തിരിച്ചിട്ടുള്ളതിൽ ധർമ്മടം പഞ്ചായത്ത് നോർത്തേൺ മിഡ് ലാൻറ് സോണിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ ഈ പ്രദേശത്തെ കൈപ്പാട് നിലം എന്നു തരം തിരിച്ചതായി കാണുന്നു .

6. കാലാവസ്ഥ

കണ്ണൂർ ജില്ലയിൽ പെയ്യുന്ന മഴ ചെ റിയ ഏറ്റക്കുറച്ചിലോടെ ഈ പഞ്ചായത്തിൽ ലഭിക്കാറുണ്ട് കണ്ണൂർ ജില്ലയിലെ വാർഷിക ശരാശരി മഴ 3467.മി.മീറ്റർ ജില്ലയിലെ ഒരു മാസത്തിൽ ലഭിക്കുന്ന ശരാശരി മഴ 252.4.മി.മീ. തെക്കു പടിഞ്ഞാറൻ മൺസൂൺ കാല വർഷം വഴി ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ 2357 മി.മീ വടക്കു കിഴക്കൻ മൺസൂൺ(തുലാവർഷം) വഴി ലഭിക്കുന്ന ശരാശരി മഴ 574 മി.മീറ്റർ ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ ജൂലായ് മാസങ്ങ ളിലാണ്. ഡിസംമ്പർ മുതൽ ഫിബ്രവരിവരെ തണുപ്പു കാലാവസ്ഥ അനുഭവപ്പെടുന്നു. വേനൽക്കാലം മാർച്ച് മുതൽ മെയ് അവസാനം വരെയാണ്. ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. കുന്നിൻ പ്രദേശങ്ങളിൽ ജനുവരി മാസാരംഭത്തോടെ കിണറുകൾ വറ്റിപ്പോകുന്നു. ഏറ്റവും കൂടു തൽ ചൂട് അനുഭവപ്പെടുന്നത് ഫിബ്രവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ്.

7. ജലലഭ്യത

ഈ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് ഇടവപ്പാതിയിലും തുലാ വർഷത്തി ലും ലഭിക്കുന്ന മഴ മാത്രമാണ്. ശുദ്ധജലം ലഭി ക്കുന്ന പുഴകൾ ഇല്ല. അമ്പലം വക മൂന്ന് കുള ങ്ങളും പള്ളിവക രണ്ടു കുളങ്ങളും കൂടാതെ സ്വകാര്യഭൂമിയി ലെ നാലുകുളങ്ങളുമാണ് ഈ പഞ്ചായ ത്തിലുള്ളത്. തോടുകൾ എല്ലാം വേനൽ കാലത്ത് വറ്റി പോകുന്നവയാണ് കുന്നിന്റെറ കിഴക്കേ ചെരിവുകളെ അപേക്ഷിച്ച് പടി ഞ്ഞാറൻ ചെരിവുകളിലെ കിണറുകളിലാണ് കൂടുതൽ വെള്ളം ലഭിക്കുന്നത് ചതുപ്പു നിലങ്ങളിൽ ഓരു ജലം കെട്ടികിടക്കുന്ന തിനാൽ സമീപത്തെ കിണറുകളിൽ ശുദ്ധ ജലം ലഭ്യമല്ല. തീര സമതലങ്ങളിൽ ശുദ്ധജ ലക്ഷാമം അനുഭവപ്പെടാറില്ല. തീര സമതല ങ്ങളിലേയും കുന്നിൻ പുറങ്ങളിലേയും കിണ റുകളിൽ ലഭിക്കുന്ന വെള്ളം ഗുണ നില വാരം ഉള്ളതാണ്. വാട്ടർ അതോറിറ്റി വക രണ്ടു കുഴൽ കിണറുകളിൽ നിന്ന് മോട്ടോർ വെച്ച് വെള്ളം പമ്പു ചെയ്യുന്നുണ്ട്.

8. മണ്ണ്.

ഉയർന്ന സമതലങ്ങളിലും ചെരിവ് പ്രദേശങ്ങളിലും ലാറ്ററേറ്റ് മണ്ണ് കാണുന്നു. ഈ മണ്ണ് ഫലഭൂയിഷ്ഠിയുള്ളതാണ്. വലിയ കുന്നിൻ പുറത്ത് തെളിഞ്ഞ പാറകൾ അങ്ങിങ്ങായി മാത്രമേ കാണപ്പെടുന്നുള്ളു. മേലൂരിലെ വയലുകളിൽ മണൽ കലർന്ന എക്കൽ മണ്ണ് കാണപ്പെടുന്നു. അണ്ടലൂർ ഭാഗത്ത് മണൽ മണ്ണാണ്. ഇവിടെ ചില പ്രദേശങ്ങളിൽ പശിമരാശി മണ്ണും ഉണ്ട്. ഈ പഞ്ചായത്തിൽ ചതുപ്പ് നിലങ്ങളൊഴിച്ച് തീരസമതലങ്ങളിൽ മണൽ മണ്ണാണ് ഉള്ളത്.

9. ഭൂവിനിയോഗം.

ഏകദേശം അറുപതേക്കറോളം ഭൂമി കാർഷികേതരാവശ്യങ്ങൾ ക്കായി കോളേജ്, സ്കൂൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, യൂണിവേഴ്സിറ്റി സെൻറർ, പഞ്ചായത്ത്, മറ്റ് സർക്കാർ ഏജൻസികൾ എന്നിവയുടെ കൈവശമുണ്ട്. കൂടാതെകാവുകളായി അഞ്ചേക്കറോളം ഭൂമിയുമുണ്ട്. തരിശ് ഭൂമി സർക്കാർ അധീനതയിലുള്ള കളിസ്ഥലങ്ങൾ മാത്രമാണ് ഏകദേശം 35 കിലോമീറ്ററോളം നീളത്തിലുള്ള ഭൂമി റോഡുകളായുണ്ട്. ബാക്കി ഭൂമി, ദീർഘഹ്രസ്വകാല കൃഷിയാവശ്യത്തിനായി ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ തെങ്ങുകൃഷിക്കാണ് പ്രാധാന്യം. വാഴ, നെല്ല്, പച്ചക്കറി,കശുമാവ്,കുരുമുളക്, കവുങ്ങ് എന്നിവയും കൃഷി ചെയ്യുന്നുണ്ട് വയലുകൾ നികത്തി വീട് വയ്ക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതിനാൽ നെല്ലുല്പാദനം കുറയുന്നു.

മനുഷ്യവിഭവം

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 26705 ആണ്. ഇതിൽ 12802 പുരുഷന്മാരും 13903 സ്ത്രീകളുമാണ്. 1981 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ 23141 ആണ്. വർഷത്തിൽ ഈ പഞ്ചായത്തിലെ ശരാശരി ജനന നിരക്ക് ഏകദേശം 13.7 ആണ്.

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് പുരുഷന്മാരിൽ 97.59% ആകുമ്പോൾ സ്ത്രീകളുടേത്92.11% ആണ്. ഇത് ജില്ലാ ശരാശരിയേക്കാൾ ഉയർന്നതാണ്.

ജനസംഖ്യയിൽ 5674 പുരുഷന്മാരും 1703 സ്ത്രീകളും മുഖ്യതൊഴിലുകളിലും 210 പുരുഷന്മാരും 92 സ്ത്രീകളും ഭാഗീക തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നതായി കാണുന്നു. തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷന്മാരിൽ 45.96 ആകുമ്പോൾ സ്ത്രീകളിൽ 12.91 ആണ്. കർഷകരിൽ 66 പുരുഷന്മാരും 7 വനിതകളും ഉണ്ട്. കർഷകതൊഴിലാളികളിൽ 305 പുരുഷന്മാരും 148 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ മുഖ്യ തൊഴിൽ മേഖല ബീഡി, കെട്ടിട നിർമ്മാണം,മത്സ്യ ബന്ധനം, കൃഷി എന്നിവയാണ്. അഭ്യസ്തവിദ്യർ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. അവർക്കിടയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായമയാണ് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം

പഞ്ചായത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസ നില

എസ് എസ് എൽ സി	8415
പ്രി ഡിഗ്രി	2023
ബിരുദം നേടിയവർ	1140
പ്രൊഫഷണൽ	143
ഐ. ടി. ഐ	118
ഡിപ്ലോമ	74
മറ്റുള്ളവ	68
ആകെ	11389

പഞ്ചായത്തിലെ വീടുകളുടെ എണ്ണം വാർഡ് തിരിച്ച്

വാർഡ്	വീടുകളുടെ എണ്ണം
1	461
2	480
3	473
4	497
5	512
6	354
7	261
8	346
9	329
10	361
ആകെ	4459

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ

4–1 കൃഷി, ജലസേചനം

കൃഷി

തികച്ചും കാർഷികാധിഷ്ടിതമായിരുന്നു നമ്മുടെ മുൻകാല ജീവിതം പുഴയും കടലും ചേർന്ന് നാലുവശവും ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപാണ് ഈ പഞ്ചായത്തെങ്കിലും മണ്ണിന്റെറ ഘടന നോക്കിയാൽ ചെങ്കൽ മണ്ണ്, എക്കൽ മണ്ണ് അക്ഷരാർത്ഥത്തിലുള്ള വെറും മണൽ മണ്ണ് - ചളികണ്ടങ്ങൾ എന്നിവ ചേർന്ന വിള വൈവിദ്ധ്യത്തിനനുയോജ്യമായ ഭൂപ്രകൃതിയും അതിന്റെറ ഫലവത്തായ ഭൂവിനിയോഗവും ഉണ്ടായിരുന്ന പ്രദേശമായിരുന്ന ഇത്. ഉത്സവകാല തണ്ണീർ മത്തൻ കൃഷിയും മുള്ളങ്കി കൃഷിയും ഉത്സവകാലത്തെ വിപണനവും വിഖ്യാതമാണ്. ഇങ്ങനെ മുൻകാല കൃഷിരീതി നോക്കിയാൽ ഭൂലഭ്യതയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായിരുന്നു അവയെന്ന് കാണാം.

കുന്നിൻ പ്രദേശങ്ങളിലും ഫലഭൂയിഷ്ടത കുറഞ്ഞ മണൽ പ്രദേശങ്ങളിലും കശുമാവും വയൽ പ്രദേശങ്ങളിൽ ഒന്നും രണ്ടും വിള നെല്ലും പിന്നെ വിവിധതരം പച്ചക്കറി കൃഷിയും സർവ്വസാധാരണവും കൂട്ടായ്മയുള്ളതുമായിരുന്നു.

ധർമ്മടം വെളക്കത്താൻ വയൽ, ഏലിപ്രം വയൽ, വെള്ളൊഴുക്ക് അണ്ടലൂർ ഏല,ചിറ വയൽ, മേലൂർ കിഴക്കും പടിഞ്ഞാറും പാടശേഖരങ്ങൾ, കിഴക്കെ പാലയാട്ടും അണ്ടലൂർ കിഴക്കും മേലൂരിലുമുള്ള പുഴയോരങ്ങളിലുള്ള പുഞ്ചകൃഷിയും അടക്കം അക്കാലത്തെ തീവ്രസം യോജിത കൃഷിരീതി സ്വയം പര്യപതതയ്ക്കുള്ള ജനങ്ങളുടെ ദൃഡത വെളിവാക്കുന്നതാണ്. മേൽപ്പറഞ്ഞ ഓരോ കണ്ടങ്ങളിലുള്ള വായി കൃഷിയും അതിനോടൊപ്പമുള്ള മത്സ്യ കൊയ്ത്തും ഇന്ന്

പ്രചാരം ലഭിച്ചുവരുന്ന സംയോജിത കൃഷിരീതി അന്നേ ഇവിടുണ്ടായിരുന്നു എന്നതിന് തെളിവാണ്. ഇങ്ങിനെ സ്വയം പര്യാപ്തവും അന്നത്തെ വിജ്ഞാന ലഭ്യതയ്ക്ക് അനുസരിച്ച് ശാസ്ത്രീയവുമായിരുന്നു ഭൂവിനിയോഗം. മുമ്പ് നിലനിന്നിരുന്ന ഈ സ്വയം പര്യാപ്തത ഇന്നത്തെ ആവശ്യങ്ങൾക്കനുയോജ്യമായ നില പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർഷിക മേഖലയെ പരിശോധിക്കുക.

പട്ടിക. 4 – (1) ഭൂലഭ്യത

പുരയിടം	നിലം	പുറംമ്പോക്ക്	തരിശ്	ആകെ
ഹെക്ടർ	ഹെക്ടർ	ഹെക്ടർ	ഹെക്ടർ	ഹെക്ടർ
528.732	372.928	179.184	3.768	1084.612

അവലംബം സെറ്റിൽമെൻറ് രജിസ്റ്റർ

മേൽപട്ടിക അനുസരിച്ച് കൃഷിഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞ് വരികയാണ് ആസൂത്രണ രഹിതവും അശാസ്ത്രീയവുമായ ദുർവിനിയോഗമാണ് ഇതിനു കാരണം. ഇനിയെങ്കിലും ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുമായ പല കാരണങ്ങളാലും നെൽവയലുകൾ നികത്തപ്പെടുന്നു. മറ്റ് കൃഷിഭൂമികളാകട്ടെ തത്വദീക്ഷയില്ലാതെ റോഡുകൾക്കും വീട് വെക്കുന്നതിനും വിനിയോഗിക്കുകയുമാണ്.

പട്ടിക. 4 – (2)
വിള വിസ്തീർണ്ണവും ഉല്പാദനക്ഷമതയും

വിള	വിസ്തീർണ്ണം	മൊത്ത ഉല്പാദനം	ഉല്പാദന ക്ഷമത
നെല്ല് (ഒന്നാം വിള)	36 ഹെക്ടർ	73800 കി.ഗ്രാം	2050കി/ഹെ
'' (രണ്ടാം വിള)	12 ''	19800 ''	1650കി/ ഹെ
'' മൂന്നാം വിള)	-		
പയർ	16 ഹെക്ടർ	6844 ''	434 കി/ഹെ
പച്ചക്കറികൾ	28 ''	91000 ''	3250കി/ഹെ
തേങ്ങ	797 ''	50.13ലക്ഷം	6290കി/ഹെ
മരച്ചീനി	4 ''	45024 കി.ഗ്രാം	11256 കി/ഹെ
വാഴ	8 ''	46080 ''	5760 കി/ഹെ
കുരുമുളക്	5 ''	1360 ''	272 കി/ഹെ
കശുമാവ്	5 ''	2630 ''	526 കി/ഹെ
കവുങ്ങ്	8 ''	1460800 എണ്ണം	166എണ്ണം/കവുങ്ങ്

കൃഷി ഭവൻ രജിസ്റ്ററിൽ നിന്നും

റോഡുനിർമ്മാണം മറ്റൊരു ദുരന്തമായി മാറുകയാണ്. പ്രതിശീർഷ റോഡ് ലഭ്യത വൻ നഗരങ്ങളെപോലും തോൽപ്പിക്കും വിധമാണ് അവശേഷിക്കുന്ന നെൽപാടങ്ങളും കൃഷി യിടങ്ങളും സംരക്ഷിക്കാൻ കർശന നടപടി കൾ എടുത്തെങ്കിലേ നമ്മുടെ ഭക്ഷ്യാവശ്യ ത്തിനുള്ള സ്വാശ്രയത്വം സാദ്ധ്യമാവൂ.

മുമ്പ് നിലനിന്നിരുന്ന സ്വയം പര്യാപ്തത പരമാവിധി പുനഃസ്ഥാപിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് കാർഷികമേഖലയുടെ സ്ഥിതിയും പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പരിശോധിച്ച് നിർദ്ദേശിക്കുന്നത്.

സെറ്റിൽമെൻറ് രജിസ്റ്റർ പ്രകാരം 1/4 വയലുകൾ മാത്രമെ നെൽകൃഷിക്ക് അവശേഷിക്കുന്നുള്ളൂ. അവ തന്നെയും അനാദായകരമായതിനാൽ യഥാകാലം കൃഷി ഇറക്കാതേയും പലപ്പോഴും തരിശിടുകയും ചെയ്യുന്ന അനുഭവമാണ് ഉള്ളത്. ഭൂവിനി യോഗത്തിൻെറ നിയന്ത്രണമില്ലായ്മയും നെൽപാടങ്ങൾ നികത്തപ്പെടുന്നതിന് കാരണമാകുന്നു. കൂടാതെ കർഷകതൊ ഴിലാളികളുടെ ദൗർലഭ്യവും പ്രവൃത്തി ക്ഷമതക്കുറവും കൊണ്ട് കർഷകർ നെൽ കൃഷി നിലനിർ ത്താൻ പാടുപ്പെടുന്നു. അടിന്തിരമായും യന്ത്രവൽക്കരണവും അവ ശേഷിക്കുന്ന പാടങ്ങളെങ്കിലും പാടമായി സംരക്ഷിച്ച് കൃഷിചെയ്യാനുള്ള സംവിധാ നവും കർക്കശമായി നടപ്പിലാക്കിയെങ്കിലേ നമ്മുടെ ഭക്ഷ്യാവശ്യം നിറവേറ്റാൻ ആവു കയുള്ളൂ.

പട്ടിക. 4 – 1 (3)

ജനസംഖ്യ 2001-ൽ	ഒരാളിന് പ്രതിദിനം ലഭിക്കേണ്ട അരി	റേഷൻ വഴി ഇന്നു ലഭി ക്കുന്നത്	പോരാതെ വരുന്നത്	ആകെ ജനസംഖ്യ യ്ക്ക് പോരാ തെ വരുന്നത്	ഇന്നുലഭ്യ മായ ഭൂമി	നിലവിലുള്ള ഏറ്റവും നല്ല ഉല്പാദനക്ഷമത	ഇന്ന് ഉല്പാദിപ്പി ക്കാവുന്ന പരമാവധി നെല്ല്
30818	396 ഗ്രാം	285 ഗ്രാം	111ഗ്രാം	1248 ടൺ അരി 60% വെച്ച് നെല്ല് 2080 ടൺ	360 ഹെക്ടർ	7 ടൺ	504 ടൺ

പോരായ്മ : 1576 ടൺ, കണ്ടെത്തേണ്ട : കൃഷി സ്ഥലം 113 ഹെക്ടർ

ഇത്രയും വയലുകൾ വീണ്ടെടുത്തില്ലെങ്കിൽ എന്നും നമ്മുടെ പഞ്ചായത്ത് നെല്ലിൻെറ കാര്യത്തിൽ കമ്മിയായി തുടരും കൃഷിഭൂമിയുടെ തുണ്ട് വൽക്കരണവും ഇതിനുള്ള ഒരു കാരണമാണ്.

പട്ടിക. 4 – 1 (4)
ഉടമസ്ഥരുടെ എണ്ണം

1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിന് മേൽ
1925	1975	1250	538	219	94	17

അവലംബം: വില്ലേജ് ഓഫീസ് രേഖ

തെങ്ങ്

തെങ്ങ് കൃഷിയിൽ കേരളീയരുടെ കുത്തക നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ത്യ യിലെതന്നെ മറ്റു സംസ്ഥാനങ്ങളിൽ ദ്രുതഗ തിയിൽ വ്യാപിച്ചുവരുന്ന തെങ്ങ് കൃഷി നമുക്ക് ഈ മേഖലയിലുള്ള ആധിപത്യം തകർക്കുകമാത്രമല്ലനിലനില്പി തന്നെ അപകടപ്പെടുത്തുന്നതുമാണ്.

കുത്തകൃഷിയായതുകൊണ്ട് തന്നെ

ഈ മേഖലയിലെ ശാസ്ത്രീയ സാങ്കേതിക നേട്ടങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ കർഷകർ വിമുഖരാണ്. ഇതിന്റെ വികസനത്തിനുതന്നെ ബഹുമുഖ ഏജൻസികളാണ് നിലവിലുള്ളത്. മറ്റുവിളകൾക്കെന്ന പോലെ (ഉദാ: റബ്ബർ ബോർഡ്, ഏലം ബോർഡ് കോഫി ബോർഡ്) എന്നപോലെ തെങ്ങിന്റെ ഒറ്റ ഏകീകൃത ഏജൻസി ഇല്ലാത്തതും സമഗ്ര വികസനത്തിന് പ്രതിബന്ധമാണ്. ഉൽപാദനം പരക്കെ നശിപ്പിച്ച കാറ്റുവീഴ്ച നമ്മുടെ പ്രദേശത്ത് ഇല്ലെങ്കിലും ഉൽപാദന ക്ഷമത അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ കുറവാണ്. ഉൽപാദനക്ഷമതയിൽ നാലാം സ്ഥാനത്താണ് കേരളം.

പട്ടിക. 4 – 1 (5)

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങുകളുടെ എണ്ണം				രോഗം ബാധിച്ചത്					
തെങ്ങ് വിസ്തീർണ്ണം	കായ്ക്കാതിരിക്കുന്നത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽട്ട്	ലീഫ് റോട്ട്	ബഡ് റോട്ട	സ്റ്റം ബ്രീഡിഗ്	മറ്റുള്ളവ	ആകെ
797.00	32000	127400	159400	-	-	250	2000	-	2250

പച്ചക്കറി കൃഷി

സമഗ്രമായ പച്ചക്കറി കൃഷി ഈ പഞ്ചായത്തിലെ ഒരു പ്രത്യേകതയായിരുന്നു. അന്യസംസ്ഥാന നഗരമായ മംഗലാപുരത്തേക്ക് വരെ വെള്ളരിയും മറ്റും കയറ്റി അയച്ചിരുന്നത് നിലച്ചിട്ട് 5-6 വർഷമേ ആയിട്ടുള്ളൂ. ഒരുപ്പൂ കൃഷി കഴിഞ്ഞാൽ അതേ വയലുകൾ പാട്ടത്തിനെടുത്ത് ആദ്യമായി വെള്ളരിയും അതുകഴിഞ്ഞ് ഉത്സവകാല വത്തകൃഷിയും മറ്റ് പച്ചക്കറികളും നട്ട് ഒരു വർഷത്തെ തങ്ങളുടെ ഋണ ബാധ്യത തീർക്കലും മറ്റ് അത്യാവശ്യ ധന സമ്പാദനവും അധ്വാനശീലരായ ഒരു വിഭാഗം ബീഡിതൊഴിലാളികളുടെ പതിവായിരുന്നു. കൃഷി സമ്പ്രദായത്തിലെ വൈവിധ്യവൽക്കരണവും ഉൽപാ ദനക്ഷമതയും മാതൃകാപരമായിരുന്നു എന്നുതന്നെ പറയാം. ആ പാടങ്ങളെല്ലാം നികത്തി തെങ്ങുവെച്ചിട്ട് തെങ്ങുമില്ല. വയലുമില്ല, വരുമാനവുമില്ല എന്ന അവസ്ഥയിലായി ഈ കൃഷി സമ്പ്രദായം ഇനി കരപ്പറമ്പിൽ ആരംഭിക്കേണ്ടി യിരിക്കുന്നു.

പട്ടിക. 4 – 1 (6)

ജനസംഖ്യ 1996	പുറത്ത് നിന്ന് കൊണ്ടു വരുന്ന പച്ചക്കറി	ആഭ്യന്തരം ഉല്പാദനം	ആകെ ഉപഭോഗം	അംഗീകൃത സ്റ്റാന്റേർഡ് അനുസരിച്ച്		പോരായ്മ(കമ്മി)
				പ്രതിവർഷം വേണ്ട ഇലക്കറിയും പച്ചക്കറിയും	ആഭ്യന്തര ഉത്പാദനം	
26705	118.56ടൺ	22ടൺ	140.56ടൺ	1935ടൺ	91ടൺ	1844ടൺ

അവലംബം: ഫീൽഡ് സർവ്വേ 10/96, കൃഷി ഭവൻ രേഖ

വാഴകൃഷി

നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാധ്യതയുള്ള ഒന്നാണ് കൃഷി ഭവൻേറയും പഞ്ചായത്തിൻേറയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഉത്സവ വാഴത്തോട്ടം. തുടർ നടപടികൾ ഉണ്ടായാൽ ഇത് വിജയകരമായി നടപ്പിലാക്കാനാകും. ടിഷ്യൂകൾച്ചർ സംവിധാനം ഈ മേഖലയിൽ ലഭ്യമായതിനാൽ എത്ര തൈകൾ വേണമെങ്കിലും ഒരുമിച്ച് ലഭ്യ മാക്കാവുന്നതേയുള്ളു.

പട്ടിക. 4 – 1 (7)

ജനസംഖ്യ 1991ലെസെൻസസ്സ് അനുസരിച്ച്	നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ വിപണനം നടത്തുന്ന വാഴപ്പഴം പ്രതിവർഷം	ആഭ്യന്തര ഉല്പാദനം പ്രതിവർഷ ഉപ ഭോഗത്തിന്	ആകെ ഉപഭോഗം പ്രതി വർഷം	ആ കെ അ ഭ്യ ന്ത ര ഉത്പാദനം വിപണനം നടത്തുന്ന പ്രതിവർഷം	പ്രതിവർഷ കൃഷി
26705	234.31ടൺ	11.52ടൺ	245.83ടൺ	46.08ടൺ	199.75 ടൺ

ഫീൽഡ് 10/96, കൃഷിഭവൻ രേഖ എന്നിവയിൽ നിന്ന്

ഉൽപാദനക്ഷമത വർദ്ധിപ്പിച്ച് ഇന്നത്തെ കമ്മിനികത്താം.കൂടുതൽ ഉൽപാദന ക്ഷമതയുള്ളഗ്രാൻറ് നൈനിപോലുള്ള പുതിയ ഇനം വാഴ നട്ടാൽ പദ്ധതി വർഷത്തേക്ക് ആവശ്യമായ ഉൽപാദനവും കുറച്ച് വാണിജ്യാവശ്യവും നേടാവുന്നതാണ്.

പൂ കൃഷി

അർപ്പണബോധവും നിതാന്തജാഗ്ര തയുള്ളവർക്ക് വളരെയേറെ സാധ്യതയുള്ള ഒരു മേഖലയാണ് പൂകൃഷി. ഇവയ്ക്ക് പ്രത്യേക സംരക്ഷണവും വർഷം മുഴുവൻ രാപ്പകൽ നീണ്ട പരിചരണവും ആവശ്യമാണ്. ഓർക്കിഡ്, ആന്തൂറിയം പോലുള്ളവയ്ക്ക് അല്പം കൂടി സാങ്കേതിക പരിജ്ഞാനവും കുറച്ച് കൂടി ശ്രദ്ധയും ആവശ്യമാണ്. ഇവ അലങ്കാരവസ്തുക്കൾ ആണെന്നതും ശ്രദ്ധി ക്കപ്പെടേണ്ടതാണ്. ഇവയ്ക്ക് കൂടുതൽ മൂല ധന നിക്ഷേപവും ആവശ്യമാണ്.

കിഴങ്ങ് വർഗ്ഗം

കരകൃഷി പൊതുവെ കുറഞ്ഞതാണ് ഈ പ്രദേശം ഭൂരിഭാഗം പറമ്പിലും തെങ്ങും മറ്റ് മരങ്ങളും ചിലപ്പോൾ നാമമാത്രമായി അല്പം വാഴയും കഴിച്ചാൽ മറ്റ് ഇടവിളകൾ ഒന്നും ഇല്ലെന്ന് തന്നെ പറയാം. സമീകൃതാഹാരക്രമത്തിൽ മറ്റേതിനേയും പോലെ പ്രാധാന്യമുള്ളതാണ് കിഴങ്ങു വർഗ്ഗങ്ങളും. ഒരാളിന് പ്രതിദിനം 85ഗ്രാം ആ വശ്യമുള്ളതാണ്. വയലിൽ വേനൽ വിള യായും നാമമാത്രമായി കരയിലും ഉൽ പാദിപ്പിക്കാവുന്നതാണ്.

പട്ടിക. 4 – 1 (8)

ജനസംഖ്യ 1991ലെ സെൻസസ്	പ്രതിശീർഷ ആവശ്യ	പ്രതിശീർഷ പ്രതിദിന ആഹാരം	ആകെ ഉല്പാദന ക്ഷമതയും ഉല്പാദനവും	നിലവിൽ കൃഷി ചെയ്യുന്ന സ്ഥലം	പ്രതിവർഷ കമ്മി
26705	828ടൺ	85ഗ്രാം	45.024ടൺ	11.25ടൺ 4ഹെക്ടർ	783ടൺ

ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്ന സമ്പ്രദായം കൃഷിക്കാരിൽ പൊതുവേ കാണുന്നില്ല. ഈ രംഗത്താണ് മണ്ണുപരിശോധനയുടെ പ്രസക്തി നിലനിൽക്കുന്നത്. മണ്ണ് പരിശോധിച്ച് രാസവള പ്രയോഗം നടത്തിയാൽ മാത്രമെ ഈ രംഗത്തുള്ള അധികചെലവ് നിയന്ത്രിക്കാൻ പറ്റുകയുള്ളൂ.

പട്ടിക. 4 – 1 (9)

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		കീടനാശിനി			കീടനാശിനി			കീടനാശിനി	
	രാസവളം	ഖരം	ദ്രവം	രാസവളം	ഖരം	ദ്രവം	രാസവളം	ഖരം	ദ്രവം
സഹകരണം ധർമ്മടം സർവ്വീസ് സഹകരണ ബേങ്ക്	കി.ഗ്രാം 43569			കി.ഗ്രാം 27747			കി.ഗ്രാം 34793		
സ്വകാര്യം	–	–	–	–	–	–	–	–	–
കൃഷിഭവൻ	–	2.20 ലിറ്റർ	2കി.ഗ്രാം	– 2.5കി.ഗ്രാം	–	3 ലിറ്റർ		4 കി.ഗ്രാം	2.400

അവലംബം കൃഷിഭവൻ രേഖ

മരച്ചീനി മാത്രമാണ് അല്പമെങ്കിലും കൃഷി ചെയ്യുന്ന ഇട വിളവ് അതുതന്നെയും ഉൽപാദനക്ഷമത വളരെ കറഞ്ഞതാണ്. ചേന, കാച്ചിൽ, നനകിഴങ്ങ് തുടങ്ങി നമ്മുടെ കാലാവസ്ഥയ്ക്ക് ഭൂപ്രകൃതിക്കും ഇണങ്ങുന്ന ധാരാളം കിഴങ്ങ് വർഗ്ഗങ്ങൾ കരപറമ്പിൽ കൃഷി ചെയ്യാവുന്നതാണ്.

കൃഷിഭവൻ മുഖാന്തരം നടപ്പിലാക്കി വരുന്ന പദ്ധതികൾ

തെങ്ങിൻ തൈ ഉൽപാദനകേന്ദ്രം, പാലയാട് ഇൻറസ്ട്രിയൽ എസ്റ്റേറ്റ്, യൂനിവേഴ്സിറ്റി സെൻറർ, പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയുടെ പരിസരത്തിലായി കൃഷിഭവൻ പ്രവർത്തിക്കുന്നു. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻറ്മാരും ഇവിടെ ജോലിചെയ്യുന്നു.

കൃഷിഭവൻ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും എത്തുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

8ാം പദ്ധതിയുടെ തുടക്കത്തിൽ വരൾച്ചദുരിതാശ്വാസ പദ്ധതിപ്രകാരം 15 കിണറുകളും പ്രത്യേകതൊഴിൽദാന പദ്ധതി പ്രകാരം 12കിണറുകളും സബ്സീഡി സഹായത്തോടെ കുഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തെങ്ങിൻ തോട്ടത്തിൽ മണ്ണിട്ട് ഉയർത്തുവാനും കൃഷിക്കാർക്ക് സഹായം ചെയ്യുകയുണ്ടായി. കോക്കനട്ട് ഗ്രൂപ്പ് മാനേജ്മെൻറ് പദ്ധതിപ്രകാരം 25 പമ്പ്സെറ്റുകളും കർഷകർക്ക് പണിയായുധങ്ങളും അനുവദിച്ചിട്ടുണ്ട്. കൂടാതെ കോക്കനട്ട് ഡവലപ്പ്മെൻറ് പദ്ധതിപ്രകാരം 2 പമ്പ് സെറ്റുകൾക്ക് സബ് സീഡി അനുവദിക്കുകയും ഉണ്ടായിട്ടുണ്ട്.

പട്ടിക. 4 – 1 (10) നെൽകൃഷി വിസ്തീർണ്ണവും വിള ക്രമങ്ങളും

പാടശേഖരങ്ങളുടെ പേര്	വിസ്തീർണ്ണം	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
മേലൂർ കിഴക്ക്	10ഹെക്ടർ	നെല്ല്	പച്ചക്കറി	പച്ചക്കറി
മേലൂർ പടിഞ്ഞാറ്	7ഹെക്ടർ	നെല്ല്	8ഹെക്ടർനെല്ല് 2 ഹെ.പച്ചക്കറി	5ഹെക്ടർപച്ചക്കറി 2ഹെ പച്ചക്കറി
അണ്ടലൂർ	10ഹെക്ടർ	നെല്ല്	2ഹെ.നെല്ല് 3ഹെ.പച്ചക്കറി 2 ഹെ. പയർ	2ഹെ പച്ചക്കറി
പാലയാട്	9ഹെക്ടർ	നെല്ല്	5ഹെ. നെല്ല് 4ഹെ.പച്ചക്കറി	3ഹെ.പച്ചക്കറി

അവലംബം കൃഷിഭവൻ രേഖ

നെൽകൃഷി ഗ്രൂപ്പ് ഫാമിംങ്ങ് പദ്ധതിപ്രകാരം സമിതികൾ വഴിയായി 4 പാടശേഖരങ്ങൾക്കും കൂടി കുമ്മായം 2കുറ്റി പമ്പുകൾ, കമ്മ്യൂണിറ്റി നേഴ്സറി അനുസരിച്ച് നല്ല ഞാറ്റടികൾ. ജലസേചനത്തിനും ജലനിർ ഗ്ഗമനത്തിനും വേണ്ട നിർമ്മാണപ്രവർ ത്തനങ്ങൾ എന്നിവയ്ക്ക് സബ്സിഡികളും കൂടാതെ നെൽകൃഷിക്കുള്ള രാസവള സബ്സിഡിയും ഊർജ്ജിത നെൽകൃഷി വികസന പദ്ധതി പ്രകാരം സബ്സി ഡിയോടുകൂടി ഒരു കുറ്റിപമ്പും വിതരണം ചെയ്യുകയുണ്ടായി. കൂടാതെ സമഗ്ര നാളികേര വികസന പദ്ധതിപ്രകാരവും സബ്സീഡി അനുവദിക്കുകയുണ്ടായി. അതിന്റെ വിശദവിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്.

പട്ടിക. 4 – 1 (11)

93-94		94-95		95-96	
കിണർ	പമ്പ്സെറ്റ്	കിണർ	പമ്പ് സെറ്റ്	കിണർ	പമ്പ് സെറ്റ്
20	20	33	30	23	35

ലൊക്കേഷൻ സ്പെസഫിക്ക് പദ്ധ തിപ്രകാരം പച്ചക്കറി കൃഷി വികസന ത്തിനായി 4 കിണറുകൾക്കും ഒരുപമ്പ് സെറ്റി നുമായി 1000/- രൂപ വീതം സബ്സീഡിയും മഹിളാസമാജം വഴിയുള്ള പച്ചക്കറി കൃഷി വികസന പദ്ധതിപ്രകാരം ഓരോ സമാജ ങ്ങൾക്കും വിത്ത്, വളം, കീടനാശിനി, ഹേൻഡ് സ്പ്രെയർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർ ത്തിക്കുന്ന യു.പി സ്കൂളിലെ വിദ്യാ ർത്ഥികൾക്ക് സൗജന്യമായി പച്ചക്കറിവിത്തും നൽകുകയുണ്ടായി.

ബയോഗ്യാസ് പ്ലാൻറുകൾ സബ് സിഡിസഹായത്തോടുകൂടി പൂർത്തീക രിക്കുകയും അവ ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

കണികജലസേചന പദ്ധതിപ്രകാരം ജലസേചന സിസ്റ്റം ഏർപ്പെടുത്തിയ 3 കർഷ കർക്ക് സബ്സീഡി നൽകിയിട്ടുണ്ട്.

ഫലവർഗ്ഗവികസന പദ്ധതി പ്രകാരം നടീൽ വസ്തുക്കളും പയർവർഗ്ഗവികസന പദ്ധതിപ്രാകരം വിത്തുകളും കീടനാശിനികളും വിതരണം ചെയ്യുകുണ്ടായി.

പ്രത്യേക ഘടക പദ്ധതി

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം തെങ്ങിൻ തൈകളും രാസവളങ്ങളും പണിയായുധങ്ങളും വിതരണം ചെയ്തത് കൂടാതെ അംബേദ്ക്കർ പദ്ധതിപ്രകാരം ജലസേചനത്തിനായി ഒരു കിണറും അനുവദിച്ചിട്ടുണ്ട്.

തെങ്ങിൻ തൈ ഉൽപാദന കേന്ദ്രം

ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഒരു തെങ്ങിൻ തൈ ഉൽപാദനകേന്ദ്രം പാലയാട് പ്രവർത്തിക്കുന്നു. ഇവിടെനിന്നുൽപാദിപ്പിക്കുന്ന തൈകൾ ജില്ലയിലും അന്യജില്ലയിലും വിതരണം നടത്തുന്നു. 1967 -68 വർഷങ്ങളിൽ തുടങ്ങിയ 4.644ഹെക്ടർ വിസ്തീർണ്ണമുള്ള ഫാമിൽ 1.5ലക്ഷം തേങ്ങ പാകാനുള്ള സൗകര്യമുണ്ട്. കുറ്റ്യാടി, ടി ഡി എന്നീ തൈകൾക്കു പുറമെ 400ഓളം ഒട്ടുമാവിൻ തൈകളും ഈ വർഷം വിതരണം നടത്തുന്നുണ്ട്.

ജലസേചനം

വൻകിട ജലസേചന പദ്ധതികൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ലെന്ന് മാത്രമല്ല സാദ്ധ്യതയുമില്ല. മഴയെ ആശ്രയിച്ചു മാത്രമാണ് ഭൂരിഭാഗവും കൃഷി ചെയ്യുന്നത്. തുണ്ട് തുണ്ടമായി കിടക്കുന്ന ഭൂമിയായതു കൊണ്ട് തന്നെ ഉപരിതല ജലം ശേഖരിച്ച് മാത്രമെ ജലസേചനം നടത്താൻ സാധ്യതയുള്ളു

പട്ടിക. 4 – 1 (12)

പണി പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതും നടക്കാനിരിക്കുന്നതുമായ ജലസേചന പദ്ധതികൾ

പ്രവൃത്തിയുടെ പേര്	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയകെട്ട്	റിമാർക്സ്
എലിപ്രം തോടിന്				
പാർശ്വ ഭിത്തികെട്ടൽ മുണ്ടക്കൽ തോടിന്	2/95	3.32ലക്ഷം	30ഹെക്ടർ	
ഉപ്പ്വെള്ളം കയറുന്നത് തടയാൻ ക്രോസ് ബാർ				
നിർമ്മാണം മുല്ലപ്രം തോടിനുള്ള ക്രോസ്		2ലക്ഷം	17.54ഹെക്ടർ	പണിനടന്നുകൊണ്ടിരിക്കുന്നു
ബാറിൻെറ അറ്റകുറ്റ പണി	-	2ലക്ഷം		ടെൻറർ ക്ഷണിച്ചിരിക്കുന്നു

അവലംബം :ചെറുകിട ജലസേചന വകുപ്പ് ഓഫീസ് രേഖ

പ്രശ്നങ്ങൾ

1 42 തോടുകളിൽ ഭൂരിഭാഗവും പുഴയിൽ ചെന്നുചേരുന്നതാണ്. അവയിൽ ഉപ്പു വെള്ളം കയറി കൃഷി നശിക്കുന്നു.
2 ഭൂവിനിയോഗത്തിൻെറ നിയന്ത്രമമില്ലായ്മ
3 കർഷക തൊഴിലാളികളുടെ കൂലി കൂടുതലും പ്രവൃത്തിക്ഷമത കുറവും.
4 ഉൽപാദനക്ഷമത കുറവ്
5 നെൽവയലുകൾ നികത്തപ്പെടുന്നു
6രോഗപ്രതിരോധ ശക്തിയുള്ള വിത്തിനങ്ങൾ ലഭ്യമല്ല

7 ജൈവവളക്ഷാമം

8 ജൈവ കീടനാശിനികൾ ലഭ്യമല്ല

9 പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിന്റെ ജൈവഘടന നശിപ്പിക്കുന്നു.

10 കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന വരുടെ എണ്ണം കുറവാണ്. അതു കൊണ്ട് തന്നെ യഥാസമയം കാർഷിക ജോലി കൾ പൂർത്തിയാക്കാൻ പറ്റുന്നില്ല. കൂടുതൽ തൊഴിലവസരങ്ങളും ആകർഷ കമായ വേതനവും ഉള്ളത് കൊണ്ട് കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലാളികൾ കേന്ദ്രീകരി ക്കപ്പെടുന്നു.

11 കൃഷി മുഖ്യ തൊഴിലായികാണുന്നില്ല.

12 മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തണം എന്ന ബോധം കൃഷിക്കാരിൽ ഏശിയിട്ടില്ല.

13 തെങ്ങിൻ തൈ ഒഴിച്ചുള്ള നടീൽ വസ്തുക്ക ൾ യഥാസമയവും ആവശ്യാനുസരണവും വിതരണത്തിന് എത്തുന്നില്ല.

14 കീടനാശിനിയുടെ അമിതമായ ഉപയോഗം

15 ജൈവവളം , രാസവളം എന്നവയുടെ ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കു ന്നതിനെപ്പറ്റി വേണ്ടത്ര അറിവ് ഇല്ല.

16 പാടശേഖര സമിതികൾ ഫലവത്തായി പ്രവർത്തിക്കുന്നില്ല.

17 വാഴയുടെ ഉൽപാദന ക്ഷമത വളരെ കുറവാണ്.

18 കൃഷി ഭവനിൽ ആവശ്യത്തിൽ കൂടുതൽ തെങ്ങിൻ തൈകൾ ഇ ക്കുന്നതുകൊണ്ട് അത് കൃഷിക്കാരിൽ അടിച്ചേൽപ്പിക്കേണ്ടി വരുന്നു.

19 ക്രോപ്പ് കട്ടിങ്ങ് സമ്പ്രദായത്തിൽ വിള മത്സരം നടത്തി കർഷകർക്ക് അവാർഡ് കൊടുക്കുക.

സാദ്ധ്യതകൾ

1 കുന്നിൻ ചെരിവുകളിൽ നീർത്തടങ്ങൾ ഉണ്ടാക്കുക.

2 നെൽവയലുകളിൽ പൊതുവായി കിണർ കുളം എന്നിവ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചന സൈകര്യം ഏർപ്പെടുത്തുക.

3 നമ്മുടെ പഞ്ചായത്തിലെ 15ഓളം ക്രോസ് ബാറുകൾ ശൂന്യമായി കിടക്കുകയാണ്. അത് പുന: സൃഷ്ടിച്ച് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗുണഭോക്താക്കളെ ഏല്പിക്കുക.

4 സംയോജിത കൃഷി രീതി പ്രോത്സാ ഹിപ്പിക്കുക.

5 പണ്ടുകാലങ്ങളിൽ ഉള്ളത് പോലെ ഓരു കണ്ട ചിറകളിൽ മുത്താറി കൃഷി വ്യാപിക്കുക.

6 പ്ലാസ്റ്റിക്ക് വസ്തുക്കൾക്ക് പകരം ജൈവപ്ലാസ്റ്റിക്ക് വസ്തുക്കൾ നിർമ്മിക്കാൻ സംവിധാനം ഉണ്ടാക്കുക.

7 കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നതുറകളിൽ ഉണ്ടായിട്ടുള്ള ശാസ്ത്രീയ വളർച്ച നമ്മുടെ കർഷകർക്കും കൃഷിയി ടങ്ങളിലും ലഭ്യക്കുക.

8. പയർ, നിലക്കടല എന്നിവ തെങ്ങിൽ തോട്ടത്തിൽ ഇടവിളയായി കൃഷി ചെയ്യുക.

9. പച്ചില വള ദൗർലഭ്യം പരിഹരിക്കാൻ ആവ

ശ്യമായ സംവിധാനം ഉപയോഗിക്കുക.

10 കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ ആവശ്യമില്ലാതെ കെട്ടിയേല്പിക്കുന്ന ഗുമസ്ഥപ്പണി അവസാനിപ്പിക്കുകയും അവരുടെ സാങ്കേതിക ജ്ഞാനം നാടിന്റെ വികസനത്തിനു ലഭ്യമാക്കുക.

11 അടുക്കള തോട്ടവും അവശേഷിക്കുന്ന വയലുകളിൽ ജലസേചനസൗകര്യം ചെയ്തു കൊടുത്തു പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കുക.

12 പാലയാട് ഡയറ്റിന്റെ വയലുകളിൽ കൂട്ടായമയുടെ അടിസ്ഥാനത്തിൽ പച്ചക്കറികൃഷിനടത്തി അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനുള്ള വിത്ത് സംഘടിപ്പിക്കുക.

13 സ്കൂൾ വിദ്യാർത്ഥികൾക്ക് കാർഷികാഭിരുചി ഉണ്ടാക്കാൻ സ്കൂൾ കോമ്പൗണ്ടുകളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറികൃഷി നടത്തി സമ്മാനം കൊടുക്കുക.

14 കോളേജുകളിലും ഹൈസ്കൂളുകളിലും ഇന്നുള്ള ലാബോറട്ടറി സൗകര്യം കാർഷിക വ്യാവസായിക മേഖലയുടെ വളർച്ചക്ക് കൂടി ഉതകുന്ന വിധത്തിൽ സെൽഫ് 'ഏണിഗ്' സിസ്റ്റത്തിൽ പുനഃസംഘടിപ്പിക്കുക.

15 വിപണന സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും വായ്പ തുകയ്ക്ക് ഉല്പന്നങ്ങൾ ശേഖരിക്കുകയും ചെയ്യുക.

16 മൃഗസംരക്ഷണ മത്സ്യബന്ധന മേഖലയിലേക്ക് വേണ്ട അസംസ്കൃതി വിഭവങ്ങൾ നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കാവുന്ന വിധം കരകൃഷിവിപുലീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

17. ജൈവവളങ്ങളുടെ ഗുണ നിലവാരം പരിശോധിയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

18 നീർതട വികസന പദ്ധതി നടപ്പിലാക്കുക

19. ഒരു ജലം കയറുന്നത് തടയുന്നതിന് മേലൂർ ഒഴയിൽ പദ്ധതി അടിയന്തിരമായും നടപ്പിലാക്കുക.

4–2

മൃഗസംരക്ഷണം, മത്സ്യബന്ധനം

മൃഗസംരക്ഷണം

മനുഷ്യന്റെ ഘടനാപരമായ വളർച്ചക്ക് ആവശ്യമായ മുട്ട, പാൽ, മാംസം വ്യവസായികാവശ്യത്തിനുള്ള തുകൽ, എല്ല് ജലാറ്റിൻ, ഓസീൻ കൊഴുപ്പ് ഔഷധവ്യവസായത്തിന് ഹോർമ്മോണുകൾ, വാക്സ്സീൻ, എൻസൈമുകൾ പരീക്ഷണത്തിനുള്ള മൃഗങ്ങൾ കൃഷിക്ക് ജൈവവളം, ഭാരം വലിക്കുന്നതിനും നിലം ഒരുക്കുന്നതിനുമുള്ള മൃഗശക്തി, ബയോഗ്യാസ്, പൊതുജനാരോഗ്യസംബന്ധിയായ പേവിഷ നിയന്ത്രണം, മാംസ പരിശോധന തുടങ്ങിയ കാര്യങ്ങളിലാണ് ഈ മേഖല കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ മേഖലയുടെ 94%വും ഗ്രാമ പ്രദേശത്തായതിനാലും അധ്വാനത്തിന്റെ 60%വും സ്ത്രീകൾ നിർവ്വഹിക്കുന്നതിനാലും ഈ രംഗത്തെ ഏതുവികാസവും ഗ്രാമത്തിന്റെ സാമ്പത്തിക പുരോഗതിക്കും സ്ത്രീകളുടെ ഉന്നമനത്തിനും വഴിതെളിയിക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ചരിത്രം.

ആദ്യകാലങ്ങളിൽ കന്നുകാലി,കോഴി ഇവയുടെ നാടൻ ഇനങ്ങളായിരുന്നു ഇവിടെ പ്രചാരത്തിലുണ്ടായിരുന്നത്. ഉൽപാദനം കുറഞ്ഞവയായിരുന്നെങ്കിലും കാലാവസ്ഥക്ക് ഇണങ്ങിയതും രോഗപ്രതിരോധശേഷി കൂടിയതുമായ ഇവ നമ്മുടെ കൃഷിയാവശ്യങ്ങളും പരിമിതമായ പാൽ ആവശ്യവും നിറവേറ്റിവന്നു. കുറഞ്ഞജനസംഖ്യയും മേച്ചിൽപുറങ്ങളുടെ ലഭ്യതയും ഇവയുടെ പരിപാലനത്തിന് അനുകൂലമായിരുന്നു. അതുകൊണ്ട് തന്നെ നാം അന്ന് ഈ രംഗത്ത് സ്വയം പര്യാപ്തരുമായിരുന്നു. പിന്നീട് ജനസംഖ്യാവർദ്ധനവിന്റെ ഫലമായി ഭൂമി തുണ്ടമാക്കപ്പെട്ടതും, മേച്ചിൽപുറങ്ങൾ ഇല്ലാതായതും, കൃഷിപ്രവർത്തനങ്ങൾ കുറഞ്ഞതും, കാലി വളർത്തൽ ചുരുക്കുകയും അതേ സമയം പാലിന്റെ ആവശ്യം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

1970ന് ശേഷം സങ്കരയിനം കന്നുകാലികളുടെ പ്രചരണവും അഖിലേന്ത്യതലത്തിൽ ധവള വിപ്ലവത്തിന്റെ തുടക്കവും ഈ രംഗത്ത് ഒരു പുത്തൻ ഉണർവ് പ്രകടമാക്കി. 1970ൽ തന്നെ ഇതിന്റെ ഭാഗമായി മേലൂരിൽ കൃത്രിമ ബീജ സങ്കലനത്തിനും സങ്കരയിനം കന്നുകാലി കളുടെ പ്രചരണത്തിനും ഒരു സെൻറർ ആരംഭിച്ചു. സങ്കരയിനം കന്നുകാലികളുടെ കൂടിയ പാൽഉൽപാദനശേഷി ഈ രംഗത്തേക്ക് കൂടുതൽ ആളുകളെ ആകർഷിച്ചു. തൽഫല മായി ആകെ ഉൽപാദനം വർദ്ധിച്ചു. അതോ ടൊപ്പം ഇടത്തട്ടുകാരന്റെ ചൂഷണവും വിപ ണന പ്രശ്നങ്ങളും, കാലിരോഗങ്ങളും, മൃഗചി കിത്സാപ്രശ്നങ്ങളും ഉടലെടുത്തു. പരിഹാര മെന്നോണം ക്ഷീരസഹകരണസംഘങ്ങളും മൃഗാശുപത്രിയും വന്നെങ്കിലും ഈ രംഗത്ത് ഇനിയും പ്രശ്നങ്ങൾ നിലനിൽക്കുന്നു.

മുട്ടക്കോഴി വളർത്തൽ ഇന്നും പരമ്പരാഗത രീതിയിൽ നാടൻ ഇനങ്ങളെ ഉപയോഗിച്ച് വീട്ടുവളപ്പിൽ ഒതുങ്ങി നിൽ ക്കുന്നു. ഉൽപാദനമോ നാമമാത്രവും. അതു കൊണ്ട് തന്നെ ഇതിനുവേണ്ടി നാം അന്യ സംസ്ഥാനത്തെ ആശ്രയിക്കുന്നു. ബ്രോയിലർ കോഴിവളർത്തൽ കുറച്ചുപേരെങ്കിലും ഇവിടെ പരീക്ഷിച്ചെങ്കിലും ഒരാൾ മാത്രമെ ഇപ്പോൾ ഈ രംഗത്ത് നിൽക്കുന്നുള്ളു വെന്ന് കാ ണാം.

മുൻകാലങ്ങളിൽ താരതമ്യേന സ ജ്ജീവമായിരുന്ന ആടുവളർത്തൽ ഇന്ന് പു റകോട്ട് പോയി. വളരെ പരിമിതമായ തോ തിൽ ഏറ്റവും താഴെതട്ടിൽ ഒതുങ്ങിനിൽ ക്കുന്നു.

കന്നുകാലി സെൻസസ് – 1996

കാലി വളർത്തുന്ന വീടുകൾ	പശു		കാള	ആട്	കോഴി	താറാവ്	പട്ടി	മറ്റുള്ളവ
	കറവവറ്റിയവ	കറവയുള്ളവ						
540	364	420	48	315	1371	27	234	41

കൃത്രിമ ബീജസങ്കലന വിവരങ്ങൾ – 1995 1996 അവലംബം ഐസി. ഡി. പി. സബ്സെൻറർ മേലൂർ

	ആദ്യബീജസങ്കലനം	ബീജസങ്കലനം രണ്ടും -അതിലധികവും നടത്തിയവ	ആകെ
പശു	454	155	609

മൃഗചികിത്സ 1996 മൃഗാശുപത്രി, പാലയാട്

അസുഖം	പശു	എരുമ	ആട്	പന്നി	കോഴി	മറ്റുള്ളവ	ആകെ
ദഹനസംബന്ധമായത്	237	-	43	-	509	30	819
ശ്വാസകോശ രോഗം	71	-	30	-	-	-	101
ചയാപചയരോഗം	27	-	1	-	-	-	28
അപര്യാപ്തത രോഗം	9	-	-	-	-	-	9
ചർമ്മരോഗങ്ങൾ	123	-	6	-	-	-	129
പരാദരോഗങ്ങൾ	368	-	40	-	108	-	516
ഗൈനക്കോളജിക്കൽ	46	-	18	-	-	-	64
വിഷബാധ	12	-	9	-	-	-	21
അകിടുവീക്കം	46	-	8	-	-	-	54
മുടന്തൻ പനി	10	-	-	-	-	-	10
സർജ്ജിക്കൽ	9	-	7	-	-	-	16
ആകെ	958	-	162	-	617	30	1767

പഞ്ചായത്തിലെ മൃസംരക്ഷണ സ്ഥാപനങ്ങൾ

1) മൃഗാശുപത്രി: 1996ൽ സ്ഥാപിതമായി. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മൃഗചികിത്സ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പേ വിഷ നിർമ്മാർജ്ജനം, മൃഗ സംരക്ഷണവകുപ്പിലെ സ്കീമുകൾ മുതലായവ നടത്തുന്നു.

ആവശ്യങ്ങൾ: സ്വന്തമായ കെട്ടിടം, ലാബ് സൗകര്യങ്ങൾ, പശുക്കളെ കെട്ടുവാനുള്ള സൗകര്യം(ട്രവിസ്), മൈക്രോസ്കോപ്പ്, സ്റ്റെറിലൈസർ, റെഫ്രിജറേറ്റർ, ടെലഫോൺ, മരുന്നുകൾ

2) ഐ.സി.ഡി.പി. സബ്സെൻറർ - മേലൂർ: 1970ൽ സ്ഥാപിതമായി - വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കൃത്രിമബീജധാനം പ്രാഥമിക ചികിത്സ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

ആവശ്യങ്ങൾ: സ്വന്തമായ കെട്ടിടം, പ്രാഥമിക ചികിത്സാമരുന്നുകൾ

പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതികാലത്ത് നടപ്പിലാക്കിയ- നടപ്പിലാക്കുന്ന സ്കീമുകൾ

1 പാൽ സഹകരണ സംഘം വഴി തിരഞ്ഞെടുത്ത കന്നുകുട്ടികൾക്ക് കാലിത്തീറ്റ 50% സബ്സിഡിയായിവിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

2 പേ വിഷ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

3 ഗോരക്ഷാ കേമ്പുകൾ

4. ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിലൂടെ ആട് വളർത്തൽ സ്കീം

5. കാലിവസന്ത നിർമ്മാർജന പദ്ധതി

പാലുൽപാദന രംഗം 1996

പശുക്കളുടെ എണ്ണം	ഉൽപാദനം			ഉപഭോഗം			ആഭ്യന്തര ഉൽപാദനത്തിൽ കുറവ്	എൻ.എ.സി പ്രകാരം ആവശ്യം	ആകെ ആവശ്യം	ഇനിയും ഉൽപാദിപ്പിക്കേണ്ടത്
	സഹകരണ സംഘം ശേഖരിക്കുന്നത് ലി	മറ്റുള്ളവ ലി	ആകെ ലി	പഞ്ചായത്തിൽ നിന്നുള്ള പാൽ ലി	മിൽമ വഴി വിൽപ്പന ലി	ആകെ ലി	ലി			
784	1050	840	1890	1890	450	2340	450	300 എം.എൽ /ഡേ	7572 /ഡേ	5982ലി /ഡേ

ഇപ്പോഴത്തെ ഉപഭോഗം അനുസരിച്ച് 450 ലിറ്റർ പാൽ പ്രതിദിനം അധികമായി ഉൽപാദിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനുതന്നെ ഏകദേശം 100പശുക്കളെ അധികം വളർത്തേണ്ടിയിരിക്കുന്നു. ഈ രംഗത്ത് നമ്മുടെ ഏറ്റവും അടുത്ത ലക്ഷ്യം ഇതായിരിക്കണം. പിന്നീട് എൻ.എ.സി നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ഉപഭോഗത്തിനു വേണ്ട ഉൽപാദനവും.

ഈ രംഗത്തെ പ്രധാനപ്രശ്നം കൂടിയ ഉത്പാദനചിലവാണ് കാലിത്തീറ്റയുടെ അമിതമായ വില, ഉൽപന്നത്തിന്റെ വിലക്കുറവ്, വിപണനത്തിലെ അപാകതകൾ, ചില അവസരങ്ങളിൽ സംഘത്തിൽ നിന്നും പാൽ അധികമായതു കാരണം തിരിച്ചയക്കപ്പെടുന്നു. കൃഷിഭൂമിയുടെ ലഭ്യതക്കുറവ്, കൃത്രിമ ബീജദാനത്തിനുള്ള അസൗകര്യം ഇവയാണ് ഇതിനു കാരണം

ആവശ്യങ്ങൾ:- കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക, തീറ്റപ്പുൽകൃഷി വ്യാപിക്കുവാൻ നടപടിയെടുക്കുക, ബീജദാനസൗകര്യം പാൽ അളവ് കേന്ദ്രങ്ങളിൽ ലഭ്യമാക്കുക, കുറഞ്ഞ പ്രീമിയത്തിൽ കന്നുകാലി ഇൻഷൂറൻസ് ഏർപ്പെടുത്തുക, പാലുൽപന്ന നിർമ്മാണ വിപണനം വർദ്ധിപ്പിക്കുക.

മുട്ടഉൽപാദനം 1996വർഷം

കോഴികളുടെ എണ്ണം	ഉൽപാദനം	ഉപഭോഗം			ഉൽപാദനത്തിലുള്ള കുറവ്	എൻഎസി നിർദ്ദേശം	ആകെ ആവശ?മുള്ള 1 വർഷം	കുറവ് 1വർഷം എണ്ണം
	വർഷം എണ്ണം	ആഭ്യന്തര ഉൽപാദനം നേരിട്ടുപയോഗിക്കുന്നു	പുറത്തുനിന്ന് വരുന്നത്	ആകെ				
1371	137100	137100	1355714	1493814	1355714	1 മുട്ട/ ദിവസം	14275150	14138050

വളരെ പരിമിതമായേ ഇവിടെ ഉൽപാദനം നടക്കുന്നുള്ളൂ. വർഷം 13,55,714 മുട്ടകൾ പുറത്തുനിന്നും വരുന്നു. ഇത്രയും മുട്ടകൾ ഇവടെ തന്നെ ഉൽപാദിപ്പിക്കുകയാണെങ്കിൽ തന്നെ ഇതിന്റെ വിലയായിവരുന്ന 13.5% ലക്ഷം രൂപ. നമ്മുടെ പഞ്ചായത്തിൽ വരുമാനമായിവരുന്നു. ഈ രംഗത്ത് ഇതായിരിക്കണം നമ്മുടെ അടുത്ത ലക്ഷ്യം. ഇതിനു തന്നെ 7000ത്തോളം കോഴികളെ കൂടുതലായി വളർത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ പകുതി വീട്ടിലെങ്കിലും 5 കോഴികളെ വീതം പരമ്പരാഗത രീതിയിൽ വളർത്തിയാൽ തന്നെ ഇത് നേടാവുന്നതാണ്.

ഈ രംഗത്ത് ഇപ്പോഴുള്ള പ്രശ്നം നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, പകർച്ചവ്യാധികൾ, കുറഞ്ഞുൽപാദനക്ഷമത, ക്ഷുദ്രജീവികളുടെ ശല്യം, കോഴിത്തീറ്റയുടെ ലഭ്യത കുറവ് എന്നിവയാണ്.

ആവശ്യങ്ങൾ: നല്ലയിനം മുട്ടകോഴിക്കുഞ്ഞുങ്ങളെ ന്യായമായ വിലക്ക് ലഭ്യമാക്കുക ക്ഷുദ്ര ജീവികളെ നശിപ്പിക്കുക മുട്ടവിപണനത്തിന് സഹകരണസ്റ്റാളുകൾ തുറക്കുക, കോഴിത്തീറ്റ ഉൽപാദനം പ്രാദേശികമായി നടത്തുക.

മാംസോത്പാദനം 1996 വർഷം

ഉൽപാദനം				ഉപഭോഗം				കുറവ്			
കോഴി കി ഗ്രാം	ആട് കി ഗ്രാം	പോത്ത്/മൂരി കി ഗ്രാം	ആകെ കി ഗ്രാം	കോഴി കി ഗ്രാം	ആട് കി ഗ്രാം	പോത്ത്/മൂരി കി ഗ്രാം	ആകെ കി ഗ്രാം	കോഴി കി ഗ്രാം	ആട് കി ഗ്രാം	പോത്ത്/മൂരി കി ഗ്രാം	ആകെ കി ഗ്രാം
1825	2362	4800	8987	27375	2085	21900	51360	25550	-	17100	42650

ബ്രോയിലർ, ഉത്പാദിപ്പിക്കുന്നതിനേക്കാൾ 25550 കിലോ കൂടുതൽ ഇവിടെ ഉപയോഗിക്കപ്പെടുന്നു.വില (10,22000 രൂപ) ഇതനുസരിച്ചു അത്രയും ഇറച്ചിലഭ്യമാക്കുവാൻ 2200 കോഴികളെ ഓരോ മാസവും നാം അധികമായി ഉൽപാദിപ്പിക്കേണ്ടിയിരിക്കുന്നു. ചെറുതും വലുതുമായ ബ്രോയിലർ യൂണിറ്റുകളുടെ സാധ്യതയാണിത്. കാണിക്കുന്നത്. പോത്തിറച്ചി ഉപഭോഗവും ഉൽപാദനത്തേക്കാൾ 17100 കിഗ്രം കൂടുതലാണ് ഈ രംഗത്ത് പ്രതിവർഷം 120ഓളം മൂരികുട്ടികളെ വളർത്തേണ്ടിയിരിക്കുന്നു. എൻ എ സി നിർദ്ദേശപ്രകാരം നോക്കിയാൽ പ്രതിമാസ 7000ഓളം ബ്രോയിലർ കോഴികളേയും പ്രതിവർഷം 400 ഓളം പോത്ത് / മൂരികളെയും വളർത്താൻ ലക്ഷ്യമിടേണ്ടിവരും.

ബ്രോയിലർ കോഴികൃഷിയുടെ പ്രശ്നങ്ങൾ: ഇവിടെയും അമിതമായ തീറ്റവില, കോഴിക്കുഞ്ഞുങ്ങളുടെ വില, വിപണന പ്രശ്നങ്ങൾ, പുറമെ നിന്നുള്ള കോഴികളുടെ വരവ്, അമിതമായ ഇൻഷുറൻസ് പ്രീമിയം.

ആവശ്യങ്ങൾ: കുറഞ്ഞവിലക്ക് തീറ്റയും, കോഴിക്കുഞ്ഞുങ്ങളേയും ലഭ്യമാക്കണം. സഹകരണ മാർക്കറ്റിംഗ് ആവശ്യമാണ് ഇൻഷൂറൻസ് പ്രീമിയം കുറക്കുക.

ആടുവളർത്തൽ:

വളരെ പരിമിതമായി മാത്രം നടക്കുന്നു. ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ പച്ചിലയുടെ, ലഭ്യതക്കുറവും, ആടിൻകുട്ടികളുടെ ലഭ്യതക്കുറവുമാണ്.

ആവശ്യങ്ങൾ:- പച്ചിലകൃഷി വ്യാപിപ്പിക്കുവാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. ആട്ടിൻ തീറ്റ മിശ്രിതം പ്രാദേശികമായി ഉൽപാദിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിൽ വളരെയേറെ ഉപയോഗിക്കുന്നില്ലെങ്കിലും ആട്ടിറച്ചി ഏറ്റവും അധികം ഡിമാൻറ് ഉള്ള ഒന്നാണ്. ഇതിൻെറ വിപണനം ഒരു പ്രശ്നമല്ല എന്നുള്ളതും ചുരുങ്ങിയസമയത്തിനുള്ളിൽ അധികലാഭം ലഭിക്കുന്നു എന്നുള്ളതും വളരെ പ്രധാനപ്പെട്ട ആകർഷക ഘടകങ്ങളാണ്.

കാടവളർത്തൽ:

നമ്മുടെ പഞ്ചായത്തിൽ ഒരു യൂനിറ്റ് മാത്രമായുള്ളതും വളരെയേറെ സാധ്യതയുള്ളതുമായ ഒരു മേഖലയാണിത്. ഇതിൻെറ മുട്ട വളരെ പോഷകഗുണമുള്ളതാണ്. 6 ആഴ്ച കൊണ്ട് തന്നെ മുട്ടയുൽപാദനം തുടങ്ങുന്നു എന്നതും ഇതേ സമയം കൊണ്ട് തന്നെ പൂർണ്ണവളർച്ചയെത്തുന്നുവെന്നതും ആകർഷക ഘടകങ്ങളാണ്.

പന്നിവളർത്തൽ: ഹോട്ടലുകളോടനുബന്ധിച്ചു ഇതിനെ വളർത്താവുന്നതാണ്. ഇതിൻെറ വിപണനം ഒരു പ്രശ്നമല്ല, എം പി ഐ പന്നികളെ വാങ്ങിക്കുന്നതാണ്.

അറവ് ശാല നവീകരണം:

പഞ്ചായത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ നടക്കുന്ന മേഖലയാണിത്. അറവ് നടക്കുന്നത് റോഡ്സൈഡിൽ വച്ചാണ് പരിശോധന നടത്താതെയാണ്. രോഗമുള്ളതും, അല്ലാത്തതുമായ മൃഗങ്ങളെ വൃത്തിഹീനമായ ചുറ്റുപാടുകളിലാണ് കശാപ്പ് ചെയ്യുന്നതും വിൽക്കുന്നതും ഇത് പരസരമലിനീകരണത്തിനും രോഗപ്പകർച്ചക്കും വഴിതെളിക്കുന്നു.

ആവശ്യങ്ങൾ: നിയമവിരുദ്ധമായി നടക്കുന്ന അറവുശാലകൾ നിയന്ത്രിക്കുക, ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. അറവ് മൃഗങ്ങളുടെയും മാംസത്തിൻെറയും പരിശോധന ഉറപ്പുവരുത്തുക.

പേ വിഷ നിർമ്മാർജ്ജനം

നിർമ്മാർജ്ജന പരിപാടി ഇപ്പോൾ തന്നെ നടക്കുന്നുണ്ട്. 284 പട്ടികളാണ് ഈ പഞ്ചായത്തിലുള്ളത് 220എണ്ണത്തെ പ്രതിരോധകുത്തിവെപ്പിന് വിധേയമാക്കികഴിഞ്ഞു. അല

ഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുവാനുള്ള യജ്ഞം നടക്കേണ്ടിയിരിക്കുന്നു.

ആവശ്യം: പേ വിഷ നിർമ്മാർജ്ജനത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക

ബയോഗ്യാസ്: 9 യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. പാചകാവശ്യത്തിന് ഇനിയും കൂടുതൽ യുണിറ്റുകൾ തുടങ്ങാവുന്നതാണ്.

കർഷകർക്കു പരിശീലനപരിപാടി

ഈ രംഗത്തുള്ള ശാസ്ത്രീയ രീതികൾ വ്യാപിപ്പിക്കുന്നതിനും, മുകളിൽ പറഞ്ഞ പരിപാടികൾ നടപ്പിലാക്കുന്നതിന് ഇത്തരം പരിശീലനങ്ങൾ അത്യാവശ്യമാണ്. കൂടാതെ കന്നുകാലിപ്രദർശനം, കാർഷികക്യാമ്പുകൾ സെമിനാറുകൾ എന്നിവയും നടത്താവുന്നതാണ്.

മൃഗസംരക്ഷണം പ്രധാന പ്രശ്നങ്ങൾ:

1. പാലിന്റെ കൂടിയ ഉൽപാദനച്ചിലവ് - കാലിത്തീറ്റയും അമിതവില
2. പാലിന്റെ കുറഞ്ഞ വില
3. പാലിന്റെ വിപണന പ്രശ്നങ്ങൾ - ചിലയവസരങ്ങളിൽ പ്രത്യേകിച്ച് മഴക്കാലത്ത് വില്പനകുറവായതിനാൽ ക്ഷീരസഹകരണ സംഘത്തിൽ നിന്നും പാൽതിരസ്കരിക്കപ്പെടുന്നു.
4 കൃത്രിമ ബീജധാരണത്തിനുള്ള അസൗകര്യം
5. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്
6. അകിടുവീക്കം, കുളമ്പുരോഗം മുതലായ രോഗങ്ങൾ
7. നല്ലയിനം കാലികളുടെ ലഭ്യതക്കുറവ്
8. മുട്ട, ബ്രോയിലർ കോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, അമിത വില
9, കോഴിവസന്ത, കോഴിവസൂരി മുതലായ പകർച്ചവ്യാധികൾ
10. കോഴികൾക്കുനേരെയുള്ള ക്ഷുദ്രജീവികളുടെ ശല്യം
11. കോഴിത്തീറ്റയുടെ ലഭ്യതക്കുറവും, അമിതവിലയും
12 ബ്രോയിലർ കോഴി വിപണനത്തിന് ഇടത്തട്ടുകാരന്റെ ചൂഷണം, പുറമേ നിന്നുള്ള കോഴികളുടെ വരവ് കൊണ്ടുള്ള പ്രശ്നങ്ങൾ.
13. കാലി, കോഴികൾക്കുള്ള അമിതമായ ഇൻഷൂറൻസ് പ്രീമിയർ
14. താറാവ് കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്
15. നാടൻ, വിദേശയിനം ആട്ടിൻകുട്ടികളുടെ ലഭ്യതക്കുറവ്
16. കന്നുകാലി, കോഴിവളർത്തലിൽ സർക്കാർ, അർദ്ധസർക്കാർ ഏജൻസികളിൽ നിന്നുള്ള ധനസഹായത്തിന്റെ അപര്യാപ്തത
17. അശാസ്ത്രീയമായ, അനിയന്ത്രിതമായ, വൃത്തിഹീനമായ അറവുശാലകൾ, മാംസവിതരണ സമ്പ്രദായം.
18. പേപ്പട്ടി ശല്യം.
19. മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
20, മൃഗാശുപത്രിയിൽ മരുന്നിന്റെ ലഭ്യതക്കുറവ്
21. കന്നു കാലി,കോഴി വളർത്തൽ രംഗത്തെ നവീനങ്ങളായ കണ്ടെത്തലുകളെ ക്കുറിച്ചും ശാസ്ത്രീയ കന്നുകാലി,കോഴി വളർത്തലിനെ കുറിച്ചും,കന്നുകാലി രോഗ പ്രതിരോധ ത്തിന്റെ പ്രാധാന്യത്തെ കുറിച്ചും കർഷകർക്കുള്ള അജ്ഞത, അല്ലെങ്കിൽ തെറ്റിദ്ധാരണകൾ

സാദ്ധ്യതകൾ

1 കാലി, കോഴി, തീറ്റമിശ്രിത യൂണിറ്റുകൾ പഞ്ചായത്ത് അടിസ്ഥാനത്തിലോ ബ്ലോക്കടിസ്ഥാനത്തിലോ സ്ഥാപിക്കുക.
2 തീറ്റപുൽകൃഷിയും, പച്ചിലകൃഷിയും (സുബാബുൾ, വേങ്ങ, പ്ലാവ്) ചോല വൃക്ഷമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും വരമ്പുകളിലും വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.
3 കൃത്രിമ ബീജധാരണ സൗകര്യം പാൽ അളക്കുന്ന കേന്ദ്രങ്ങളിൽ തന്നെ ലഭ്യമാക്കുക.
4 മിനി ഡയറി യൂണിറ്റുകൾ സർക്കാർ സഹായത്തോടെ സ്ഥാപിക്കുക.
5 ഒരു വീട്ടിൽ ഒരു പശു എന്ന ആശയം നടപ്പിലാക്കുക.
6 മുട്ടക്കോഴി വളർത്തലിന് എഗ്ഗർ നേഴ്സ

റികൾ സ്ഥിപിക്കുക.

7 പഞ്ചായത്തിലെ പകുതി വീട്ടിലെങ്കിലും 5 കോഴികൾ വീതം വളർത്തുവാൻ ശ്രമം നടത്തുക.

8 പകർച്ച വ്യാധികൾക്കെതിരെ യഥാ സമയങ്ങളിൽ പ്രതിരോധകുത്തിവെപ്പ് നടത്തുക.

9. ക്ഷുദ്ര ജീവികളെ നശിപ്പിക്കുക.

10. മുട്ട,ബ്രോയിലർ കോഴി ഇവയുടെ വിപണനത്തിന് സഹകരണ സ്റ്റോളുകൾ സ്ഥാപിക്കുക.

11. മുട്ടക്കോഴി, ബ്രോയിലർക്കോഴി, കുഞ്ഞുങ്ങളുടെ ഉത്പാദനത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ഹാച്ചറികൾ സ്ഥാപിക്കുക.

12. കൂടുതൽ ബ്രോയിലർ യൂനിറ്റുകൾ ധനസഹായത്തോടെ സ്ഥാപിക്കുക - സ്വയം പരിയാപ്തതയ്ക്ക് ഊന്നൽ നല്കുക.

13. കുറഞ്ഞ പ്രീമിയത്തിൽ ഇൻഷൂറൻസ് സൗകര്യം ലഭ്യമാക്കുക-മാസ്റ്റർ പോളിസി വഴി.

14. ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ യൂനിറ്റുകൾ തുടങ്ങുക: ആടിൻ തീറ്റ മിശ്രിതത്തിന്റെ ഉപയോഗം വ്യാപിക്കുക. വിദേശയിനം ആടുകളായ സആനിൻ ആൽപയിൻ മുതലായവ പ്രചരിപ്പിക്കുക.

15. മുഴുവൻ കന്നുകുട്ടികൾക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക.

16. ബ്ലോക്ക് തലത്തിൽ അറവുശാല സ്ഥാപിച്ച്,മംസ വിതരണം അവരെ ഏല്പിക്കുക- നിയമ വിരുദ്ധ അറവുശാലകൾ ഒഴിവാക്കുക.

17. താറാവ്, കാട,മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക. ചെമ്മീൻ കൃഷിയുമായി ബന്ധിപ്പിച്ച് താറാവ് കൃഷി നടത്താവുന്നതാണ്.

18. പേവിഷ നിർമ്മാർജ്ജനത്തിന് സ്ഥിരം പദ്ധതി തയ്യാറാക്കുക.

19. ഹോട്ടൽ വെയ്സ്റ്റുകൾ ഉപയഗപ്പെടുത്തി പന്നി വളർത്തൽ വിപുലമാക്കുക.

20. കാർഷിക കേമ്പുകൾ, സെമിനാറുകൾ, കലി പ്രദർശനം എന്നിവ സംഘടിപ്പിക്കുക.

21. മൃഗാശുപത്രി നവീകരിക്കുക. സ്വന്തമായ കെട്ടിടം പണിയുക, ലാബ് സൗകര്യം,സ്റ്റെറിലൈസർ,റഫ്രിജറേറർ, ട്രാവിസ് ഇവസ്ഥാപിക്കുക. കൂടുതൽ മരുന്ന് ലഭ്യമാക്കുക.

22. ഐ.സി.ഡി.പി. സെൻററിന് സ്വന്തം കെട്ടിടം പണിയുക. പ്രഥമ ചികിത്സാ മരുന്നുകൾ ലഭ്യമാക്കുക.

23. ഇന്ധന ക്ഷാമം പരിഹരിക്കുവാൻ കൂടുതൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

24. പാൽ സഹകരണ സംഘത്തിൽ കൊണ്ടു വരുന്ന പാൽ മുഴുവനും,എല്ലായ്പോഴും ശേഖരിക്കുവാനുള്ള സംവിധാനമുണ്ടാക്കുക.(വർഷക്കാല വേനൽക്കാല വ്യത്യാസമില്ലാതെ)

25. പാൽഉൽപന്ന നിർമ്മാണ, വിപണനവും വിപുലമാക്കുക.



മത്സ്യബന്ധനം

രണ്ടരകി.മി ദൂരത്തിൽ വരുന്ന കടൽ പ്രദേശവും പഞ്ചായത്തിനെ ചുറ്റിയുള്ള 16കി.മി വരുന്ന പുഴയുമാണ് പ്രധാന മത്സ്യബന്ധന പ്രദേശം. പുഴയോരത്ത് ഒഴയിൽ ഭാഗം കിഴക്കെപൊലയാട് അണ്ടലൂർ മേലൂർ, പ്രദേശങ്ങളിലായി 185ഏക്കർ ഓരുജലമത്സ്യകൃഷി പ്രദേശവുമുണ്ട്

10മുതൽ 14കോൽവരെ നീളം വരുന്ന ഒറ്റത്തടിവള്ളത്തിൽ മരംകെട്ടി വീതികൂട്ടി മൂന്നുമുതൽ അഞ്ച്പേർവരെ ചേർന്ന് കൊല്ലി വല, പാച്ചിവല എന്നീവലകൾ ഉപയോഗിച്ചും,തണ്ടുവലിച്ചും മത്സ്യബന്ധനത്തിന് പോകുന്ന രീതിയീയിരുന്നു പത്തിരുപത്തഞ്ച് കൊല്ലം മുമ്പുവരെ നിലവിൽ ഉണ്ടായിരുന്നത്. കമ്പവല, വേളൂരി വല, എന്നിവയ്ക്ക് പുറമെ വക്കൽ രീതിയും ഉണ്ടായിരുന്നു. മത്തി, അയല, നത്തോലി, വേളൂരി, ആവോലി, അയക്കൂറ കോര, തളയൻ, മുള്ളൻ , ഏട്ട, ചെമ്പല്ലി, ചിറ്റാകൊഞ്ചൻ, പൂവാലൻ നാരൻ കരിക്കാടി, വില്ലൻ, കഴന്തൻ തുടങ്ങി യവയായിരുന്നു ലഭിച്ചിരുന്ന പ്രധാനകടൽ മത്സ്യങ്ങൾ. ഏറിയും കുറഞ്ഞും ഉള്ള അളവിൽ ഈ മത്സ്യങ്ങളൊക്കെ ഇന്നും ലഭിക്കുന്നു. കടലിൽ പോകുന്നവരുടെ കുടുംബത്തിലെ പെണ്ണുങ്ങൾ തലച്ചുമടായി കൊണ്ടു പോയി പ്രാദേശികമായി വിൽക്കുന്നരീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. അധികം മത്സ്യം ലഭിക്കുമ്പോൾ തലശ്ശേരിയിലും വിറ്റിരുന്നു.

10കൊല്ലംമുമ്പ് വരെ അഞ്ചാറു കുടുംബക്കാരുടെ ഉടമസ്ഥതയിലായിരുന്നു വള്ളവും വലയും യന്ത്രവൽക്കരണം കൂടിക്കൊണ്ടിരിക്കുന്ന ഇന്നിപ്പോൾ നിലവിലുള്ള മത്സ്യബന്ധനരീതി പ്രധാനമായും മൂന്നാണ്. (1) 25മുതൽ 40പേർവരെ പോകുന്ന കുടുക്കുവല യൂനിറ്റ്. (2) രണ്ട് മുതൽ 4പേർ വരെ പോകുന്ന പാച്ചിവല യൂനിറ്റ്. (3) മൂന്നുപേർ പോകുന്ന ഒഴുക്കുവല യൂനിറ്റ്,

മത്സ്യ ബന്ധനം സംബന്ധിച്ച വിവരം

വലയുടെ ഇനം	യൂനിറ്റുകളുടെ എണ്ണം	ഉടമസ്ഥത	തൊഴിലാളികളുടെ എണ്ണം
കുടുക്ക് വല	3	നിലാപ്പുറ-4 പേർ വട്ടപ്പാറ-5 പേർ പവിഴം-31 പേർ അംഗങ്ങളായുള്ള കമ്പനി	90
പാച്ചി വല	35	ഒറ്റയൊറ്റ ഉടമസ്ഥതയിലുള്ള യന്ത്രവൽകൃതമായ നാടൻ വള്ളങ്ങൾ	140
ഒഴുക്ക് വല	5		15
ആകെ			245

മത്സ്യലഭ്യത സംബന്ധിച്ച വിവരം

മത്സ്യത്തിന്റെ ഇനം	കഴിഞ്ഞവർഷം ലഭിച്ചതിന്റെ അറിവ്	ലഭ്യമാവുന്ന സീസൺ
മത്തി അയല	100ടൺ	ജൂൺ മുതൽ സപ്തംബർ വരെ
ചെമ്മീൻ.	15 ടൺ	
മുള്ളൻ തളൻ	— —	
നത്തോലി ചാമ്പാൻ	50ടൺ 30ടൺ	ആഗസ്ത് മുതൽ ഒക്ടോബർ
വേളൂരി ആവോലി അയക്കൂറ ചൂര പലവക	30ടൺ - 50ടൺ	ജനവരി ഫെബ്രുവരി സപ്തംബർ ഡിസംബർ
ആകെ	275ടൺ	

റജിസ്ട്രേഡ് ഫിഷർമാൻമാർ 185പേരെയുള്ളൂ. മേൽപറഞ്ഞതിനുപുറമെ പുഴയിലുപയോഗിക്കുന്ന തടക്കം 50ഓളം യന്ത്രവൽകൃതമല്ലാത്ത വള്ളങ്ങളും 9യന്ത്രവൽകൃതബോട്ടുകളും ഇവിടെ മീൻ പിടിക്കുന്നു.

ഇവിടെ പിടിക്കുന്ന മത്സ്യത്തിന്റെ 30% മാത്രമേ പ്രാദേശികമായി വിൽക്കപ്പെടുന്നുള്ളൂ. ബാക്കി 70%വും തലശ്ശേരിയിലാണ് വിൽക്കുന്നത്. വിറ്റ് വരവിൽ എണ്ണച്ചെലവ് കഴിച്ച് ബാക്കിയുള്ള തുക 30% ഉടമയ്ക്കും 70% തൊഴിലാളികൾക്കുമായി ഭാഗിക്കുന്നു. 1989ൽ 40ലക്ഷം രൂപ ചെലവഴിച്ച് ഫിഷ്‌ലാൻറിങ്ങ് സെൻറർ സ്ഥാപിച്ചെങ്കിലും കാര്യമായി പ്രയോജനപ്പെടുന്നില്ല. അഴിമുഖത്ത് പരന്ന് കിടക്കുന്ന പാറക്കെട്ടും പൂഴിനിറഞ്ഞ് ആഴം കുറയുന്നതു കാരണം വള്ളങ്ങൾക്കും വോട്ടുകൾക്കും ലാൻറിംങ്ങ് സെൻററിലേക്ക് അടുക്കാൻ പ്രയാസമുണ്ട്. സെൻററിൽ വൈദ്യുതി വിതരണം അപര്യാപ്തമാണ്. ശുദ്ധജലം ലഭ്യമല്ല. ഐസ്പ്ലാൻറ്, കോൾഡ് സ്റ്റോറേജ് എന്നീസൗകര്യങ്ങളില്ല.

സഹകരണസംഘങ്ങൾനിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന ക്ഷേമസംഘങ്ങൾ വഴി 1986-87കാലഘട്ടത്തിൽ മത്സ്യഫെഡിൽ നിന്നും 40ഗ്രൂപ്പുകൾക്കായി 12ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. 1987ഡിസംബറിൽ ക്ഷേമസംഘങ്ങൾ മത്സ്യഗ്രാമങ്ങളെ അടിസ്ഥാനമാക്കിയുള്ള സഹകരണ സംഘങ്ങളായി പുനസംഘടിപ്പിച്ചതിന്റെ ഭാഗമായി 1993ൽ ധർമ്മടം, പാലിശ്ശേരി പ്രദേശങ്ങൾ ചേർന്നുള്ള സഹകരണസംഘം നിലവിൽ വന്നു. ഇതിൽ ധർമ്മടത്തുനിന്നും 92പേർ അംഗങ്ങളാണ്. എന്നാൽ കുറിച്ചിയിൽ പാലിശ്ശേരിസംഘത്തിലും ധർമ്മടത്തുനിന്നുള്ള 150പേർ അംഗങ്ങളായിട്ടുണ്ട്. (ചിലർക്ക് ഇരട്ട അംഗത്വമുണ്ട്.) എൻ.സി.ഡി.സി മൂന്നാംഘട്ട പദ്ധതിപ്രകാരം 15ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, അറ്റകുറ്റപണി, ഭവനനിർമ്മാണം, വിദ്യാഭ്യാസം വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് സംഘത്തിൽ നിന്നും വായ്പ ലഭിക്കുന്നു. ഗുണഭോക്താക്കളെ

കമ്മിറ്റികൂടി തെരഞ്ഞെടുക്കുന്നതുകൊണ്ട് യഥാർത്ഥ ആവശ്യക്കാർക്ക് ലഭിക്കുന്നെങ്കിലും സംഘത്തിന് വേണ്ടത്ര സാമ്പത്തികസ്ഥിതി ഇല്ലാത്ത പ്രശ്നമുണ്ട്. അഖിലേന്ത്യാതലത്തിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച ഈ സംഘത്തിന് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ കൈവരിച്ച നേട്ടം പരിഗണിച്ച് അവാർഡ് കിട്ടിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധനം:

പഴയ കാലത്ത് പുഴയിലെ മത്സ്യബന്ധനം അപൂർവ്വം ചിലതൊഴിച്ചാൽ തികച്ചും കുടുംബാവശ്യത്തിന് വേണ്ടിയായിരുന്നു. തിരുത, കോര, നോങ്ങൽ പൂമിൻ, മാലാൻ, ചെമ്പല്ലി, പയ്യത്തി, ഇരുമീൻ. വാമീൻ, ഒടു. നത്തൽ എന്നിങ്ങനെ മുൻപ് കിട്ടിയിരുന്ന മത്സ്യങ്ങളിൽ തിരുത കോര. നോങ്ങൽ എന്നിവ ഇപ്പോൾ തീരെ ഇല്ലെന്ന് കാണുന്നു. ബാലികൃഷിയിടങ്ങളിൽ നിന്ന് നല്ലതോതിൽ മത്സ്യവും ലഭിച്ചിരുന്നു. (കണ്ണിക്കൻ, പൂമീൻ, മാലാൻ, കരികൊഞ്ചൻ എന്നിവ) വീശുവല, ചൂണ്ട ബണ്ട് കെട്ടിപിടുത്തം എന്നിവയായിരുന്നു പ്രധാന മത്സ്യബന്ധന രീതി.

പുഴമത്സ്യം സംബന്ധിച്ച വിവരം:

ബന്ധന രീതി	തൊഴിലാളികളുടെ എണ്ണം	പ്രതിവർഷ ശരാശരി ലഭ്യത
കമ്പവല	6 x 7=42	10ടൺ
വീശുവല	6 x 2=12	2.5ടൺ
വക്കൽ	10	2ടൺ
ഒഴുക്ക് വല	35	8ടൺ
ആകെ	109	22.5ടൺ

ഓരു ജല ചെമ്മീൻ കൃഷി സംബന്ധിച്ച വിവരം

കൃഷി രീതി	വിസ്തീർണ്ണം	ശരാശരി പ്രതിവർഷ ഉൽപാദനം
വിത്തിട്ട് കൃഷി ചെയ്യുന്നത്	70ഏക്കർ	55ടൺ
കയറ്റി ഇറക്കി പിടിക്കുന്നത്	80ഏക്കർ	16ടൺ
കൃഷി ചെയ്യുന്നത്	35ഏക്കർ	-
ആകെ	185ഏക്കർ	71ടൺ

പുഴമത്സ്യം പിടിക്കുന്ന തൊഴിലാളികളിൽ പകുതിയിലേറെയും ധർമ്മടം പഞ്ചായത്തിന് വെളിയിലുള്ളവരാണ്. അതുപോലെ ദാരുജല ചെമ്മീൻ കൃഷിയിൽ 35 ഏക്കറോളം പുറമെ നിന്നുള്ളവർ ചെയ്യുന്നു.

പഞ്ചായത്തിലെ മത്സ്യവിപണനക്കാർ അമ്പതോളം വരും. പഞ്ചായത്തിൽ ശരാശരി പ്രതിവർഷം 360ടൺ മത്സ്യഉപഭോഗമുണ്ടെന്ന് കണക്കാക്കാം.

മത്സ്യം വളർത്തൽ, ബന്ധനം, പ്രിസർവേഷൻ, വിതരണം ഇവ കാര്യക്ഷമമാക്കുന്നപക്ഷം ഏറെ വികസന സാധ്യതയുള്ളമേഖലയാണിത്.

പ്രശ്നങ്ങൾ

1. ഒന്നിൽ കൂടുതൽ ഏജൻസികളുടെ പ്രവർത്തനം
2. കോൾഡ് സ്റ്റോറേജ് സൗകര്യമില്ല.
3. ചെമ്മീനിനൊഴികെ മത്സ്യലേലസമ്പ്രദായം ഇല്ല.
4. മത്സ്യവിപണനകേന്ദ്രങ്ങൾ ഇല്ല.
5. ശരിയായ രീതിയിലും ആവശ്യമായ അളവിലും മണ്ണെണ്ണവിതരണമില്ല.
6. മത്സ്യസമ്പത്തിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ബോധ വല്ക്കരണമില്ലായ്മ
7. കണ്ണിവലിപ്പം കുറഞ്ഞ വല ഉപയോഗിക്കുന്നത് വളർച്ച എത്തിയ മത്സ്യത്തിന്റെ ദൗർലഭ്യം ഉണ്ടാക്കുന്നു.
8. ചെറുകിട മത്സ്യയൂനിറ്റുകളുടെ അഭാവം
9. പുഴയിൽ ഒഴുക്കുവല ഉപയോഗിക്കുന്നത് വേലിയേറ്റസമയത്ത് കുറ്റിവലക്കാർ വല തിരിച്ച് കെട്ടുന്നതും മത്സ്യവിത്ത് പുഴ വഴി കയറുന്നത് ഇല്ലാതാക്കുന്നു.
10. മഴക്കാലത്ത് മത്സ്യങ്ങൾക്കനുഭവപ്പെടുന്ന വൈറസ്രോഗം
11. കിലോഗ്രാമിന് 250രൂപയും മറ്റും വിലയുള്ള ഞണ്ട് വിൽക്കുമ്പോൾ ഞെക്കിനോക്കി വിലകുറച്ച് കളയുന്ന രീതിയുണ്ട്.
12. കക്ക, ഉത്തിളിന് വേണ്ടി പ്രായമെത്തുന്നതിന് മുമ്പേ കരയിൽ വാരികൂട്ടിന്നത് അതിന്റെ പ്രജനനത്തെ ബാധിക്കുന്നു.
13. പുഴയോരത്തുള്ള കക്കൂസുകൾ പുഴയിലേക്ക് ഒഴുക്കിവിടുന്നു.
14. ഊർജ്ജിത ചെമ്മീൻ കൃഷി പാടങ്ങളിൽ ഉപ്പ് വെള്ളം കയറ്റിനിറുത്തുമ്പോൾ സമീപപ്രദേശത്തെ ശുദ്ധജലലഭ്യതയെ ബാധിക്കുന്നു.

സാദ്ധ്യതകൾ

1. ലാൻറിങ്ങ് സെൻറർ ഉപയോഗയോഗ്യമാക്കുക 10ടൺ കപ്പാസിറ്റിയുള്ള കോൾഡ് സ്റ്റോറേജോ താൽകാലികമായി 5ടൺ കപ്പാസിറ്റിയുള്ള ഇൻസുലേറ്റഡ് ടാങ്കെങ്കിലുമോ സ്ഥാപിക്കുക.
2. പ്രാദേശിക ഭരണസമിതികൾക്കോ നിലവിലുള്ള സഹകരണസംഘങ്ങൾക്കോ മണ്ണെണ്ണ വിതരണം വിട്ടുകൊടുക്കുക.
3. വില കുറഞ്ഞ മത്സ്യങ്ങൾ പ്രോസസഡ് ഫുഡും മറ്റ് വസ്തുക്കളുമാക്കിമാറ്റാവുന്നതാണ്.
4. മറൈൻ ഫ്ലൈവുഡ് തോണിനിർമ്മാണയൂനിറ്റിന് സാദ്ധ്യതയുണ്ട്. സമീപപ്രദേശങ്ങളിലെ ആവശ്യക്കാരെകൂടി കണക്കിലെടുത്ത് പി.എം.ആർ.വൈ സ്കീമിൽ ചെയ്യാം.
5. ചെറുകിട സംസ്ക്കരണ യൂനിറ്റിലൂടെ സ്ത്രീകൾക്ക് തൊഴിലുണ്ടാക്കാൻ ആവും
6. വിപണനക്കാരുടെ സഹകരണസംഘത്തെ കുറിച്ച് ആലോചിക്കാം.
7. ഓരുജലകൃഷിയിൽ ഊർജ്ജിതചെമ്മീൻ കൃഷിമാത്രം എന്നതുമാറി കല്ലുമ്മേക്കായ, പൂമീൻ, ഞണ്ട്. കണമ്പ് തിലാപ്പിയ തുടങ്ങിയ കൃഷിചെയ്യുകയും അതോടൊപ്പം താറാവ് ഫാം എന്നതും പ്രായോഗികമാണ്.
8. കിട്ടുന്നത് പിടിച്ചെടുക്കുക എന്നതുമാറി പുഴയിൽ മത്സ്യവിത്ത് നിക്ഷേപിക്കുക എന്ന സമ്പ്രദായവും വരേണ്ടിയിരിക്കുന്നു.
9. കല്ലുമ്മക്കായ വളർത്തൽ ചെറിയതോതിൽ തുടങ്ങിയിട്ടുണ്ട്. കല്ലുമ്മക്കായ, ഞണ്ട്. ഇവവളർത്തലിന് കൂടുതൽ സാധ്യതയുണ്ട്.
10. ലിങ്ക് വർക്കർ എന്ന രീതിയിൽ പഞ്ചായത്തിൽ പരിശീലന ഗ്രൂപ്പിനെ ഉണ്ടാക്കാവുന്നതാണ്.
11. സീസണിൽ ചെമ്മീനിന്റെ കമ്പോളവിലനിലവാരം പ്രസിദ്ധപ്പെടുത്തുന്നത് നന്നായിരിക്കും.

4–3 വ്യവസായം

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ വ്യാവസായിക രംഗത്തുള പ്രവേശനം തുടങ്ങുന്നത് 1930 - 40 കളിലാണ്. പരമ്പരാഗതവ്യവസായമായ ബീഡിരംഗത്ത് ഗ്രേറ്റ് ദർബാർ ബീഡി ക്കമ്പനിയിൽ നിരവധി പേർ ജോലിചെയ്തിരുന്നു. ഇല്ലിക്കുന്നിൽ പ്രവർത്തിച്ചുവന്നിരുന്ന ബാസൽ മിഷ്യൻകാരിൽ നിന്ന് പ്രചോദനവും പരിശീലനവും ലഭിച്ച നെയ്ത് തൊഴിലാളികൾ സ്ഥാപിച്ച നിരവധി നെയ്ത്ത് ശാലകൾ പ്രശസ്തമായ നിലയിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവന്നിരുന്നു. വിദേശവിപണിയെ ആശ്രയിച്ച് നടത്തിയിരുന്ന കൈത്തറി വ്യവസായം രണ്ടാം ലോകമഹാ യുദ്ധത്തോടുകൂടി പ്രതിസന്ധിയിലായി. വിപുലമായ തോതിൽ ചകിരി ഉൽപാദിപ്പിക്കുകയും ധർമ്മടം റെയിൽവേസ്റ്റേഷൻ മുഖേന വിദൂര ദേശങ്ങളിലേക്കും നിരവധി കുടുംബങ്ങളിലേക്കും കയറ്റിഅയക്കുകയും ചെയ്തിരുന്നു. നിരവധികുടുംബങ്ങൾക്ക് ജീവിതമാർഗ്ഗമായ ഈ വ്യവസായംക്രമേണ നാമാവശേഷമായി. ചക്കര വ്യവസായരംഗത്തുള്ള തൊഴിലാളികളെ സഹായിക്കുവാൻ ഒരു സഹകരണസംഘവും പ്രവർത്തിച്ചുവന്നിരുന്നു. ഫ്രഞ്ചുകാരനായിരുന്ന സി.ജെ റവലിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന ധർമ്മടത്തെ മോഡേൺ വുഡ്ക്രാഫ്റ്റ്സിൽ ഉൽപാദിപ്പിച്ച ഫർണ്ണിച്ചറുകളും ശില്പഭംഗിയുള്ള അലങ്കാരവസ്തുക്കളും വിദേശരാജ്യങ്ങളിലേക്ക് ധാരാളമായി കയറ്റുമതിചെയ്തിരുന്നു. ധാരാളം തദ്ദേശീയ തൊഴിലാളികൾക്ക് തൊഴിൽ നല്കിയിരുന്ന സ്ഥാപനം ഇന്നു പ്രവർത്തിക്കുന്നില്ല. ഇതേ കാലഘട്ട ത്തിൽ തന്നെയാണ് പാലയാട് പ്രവർത്തിച്ചുവന്നിരുന്ന കേരള ഇൻറസ്ട്രിയൽ വർക്കേഴ്സ് എന്ന തീപ്പെട്ടികമ്പനിയും ആരംഭിച്ചത്.

പഞ്ചായത്തിലെ തൊഴിൽ മേഖല പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളിഅടിഥാനമാക്കിയാണ് നിലനിൽക്കുന്നത്. ബീഡി, കൈത്തറി, കയർ, കള്ള്ചെത്ത്, എന്നിവയും

ആധുനിക വ്യവസായരംഗത്ത് ഇൻറസ്ട്രിയൽ എസ്റ്റേറ്റും ഒറ്റപ്പെട്ട വ്യവസായ ചെറുകിട വ്യവസായ യൂനിറ്റുകളാണ് നിലവിൽ ഉള്ളത്.

പരമ്പരാഗത വ്യവസായരംഗം

ബീഡി: പ്രധാനമായും പഞ്ചായത്തിലെ തൊഴിൽ മേഖല ബീഡിപ്പണിയെ ആശ്രയിച്ചിരിക്കുന്നു. ഫാക്ടറി അടിസ്ഥാനത്തിലും കുടിൽ വ്യവസായമായും ഈ രംഗത്ത് തൊഴിലാളികൾ പ്രവർത്തിക്കുന്നു.
ധർമ്മടം ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം: സഹകരണാടിസ്ഥാനത്തിൽ ബീഡിതൊഴിലാളികൾ 1969ൽ രൂപം കൊടുത്ത കേരള ദിനേശ് ബീഡിയുടെ പ്രൈമറി സംഘമായ ധർമ്മടം ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. ഇന്ന് നിലവിൽ 622 പുരുഷന്മാരും 764 സ്ത്രീകളും ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. 1000ഓളം കുടുംബങ്ങൾ ഈ സ്ഥാപനത്തെ ആശ്രയിച്ച് ജീവിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 25% ഈ മേഖലയുടെ ആശ്രിതരാണ്. ഒരു വ്യവസായ സഹകരണ സംഘം എന്നനിലക്ക് അതിലെ അംഗങ്ങളായ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം വേതന ഘടനപ്രദാനം ചെയ്യുന്നു. 1000 ബീഡിക്ക് 72കയോളം കൂലിലഭിക്കുന്നു. ഈ മേഖലയിൽ നിന്ന് പുരുഷതൊഴിലാളികൾ മറ്റ് മേഖലയിലേക്ക് മാറുന്ന പ്രവണത വളരെ കൂടുതലാണ്.

ധർമ്മടം ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘത്തിൻെറ കഴിഞ്ഞ 5വർഷത്തെ സ്ഥിതി(കേരള ദിനേശ്)

വർഷം	മെമ്പർമാർ	നിലവിലുള്ള തൊഴിലാളികൾ	
		പു:	സ്ത്രീ:
1991 - 92	1738	856	737
92 - 93	1788	800	810
93 - 94	1741	749	788
94 - 95	1693	706	762
95 - 96	1590	622	764

അവലംബം : സംഘം റിക്കാർഡ്

സാധു ബീഡി: നിലവിൽ 5 ബ്രാഞ്ചുകളിലായി 60ഓളം തൊഴിലാളികൾ ജോലിചെയ്യുന്നു. ഈ ബീഡി മേഖലയിൽ പുതിയ തൊഴിൽ സാധ്യതയില്ല. ഈ രംഗത്തെ തൊഴിലാളിക്ക് 1000ബീഡിക്ക് 65രൂപയോളം കൂലിലഭിക്കും. നിലവിലുള്ള തൊഴിലാളികൾ പിരിഞ്ഞ് പോകുന്നതോടെ ബ്രാഞ്ചുകൾ ഇല്ലാതാകും. ഔട്ട്വർക്ക് നിലയിൽ നാമമാത്രമായി ജോലി നടക്കുന്നു.

ജ്യോതി ബീഡി: ഇത് ഒരു വനിത വ്യവസായ സംരഭമാണ്. ഡി.ഡബ്ല്യൂ.സി.ആർ.എ. പദ്ധതി

യിൽ ആരംഭിച്ച ഈ യൂനിറ്റിൽ പന്ത്രണ്ട് തൊഴിലാളികൾ ജോലിചെയ്യുന്നു. 35 രൂപ യോളം കൂലിലഭിക്കുന്നു.

സ്വകാര്യ ബീഡി യൂനിറ്റുകൾ: ലൈസൻസ് ഉള്ളതും അല്ലാത്തതുമായ 15ഓളം യൂനിറ്റുകളിലായി 600ൽ അധികം പേർ ജോലി ചെയ്യുന്നു. സ്ത്രീകളാണ് പ്രധാനമായും ജോലിചെയ്യുന്നത്. ഇവർ അസംഘടിത രാണെന്നതുകൊണ്ട് ചൂഷണം നടക്കുന്നു. 1000ബീഡിക്ക് 35രൂപയോളം കൂലി ലഭിക്കുന്നു. സ്വകാര്യ ബീഡിയൂനിറ്റുകളിൽ മറ്റ് സ്ഥാ പനങ്ങളുടെ ഉപസ്ഥാപനങ്ങളായി പ്രവർ ത്തിക്കുന്നവയാണ് ഭൂരിഭാഗവും. ബീഡി മേഖലയിൽ പഞ്ചായത്തിൽ മൊത്തം രണ്ടായിരത്തോളം തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

കൈത്തറിമേഖല: നിലവിൽ വിവേഴ്ച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്നത് ധർമ്മടം കോ-ഓപ്പ് സോസൈറ്റിയും നാലോളം സ്വകാര്യയൂനിറ്റുകളുമാണ് ഏതാണ്ട് 50ൽ താഴെ തൊഴിലാളികൾ ജോലിചെയ്യുന്നു.

ധർമ്മടം വിവേഴ്ച്ച് കോ-ഓപ്പ് സൊസൈറ്റി:

1958ൽ പ്രവർത്തനം ആരംഭിച്ചിരുന്ന സ്ഥാപനം ആദ്യഘട്ടങ്ങളിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ സംഘത്തിന്റെ പ്രവർത്തനം ഏതാണ്ട് തകർച്ചയിലാണ്. 13പേർ ജോലിചെയ്യുന്നു. ഈ രംഗത്ത് പുതിയ തൊഴിലാളികളെ ആകർഷിക്കുവാൻ സാധി ക്കുന്നില്ല. സ്വന്തം വർക്ക് ഷെഡ് അടക്കമുള്ള ആസ്തികൾ സംഘത്തിനുണ്ട്.

സ്വകാര്യ സ്ഥാപനങ്ങളിൽ നല്ലനി ലയിൽ പ്രവർത്തിക്കുന്നത് വിജയൻ ടെക് സ്റ്റയിൽസാണ്. മറ്റുള്ളവ ഇതിന്റെ സബ് കോൺട്രാക്ട് അനുസരിച്ച് പ്രവർത്തിക്കുന്നു. കയർ: ഈ മേഖലയിൽ പ്രവർത്തിച്ചുവന്നിരുന്ന സഹകരണസംഘം പാടേ തകർന്നുകഴിഞ്ഞു. അസംസ്കൃതപദാർത്ഥമായ തൊണ്ട് ലഭി ക്കാതെ വന്നതും ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ കൊഴിഞ്ഞുപോക്കും സംഘത്തിന്റെ പ്രവർത്തനം തകരുന്നതിന് കാരണമായിട്ടുണ്ട്.

കുടിൽ വ്യവസായം എന്നിലയിൽ മേലൂരിൽ ഒരു യൂനിറ്റ് പ്രവർത്തിക്കുന്നു. കയർഇൻറസ്ട്രിയൽ കോ-ഓപ്പ്സൊസൈറ്റി: 1995ൽ രജിസ്റ്റർ ചെയ്ത ഒരു യന്ത്ര വൽകൃതസഹകരണസംഘം കയർ മേഖ ലയിൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൊണ്ട് നേരിട്ട് സംസ്ക്കരിച്ച് കയർ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും ഉപ ഉൽപ്പന്നമായ ചികിരിചോർകൊണ്ട് വളം നിർ മ്മിക്കുന്നതിന് ഈ സംഘത്തിന് ലക്ഷ്യമുണ്ട്

കള്ള് ചെത്ത് വ്യവസായം:

ഈ രംഗത്ത് അംഗീകൃത കള്ളു ഷാപ്പുകളുടെ കീഴിൽ നൂറോളം പേർ ജോലി യിലേർപ്പെട്ടിരിക്കുന്നു.

ഇൻറസ്ട്രിയൽ എസ്റ്റേറ്റ്: 1958ൽ സ്ഥാപിതമായ പാലയാട് ഇൻറസ്ട്രിയൽ എസ്റ്റേറ്റ് വ്യവ സായിക വികസനം ലാക്കാക്കി ആവിഷ് ക്കരിച്ച പദ്ധതിയുടെ ഭാഗമായി 30 ഏക്കർവരുന്ന സ്ഥലം ഏറ്റെടുത്താണ് പ്രവർത്തനം ആരംഭിച്ചത്. കണ്ണൂർ ജില്ലയിലെ ഏക വ്യവസായ എസ്റ്റേറ്റാണ് പാലയാട് സ്ഥിതിചെയ്യുന്നത്. കൃഷി, വിദ്യാഭ്യാ സഡിപ്പാർട്ട്മെൻറ്കൾക്ക് കൈമാറിയ ഭൂമി കഴിച്ച് നിലവിൽ 8.58ഏക്കർ സ്ഥലമാണ് എസ്റ്റേറ്റിന്റെ കൈവശമുള്ളത്.

ചെറുകിട.വ്യവസായങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കികൊടുത്ത് പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച എസ്റ്റേറ്റിന്റെ സൗകര്യം ഉപയോഗപ്പെടുത്തികൊണ്ട് ഏതാണ്ട് 23വ്യവസായ യൂനിറ്റുകൾ പ്രവർ ത്തിക്കുന്നു. നാലെണ്ണം പ്രവർത്തനം നില ച്ചതായും ഏഴെണ്ണം പ്രവർത്തനം ആരംഭി ക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

വളരെ ചെറിയ സംരഭങ്ങൾ മുതൽ അത്യാധുനികമായ വലിയ യന്ത്രങ്ങൾ രൂപകല്പന ചെയ്ത് നിർമ്മിക്കുന്ന

യൂനിറ്റുകൾ വരെ ഇവിടെ പ്രവർത്തിച്ചു വരുന്നു. എല്ലാസ്ഥാപനങ്ങളിലുമായ 126പേരും അനുബന്ധമായി 500ഓളം പേരും ജോലിചെയ്തുവരുന്നു. തൊഴിലാളികളുടെ വേതന ഘടന ഓരോയൂനിറ്റിലും വ്യത്യസ്ഥ മാണ്. ശമ്പളം ദിവസക്കൂലി, പീസ്‌വർക്ക്, വേതനം എന്നിങ്ങനെയാണ്.

പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ സിഡ്കോ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വൈദ്യുതി രംഗത്ത് വലിയ പ്രശ്നങ്ങളാണ് സംരഭകർ നേരിടുന്നത്. ലൈസൻസുകൾ ലഭിക്കുന്നതിന് അനാവശ്യമായ കാലതാമസങ്ങൾ യൂനിറ്റ് ആരംഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. അസംസ്കൃതസാധനങ്ങൾ എസ്റ്റേറ്റിലെത്തിക്കുന്നതിനുള്ള ബുധിമുട്ട് വളരെ കൂടുതലാണ്. പല ഉൽപ്പന്നങ്ങൾക്കും ഉത്തരേന്ത്യയിൽ നിന്നും അസംസ്കൃതസാധനങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അതിനാൽ ഭീമമായ കടത്തുകൂലി വലിയ പ്രശ്നമായി നിൽക്കുന്നു.

പാലയാട് എസ്റ്റേറ്റിലെ വ്യവസായ യൂനിറ്റുകൾ

വ്യവസായ യൂനിറ്റുകൾ	തൊഴിലെടുക്കുന്നവർ		അസംസ്കൃത വസ്തുക്കൾ		വിപണി
	എം	എഫ്	ഏതൊക്കെ	ഉറവിടം	
1. ജെമിനി പ്ലാസ്റ്റിക്ക്	12	5	എച്ച്.സി ആർ.ഇ		കേരളം, തമിഴ്നാട്
2. മുക്കാടൻ ഫൗണ്ടറി	6		സ്റ്റീൽ	ലുധിയാന	കേരളം
3. ഒളിംമ്പിക്സ് പേപ്പർ ബേഗ്സ്	1	3	ബ്രൗൺ പേപ്പർ പ്രിൻറിങ്ങ് മെറ്റീരിയൽ	പ്രാദേശികം	കണ്ണൂർ
4. വിബ്ജിയൻ	2	1	നിക്കൽ ഷീറ്റ്	കോയമ്പത്തൂർ	പ്രാദേശികം
5. ഐശ്വര്യ ഫ്ലക്സൊപാക്ക്	2	2	പോളിത്തീൻ ഷീറ്റ്	കേരളത്തിന് പുറത്ത്	കണ്ണൂർ, വയനാട്, കാസർഗോഡ്
6. ബിസ്മി എൻറർപ്രൈസസ്	2	1	ചിരട്ട	പ്രാദേശികം	ബോംബെ
7. റെയിൻബോ	3	-	എം എസ്സ് ഇരുമ്പ്ഷീറ്റ്	ബോംബെ	കേരളം, കേരളത്തിന് പുറത്ത്
8. ലിയോഇൻറസ്ട്രീസ്(സ്റ്റീൽ ഫർണ്ണിച്ചർ	8	-	സി.ആർ.എസം ഷീറ്റ്	ഏറണാകുളം	കണ്ണൂർ
9. ബെറിൽ ഇൻറസ്ട്രീസ്	9	-	അലോയി ഷീറ്റ്	ബാംഗ്ലൂർ,കൊയമ്പത്തൂർ	ഇന്ത്യക്കകത്തും പുറത്തും
10. മലബാർ കെമിക്കൽസ്	3	-	ടെക്സ്റ്റയിൽ കെമിക്കൽസ്	ബോംബെ,സേലം	കണ്ണൂർ,ബാംഗ്ലൂർ
11. കേരള ഫൗണ്ടറി	4		പിഗ് അയേൺ	കോയമ്പത്തൂർ	ഇന്ത്യ മുഴുവൻ
12. കൻ കൻ പെയിൻറ്സ് ആൻറ് വാർണീഷ്	3	-	സോൾവെൻസ്	ബോംബെ. മദ്രാസ്, ബാംഗ്ലൂർ	കേരളം തമിഴ്നാട്
13, അശോക റബർ	8	-	ചിരട്ടപ്പാൽ, ഒട്ടു പാൽ	മലപ്പുറം	കോട്ടയം
14. കർമ്മാ പ്ലാസ്റ്റിക്	2	-	പ്ലാസ്റ്റിക് ഗ്രാന്യൂൾസ്	കോയമ്പത്തൂർ	ലോക്കൽ
15. ഒളിമ്പിക് ഇലക്ട്രോ പ്ലെയിറ്റിംങ്ങ്	3	-			
16 മൈക്രോക്രാഫ്റ്റ്സ്(ചിരട്ടപൊടി)	2	-	ചിരട്ട		ബോംബെ
17. ടെക്നോ ക്രാഫ്റ്റ്	8	-	എം എസ്സ്, കാസ്റ്റ് അയേൺ	കോയമ്പത്തൂർ	കേരളം തമിഴ്നാട്
18. ബെസ്റ്റ് ബേക്കറി	5	4	മൈദ, പഞ്ചസാര	മംഗലാപുരം മൈസൂർ	കണ്ണൂർ, കാസർഗോഡ്

19. ഫീസ്റ്റ് ഫുഡ്	1	8	ധാന്യങ്ങൾ	കേരളം	ലോക്കൽ
20. മൈക്രോ വ്രസ്റ്റിങ്ങ്	6	-	ഷീറ്റ് മെറ്റൽ	സിഡ്കോ	സി.എം.എൽ.വെസ്പ
21. എവർലാസ്റ്റ് പൈപ്	5	-	പി.വി.സി പൈപ്	ബാംഗ്ലൂർ,തൃശൂർ. ഏറണാകുളം	ലോക്കൽ
22. അനുഗ്രഹ അസോസിസേറ്റ്	5	-	പെയിൻറ്	ബോംബെ, മദ്രാസ്	കേരളം, തമിഴ്നാട്
23. ഫൈബർ സ്റ്റൂൾ	2	-	ഫൈബർമാറ്റ്, ഗേൽ ക്കോട്ട് റസിൻ	കോയമ്പത്തൂർ	ലോക്കൽ

പ്രവർത്തനരഹിതമായ വ്യവസായ സ്ഥാപനങ്ങൾ:

1 പാലയാട് കേരള ഇൻറസ്ട്രിയൽ വർക്സ്: എന്ന പേരിൽ 1940കളിൽ സ്ഥാപിതമായ തീപ്പെട്ടി കമ്പനി മാനേജ്മെൻറ് അടച്ചുപൂട്ടിയിട്ടിരിക്കയാണ്. നിരവധി പേർക്ക് ജോലി നല്കിയിരുന്ന സ്ഥാപനത്തിൻെറ കെട്ടിടങ്ങളടക്കം ഏതാണ്ട് എല്ലാ ഫാക്ടറിസൗകര്യങ്ങളും നശിച്ചുകഴിഞ്ഞു. ഇത് പുനരുദ്ധരിക്കുന്നതിനുള്ള സാധ്യത തീരെ ഇല്ല.

2. മോഡേൺ വുഡ് ക്രാഫ്റ്റ്സ്: റെവൽ സായിപ്പ് 1940കളിൽ ധർമ്മടം താഴെ പീടികയ്ക്കടുത്ത് സ്ഥാപിച്ച് നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം മറ്റൊരാൾക്ക് കൈമാറി പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നു.

3. വിൻസ് നേന്ത്രക്കായ്പ്പൊടി: ഇത് ഒരു വനിതാവ്യവസായ യൂനിറ്റായിരുന്നു. നേന്ത്രക്കായുപയോഗിച്ച് ഔഷധ ഗുണമുള്ള നേന്ത്രക്കായപ്പൊടി ഉൽപ്പാദിപ്പിച്ച് വ്യാപകമായ തോതിൽ വിപണനം നടത്തിയിരുന്ന യൂനിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ വ്യവസായ മേഖലയുടെ നിലവിലുള്ള സ്ഥിതി ഏതാണ്ട് വിവരിച്ചുകഴിഞ്ഞു. നമ്മുടെ തൊഴിൽ രംഗം പ്രധാനമായും ബീഡിയുമായി ബന്ധപ്പെട്ടു ള്ളതാണ്. നിലവിലുള്ള തൊഴിൽ തന്നെ ഇല്ലാതാവുന്നസ്ഥിതിവിശേഷമാണ് ഇപ്പോ ഴുള്ളത്.അതുകൊണ്ട് പഞ്ചായത്തിൽ ലഭ്യമായ മനുഷ്യവിഭവത്തെ ചൂഷണം ചെയ്യുവാൻ വ്യവസായശാലകൾക്ക് മാത്രമായി കഴിയുന്നതല്ല.



ചെറുകിട വ്യവസായ യൂനിറ്റുകളുടെ പേർ വിവരം

വ്യവസായ യൂനിറ്റുകൾ	എണ്ണം	തൊഴിലാളികളുടെ എണ്ണം	
		പു:	സ്ത്രീ :
1, ഐസ് ഫാക്ടറി	1	2	
2. പ്രിൻറിങ്ങ് പ്രസ്സ്	2	3	3
3. തീപ്പെട്ടി കമ്പനി	1		31
4. വെളിച്ചെണ്ണ നിർമ്മാണം	3	9	
5. ഗ്രിൽസ് നിർമ്മാണം	6	18	
6. സ്റ്റീൽ ഫർണിച്ചർ	1	6	
7. ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്	1	3	
8. വുഡ് ക്രാഫ്റ്റ് ആൻറ് ഫർണിച്ചർ	20	150	
9. പപ്പട നിർമ്മാണം	1	3	
10. സിമൻറ് കാല് നിർമ്മാണം	1	3	
11. ബേക്കറി	8	20	
12. ആയുർവേദ മരുന്ന് നിർമ്മാണം	5	9	1
13. വസ്ത്ര നിർമ്മാണ യൂനിറ്റ്	5	4	15
14. ചെരുപ്പ് നിർമ്മാണം	1	2	
15. ഡൈമേക്കിങ്ങ്	1	4	
16. സോഡാ നിർമ്മാണം	4	4	
17. പാൽ ഉല്പന്ന നിർമ്മാണം	1		4
18. ഗ്രാമ ശ്രീ കേൻറീൻ	1		5
19. പണിയായുധ നിർമ്മാണം	3	5	
20. ഭക്ഷ്യ വസ്തുക്കൾ നിർമ്മാണം	2	-	7
21. കക്ക നിർമ്മാണം	3	2	2
22. ഖാദി നൂൽ നൂല്പ്	1	-	25
23. പെൻസിൽ സ്ലെയിറ്റ്	1	5	12

പരമ്പരാഗതമായ കുടിൽ വ്യവസായ മേഖല: പ്രശ്നങ്ങൾ

1. ബീഡിമേഖലയിൽ വ്യാജബീഡിയുടെ ഉൽപാദനം പ്രധാനതൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ സാധ്യതയില്ലാതാക്കുന്നു.

2. കൈത്തറി മേഖലയിൽ വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം. നൂൽ ചായം എന്നിവയുടെ വിലവർദ്ധനവ്.

3. കയർ മേഖലയിൽ ആധുനികവൽക്കരണത്തിന്റേയും യന്ത്രവൽക്കരണത്തിന്റേയും അഭാവം.

4. പുതുതായി കടന്നുവരുന്ന സംരംഭകർക്ക് പരിശീലനം ലഭിക്കാത്തത്

ഇൻറസ്ട്രിയൽ എസ്റ്റേറ്റ് - ചെറുകിട ഇടത്തരം വ്യവസായ മേഖലയുടെ പ്രശ്നങ്ങൾ

1-1 വൈദ്യുതി രംഗത്ത് പരിഹരിക്കേണ്ടത്

2 പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കായ്മ

3 വോൾട്ടേജ് കുറവ്

4 ലോഡ്ഷെഡിംങ്ങ്

2 സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ യഥാസമയം ലഭിക്കായ്മ.

3 സാങ്കേതിക വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം

4 അസംസ്കൃതസാധനങ്ങളുടെ ലഭ്യതയില്ലായ്മ

5 സംരംഭകർക്ക് ആവശ്യമായ നിർദ്ദേശവും പരിശീലനവും ലഭിക്കായ്മ

6 കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വേണ്ടത്ര ഇല്ലായ്മ

7 വ്യവസായമേഖലയിലെ വനിതാപങ്കാളിത്തം ഇല്ലായ്മ

പരമ്പരാഗത വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാധ്യതകൾ

1. ബീഡി: പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കാത്ത കേരള ദിനേശ് ബീഡി, സാധുബീഡി തുടങ്ങിയ വൻകിട സ്ഥാപനങ്ങൾ പടിപടിയായി രംഗം വിടുമ്പോൾ ചില സ്വകാര്യഏജൻസികൾ തുച്ഛമായ കൂലിക്ക് തൊഴിലാളികളെ ചൂഷണം ചെയ്യുകയാണ്. ഈ രംഗത്ത് അധികൃതർ ഇടപെടുകയും പ്രധാനമായും വ്യാജബീഡി ഉല്പാദനം അവസാനിപ്പിക്കുകയും ചെയ്യുക.

2 കൈത്തറി നെയ്ത്ത്: തകർച്ചയെ അഭിമുഖീകരിക്കുന്ന ധർമ്മടം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ സ്വന്തം സ്ഥലവും കെട്ടിടവും ഉപയോഗിച്ച് യന്ത്രങ്ങൾ സ്ഥാപിച്ച് സ്ത്രീകൾക്ക് ആധുനിക സാങ്കേതിക വിദ്യായിൽ പരിശീലനം നല്കി ആ രംഗത്ത് കൊണ്ടുവരാനും സ്ഥാപനത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുവാനും സാധിക്കും. പവർലൂം രഗത്ത് കേരള ദിനേശ് ബീഡി മാതൃകയിലുള്ള സംഘം ആരംഭിക്കുക.

3. കയർ: പാടെ തകർന്ന കയർ സഹകരണസംഘത്തെ ആധുനിക വല്ക്കരിച്ച് ധർമ്മടത്തെ പ്രധാനകാർഷികവിളയായ തേങ്ങയെ ആസ്പദമാക്കിയ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുക. തൊണ്ട് യന്ത്രസഹായത്താൽ സംസ്ക്കരിച്ച് കയറുല്പന്നങ്ങളും ചകിരിച്ചോറ് ഉപയോഗിച്ച് ജൈവവളവും ചിരട്ട ഉപയോഗിച്ച് ചിരട്ടപ്പൊടിയും അത് ഉപയോഗിച്ച് സൺമൈക്ക നിർമ്മാണവും നടത്താവുന്നതാണ്.. തേങ്ങ ഉപയോഗിച്ച് തേങ്ങാപ്പൊടിയും മേന്മയേറിയ മറ്റ് ഭക്ഷ്യോല്പന്നങ്ങളും സംസ്ക്കരിച്ച് എടുക്കുന്നതിനും സാധ്യതയുണ്ട്.

4 കള്ള് ചെത്ത്: ഈ വ്യവസായം വ്യാപകമാക്കുകയും സഹകരണാടിസ്ഥാനത്തിൽ ചക്കര ഉൽപാദിപ്പിക്കുന്ന ഒരു സ്ഥാപനം ആരംഭിക്കുകയും നാടൻ ചക്കര ഉൽപാദിപ്പിക്കുന്നതിനുള്ള സ്ഥാപനത്തിൽ കള്ള് സംഭരിച്ച് കേന്ദ്രീകൃതാടിസ്ഥാനത്തിൽചക്കര ഉൽപാദിപ്പിക്കുന്ന സ്ഥാപനമാണ് അഭികാമ്യം.

5 വസ്ത്രനിർമ്മാണം: പഞ്ചായത്തിന്റെ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന വസ്ത്രനിർമ്മാണ യൂനിറ്റുകളെ അടിസ്ഥാനമാക്കി ഒരു സഹകരണ സ്ഥാപനം ആരംഭിക്കുക. അസംസ്കൃതവസ്തുക്കൾ സമാഹരിക്കുക. ആധുനിക വസ്ത്രനിർമ്മാണത്തിന് ആവശ്യമായ

ഡിസൈനിങ്ങ് അടക്കമുള്ള സാങ്കേതിക സഹായം നൽകുക. ഒരു പൊതു ട്രേഡ് മാർക്കിൽ വിപണനം നടത്തുക എന്നിവ യായിരിക്കണം ഈ സഹകരണ സംഘം ലക്ഷ്യമാക്കേണ്ടത്.

ബനിയൻ ജട്ടി, ബ്രേസിയർ തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന ഒരു വനിതാ വ്യവസായ യൂനിറ്റ് ആരംഭിക്കുവാൻ കഴിയും. ഡി. ഡബ്ല്യൂ.സി.ആർ. എ. സ്കീമിൽ ഇത്തരം ഒരു സ്ഥാപനം തുടങ്ങാവുന്നതാണ്.

6 ഫർണ്ണിച്ചർ: വികേന്ദ്രീകൃതാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ധാരാളം യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്. സഹകരണമേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സംരംഭം ആരംഭിക്കാവുന്നതാണ്. വിപുലമായ തൊഴിൽ സാധ്യതയുള്ള ഫർണ്ണിച്ചർ വ്യവസായരംഗത്തെ വളർത്തിയെടുക്കാൻ സാധിക്കും.

7 സീ ഫുഡ് പ്രോസസിങ്ങ് യൂനിറ്റ്: ഒരു കൊച്ചു ദ്വീപായ ധർമ്മടത്തിന് കടലിൽ നിന്നും പുഴയിൽ നിന്നും ലഭിക്കുന്ന വിവി ധതരത്തിലുള്ള ജലവിഭവങ്ങൾ കൊണ്ട് വൈവിധ്യമാർന്ന ഭക്ഷ്യവിഭവങ്ങൾ സംസ് ക്കരിച്ചെടുക്കാൻ കഴിയുന്ന ഒരു യൂനിറ്റിന് സാധ്യതയുണ്ട്. മുരു, കല്ലുമ്മക്കായ, ഓരിക്ക, ചെമ്മീൻ, തുടങ്ങിയവ ഉപയോഗിച്ച് നാടൻ കമ്പോളത്തെ ആശ്രയിക്കാവുന്ന അച്ചാറ ടക്കമുള്ള വിഭവങ്ങൾ ഈ യൂനിറ്റിലൂടെ നിർമ്മിച്ച് വിപണനം നടത്താവുന്നതാണ്. മത്സ്യവളം നിർമ്മിക്കുന്ന യൂനിറ്റും ആരം ഭിക്കാവുന്നതാണ്.

പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ വിപുലീകരണ സാധ്യതകൾ:

1. എസ്റ്റേറ്റിന് നീക്കിവെച്ചിരുന്ന 30ഏക്കർസ്ഥലം ഇന്ന് 8-58എക്കറായി ചുരുങ്ങുകയും നിലവിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന 25ഓളം സ്ഥാപനങ്ങൾ സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്ന പ്രശ്നം പരിഹരിക്കാനായി പണിക്കറവയൽ എന്ന സ്ഥലം ഏറ്റെടുക്കുന്നത് അഭികാമ്യമാണ്.

2. എസ്റ്റേറ്റിന് അടുത്തുള്ള പൂട്ടിക്കിടക്കുന്ന തീപ്പെട്ടികമ്പനിയുടെ സ്ഥലം ഏറ്റെടുക്കുകയും വ്യവസായ എസ്റ്റേറ്റുമായി ബന്ധപ്പെടുത്തി ഒരു സാങ്കേതിക പരിശീലന കേന്ദ്രം (ഐ.ടി.സി) ആരംഭിക്കുവാനും കഴിയും. നമ്മുടെ പഞ്ചായത്തിലെ തൊഴിൽ സംസ്ക്കാ രത്തിന് മാറ്റം വരുത്തുന്നതിനും ആവശ്യമായ മേഖലകളിൽ വിദഗ്ദ തൊഴിലാളികളെ പരിശീ ലിപ്പിക്കുന്നതിനും ഇത്തരത്തിലുള്ള സ്ഥാപനം ആവശ്യമാണ്.

3. വ്യവസായ എസ്റ്റേറ്റുമായി ബന്ധപ്പെട്ട എല്ലാപ്രശ്നങ്ങളും പരിഹരിക്കാനുതകുന്ന തരത്തിലുള്ള ഒരു വ്യവസായ വികസന സമിതി രൂപീകരിക്കേണ്ടതുണ്ട്. എസ്റ്റേറ്റിലെ വ്യവസായികൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോ ഗസ്ഥർ ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന തായിരിക്കണം ഭരണ സമിതി.

4. എസ്റ്റേറ്റ് സിഡ്കോയുടെ ഒരു റേക്കോ മെറ്റീരിയൽ ഡിപ്പോ ആരംഭിക്കണം. അതുപോലെതന്നെ പരസ്പരം ബന്ധമുള്ള വ്യവസായ യൂനിറ്റുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകണം.

പുതിയ വ്യവസായ മേഖലകൾ കേണ്ടെത്തൽ

1.ടൂറിസം: ധർമ്മടം തുരുത്തും അണ്ട ലൂർക്കാവും കൊണ്ട് അനുഗ്രഹീതമായ ധർമ്മടം ടൂറിസം വികസനത്തിന് കൂടുതൽ സാധ്യതയുള്ള പ്രദേശമാണ്. തുരിത്ത് സന്ദർശിക്കാൻ എത്തുന്നവർക്കായി മിനിബസ് സർവ്വീസ് ഏർപ്പെടുത്തുക. ടൂറിസ്റ്റുകൾക്ക് എമ്മ്യൂസ്മെൻറ് പാർക്ക്, ഉല്ലാസബോട്ട് യാത്ര റോപ്പ് വേ, ഐസ്ക്രീം പാർലർ, ഇളംനീർപ ന്തൽ എന്നിവ ഉൾക്കൊള്ളുന്ന ഒരു കോംപ്ലക്സ് സ്ഥാപിക്കുക.

2. തീരദേശത്തെ ബന്ധിപ്പിച്ചുകൊണ്ട് റോഡ് നിർമ്മിച്ച് മിനിബസ്സർവ്വീസുകൾ ആരംഭി ക്കുക.

3. മേൻപവർ സെൻറർ ആരംഭിക്കുക. വിവിധതൊഴിലുകളിൽ മനുഷ്യാധ്വാനം ലഭ്യമാക്കുന്നതിന് പ്ലംബിങ്ങ്, വയറിങ്ങ്, ഇലക്ട്രിക്കൽ, ഉപകരണങ്ങളുടെ സർവ്വീസി

ങ്ങ്, വീട്ടുജോലി, കെട്ടിടനിർമ്മാണം കാർഷിക മേഖല തുടങ്ങിയ രംഗങ്ങളിൽ പരിചയം ഉള്ളവരെ ഉൾപ്പെടുത്തി മേൻപവർ സെൻറർ ആരംഭിക്കുക.

4. സിമൻറ്കട്ട നിർമ്മാണ യൂനിറ്റ് ആരംഭിക്കുക.

5. ധർമ്മടത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ആവശ്യകതയുമായി ബന്ധപ്പെടുത്തി ഒരു നോട്ട് ബുക്ക് നിർമ്മാണ യൂനിറ്റ് ആരംഭിക്കുക.

6. ചെറുകിട ചെരിപ്പുനിർമ്മാണ യൂനിറ്റുകൾ ആരംഭിക്കുക.



4-4 വിദ്യാഭ്യാസം

1891 -ൽ ധർമ്മടം ദേശത്തെ കേളപ്പൻ ഗുരുക്കൾ സ്ഥാപിച്ച എലിമെൻററി വിദ്യാലയം (ഇന്നത്തെ ധർമ്മടം ബേസിക് യു.പി. സ്കൂൾ) ആണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. തുടർന്ന് ഗുരുപരമ്പരയിലെ പ്രധാനികളായ കണാരിഗുരുക്കൾ, ചന്തുഗുരുക്കൾ, ഗോവിന്ദൻ ഗുരുക്കൾ, കൃഷ്ണൻ ഗുരുക്കൾ, കുഞ്ഞിക്കണ്ണൻ വൈദ്യർ,കാട്ട്യത്ത് കുഞ്ഞിക്കണ്ണൻ മാസ്റ്റർ തുടങ്ങിയവരും വ്യത്യസ്ത ദേശങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. അക്കാലത്ത് അധ്യാപനപരിശീലന കേന്ദ്രം ധർമ്മടത്തിൻെറ അയൽപ്രദേശമായ ഇല്ലിക്കുന്നിൽ ഡോ: ഹെർമൻ ഗുണ്ടർട്ട് നടത്തിയിരുന്ന സ്ഥാപനമായിരുന്നു.

അണ്ടലൂരിലെ ഗോവിന്ദൻ ഗുരുക്കൾ പുലയ സമുദായത്തിൽ പ്പെട്ട കുട്ടികൾക്ക് തൻെറ വിദ്യാലയത്തിൽ പ്രവേശനം അനുവദിച്ചതിൽ പ്രതിഷേധിച്ച് മറ്റ് സമുദായത്തിൽപ്പെട്ടവർ വിദ്യാലയം ബഹിഷ്ക്കരിച്ചു ഈ ബഹിഷ്കരണത്തിനെതിരെ ദേശീയ പ്രസ്ഥാനത്തിൻെറ പ്രവർത്തകർ ചാത്തു മേനോൻെറ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തുകയുണ്ടായി. ശക്തമായ ഈ പ്രക്ഷോഭത്തിൻെറ ഫലമായി പുലയസമുദായത്തിൽപ്പെട്ട കുട്ടികൾക്ക് എല്ലാവിദ്യാലയങ്ങളിലും പ്രവേശനം നേടാനുള്ള അവസരം ലഭിച്ചു. പ്രസ്തുതപ്രക്ഷോഭം ഈ സമുദായത്തിൽപ്പെട്ടവർക്ക് അണ്ടലൂർ കാവിൽ പ്രവേശനം നേടിക്കൊടുക്കുന്നതിൽ സ്വാധീനം ചെലുത്തുകയുണ്ടായി.

പട്ടിക 4.4 (1)

വിദ്യാലയ സ്ഥാപനത്തിന്റെ കാലക്രമം

ക്രമ നമ്പർ	വർഷം	വിദ്യാലയത്തിന്റെ ഇന്നത്തെ പേര്	സ്ഥാപകൻ
1	1891	ധർമ്മടം ബേസിക് യു.പി.സ്കൂൾ	കേളപ്പൻ ഗുരുക്കൾ
2	1897	മേലൂർ ജൂനിയർ ബേസിക് യു.പി.സ്കൂൾ	കാടൃത്ത് കുഞ്ഞിക്കണ്ണൻ മാസ്റ്റർ
3	1899	പാലയാട് ബേസിക് യു.പി.സ്കൂൾ	കണാരിഗുരുക്കൾ
4.	1903	അണ്ടലൂർ സീനിയർ ബേസിക് സ്കൂൾ	ഗോവിന്ദൻ ഗുരുക്കൾ
5.	1907	മേലൂർ ഈസ്റ്റ് ബേസിക് യു.പി.സ്കൂൾ	മാവില കൃഷ്ണൻ ഗുരുക്കൾ
6	1912	ധർമ്മടം കോർണേഷൻ ബേസിക് യു.പി സ്കൂൾ	ചന്തുഗുരുക്കൾ
7	1912	ഗവ:മാപ്പിള ജൂനിയർ ബേസിക് സ്കൂൾ	മലബാർ ഡിസ്ട്രിക്റ്റ് ബോർഡ്
8	1917	പാലയാട് വെസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ	കുഞ്ഞിക്കണ്ണൻ വൈദ്യർ
9	1917	പാലയാട് സെൻട്രൽ ജൂനിയർ ബേസിക്ഒ സ്കൂൾ	തട്ടാരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ
10	1919	അണ്ടലൂർ ജൂനിയർ ബേസിക് സ്കൂൾ	ചന്തുഗുരുക്കൾ
11	1919	മേലൂർനോർത്ത് ജൂനിയർ ബേസിക് സ്കൂൾ	ഗോവിന്ദൻ മാസ്റ്റർ
12	1920	തയ്യിൽ മേലൂർ ജൂനിയർ ബേസിക്സ്കൂൾ	എം. ബാപ്പുമാസ്റ്റർ
13	1926	പാലയാട് ഈസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ	കണാരിഗുരുക്കൾ
14	1947	ബേസിക് ട്രെയിനിംങ്ങ് സ്കൂൾ (ഡയറ്റ്)	മദ്രാസ് സർക്കാർ
15	1962	ഗവ: ഹൈസ്കൂൾ, പാലയാട്	കേരള സർക്കാർ
16	1991	ഡയറ്റ്, പാലയാട്	കേരള സർക്കാർ

(അവലംബം കാരണവർ ചർച്ച ദ്വിതീയ വിവര ശേഖരണം)

കളരി കെട്ട ആയോധനമുറകൾ പഠിപ്പിക്കു കയും മർമ്മചികിത്സ നടത്തുകയും ചെയ്തി രുന്ന കളരിഗുരുക്കന്മാരും പൂരക്കളി , കോൽ ക്കളി എന്നീ ക്ഷേത്രകലകൾ അഭ്യ സിപ്പിച്ചിരുന്ന ഗുരുക്കന്മാരും ധർമ്മടത്തെ വിദ്യാഭ്യാസ സംസ്ക്കാരികരംഗത്ത് പ്രശോ ഭിച്ചവരായ്..ുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം ജനഹൃദയങ്ങളിൽ എത്തിക്കാൻ കോൽക്കളി ഒരു മാധ്യമമായി സ്വീകരിച്ചവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

മറ്റിടങ്ങളിലെപ്പോലെ ഇവിടേയും ഒരു ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാല പതാ കവാഹകരിൽ പ്രമുഖർ അദ്ധ്യാപകരാ യിരു ന്നു. സി.എം.കെ ഗുരുക്കൾ എന്നകുഞ്ഞുകുട്ടി ഗുരുക്കളും, കണാരിഗുരുക്കളുമായിരുന്നു തിയോസഫിക്കൽ സൊസൈറ്റിയുടെ ഭാരവാഹികൾ.

പാലയാട് പ്രവർത്തിച്ചിരുന്ന രാമകൃഷ്ണാശ്രമവും ആദ്യകാലത്തെ പ്രധാന വിദ്യാകേന്ദ്രമായിരുന്നു. ഇവിടെ സംസ്കൃ തഭാഷ പഠിപ്പിച്ചിരുന്നു. മഹാത്മാഗാന്ധിയുടെ വാർദ്ധാവിദ്യാഭ്യാസപദ്ധതി അനുസരിച്ച് മദ്രാസ് ഗവൺമെൻറ് 1947ൽ സ്ഥാപിച്ച ബേസിക് ട്രെയിനിങ്ങ് സ്കൂൾ ഈ ആശ്രമ ത്തിന്റെ കെട്ടിടത്തിലാണ് ആദ്യം പ്രവർ ത്തിച്ചത്. വാർദ്ധയിൽച്ചെന്ന് പരിശീലനം നേടിയ ഒരുസംഘം അദ്ധ്യാപകരായിരുന്നു ഇവിടെ ആദ്യം ജോലിചെയ്തിരുന്നത്. അക്കാലത്ത് ഉത്തരമലബാറിൽ ഉണ്ടായിരുന്ന

ഒരേ ഒരു അദ്ധ്യാപക പരിശീലന കേന്ദ്രമായിരുന്നു ഇത്. ഈ പരിശീലനകേന്ദ്രത്തിന്റെ ആദ്യത്തെ അമരക്കാരൻ വടകരക്കാരൻ ആയ കണാരൻ മാസ്റ്ററായിരുന്നു. തലശ്ശേരി നഗരത്തിൽ പ്രവർത്തിച്ചു വരികയായിരുന്ന ബ്രണ്ണൻ കോളേജ് 1958ൽ ധർമ്മടം വലിയ കുന്നിന്റെ നിറുകയിലേക്ക് മാറ്റിസ്ഥാപിച്ചതോടുകൂടി ധർമ്മടം നിവാസികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ അനുകൂല സാഹചര്യം ലഭ്യമായി. കണ്ണൂർജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്നായി 2881വിദ്യാർത്ഥികൾ ഈ കലാലയത്തിൽ ഇപ്പോൾ പഠിക്കുന്നു.

പട്ടിക 4.4 (2)

ബ്രണ്ണൻ കോളേജിലെ കോഴ്സുകളും കുട്ടികളുടെ എണ്ണവും അനുവദിച്ച സീറ്റിന്റെ എണ്ണവും

ക്രമ നമ്പർ	കോഴ്സ്	ഐച്ഛിക വിഷയം	ആകെ സീറ്റ്	ഒന്നാം വർഷം			രണ്ടാം വർഷം			മൂന്നാം വർഷം		
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	പ്രീഡിഗ്രി	മാത്തമറ്റിക്സ്	160	80	80	160	87	71	158	-	-	-
2		ബയോളജി	160	71	89	160	55	98	153	-	-	-
3		ഇക്കണോമിക്സ്	180	104	70	174	55	121	176	-	-	-
4		ലോജിക്ക്	180	88	89	177	87	93	180	-	-	-
				343	328	671	284	383	667	-	-	-
5	ബി.എസ്.സി ഡിഗ്രി	കെമിസ്ട്രി	32	8	21	29	12	17	29	12	17	29
6		ഫിസിക്സ്	32	14	17	31	14	4	18	11	9	20
7		മാത്തമറ്റിക്സ്	40	19	21	40	18	20	38	15	23	38
8		സുവോളജി	24	1	21	22	5	15	20	4	20	24
9		ബോട്ടണി	24	1	23	24	5	18	23	3	18	21
				43	103	146	54	74	128	45	87	132
10	ബി.എ.ഡിഗ്രി	ഹിസ്റ്ററി	60	18	41	59	28	31	59	25	31	56
11		ഇക്കണോമിക്സ്	50	25	25	50	16	33	49	19	31	50
12		ഫിലോസഫി	50	16	31	47	23	24	47	17	29	46
13		മലയാളം	35	10	25	35	13	21	34	10	24	34
14		ഹിന്ദി	40	2	35	37	5	34	39	3	36	39
15		ഇംഗ്ലീഷ്	30	8	22	30	9	30	39	10	23	33
16		ഉർദ്ദു-ഇസ്ലാമിക് ഹിസ്റ്ററി	25	7	1	8	12	4	16	10	3	13

17		അറബിക് ഇസ്ലാമിക് ഹിസ്റ്ററി	25	12	10	22	20	4	24	19	2	21
18		സംസ്കൃതം	10	4	6	10	2	6	8	0	7	7
19		ബി.ബി.എസ്	24	15	9	24	15	4	19	-	-	-
				117	205	322	143	191	334	113	186	299
20	ഡിഗ്രി	മലയാളം	20	3	17	20	9	10	19	-	-	-
21	ക്ലാസ്	ഹിസ്റ്ററി	20	16	4	20	4	13	17			
22	ക്ലാസ്	ഹിന്ദി	20	0	20	20	1	18	19			
				19	41	60	14	41	55			
23	ഫുൾ സ്കിൽഡ്	മേത്തമെഒറ്റിക്സ്	15	5	10	15	3	9	12			
24	ഫുൾ സ്കിൽഡ്	റിസിക്സ്	10	4	6	10	4	3	7			
25	ഫുൾ സ്കിൽഡ്	ബോട്ടണി	12	2	10	12	0	11	11			
				11	26	37	7	23	301			
ആകെ				533	703	1236	502	712	1214	158	273	431

ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	ആകെ
	1193	1688	2881

അവലംബം ദ്വിതീയ വിവരശേഖരണം

ഉന്നത വിദ്യാഭ്യാസം എത്തിപ്പിടിക്കാവുന്ന അകാലത്തിൽ നിൽക്കെ അതിന്റെ ചവുട്ടുപടിയായ സെക്കൻററി വിദ്യാഭ്യാസത്തിന് തലശ്ശേരിപ്പട്ടണത്തെ തന്നെ ആശ്രയിക്കേണ്ടിവരുന്നു എന്ന തിരിച്ചറിവാണ് ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന് നാട്ടുകാരെ പ്രേരിപ്പിച്ചത്. ഇതിന്റെ ഫലമായി 1962ജൂൺ 16ന് പാലയാട് ഗവ:ഹൈസ്ക്കൂൾ ഉൽഘാടനം ചെയ്യപ്പെട്ടു.

അനൗപചാരിക വിദ്യാഭ്യാസത്തെ പോഷിപ്പിക്കുന്നതിൽ പഞ്ചായത്തിലെ ഗ്രന്ഥശാലകളും കർഷകപ്രസ്ഥാനങ്ങളും, തൊഴിലാളി പ്രസ്ഥാനങ്ങളും, നാടക സംഘങ്ങളും സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനവും അക്ഷരപ്പുലരി പരിപാടിയും വിജയിപ്പിക്കുന്നതിൽ ഇവിടുത്തെ വിദ്യാഭ്യാസപ്രവർത്തകർ സജ്ജീവ നേതൃത്വം നൽകിയവരാണ്.

വിദ്യാഭ്യാസരംഗം ഒരവലോകനം.

1. പ്രീപ്രൈമറി വിദ്യാഭ്യാസം

ഒരു ഗവൺമെൻറ് സ്ക്കൂളിനോട് രണ്ട് എയ്ഡഡ് സ്കൂളുകളോടും അനുബന്ധിച്ച് പ്രീപ്രൈമറി വിഭാഗം പ്രവർത്തിക്കുന്നു. അത് അംഗീകൃവിദ്യാലയത്തിന്റെ ഭാഗമായി മൂന്ന് നാഴ്സറി ക്ലാസുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒര്ശിശുമന്ദിരവും ഐ.സി.ഡി.എസ് ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രണ്ട് അംഗൻവാടികളും കൈരളി വായനശാലയുടെ മേൽനോട്ടത്തിൽ ഉള്ള മറ്റൊരു ബാലവാടിയും പഞ്ചായത്തിൽ ഉണ്ട്. 26000ത്തിൽ അധികം ജനസംഖ്യയുള്ള ധർമ്മടം പഞ്ചായത്തിൽ 26 പ്രീപ്രൈമറി വിദ്യാകേന്ദ്രങ്ങലെങ്കിലും ആരംഭിക്കേണ്ടതാണ്. നിലവിലുള്ള പത്ത് പ്രീപ്രൈമറി ക്ലാസുകളിൽ ചിലതിൽ ഇംഗ്ലീഷ് ,ഭാഷാപഠനമടക്കമുള്ള അനഭിലഷണീയമായ കാര്യങ്ങൾ നടക്കുന്നുണ്ട്.

2. പൊതുവിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ 15 പൊതു വിദ്യാലയങ്ങളിൽ മൂന്നെണ്ണം സർക്കാർ മേഖലയിലും പന്ത്രണ്ടെണ്ണം സ്വകാര്യമേ ഖലയിലും പ്രവർത്തിക്കുന്നു. സർക്കാർ ഉടമയിലുള്ള ധർമ്മടം സെൻട്രൽ ജൂനിയർ ബേസിക് സ്കൂൾ കുട്ടികളുടെ കുറവുമൂലം 4വർഷം മുമ്പ് അടച്ചിടപ്പെട്ടു. പ്രസ്തുത സ്കൂൾ മലബാർ ഡിസിസ്ട്രിക് ബോർഡ് പെൺകുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചതായിരുന്നു. പൊതുവിദ്യാലയങ്ങളിൽ ഒര് ഹൈസ്കൂളും 6 യു.പി സ്കൂളുകളും 8 എൽ.പി സ്കൂളുകളും ഉൾപ്പെടുന്നു. അനംഗീകൃതമായിപ്രവർത്തിക്കുന്ന രണ്ട് ഇഗ്ലീഷ് മീഡിയം എൽ.പി സ്കൂളുകളും റോട്ടറി ക്ലബ് നടത്തുന്ന ഒരു ബധിര മൂക വിദ്യാലയവും ജേസിസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന. മന്ദബുദ്ധികൾക്കായുള്ള ഒരു വിദ്യാലയവും ഈ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ വിവിധ സംഘടനകളുടേയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഏഴ് പ്രീപ്രൈമറി വിദ്യാലയങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 10ാംവാർഡിൽ ഒഴികെ എല്ലാവാർഡുകളിലും വിദ്യാലയങ്ങൾഉണ്ട്. തുന്നലും വസ്ത്രനിർമ്മാണവും പഠിപ്പിക്കുന്ന ഗവ:ഉടമസ്ഥതയിലുള്ള ഒരു സാങ്കേതിക സ്ഥാപനം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമെ ഒരു ഗവ: കോളേജും ഒരു യൂനിവേഴ്സിറ്റിസെൻററും ഇവിടെയുണ്ട്.

പട്ടിക 4.4(3)

പഞ്ചായത്തിലെ വുദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമനമ്പർ	വിദ്യാലയത്തിന്റെ കോഡ്	വിദ്യാലയത്തിന്റെ പേര്	ഉടമസ്ഥത			വിഭാഗം കുട്ടികളുടെ എണ്ണം						അദ്ധ്യാപകരുടെ എണ്ണം					
			വാർഡ്നമ്പർ സർക്കാർ	സ്വകാര്യം	അർദ്ധസർക്കാർ അംഗീകരിച്ചത്	പ്രീ പ്രൈമറി	എൽ.പി	യു.പി	ഹൈസ്കൂൾ	കോളേജ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	01	മേലൂർ നോർത്ത് ജൂനിയർ ബേസിക് സ്കൂൾ	-1 -	-	-	-	-	-	-	-	27	30	57	-	4	4
2	02	മേലൂർ ജൂനിയർ ബേസിക് സ്കൂൾ	1	✓	-	-	✓	✓	-	-	47	54	101	1	4	5
3	03	തയ്യിൽ മേലൂർ ജൂനിയർ ബേസിക് സ്കൂൾ	2 -	✓	-	-	-	✓	-	-	32	32	64	2	2	4
4	04	അണ്ടലൂർ ജൂനിയർ ബേസിക് സ്കൂൾ	3 -		-	-	-		-	-	39	43	82	1	3	4
5	05	പാലയാട് സെൻട്രൽ ജൂനിയർ ബേസിക് സ്കൂൾ	4 -		-	-	-		-	-	40	39	79	1	3	4
6	06	പാലയാട് വെസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ	4 -		-	-	-		-	-	49	37	86	3	2	5
7	07	പാലയാട് ഈസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ	7 -		-	-			-	-	64	78	142	2	4	6
8	08	ഗവ:മാപ്പിള ജൂനിയർ ബേസിക് സ്കൂൾ	8	-	-	-	-		-	-	24	22	46	3	-	3
9	09	മേലൂർ ഈസ്റ്റ് ബേസിക് യു.പി.സ്കൂൾ	1 -		-	-	-	-		-	89	59	148	3	6	9
10	10	അണ്ടലൂർ സീനിയർ ബേസിക് സ്കൂൾ	3 -			-	-	-		-	72	82	154	3	8	11
11	11	പാലയാട് ബേസിക് യു.പി.സ്കൂൾ	6 -		-	-	-	-		-	100	95	195	3	8	11
12	12	ധർമ്മടം ബേസിക് യു.പി.സ്കൂൾ	9 -		-	-	-	-		-	178	211	389	5	16	21
13	13	ധർമ്മടം കോർണേഷൻ യു.പി സ്കൂൾ	11 -		-	-	-	-		-	156	168	324	2	13	15

18	18	ശിശുമന്ദിരം	2	-	-		-	-	-	-	-	-	11	13	24	-	1	1		
19	19	വിദ്യാനികേതൻ നഴ്സറി	8	-	-	-				-	-	-	81	77	158	-	-	7		
14	14	ഡയറ്റ് മോഡാൺ സ്കൂൾ	5		-	-	-		-		-	-	553	563	1116	36	24		60	
15	15	ഗവ: ഹൈസ്കൂൾ പാലയാട്	5			-	-	-	-	-	-	-	486	469	955	19	18		37	
16	16	ഗവ: ബ്രണ്ണൻ കോളേജ്	7			-	-	-	-	-	-		1193	1688	2881					
17	17	യൂനിവേഴ്സിറ്റി സെൻറർ	2				-	-	-	-	-	-	127	53	180	-	-	6		
18	18	ശിശുമന്ദിരം	2	-	-		-	-	-	-	-		11	13	24	-	-	1	1	
19	19	വിദ്യാനികേതൻ നാഴ്സറി	8	-	-	-				-	-	-	81	77	158	-	-	7		20
20		യൂനീക് നാഴ്സറി	8	-	-	-				-	-	-	52	34	86	-	-	8		
21	21	ജേസീസ് സ്പഷ്യൽ സ്കൂൾ	9	-		മന്ദബുദ്ധികൾക്കുള്ളത്							57	27	84	-	-	12		22
22		റോട്ടറി ബധിര മൂക വിദ്യാലയം	7			ബധിര മൂകർക്ക്							10	14	24	-	-	4		
23	23	ഫീനിക്സ് നാഴ്സറി	4	-	-	-	-			-	-	-	-	-	-	-	1	1		
24	24	ടി.ജി.എം.ടി സെൻറർ	9			-	-	-	സാങ്കേതികം				-37	37	-	2	2			
25	25	കൈരളി ബാലവാടി	6	-	-	-			-	-	-	-	-	-21	-	1	1			
26	26	അംഗനവാടി അണ്ടലൂർ	3	-	-		-		-	-	-	-	21	26	47	-	1	1		27
27		അംഗനവാടി പാലയാട്	5	-	-		-		-	-	-	-	-	-	30	-	1	1		

അവരണം ദ്വിതീയ വിവര ശേഖരണം



കഴിഞ്ഞ 5വർഷത്തിനിടയിൽ പഞ്ചായത്തിൽ പുതിയ വിദ്യാലയങ്ങൾ ആരംഭിച്ചിട്ടില്ല. ഈ വർഷങ്ങളിൽ ഔപചാരിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ച കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവ് അനുഭവപ്പെടുന്നില്ലെങ്കിലും എണ്ണം കുറയുന്ന പ്രവണതയാണ് കാണുന്നത്. ഇത് ആശാവഹമല്ല. ഇവിടുത്ത ഇടത്തരക്കാരുടെ കുട്ടികൾ മുമ്പുതന്നെ നഗരത്തിലെ സ്കൂളികളെ ആശ്രയിച്ചിരുന്നു. ആറ് എൽ.പി സ്കൂളുകളിൽ കുട്ടികളുടെ എണ്ണം നൂറിൽ കുറവാണ്. ഇവ സർക്കാരിന്റെ ഭാഷയിൽ അനാദായകരമായിട്ട് 5വർഷം കഴിഞ്ഞു. ഇംഗ്ലീഷ്മീഡിയത്തോടുള്ള ആഭിമുഖ്യവും നഗരകേന്ദ്രീകൃത വിദ്യാലയം തേടി പോകലുമാണ് ഈ അവസ്ഥക്ക് കാരണമായത്.

പട്ടിക 4.4 (4)

പൊതുവിദ്യാഭ്യാസ രംഗത്തെ 5വർഷത്തെ കുട്ടികളുടെ എണ്ണം-താരതമ്യം

കുട്ടികളുടെ ആകെ എണ്ണം

ക്രമ നമ്പർ	വിദ്യാലയത്തിന്റെ കോഡ്	92-93	93-94	94-95	95-96	96-97
1	01	50	51	52	55	57
2	02	137	139	136	101	101
3	03	74	72	72	68	64
4	04	83	88	80	82	82
5	05	63	68	70	70	79
6	06	88	77	76	82	85
7	07	130	126	131	136	142
8	08	70	68	64	59	46
9	09	194	171	154	155	148
10	10	192	158	145	147	154
11	11	253	204	193	202	195
12	12	454	431	389	403	389
13	13	350	332	318	331	324
14	14	1093	1110	1073	1116	1077
15	15	1005	1068	1005	987	955

അവലംബം ദ്വിതീയ വിവര ശേഖരണം

അദ്ധ്യാപകരിൽ 85 പേർ പുരുഷന്മാരും 115 സ്ത്രീകളുമാണ്. പഞ്ചായത്തിൽ അദ്ധ്യാപികമാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ട്. ഈ പ്രവണത ചില ഗ്രാമസഭകളിൽ വിമർശിക്കപ്പെട്ടു.

3. ഉന്നത വിദ്യാഭ്യാസം

സർക്കാർ സെൻറർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുള്ള അഞ്ച് കോളേജുകളിൽ ഒന്നായ ഗവ:ബ്രണ്ണൻ കോളേജ് ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. ഗവേഷണ സൗകര്യം അടക്കമുള്ള പ്രസ്തുത കലാലയത്തിൽ ഇപ്പോൾ 2881 വിദ്യാർത്ഥികളുണ്ട്. (പട്ടിക 4.4(2) കാണുക) ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരുസ്ഥാപനം കൂടി ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. കോഴിക്കോട് സർവ്വകലാശാല കാമ്പസ്സിന് പുറത്തുള്ള കേന്ദ്രങ്ങളിൽ ഒന്നാണ് പാലയാട്ടുള്ള യൂണിവേഴ്സിറ്റി സെൻറർ. ഇവിടെ ഇംഗ്ലീഷ്, ആന്ത്രോപോളജി എന്നീവിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളുണ്ട്. ഇവിടെ ഇപ്പോൾ മൂന്ന് ഫാക്കൽറ്റി കേന്ദ്രങ്ങളുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലാണ് ഇനി സെൻറർ പ്രവർത്തിക്കേണ്ടത്.

പട്ടിക 4 4 (5)

യൂനിവേഴ്സിറ്റി സെൻറർ പാലയാട്

ക്രമ നമ്പർ	ഫാക്കൽറ്റികളും കോഴ്സുകളും	ഒന്നാം വർഷം			രണ്ടാം വർഷം			അധ്യാപക രുടെ എണ്ണം	അനധ്യാപകർ
		ആ	പെ	ആകെ	ആ	പെ	ആകെ		
1	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻറ് ഫോറിൻ ലാഗ്വേജ്								
	1. എം. എ	3	15	18	6	12	18	2	10
	2. എം. ഫിൽ	2	1	3					
	3. പി.എച്ച്.ഡി (പാർട്ട്ടൈം)								
2	ആന്ത്രോപോളജി								
	1. എം.എ	5	7	12	5	5	10	3	5
3	സെൻറർ ഫോർ ലീഗൽ സ്റ്റഡീസ് (സ്വാശ്രയം)								
	1. എൽ.എൽ.ബി	90	9	99	-	-	-	1	
	2. ഡി.ടി.എൽ	10	3	13	-	-	-	&ഗസ്റ്റ് ലക്ചേർസ്	1
	3. ഡി.എൽ.എൽ	6	1	7	-	-	-		
	ആകെ	116	36	152	11	17	28	6	16
	ആകെ ആൺകുട്ടികൾ = 127 പെൺകുട്ടികൾ = 53								

അവലംബം ദ്വിതീയ വിവര ശേഖരണം .

ഭൗതീക സാഹചര്യം:

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉള്ളത് ഡയറ്റിൻെറ ഭാഗമായട്രെയിനിംങ്ങ് സ്കൂളിനും തദ്വാര അതിൻെറ മോഡൽ സ്കൂളിനുമാണ്. കൂടാതെ ഹൈസ്കൂളിനും നല്ല ഭൗതീക സാഹചര്യങ്ങൾ നിലവിലുണ്ട്. എല്ലാവിദ്യാലയങ്ങളിലും ലൈബ്രറി ഉണ്ടെങ്കിലും പ്രത്യേക സൗകര്യമുള്ളത് മോഡൽ ഹൈസ്കൂളിലും മാത്രമാണ്. ലബോറട്ടറി സൗകര്യവും പ്രത്യേകമായുള്ളത് ഈ വിദ്യാലയങ്ങൾക്കു മാത്ര മാണ്. എൽ.പി.സ്കൂളിൽ സയൻസ് കോർണർ പ്രവർത്തനം ഉണ്ട്. യു.പി. വിദ്യാലയങ്ങളിൽ ലബോറട്ടറി ഉപകരണങ്ങൾ ഉണ്ടെങ്കിലും പ്രവർത്തന സൗകര്യം ഇല്ല. അനാകർഷകമായ ഭൗതീക സാഹചര്യം കുട്ടികളെ നഗരത്തിൻെറ വിദ്യാലയങ്ങളിലേക്ക് പോകാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകമാണ്. പഠന നിലവാരം തൃപ്തികരമല്ലെന്ന് എല്ലാ ഗ്രാമസഭകളിൽനിന്നും വിമർശനം വന്നിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ കോംപ്ലക്സിൻേറയും അദ്ധ്യാപക രക്ഷാകർതൃ സമിതിയുടേയും ഇടപെടലിൻേറയും ഫലമായി വിദ്യാലയ സൗകര്യങ്ങൾ

പട്ടിക-4.4(6)

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ കോഡ്	വിസ്തീർണ്ണം സെന്റ്	ആകെവിദ്യാർത്ഥികൾ	ആകെ അധ്യാപകർ	കെട്ടിടം			ലബോറട്ടറി		ലൈബ്രറി		മൂത്രപ്പുര		കക്കൂസ്		കുടിവെള്ളം		വൈദ്യുതി		കളിസ്ഥലം		കിണർ	
				സ്ഥിരം	താൽകാലികം	അർദ്ധ സ്ഥിരം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23
01	12	57	4	1	-	-	-	✓	✓	-	-	✓	-	✓	-	✓	-	✓	-	✓	-	✓
02	-	101	5	1	-	1	-	✓	✓	-	-	✓	-	✓	-	✓	-	✓	-	✓	-	✓
03	5.5	64	4	-	-	1	-	✓	-		-	✓	-	✓	-	✓	-	✓	-	✓	-	✓
04	3.5	82	4	1	-	-	✓	-	✓	-	-	✓	-	✓	-	✓	-	✓	-	✓	-	✓
05	35	79	4	-	-	1	✓	-	✓	-	-	✓	✓	-	-	✓	-	✓	-	✓	✓	-
06	8.5	86	5	1	-	1	-	✓	✓	-	-	✓	-	✓	-	✓		✓	-	✓	-	✓
07	14	142	6	2	-	-	-	✓	✓	-	✓	-	-	✓	✓	-	-	✓	✓	-	✓	-
08	33	46	3	1	-	1	✓	-	✓	-	✓	-	-	✓	-	✓	-	✓	✓	-	-	✓
09	15	148	9	2	-	1	✓	-	✓	-	✓	-	-	✓	✓	-	-	✓	-	✓	-	✓
10	8	154	11	3	-	-	✓	-	✓	-	✓	-	-	✓	✓	-	-	✓	-	✓	✓	-
11	19	195	11	3	1	2	✓	-	✓	-	✓	-	-	✓	-	✓	-	✓	-	✓	-	✓
12	13	389	21	1	-	3	-	-	✓	-	✓	-	✓	-	-	✓	✓	-	-	✓	-	✓
13	-	321	15	3	-	-	✓	-	✓	-	✓	-	-	✓	✓	-	-	✓	-	✓	✓	-
14	146	1077	60	4	-	-	✓	-	✓	-	✓	-	✓	-	✓	-	✓	-	✓	-	✓	-
15	504	955	37	3	-	-	✓	-	✓	-	✓	-	✓	-	✓	-	✓	-	✓	-	✓	-

മെച്ചപ്പെടുത്താൻ മാനേജ്മെൻറ് ശ്രമിച്ചിട്ടുണ്ട്. ഇതിൻെറഭാഗമായി വിദ്യാലയങ്ങളുടെ തറ സിമൻറ് ചെയ്യാനും ക്ലാസുമുറികളുടെ പാർട്ടീഷൻ നടത്താനും മേൽപ്പുര ഓടുമേയാനും തയ്യാറായത് അനുകൂലമായ മാറ്റമാണ്.

പഞ്ചായത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും സാഹിത്യ സമാജം ബാലസഭ ഇവ പ്രവർത്തിക്കുന്നു. സയൻസ് കോർണർ/ സയൻസ്ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. പി.ടി. എ കമ്മിറ്റികളും മാതൃസംഘങ്ങളും എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. മിക്ക സ്കൂളുകളിലും ഇവയുടെ പ്രവർത്തനം ഫലപ്രദമാണ്. അദ്ധ്യയനനിലവാരം തൃതികരമല്ലെന്നാണ് ഗ്രാമസഭകളിലെ വിമർശനം. ഇത് മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനത്തിൽ അധ്യാപകർ മുന്നിട്ടിറങ്ങണമെന്ന് രക്ഷാകർതൃസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. എസ്എസ്. എൽ.സി വിജയശതമാനം കഴിഞ്ഞ വർഷങ്ങളിൽ പടിപടിയായി ഉയർന്നത് അദ്ധ്യാപകർ നടത്തിയ പ്രവർത്തനത്തിൻെറ വിജയമായികാണാണം ജനകീയ സമിതികളും ഈ പ്രവർത്തനത്തിൽ അധ്യാപകർക്ക് സഹായവും പ്രേരണയും നൽകിയിട്ടുണ്ട്.

പട്ടിക 4.4 (7)

കുട്ടികളുടെ പൊതുനിലവാരം (പ്രൈമറി സ്കൂൾ)

ക്ലാസ്	ആകെ കുട്ടികൾ	30%-ൽ താഴെ	30-40%	40-50%	50-60%	60%ൽ കൂടുതൽ
1	2	3	4	5	6	7
3	411	21	29	107	85	169
4	435	30	27	52	56	240
5	397	28	59	75	88	147
6	401	53	83	72	53	140
7	408	54	53	92	80	129

ഹൈസ്കൂൾ

ക്ലാസ്	ആകെ കുട്ടികൾ	80%നു മുകളിൽ	60-70%	40-60%	20-40	20%-ൽ താഴെ
8	341	1	32	86	185	37
9	323	3	16	72	213	19
10	278	5	18	54	141	56



പട്ടിക- 4.4 (8)

ഗവ:ഹൈസ്കൂൾ, പാലയാട്

എസ്.എസ്.എൽ.സി.

വിജയശതമാനം

എൽ എസ് എസ് / യു.എസ് എസ് എന്നീപരീക്ഷകളിൽ ധാരാളം കുട്ടികൾ പരീക്ഷ എഴുതാറുണ്ടെങ്കിലും പ്രസ്തുത സ്കോളർഷിപ്പ് നേടുന്നവർ എല്ലാവർഷവും ഇല്ല. പ്രസ്തുത സ്കോളർഷിപ്പുകൾ വാങ്ങുന്നകുട്ടികൾ ആരും പഞ്ചായത്തിലെ വിദ്യാലയങ്ങളിലില്ല എന്ന് ദ്വിതീയ വിവരശേഖരണത്തിൽ നിന്ന് വ്യക്തമാകുന്നു. ചിട്ടയായ പരിശീലനത്തിന്റെ അഭാവം ഈ കാര്യം വ്യക്തമാക്കുന്നു

പാഠ്യേതര പ്രവർത്തനം

1991മുതൽ തുടർച്ചയായ 5വർഷം സബ്ജില്ലാകായിക മത്സരത്തിൽ ചാമ്പ്യൻഷിപ്പ് നേടിയത് ഡയറ്റിന്റെ മോഡൽ സ്കൂളാണ്. അതുപോലെ പാലയാട് ഗവ: ഹൈസ്കൂളും 1991മുതൽ വിദ്യാഭ്യാസജില്ല അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഓവറോൾ ചാമ്പ്യൻ മാരാണ്. കായികരംഗത്തെ അസൂയാവഹമായ നേട്ടം കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഈ രണ്ട് വിദ്യാലയങ്ങൾക്കും പ്രസ്തുതനേട്ടം കൈവരിക്കാൻ സാധിച്ചത് അവിടുത്തെ കായികാദ്ധ്യാപകരുടെ അർപ്പണ മനോഭാവവും കായികപ്രേമികളുടേയും നാട്ടുകാരുടേയും പ്രോത്സാഹനമാണ്. സംസ്ഥാനതലത്തിലും ദേശീയതലത്തിലും സമ്മാനങ്ങൾ നേടിയ കായികതാരങ്ങളെ ഈ വിദ്യാലയങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. കലാരംഗത്തെ പ്രതിഭകൾക്കും മതിയായ പ്രോത്സാഹനം ലഭിച്ചാൽ തുടർച്ചയായി നേട്ടം കൈവരിക്കാൻ സാധിക്കും.

4. സമാന്തരവിദ്യാഭ്യാസം/സാങ്കേതിക വിദ്യാഭ്യാസം:

പഞ്ചായത്തിൽ രണ്ട് പാരലൽ കോളേജ്മാത്രമേ പ്രവർതിക്കുന്നുള്ളൂ. ഇവയിൽ കുട്ടികളുടെ എണ്ണം കുറവാണ്. സാങ്കേതിക വിദ്യാലയങ്ങളുടെ പട്ടികയിൽ പ്രമുഖമായത് സർക്കാർ ഉടമയിലുള്ള ടി.ജി.എം.ടി സെൻററാണ്. ഇവിടെ 37 പെൺകുട്ടികൾ പരിശീലനം നേടുന്നു. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള 7 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. തുന്നൽ പരിശീലിപ്പിക്കുന്ന മൂന്നു സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾ നടത്തുന്നുണ്ട്. മറ്റ് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

5 അനൗപചാരിക വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ മുൻകൈയ്യെടുത്ത് സ്ഥാപിച്ച വായനശാലകളാണ് പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാമേഖലയിലെ ആദ്യത്തെ സ്ഥാപനങ്ങൾ. മേലൂരിലെ മഹാത്മാഗാന്ധി വായനശാല(ഇന്നത്തെ മേലൂർ വായനശാലാ ഗ്രന്ഥാലയം) നവദീപം വായനശാല, സാഹിത്യപോഷിണി വായനശാല എന്നിവയാണ് ഇവയിൽ പ്രധാനം, പുലയ സമുദായങ്ങളിൽപ്പെട്ടവർക്ക് വിദ്യാലയങ്ങളിലും അണ്ടലൂർ കാവവിലും 1930കളിൽ തന്നെ പ്രവേശനം നേടിക്കൊടുക്കുന്നതിൽ ഇവിടുത്തെ സാംസ്കാരിരംഗത്തെ പ്രവർത്തകർ വിജയിച്ചവരാണ്. ഇന്ന്നല്ലനിലയിൽ പ്രവർത്തിക്കുന്ന 5 ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിലുണ്ട്. സാക്ഷരതാ പ്രവർത്തനം സജീവമായിരുന്നെങ്കിലും തുടർ വിദ്യാഭ്യാസപരിപാടി ഫലപ്രദമായി നടന്നില്ല. അതുകൊണ്ട് നവസാക്ഷരർ നിരക്ഷരരായി മാറുന്നു എന്ന് ഗ്രാമസഭകളിൽ നിന്നും പരാതികൾ ഉയർന്നു.

വിദ്യാഭ്യാസ രംഗത്തെ മുൻകൈ പ്രവർത്തനങ്ങൾ:-

1994-95ൾ ആരംഭിച്ച സ്കൂൾകോംപ്ലക്സ് പ്രവർത്തനത്തിൽ ധർമ്മടം പഞ്ചായത്തിൽ പുതിയ ചില പരീക്ഷണങ്ങൾ അരങ്ങേറി, സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്താനും പ്രയാസങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ഉതകുന്ന തരത്തിലുള്ള

മോണിറ്റിങ്ങ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡണ്ട്, പഞ്ചായത്ത് മെമ്പർ,ലീഡ് സ്കൂൾ പ്രതിനിധി, ഡയറ്റ് പ്രതിനിധി, പി.ടി.എ പ്രസിഡണ്ട് എന്നിവരടങ്ങിയ സൗഹൃദസംഘം സ്കൂൾ സന്ദർശിക്കികയും തുടർന്നുനടന്ന ചർച്ചകളുടെ ഫലമായി ചില സ്കൂളുകളിൽ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ മാനേജുമെൻറും പി.ടി.എയും തയ്യാറായി. 95-96 വർഷത്തിൽ കോംപ്ലക്സിൻെറ പ്രവർത്തനം മറ്റൊരു തലത്തിലൂടെ ജനങ്ങളിലേക്ക് വ്യാപിപ്പിച്ചു. പ്രവർത്തനനേട്ടം പെട്ടെന്ന് ബോധ്യപ്പെടാൻ ഒരു തന്ത്രമെന്നനിലയിൽ പത്താംതരം വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം മെച്ചപ്പെടുത്താനുള്ള പ്രവർത്തിനത്തിന് രൂപം നല്കി. ഓരോ വാർഡിലുമുള്ള എസ്എസ് എൽ.സി വിദ്യാർത്ഥികളേയും അവരുടെ രക്ഷിതാക്കളേയും വിദ്യാഭ്യാസത്തിൽ താൽപര്യമുള്ളവരേയും വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ ഹൈസ്കൂൾ അധ്യാപകർ വിളിച്ച് ചേർത്തും ആയോഗത്തിൽ വെച്ച് അടുത്തടുത്ത വീടുകളിലെ കുട്ടികളെ ഉൾപ്പെടുത്തി അയൽകൂട്ടങ്ങൾ രൂപീകരിച്ചു. അയൽകൂട്ടസമിതിയും ഹൈസ്കൂൾ അദ്ധ്യാപകരും വീടുകൾ സന്ദർശിച്ച് ഗൃഹപഠനം മോണിറ്റർ ചെയ്തു. അർദ്ധവാർഷിക പരീക്ഷയിൽ മുന്നിലെത്തിയ കുട്ടികളേയും മറ്റുകുട്ടകളേയും പൊതുചടങ്ങിൽ വെച്ച് ആദരിക്കുകയും പ്രോത്സാഹനമായി പഠനസാമഗ്രികൾ നൽകുകയും ചെയ്തു. കുട്ടികളുടെ ഗൃഹപഠനം ചിട്ടപ്പെടുത്താൻ ഈ മോണിറ്ററിംങ്ങ് സഹായിച്ചു. സ്കൂൾ പ്രവർത്തനസമയത്തിന് മുമ്പ് രാവിലെ 9 മണിമുതൽ ക്ലാസ്സ് ആരംഭിക്കുകയും വൈകുന്നേരങ്ങളിൽ ഹൈസ്കൂൾ അധ്യാപകർ അയൽക്കൂട്ട പ്രവർത്തകർക്കൊപ്പം ഇടയ്ക്കിടെ വീടുകൾ സന്ദർശിക്കുകയും ചെയ്തു. രക്ഷിതാക്കൾ നിരന്തരമായി സ്കൂളുമായി ബന്ധപ്പെടുന്ന ശീലവുമുണ്ടായി. 96,97 വർഷ ത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ഗുരുകുലം സമഗ്ര വിദ്യാഭ്യാസ പരിപാടി കോംപ്ലക്സിൻെറ നേതൃത്വത്തിൽ ഫലപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്നു എസ്എസ്എൽ.സി വിദ്യാർത്ഥികളെ ഉദ്ദേശിച്ച് നടപ്പാക്കിയ കഴിഞ്ഞവർഷം നടത്തിയ പ്രവർത്തനം പാലയാട് ഹൈസ്കൂളിലെ വിദ്യാഭ്യാസസമിതിയുടെ നേതൃത്വത്തിൽ വാർഡ് തലത്തിൽ നിലവിലുള്ള വിദ്യാഭ്യസ സമിതികളുടെ സഹായത്താൽ ഈ വർഷവും തുടരുന്നു. എല്ലാവാർഡുകളിലും സ്കൂളുകളിലും വിദ്യാഭ്യാസസമിതികൾ പ്രവർത്തിച്ചുവരുന്നു. വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള അയൽകൂട്ടങ്ങളെ തനിച്ച് പ്രവർത്തനക്ഷമമാക്കാനും വൈവിധ്യമാർന്നപരിപാടിൾ നടപ്പിലാക്കാനും പ്രാപ്തരാക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിൽ കൊഴിഞ്ഞുപോക്ക് തുലോം കുറവാണ്. എഴാംതരം കഴിഞ്ഞ് ഹൈസ്കൂളുകളിൽ പ്രവേശനം നേടാത്ത ഒരുവിഭാഗം കുട്ടികൾ പഞ്ചായത്തിൽ ചില വാർഡുകളിൽ ഉള്ളത് വിദ്യാഭ്യാ സപ്രവർത്തകരുടെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ അയൽ കൂട്ടസമിതിയുടെ പ്രവർത്തനം സജ്ജീവമായാൽ 15വയസ്സിൽ താഴെയുള്ള എല്ലാകുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നുണ്ട് എന്നുറപ്പാക്കാൻ കഴിയും.

പ്രശ്നങ്ങൾ

1. സ്കൂളുകളിലെ മോശമായ ഭൗതീക സാഹചര്യം.
2. തൃപ്തികരമല്ലാത്ത പഠനനിലവാരം
3. ജീവിതഗന്ധിയല്ലാത്ത പഠനസമ്പ്രദായം
4. കുട്ടികൾ നഗര കേന്ദ്രീകൃത വിദ്യാലയങ്ങളിലേക്ക് പോകുന്നു.
5. ഇംഗ്ലീഷ് മീഡിയത്തോടുള്ള ആഭിമുഖ്യം.
6. അംഗൻവാടികളുടേയും നേഴ്സറി വിദ്യാലയങ്ങളുടേയും കുറവ്.
7. കുടിവെള്ള സൗകര്യവും മൂത്രപ്പുരയും ഇല്ല.
8. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ

കുറവ്

9. ഹയർസെക്കൻററി വിദ്യാലയങ്ങളില്ല.
10. തൊഴിൽ അതിഷ്ഠിത കോഴ്സുകൾ ഇല്ല.
11. കളിസ്ഥലങ്ങളില്ല.
12. പ്രവർത്തനക്ഷമമല്ലാത്ത ചില രക്ഷാകർതൃസംഘങ്ങൾ .
13. സജീവമല്ലാത്ത പാഠാനുബന്ധ പ്രവർത്തനങ്ങൾ.
14. തുടർ വിദ്യാഭ്യസപരിപാടികൾ ഇല്ല.
15.സ്കൂളുകളിൽചുറ്റുമതിലുകൾ ഇല്ല.
16. കാലപ്പഴക്കം ചെന്ന ഫർണ്ണിച്ചറുകളും കെട്ടിടങ്ങളും

സാധ്യതകൾ

1. ശാസ്ത്രീയമായ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിദ്യാലയങ്ങൾ എല്ലാവാർഡിലും സ്ഥാപിക്കുക.
2അധ്യാപകർക്ക് പുനഃപരിശീലനം നടത്തുക
3. കലാകായികരംഗം പഞ്ചായത്ത് തലത്തിൽ പ്രോത്സാഹിപ്പിക്കാൻ മത്സരങ്ങൾ നടത്തുക.
4. ഔദ്യോഗികതലത്തിലും ജനകീയ തലത്തിലും മോണിറ്ററിങ്ങ് നടത്തുക
6. അക്കാദമിക പരിശോധന ഔദ്യോഗികതലത്തിൽ തന്നെ നടത്തുക.
7. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം ലഭ്യമാക്കുക.
8. സ്കൂളുകളുടെ അറ്റകുറ്റപ്പണി നടത്തുക
10 വിദ്യാഭ്യാസനിധി രൂപീകരിക്കുക.
11 ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ മാനേജരും നാട്ടുകാരും യോജിച്ച പ്രവർത്തനം സംഘടിപ്പിക്കുക.
12. രക്ഷാകർത്തൃസമിതികളുടെയും മാതൃസംഘങ്ങളുടേയും പ്രവർത്തനം സജീവമാക്കുക.
13 ഗുരുകുല പദ്ധതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.
14. പഠനോപകരണങ്ങൾ നിർമ്മിക്കാൻ ശില്പശാല
15 അയൽ കൂട്ടസമിതിയെ സ്വയം പര്യപ്തമാക്കുക.
16 വിദ്യാലയങ്ങൾക്ക് ചുറ്റുമതിലുകൾ സ്ഥാപിക്കുക.
17 വായനശാലകളുടെയും ലൈബ്രറികളുടെയും പ്രവർത്തനം സജ്ജീവമാക്കുക ഹോം ലൈബ്രറി പ്രവർത്തനം
18. ശുചിത്വം ആരോഗ്യപരിപാലനം, ക്ഷേമപ്രവർത്തനം എന്നിവയിൽ ബോധവൽക്കരണം, പഠനക്ലാസ് നടത്തുക



4–5

കുടിവെള്ളം പൊതുജനാരോഗ്യം

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ മുന്ന്ഭാഗം ഉപ്പു വെള്ളം ഒഴുകുന്നപ്പുഴയും പടിഞ്ഞാറുഭാഗം അറബിക്കടലും മാണ്. ഓരു ജലം കയറുന്നതിനാൽ മഴക്കാലത്തും വേനൽ കാലത്തും ഒരു പോലെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ധാരാളംമുണ്ട്. ഉയർന്ന കുന്നുകളും സമതലങ്ങളും ചേർന്ന ഭൂപ്രകൃതിയോടു കൂടിയ ധർമ്മടം ഗ്രാമത്തിൽ ഉയർന്നകുന്നിൻ പ്രദേശങ്ങളിൽ ഡിസമ്പർ മാസം ആവുന്നതോടെ കുടിനീർക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്ര വിഭാഗം ജനങ്ങൾക്കു സാമ്പത്തീക പരാധീനത കാരണം ആഴമുള്ള കിണറുകൾ കുഴിക്കുക സാധ്യമല്ല. വേനൽ ക്കാലം ആകുന്നതോടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും അര കി. മി മുതൽ ഒന്നര കി. മി വരെ ദൂരയുള്ള പൊതു കിണർ. പൊതു ടേപ്പ് സ്വകാര്യ കിണർ എന്നിവയെയാണ് ശുദ്ധജലാവശ്യങ്ങൾ ക്കുവേണ്ടി ആശ്രയിക്കുന്നത്. ഇങ്ങനെ 1500ഓളം കുടുംബങ്ങൾ സ്ഥിരമായി ശുദ്ധ ജലത്തിന് ഈ പൊതു സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്.

ഈ പഞ്ചായത്തിൽ കേരള ജല അതോറിറ്റി വക 7 ശുദ്ധജല വിതരണ പദ്ധതികളുണ്ട്. തലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ഗ്രാമപഞ്ചായത്താ ഫീസിനടുത്തുള്ള സബിൽ വെള്ളം എത്തിച്ച് ബ്രണ്ണൻ കോളേജ് ഗ്രൗണ്ടിലുള്ള ടാങ്ക് വഴി വിതരണം നടത്താൻ ഉദ്ദേശിച്ചു ള്ള വലിയ പദ്ധതിയാണ് അവയിലൊന്ന്. ഇപ്പോൾ തലശ്ശേരി പദ്ധതിയിൽ നിന്നും ആവശ്യത്തിന് വെള്ളം ലഭിക്കാതായതോടെ നരിവയൽ എന്ന സ്ഥലത്ത് ഒരു വലിയ കിണർ കുഴിച്ച് ഈ പദ്ധതിയിലേക്ക് പമ്പ് ചെയ്യുന്നുണ്ടെ ങ്കിലും വേനൽ കാലത്ത് വിതരണം ചെയ്യുന്നതിനാവശ്യമായ വെള്ളം ഉണ്ടാകാറില്ല. സ്വാമിക്കുന്ന്, അട്ടാരക്കുന്ന്, ഹൈ ദ്രോസ് പറമ്പ്, കടപ്പുറം ഭാഗങ്ങളി ലേക്ക് ധർമ്മടം സത്രത്തിനടുത്തുള്ള കിണറിൽ നിന്നും വിത രണ കുഴലിലേക്ക് നേരിട്ട് പമ്പ് ചെയ്യുന്നു. അംബേദ്ക്കർ കോളനി, ബ്രണ്ണൻ കോളേജ് ഗ്രൗണ്ട് എന്നീ

സ്ഥലങ്ങളിലേ കുഴൽ കിണറുകളിൽ നിന്നും ആ പ്രദേശങ്ങളിലേക്ക് പമ്പിങ്ങ് നടത്തുന്നുണ്ട്. മേലൂർ താന്നിവയൽ എന്നസ്ഥലത്തെ കിണറിൽ നിന്നും മേൽ പറഞ്ഞ വലിയ പദ്ധതിയിലേക്ക് പമ്പിങ്ങ് നടതുന്നുണ്ട്. അണ്ടലൂർ,പരീക്കടവ് എന്നീസ്ഥലങ്ങളിൽ സ്വതന്ത്രമായ രണ്ട് ഗ്രാമീണശുദ്ധജല വിതരണ പദ്ധതികളുമുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങ ളുടെ ശുദ്ധജല ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഇവയൊന്നും പര്യാപ്തമല്ല. പദ്ധതിയിലാകെ 171 പൊതു ടാപ്പുകളും 415 ഹൗസ് കണക്ഷനുകളും നിലവിലുണ്ട്.ശുദ്ധജലം ആവശ്യത്തിന് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ അണ്ടലൂർ ഒഴികെയുള്ള പദ്ധതികളിൽ നിന്നും ഇപ്പോൾ വീടുകളിലേക്ക് കണക്ഷൻ നൽകുന്നത് നിർത്തിയിരിക്കുന്നു.

പ്രശ്നങ്ങൾ.

1. ഉപ്പു വെള്ളം കാരണം ശുദ്ധജലക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ ഒന്നാം വാർഡിലുണ്ട്.
2. യൂനിവേഴ്സിറ്റി കാമ്പസ് പരിസരം മലവിസർജ്ജനത്തിന് ജനങ്ങൾ ഉപയോഗിക്കുന്നത് കാരണം സമീപ പ്രദേശങ്ങളിലെ കിണർ ജലം മലിനമാകുന്നു.
3. പുതുവയൽ,വെള്ളാറ്റിൽ, അംഗനവാടിക്കു സമീപം, മുല്ലപ്രം, കാടത്തുനി ഭാഗങ്ങളിൽ കുടിനീർക്ഷാമം ഉണ്ട്.
4. ചെറിയ തുണ്ട്ഭൂമികളിൽ കക്കൂസും കിണറും അടുത്തടുത്ത് നിർമ്മിക്കുന്നതിനാൽ കിണറിലെ വെള്ളം മലിനമാകുന്നത് കൊണ്ട് നാലാം വാർഡിലെ ജനങ്ങൾക്ക് മലിന ജലം ഉപയോഗിക്കേണ്ട അവസ്ഥയുണ്ട്.
5. ഏലിപ്രം തോടിനപ്പുറം കുടി വെള്ളക്ഷാമം ഉണ്ട്.
6. അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഹരിജൻ കോളനി, ലക്ഷം വീട് കോളനി സമീപത്തുള്ള ഉയർന്ന പ്രദേശങ്ങളിലും വേനൽ കാലത്ത് ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.
7. വേനൽകാലങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ 6,7 എന്നീ വാർഡുകളിൽ ഉണ്ട്.
8. ഏഴാം വാർഡിലെ കുന്നുമ്പ്രം ഭാഗങ്ങളിൽ കടുത്ത കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.
9. തോടുകളിലും, താഴ്ന്നപ്രദേശങ്ങളിലും മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നതിനാൽ എട്ടാം വാർഡിലെ നുരുമ്പിൽ പ്രദേശത്തെ കിണർ ജലം മലിനമാകുന്നു. ഇവിടങ്ങളിൽ വേനൽകാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.
10. 9 ാം വാർഡിലെ ഭൂരിഭാഗം സ്ഥലങ്ങളും ഉയർന്നപ്രദേശം ആയതിനാൽ വേനൽകാലത്ത് കടുത്ത കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.
11. സ്വാമിക്കുന്ന്, ഹൈദ്രോസ് പറമ്പ്, കടപ്പുറം ഭാഗങ്ങൾ സ്ഥിരമായി ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. വാട്ടർ അതോറിറ്റി വക പമ്പ് ഹൗസിൽ നിന്നു വിതരണ കുഴലിലേക്ക് നേരിട്ട് ജലം പമ്പ് ചെയ്യുന്നതിനാൽ പമ്പിങ്ങ് സമയത്ത് മാത്രമെ വെള്ളം ലഭിക്കുകയുള്ളു ഇടയ്ക്കിടെ പൈപ്പു പൊട്ടുന്നത് സാധാരണമാണ്.
12. വേനൽക്കാലങ്ങളിൽ ഒരു കിലോമീറ്റർ ദൂരം വരെ പോയി ശുദ്ധജലം ശേഖരിക്കേണ്ട അവസ്ഥ 10 ാം വാർഡിലെ ആളുകൾക്കുണ്ട്.
13. അട്ടാരം കുന്നിൽ വേനൽ കാലത്തും മഴക്കാലത്തും ഒരേ പോലെ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.
14. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ദാരിദ്ര്യ കുടുംബങ്ങൾക്ക് സാമ്പത്തീക പരാധീനത കാരണം ആഴമുള്ളകിണർ കുഴിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്.

സാദ്ധ്യതകൾ.

1. സ്ഥിരമായി ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വൻകിട പദ്ധതികൾക്കു പകരം ഒരോ വാർഡുകളിലും ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുക.

2. മഴക്കാലത്ത് വെള്ളം കടലിലേക്കും പുഴയിലേക്കും ഒഴുകി പോകുന്നത് തടയണകൾ കെട്ടി സംരക്ഷിക്കുക.

3. ബ്രണ്ണൻ കോളേജ് ഗ്രൗണ്ടിൽ വിശാലമായ തടയണ കെട്ടി ജലം സംഭരിച്ചു വെക്കുന്നത് വേനൽക്കാലത്ത് സമീപ പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ലഭിക്കുന്നതിന് സഹായകരമാകും.

4. ധർമ്മടം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ജലവിതരണ പദ്ധതികൾ കാര്യക്ഷമമാക്കുക.

5. നിലവിലുള്ള കിണറുകളുടെ ആഴം കൂട്ടുകയോ പുതിയ കിണർ, കുളം എന്നിവകുഴിച്ചും ജലവിതരണസംവിധാനം മെച്ചപ്പെടുത്തുക.

6. ഇപ്പോൾപൈപ്പ്ലൈനുകൾഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി പൈപ്പുകൾ ഇടുകയും, പൊതുടാപുകളും, ഹൗസ് കണകഷനുകളും നൽകുകയും ചെയ്യുക.

7 ഓരു ജലം കയറുന്നത് തടയുന്നതിന് മേലൂർ - ഒഴയിൽ പദ്ധതി അടിയന്തിരമായും നടപ്പിലാക്കുക.

8. ഏലിപ്രം തോട്ടിൽ കൂടി മഴവെള്ളം ഒഴുകി പോകുന്നത് തടഞ്ഞുനിർത്തി സമീപത്തെ വയലിൽ ജലാശയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.

9. പൊട്ടിയ പൈപ്പുലൈനുകളും, ടാപ്പുകളും നന്നാക്കിക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കുക.

10. ശുദ്ധജലം, കൃഷി മറ്റുഗാർഹിക ഇതര ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കുന്നത് തടയുക.

11. റോഡരികിൽ വാഹനങ്ങൾ കഴുകുന്നതിനും മറ്റും ധാരാളം വെള്ളം ഉപയോഗിക്കുന്നതിനാൽ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ കർശന നടപടിയെടുക്കുക.

12. കിണറുകളിലെ വെള്ളം ശാസ്ത്രീയമായി പരിശോധിച്ച് ശുദ്ധീകരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

13. കക്കൂസില്ലാത്തതിനാൽ ജനങ്ങൾ പൊതു സ്ഥലങ്ങളും, ആൾപാർപ്പില്ലാത്ത സ്വകാര്യ ഭൂമികളും മല വിസർജ്ജനത്തിനം ഉപയോഗിക്കുന്നതിനാൽ പരിസരത്തെ കിണർ ജലം മലിനപ്പെടുന്നതു തടയാൻ കക്കൂസ് നിർമ്മിച്ച് നൽകുന്നതിന് സംവിധാനം ഉണ്ടാക്കണം. പുതുതായി കിണർ കുഴിക്കുന്നതിന് മേലൂർ ശിവക്ഷേത്രത്തിലേക്ക് പോകുന്നറോഡിലേ കുന്നുമ്പ്രം എന്നസ്ഥലം അനുയോജ്യമാണ്.

14. അഞ്ചാം വാർഡിലെ അംബേദ്ക്കർകോളനി, കോളേജ് ഗ്രൗണ്ട് എന്നിവിടങ്ങളിലെ കുഴൽ കിണറുകളിൽ നിന്നും ഒരേസമയത്ത് പമ്പിങ്ങ് നടത്തി ഉയർന്ന സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പു വരുത്തുക.

15. ഉയർന്നും താഴ്ന്നും കിടക്കുന്ന ഭൂപ്രകൃതിയായതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ മാത്രം പൈപ്പു വെള്ളം കിട്ടുന്നതൊഴിവാക്കാൻ വാഴ്വുകൾ സ്ഥാപിച്ച് ജലവിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് ഉയർന്നപ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസപ്രദമാണ്.

16. വാട്ടർഅതോറിറ്റി വക പമ്പ് ഹൗസുകൾ പ്രവർത്തിക്കുന്നത് വൈദ്യുതിയെ ആശ്രയിച്ചാകയാൽ കറണ്ടില്ലാത്ത സമയങ്ങളിൽ പമ്പിങ്ങ് നടത്തുന്നതിന് ഡീസൽ ഇഞ്ചിനുകൾ സ്ഥാപിക്കുക.

17. പഞ്ചായത്തുവകയുള്ള പൊതുകിണറുകൾ ഉപയോഗ ശൂന്യമായവ അടിയന്തര ശ്രദ്ധ പതിപ്പിച്ച് ശുചിയാക്കുകയും ശുദ്ധജലാവശ്യങ്ങൾക്കുപയുക്തമാക്കുകയും വേണം.

18. 9 ാം വാർഡിൽ ലക്ഷം വീട് സ്ഥിതി ചെയ്യുന്നിടത്തെ പഞ്ചായത്തുവക ഭൂമിയിലഠ ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച അതുവഴി ജലവിതരണം നടത്തുന്നത് ഒരളവുവരെ ജലക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമാണ്. കടപ്പുറം ഭാഗത്തും, ചാത്തോടം റോഡിലും കിണർ കുഴുക്കുന്നതിന് സ്ഥലം ലഭ്യമാണ്. കിണർ കുഴിക്കുന്നതിന് പഞ്ചായത്ത് തെയ്യാറാവുകയാണെങ്കിൽ ബഹുജന പങ്കാളിത്തം ഉണ്ടാകും.

പൊതുജനാരോഗ്യം:

ധർമ്മടം ഗ്രാമപഞ്ചായത്തിൽ സർക്കാർ വക ഒരു ആയുർവ്വേദ ഡിസ്പൻസറി, ഒരു പ്രഥമമിക ആരോഗ്യ കേന്ദ്രം (പി. എച്ച്. സി) രണ്ട് ഇ. എസ്. ഐ (ഒന്ന് ബീഡി തൊഴിലാളികൾക്കായുള്ള) നാല് കുടുംബ ക്ഷേമ കേന്ദ്രങ്ങൾ എന്നിവ ഉണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മതിയായ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിന് ഈ ആരോഗ്യകേന്ദ്രങ്ങൾ പര്യാപതമല്ല. ഈ ഗ്രാമത്തിലുള്ള മുഴുവൻ രോഗികളും വിദഗ്ധ ചികിത്സക്കായി 6 കി. മീ ദൂരെയുള്ള തലശ്ശേരി ജനറൽ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ആശുപത്രി സൗകര്യമില്ല.

1994ലാണ് ധർമ്മടം പ്രാഥമിക ആരോഗ്യ കേന്ദ്രം (പി.എച്ച് . സി.) സ്ഥാപിതമായത് പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന്റെ കീഴിലാണ് ഈസ്ഥാപനം പ്രവർത്തിക്കുന്നത്. കേന്ദ്ര ഗവണ്മെൻറും, സംസ്ഥാന ഗവണ്മെൻറും തുടങ്ങി വെച്ച ആരോഗ്യ പദ്ധതികൾ പി എച്ച്. സി യിലെ മെഡിക്കൽ ഓഫീസറുടെ മേൽ നോട്ടത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലെ ആരോഗ്യ പ്രവർത്തകരിൽ കൂടി നടപ്പിലാക്കി വരുന്നു. പി. എച്ച്. സിയിൽ ഔട്ട് പേഷ്യൻറ് ചിക്ത്സയാണ് നൽകി വരുന്നത് വയറിളക്ക രോഗത്തിനുള്ള പ്രത്യേക പാനീയം (ഒ. ആർ. എസ്സ്) , കിണറുവെള്ളം ശുചിയാക്കുന്നതിനുള്ള ബ്ലീച്ചിങ്ങ് പൗഡർ.വിവധതരം ആൻറീ ബയോട്ടിക്കുകൾ, മറ്റു അത്യാവശ്യ മരുന്നുകളും സൗജന്യമായി നല്കിവരുന്നു.

പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും രോഗ പ്രതിരോധ കുത്തിവെപ്പ് ലഭിക്കുന്നതിനാൽ പോളിയോ തുടങ്ങിയ വൈകല്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. ശിശു മരണ നിരക്ക് കേരള ശരാശരിയേക്കാൾ കുറവാണ്. കുട്ടികളിൽ പോഷകാഹാര കുറവ് കാണുന്നില്ല. ജനന നിരക്ക് നിയന്ത്രണ വിധേയമാണ്. 55%ത്തിലധികം ദമ്പതികൾകുടുംബാസൂത്രണ മാർഗ്ഗംസ്വീകരിച്ചവരാണ്.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ:

1. ഇരുപത് വർഷത്തിലേറെയായി ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിക്ക് സൗകര്യ പ്രദമായ കെട്ടിടം ഇല്ല.
2. ഡിസ്പെൻസറിയിൽ വരുന്ന രോഗികൾക്കും ജീവനക്കാർക്കും ഉപയോഗിക്കാവുന്ന തരത്തിൽ ഒരു കക്കൂസില്ല.
3. മരുന്നുകൾ സൂക്ഷിക്കാനുള്ള മുറികൾ ഇല്ല.
4. ദിവസം പ്രതി നൂറിലേറെ രോഗികൾ വരുന്ന ഈഡിസ്പൻസറിയിൽ വിതരണത്തിനാവശ്യമായ മരുന്നുകൾ ലഭിക്കാത്തത് രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.
5. ധർമ്മടം പ്രാഥമികാരോഗ്യ കേന്ദ്രം(പി എച്ച് സി) ഇപ്പോൾ പ്രവർത്തിക്കുന്നത് ഒരു താല്ക്കാലിക കെട്ടിടത്തിലാണ്. മരുന്നുകളും ആശുപത്രി ഉപകരണങ്ങളും സൂക്ഷിക്കുന്നതിന് സ്ഥലസൗകര്യം തീരെ കുറവാണ്. ലാബറട്ടറിസൗകര്യവും ഇല്ല.
6. പഞ്ചായത്തിൽ സ്ഥിരമായ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെങ്കിലും വയറിളക്കം ചെങ്കണ്ണ് എന്നീ രോഗങ്ങൾ കണ്ടു വരുന്നുണ്ട്.
7. 5ാം വാർഡിൽ ചിലർക്ക് ചർമ്മരോഗങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.
8. രക്ത സമ്മർദ്ദവും, പ്രമേഹ രോഗവും വർദ്ധിച്ചു വരുന്നതായി കാണുന്നു.

സാദ്ധ്യതകൾ:

1. ആയർവ്വേദ ആശുപത്രിക്ക് അനുയോജ്യമായ ഒരു പുതിയ കെട്ടിടം പണിയുക.
2. ദേശീയ പാതയോട് ചേർന്നിരിക്കുന്ന ഈ കെട്ടിടത്തിന് താൽക്കാലിക സംവിധാനമെന്നനിലയിൽ പ്രവേശന കവാടം പുനഃസംവിധാനം ചെയ്യുകയും, ഒരു കക്കൂസ് നിർമ്മിക്കുകയും വേണം.

3. രോഗികൾക്കാവശ്യമായ മരുന്നുകൾ എത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

4. മരുന്നുകൾ പാകം ചെയ്യുന്നതിന് എൽ പി ജി അടുപ്പുകളും, മരുന്നുകൾ സൂക്ഷിക്കു ന്നതിന് പാത്രങ്ങളും അനുവ ദിക്കുക.

5. ഈ ഡിസ്പൻസറി ഒരു ആയുർവ്വേദ ആശു പത്രിയാക്കി ഉയർത്തുന്നത് ഗ്രാമത്തിലെ ദരിദ്ര വിഭാഗം രോഗികൾക്ക് എറെ ആശ്വാസ പ്രദ മായതിനാൽ അടിയന്തിര ശ്രദ്ധപതിപ്പിക്കേ ണ്ടതാണ്.

6. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് (പി എച്ച് സി) പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തി ന്റെ പണിഉടനെപൂർത്തീകരിക്കുക.

7. പുതുതായി പണിയുന്ന കെട്ടിടത്തിൽ ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുക.

8. ഈ ആരോഗ്യ കേന്ദ്രത്തെ പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ നിന്നും വേർപെടുത്തി സ്വതന്ത്രമായ ഭരണചുമതല നല്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

9. ആരോഗ്യപ്രവർത്തകരെ പി എച്ച് സി ക്ക് കീഴിലാക്കുക. ഇവരുടെ ഗൃഹസന്ദർശനം തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമാക്കുക.

10. നിലവിലുള്ള ഒഴിവുകളിൽ ഉടൻ നിയമനം നടത്തുക.

11 5000 പേർക്ക് ഒരു കുടുംബക്ഷേമകേന്ദ്രം എന്ന നിലയിൽ കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുക.

12. പി എച്ച് സി യിലെ സൗജന്യ മരുന്നുകളും സേവനവും പരമാവധി പ്രയോജനപെ ടുത്തുക.

13. ഒരു ഹോമിയോ ആശുപത്രിയും പ്രകൃതി ചികിത്സാ കേന്ദ്രവും മനുഷ്യന്റെ കായിക വും മാനസികവും ആയ വികാസത്തിന് ഒരു യോഗ കേന്ദ്രവും ആരംഭിക്കുക.

14. ഇന്ന് പല ചികിത്സാരീതികളും ആരോ ഗ്യസ്ഥാപനങ്ങളും ഉണ്ടെങ്കിലും അരോഗ ദൃഢഗാത്രരായ ജനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇതിന്റെ കാരണം കണ്ടുപിടിച്ച് പരി ഹാരം തേടുകയായിരിക്കണം ഗ്രാമതല ത്തിലുള്ള ചികിത്സാ സമ്പ്രദായത്തിന്റെ ഉ ത്തമ ലക്ഷ്യം.

15. ആരോഗ്യ സ്ഥാപനങ്ങളെല്ലാം കൂടി പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു കൂരക്കു കീഴെ പ്രവൃത്തിക്കുന്ന രീതിയി ലായിരിക്കണം. ഈ സംവിധാനം ഡോക്ടർ മാരുടെ അഭിപ്രായ സമന്വയത്തിൽ രോഗിക ൾക്ക് ചികിത്സ നിർദ്ദേശിക്കുന്നതിന് സഹായകരമായിരിക്കും.

16. ചികിത്സാ വിഭാഗങ്ങൾക്കെല്ലാം കൂടി 25 പേരെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി പ്രവൃത്തിക്കുന്ന ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യ വിഭാഗം ജീവ നക്കാരെ ഉൾപ്പെടുത്തി ഒരു ബോധവ ൽക്കരണ പദ്ധതി തയ്യാറാക്കണം.

18. സാമൂഹ്യ പ്രവർത്തനങ്ങൾ, അദ്ധ്യാപകർ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, റിട്ടേർഡ് ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർ ത്തകർ എന്നിവരെ ഉൾപെടുത്തി 1000 പേർക്ക് പത്ത് എന്നതോതിൽ ആരോഗ്യ സഹായ സന്നദ്ധസേന രൂപീകരിക്കുക.

19. ജനങ്ങളുടെ തെറ്റഅയ ജീവിതരീതി, ആഹാരം. പരിസരശുചിത്വം, രോഗങ്ങളെ കുറിച്ചുള്ള ഉതക്ണ അനാവശ്യ ചികിത്സാ എന്നിവയെ പറ്റിയെല്ലാം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

20. മദ്യപാനം. പുകവലി, വെറ്റിലമുറുക്ക് എന്നീദുശ്ശീലങ്ങൾ വഴിയുണ്ടാകുന്ന രോഗങ്ങളെ പറ്റിഅറിവു നൽകുക.

21. ആരോഗ്യ സന്നദ്ധസേനകൾ വഴി വിദ്യാലയങ്ങൾ, തൊഴിൽ ശാലകൾ, കുടും ബസദസ്സുകൾഎന്നിവടങ്ങളിൽ ആരോഗ്യ ക്ലാസുകൾ നടത്തുക.

22. ആരോഗ്യ സന്നദ്ധസേനകൾക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുന്ന തിന് ഡോക്ടർമാരുടെ സഹായം തേടുക.

ശുചിത്വം.

ഈ പഞ്ചായത്തിൽ 25%ത്തിലധികം

.വീടുകളിൽ സുചിത്വമുള്ള കക്കൂസി ല്ലജനങ്ങൾ തിങ്ങിപാർക്കുന്ന കടലോര മേഖലകളിലും ലക്ഷം വീട് കോളനികളിലു മാണ് കക്കൂസില്ലാത്ത വീടുകൾ കൂടുതലു ള്ളത്. മലവിസർജ്ജനത്തിന് വെളിപറമ്പുകൾ ഉപയോഗിക്കുന്നത് പരിസര മലിനീകരണ ത്തിനിടയാകുന്നു.

പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ അഴുക്ക് ചാലുകൾ ഫലപ്രദമല്ല. മലിനജലം ഒഴുകി പോകാതെ ഓടകളിൽ കെട്ടിക്കിടക്കുന്നത് കൊതുകകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു.
2. ഹോട്ടലുകൾ മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മലിനവസ്തുക്കൾ റോഡരുകിൽ കൂട്ടിയിടുന്നത് പരിസരമലിനീക രണത്തിനിടയാകുന്നു.
3. പഞ്ചായത്തിലെ മത്സ്യ മാർക്കറ്റുകളുടെ പുറത്തുവച്ചുള്ള മത്സ്യവില്പന പൊതു സ്ഥലങ്ങൾ മലിനപ്പെടുത്തുന്നതിന് ഇട യാക്കുന്നു.
4. മിക്കവീടുകളിലും മലിനജലം ഒഴുക്കുന്നതിന് സംവിധാനമില്ലാത്തതിനാൽ വെള്ളം കെട്ടി കിട ന്ന് കൊതുകുകൾ വർദ്ധിക്കുന്നു.
5. പഞ്ചായത്തിൽ പൊതു ശ്മശാനം ഇല്ല.

സാധ്യതകൾ:

1. റോഡരുകിലെ അഴുക്കു ചാലുകൾ വൃത്തിയാക്കുകയും മലിനജലം കെട്ടികിട ക്കുന്നത് തടയുകയും ചെയ്യുക. വീടുകളിൽ മലിനജലം ഒഴുക്കുന്നതിനും,മലിനവസ്തുക്കൾ കമ്പോസ്റ്റാക്കി മാറ്റുന്നതിനും സംവിധാനം ഏർപ്പെടുത്തുക.
2. കൊതുകുകൾ പെരുകുന്നത് തടയുവാൻ പഞ്ചായത്തുതലത്തിൽ മരുന്നു തളി സമ്പ്രദായം കാര്യക്ഷമമാക്കുക.
3. ഹോട്ടലുകളും മറ്റു വ്യാപാരസ്ഥാപനങ്ങളും മലിന വസ്തുക്കൾ റോഡരുകിൽ കൂട്ടിയിടുന്നത് തടയുക.
4. മത്സ്യ മാർക്കറ്റിന് പുറത്തുവെച്ചുള്ള മത്സ്യ വില്പന തടയുക.
5. റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഒരു മത്സ്യമാർക്കറ്റ് ഉണ്ടാക്കുക.
6. റോഡരുകിൽ വെച്ചുള്ള വാഹനം കഴു കലും, റിപ്പേറും തടയുക.
7. ഹോട്ടലുകളിലെ പഴകിയ ഭക്ഷണ പദാർഥങ്ങളുടെ വില്പന തടയുക.
8. സ്കൂളുകൾക്കരികിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഉന്തു വണ്ടികളിലും വിൽക്കുന്ന ശീതള പാനീയങ്ങൾ, ഐസ്ക്രീം എന്നിവയുടെ ഗുണമേന്മ പരിശോധിക്കുക.
9. ധർമ്മടം റെയിൽവേ സ്റ്റേഷൻ, മീത്തലെ പീടിക, ചിറക്കുനി തുടങ്ങിയ സ്ഥലങ്ങളിൽ പാഴ്വസ്തുക്കൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുകയും,യഥാസമയം നീക്കം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തുക.
10. ചിറക്കുനിയിൽ ഒരു പൊതു കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കുക.
11 പഞ്ചായത്തിൽ പൊതുശ്മശാനത്തിന്റെ അഭാവം കാരണം ധാരാളം കുടുംബങ്ങൾക്ക് ശവദാഹം നടത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അടിയന്തിരമായി ഒരു പൊതു ശ്മശാനം നിർമ്മിക്കണം.
12. സ്വന്തമായി കക്കുസില്ലാത്ത കുടും ബങ്ങൾക്ക് അവ നിർമ്മിക്കുവാൻ സർക്കാർ നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻ സികൾ വഴിയോ സൗജന്യമായിട്ടോ സബ് സിഡിയോടുകൂടിയതോ ആയ വായപ അനു വദിക്കുക.
13. സ്ഥല പരിമിതികാരണം ലക്ഷം വീട് കോളനികളിൽ നിർമ്മിക്കുന്ന കക്കൂസുകൾക്ക് പൊതു ടാങ്ക് അഭികാമ്യമാണ്.
14. ജലദൗർലഭ്യമുള്ളതിനാൽ ലക്ഷം വീട് കോളനികളിൽ പൊതുകക്കൂസ് എന്ന സംവി ധാനം വിജയ പ്രദമാകില്ല.

4–6 ഗതാഗതം,ഊർജം,മാർക്കറ്റ്

ധർമ്മടം ഗ്രമപഞ്ചായത്ത് മൂന്ന് ഭാഗം പുഴകളും ഒരു ഭഗം കടലിനാലും ചുറ്റപ്പെട്ടു കിടക്കുന്നു 10.6789 sqr k.m (4 sqr mile) ചുറ്റളവുള്ള ഒരു ദ്വീപാണ് 1900 മാണ്ടിൻറ ആദ്യദശകത്തിൽ തന്നെ ഈപ്രദേശത്ത് ചെറിയതോതിൽ റോഡ് ഗതാഗതം ജലഗതാഗതത്തിനൊപ്പംനില നിന്നിരുന്ന. ഈ പ്രദേശത്തിൻറെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട് ജലഗതാഗതം വളരെ വിപുലമായിരുന്നു. ചുരുങ്ങിയ കലത്തിന്നുള്ളിൽ വളരെയധികം ഭൗതിക പുരോഗതി നേടിയെടുത്ത ഈ പ്രദേശം റോഡ് ഗതാഗതകാര്യ ത്തിൽ വളരെ മുന്നിലാണ്. ഗവൺമെൻറ ബ്രണ്ണൻ കോളേജ്, ജില്ലാ അദ്ധ്യാപക പരിശീലന കേന്ദ്രം (DIET) തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രസിദ്ധങ്ങളായ അണ്ടലൂർകവ്, മേലൂർ അമ്പലം എന്നീ ദേവാലയങ്ങൾ, ധർമ്മടം റെയിൽവെ സ്റ്റേഷൻ ഇൻറസ്ട്രീയൽ എസ്റ്റേറ്റ് തുടങ്ങിയവ യുടെ സാനിദ്ധ്യം ധർമ്മടത്തിൻറെ ഗതാഗതവികസനം ത്വരിതപ്പെടുത്തിന്നതിൽ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

ഇന്ന് മൃതാവസ്ഥയിൽ കാണുന്ന ധർമ്മടെറെയിൽവേസ്റ്റേഷൻ കയറുല്പന്നങ്ങളുമായി ബന്ധപ്പെട്ട ചരക്കുഗതാഗതത്തിനും ജനങ്ങളുടെ യാത്രാ സൗകര്യത്തിനും നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു.

ജനങ്ങൾ കച്ചവടത്തിനും യാത്രാ സൗകര്യത്തിനും പ്രധാനമാ യി ആശ്രയിച്ചിരുന്ന ജലഗതാഗതം റോഡ്ഗതാഗതം പുരോഗമിക്കാൻ തുടങ്ങിയതോടു ക്കൂടി അപ്രധാനമായി

റോഡ്ഗതാഗതം

ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ അകെ 49.58 കീ.മീ.നീളത്തിൽ റോഡുണ്ട്. അതിൽ ഒരു കീ.മീറ്റർ നളമുള്ള നേഷനൽ ഹൈവേ(NH17) പഞ്ചായ ത്തിൻറെ തെക്ക് ഭാഗത്ത് കൂടെ കടന്നുപോക്കുന്നു. 8.55 കീ.മീറ്റർ നീളമുള്ള PWD റോഡും 40.03 കീ.മീറ്റർ നീളമുള്ള പഞ്ചായത്ത് റോഡ് ഇവ പഞ്ചായത്തിൻറെ ഗതാഗത ശൃംഖലയുടെ ഭാഗമാണ്.

നിലവിലുള്ള റോഡുകളുടെ എണ്ണം, ഉടമസ്ഥത, നീളം, വീതി,തരം ഇവ കാണിക്കുന്ന പട്ടിക താഴെക്കൊടുത്തിരിക്കുന്നു

(അവലംബം പഞ്ചായത്ത് റോഡ് രജിസറ്റർ)

ക്രമ നമ്പർ	റോഡിന്റെ പേര്	നീളം	വീതി	തരം
1	ദേശീയ പാത	1കി.മീ	-	താർ
2	പി.ഡ്ബ്ല്യൂഡി റോഡ്			
	□ മീത്തലെ പീടിക മേലൂർ റോഡ്	5.250കിമി	8മീ	താർ
	□ അണ്ടലൂർ-ഫെറി	1.700കി.മീ	8മീ	താർ
	□ ചിറക്കുനി- അണ്ടലൂർ കാവ്	1.600കി.മി	8മീ	താർ
	ആകെ	8.550 പിഡ്ബ്ലൂഡി റോഡ്		

പഞ്ചായത്ത് റോഡുകൾ (ആകെ 67 എണ്ണം)

1	യൂനിവേഴ്സിറ്റി സെൻറർ-അണ്ടലൂർക്കാവ്	1.500കിമി	8മീ	താർ
2	ചിറക്കുനി-ധർമ്മടം റയിൽവേസ്റ്റിഷൻ	1.300കിമി	6മീ	,,
3	കോളേജ്-ഹരിജൻ കോളനി	600മീ	6മീ	,,
4	സത്രം-സ്വാമിക്കുന്ന്-ചാത്തോട്-മൊയ്തുപാലം	2.750കമി	6മീ	,,
		6.150കിമി		
5	ഹരജൻ കോളനി-അണ്ടലൂർക്കാവ്	1.810കിമി	6മീ	മെറ്റൽ
6	മേലൂർ-ബോട്ട് ജെട്ട റോഡ്	1.200കിമി	4മീ	ചരൾ
7	മേലൂർ മുള്ളൻ മാളി	500മീ	4മീ	,,
8	മേലൂർ-മുണ്ടക്കൽ	500മൂ	4മീ	,,
9	മേലൂർ-കിഴക്കുംഭാഗം	900മീ	4മീ	,,
10	മേലൂർ-പുതുവയൽ	700മീ	4മീ	,,
11	മേലൂർ-ടെമ്പിൾ റോഡ്	700മീ	3.5മീ	,,
12	ചിറക്കുനി-ഏലിപുറം റോഡ്	250മീ	3	,,
13	കേളോത്ത് പറമ്പ്-ഈസ്റ്റ് പാലയാട്	1.200കി.മി	4മീ	,

14	വെള്ളൊഴുക്ക്-ഹരിജൻ കോളനി	600മീ	3മീ	ചരൾ
15	ചീനാൻ വീട്-കോളേജ് ഗ്രൗണ്ട്	550 മീ	3മീ	ചരൾ
16	ലക്ഷം വീട്-ഈസ്റ്റ് പാലയാട്	800മീ	4മീ	,,
17	ഹരിജൻ കോളനി, മുതലക്കല്ല്	1200മീ	3മീ	,,
18	ഹരിജൻ കോളനി-തുലാപറമ്പ്	100മീ	3മീ	,,
19	കോളേജ് കാൻറീൻ-പനങ്കാവ് ഹരിജൻ കോളനി	300മീ	3മീ	,,
20	കോളേജ് കാൻറീൻ-ഹരിജൻ കോളനി	200മീ	3മീ	,,
21	പാലയാട് ലക്ഷം വീട് എൻ.എസ്എസ്	210മീ	3മീ	,,
22	മാങ്ങോട്ടിൽ റോഡ്	300മീ	3മീ	,,
23	കുഞ്ഞിചിറത്ത് റോഡ്	370മീ	3മീ	,,
24	മുല്ലപ്രം റോഡ്	250മീ	4മീ	,,
25	നടുവിലോതിവീട് ഒഴയൽ ഭാഗം	600മീ	3മീ	,,
26	താഴെപീടിക-മാപ്പിള സ്കൂൾ	300മീ	6മീ	,,
27	സി.കെ.പീടിക ഒഴയൽ ഭാഗം	250മൂ	3മീ	,,
28	ഈത്താമണിയിൽ റോഡ്	325മീ	3മീ	,,
29	മാങ്കാവ് റോഡ്	225മീ	3മീ	,,
30	മീത്തലെപീടിക-പരീക്കടവ്	525മീ	4മീ	,,
31	കേരളാ പ്രോഡക്ട് തയ്യിൽ കുന്നുമ്പ്രം സ്വാമികുന്ന്	1000മീ	4മീ	,,
32	സ്വാമികുന്ന്-കടപ്പുറം റോഡ്	300മീ	3മീ	,,
33	വട്ടക്കല്ല്റോഡ്	100മീ	6മീ	,,
34	സ്വാമികുന്ന്-അട്ടരകുന്ന്	675മീ	3മീ	,,
35	മാരയമ്മൽ കോലിൽ റോഡ്	320മീ	3മീ	,,
36	സ്വാമികുന്ന്-പൊട്ടൻകാവ്	150മീ	3മീ	,,
37	സ്വാമികുന്ന്-വിളക്കത്താൻ വയൽ	350	3മീ	,,
38	പുത്തൻ വീട്റോഡ്	300മീ	3മീ	,,
39	അട്ടാരകുന്ന് വലിയ തോട്	500മീ	3മീ	,,
40	അട്ടാരകുന്ന് വിളക്കത്താൻ വയൽ	1000മീ	3മീ	,,
41	കോറണേഷൻ സ്കൂൾ വിളക്കത്താൻ വയൽ	200മീ	3മീ	,,
42	പുന്നവീട് ധർമ്മടം കള്ളുഷാപ്പ്	350മീ	3മീ	,,
43	ധർമ്മടം റയിൽവേസ്റ്റേഷൻ റോഡ്	90മീ	6മീ	,,
44	കോളേജ് പാതിരിപ്പള്ളി റയിൽ റോഡ്	600മീ	4മീ	,,
45	കോളേജ് ബേസിക് റോഡ് (എൻ.സി.സി.റോഡ്)	500മീ	4മീ	,,
46	അരയാൽ താഴെ റോഡ്	250മീ	4മീ	,,
47	കോളേജ് സ്റ്റേഷൻ റോഡ്	550മീ	4മീ	,,
48	കളത്തിൽ ചെട്ടിയാർ വീട്	200മീ	3മീ	,,
49	നങ്ങാരത്ത് റോഡ്	550മീ	3മീ	,,
50	കാരായി റോഡ്	120മീ	3മീ	,,
51	അണ്ടലൂർ പലേരി വീട്	150മീ	3മീ	,,
52	തളിയാരത്ത് വയൽ	200മീ	3മീ	,,
53	ഓണപ്പറമ്പ് വീട് റോഡ്	100മീ	3മീ	,,
54	മേലൂർ കീഴോത്ത്	500മീ	3മീ	,,
55	മേലൂർ ഒതയോത്ത്	500മീ	3മീ	,,
	ആകെ ചരൾറോഡുകളുടെ എണ്ണം	51 - 23.350കിമീ		

56	മേലൂർ കോളാട്ടു പാലം	1070മീ	5മീ	മണ്ണ്
57	മേലൂർ മുഴപ്പിലങ്ങാട് കടവ്	400മീ	3മീ	,,
58	താഴെക്കാവ് കോളാട്ടു പാലം	600മീ	6മീ	,,
59	എസ്റ്റേറ്റ് അണ്ടലൂർക്കാവ്	1000മീ	3മീ	,,
60	കുറാറ മൈതാനം - പുഴക്കര റോഡ്	400മീ	3മീ	,,
61	വെള്ളൊഴുക്ക്-നരിവയൽ	300മീ	3മീ	,,
62	അണ്ടലൂർ കുനിയിൽ കൗവയിൽ റോഡ്	200മീ	4മീ	
,,				
63	അണ്ടലൂർ-കാളിയിൽ	600മീ	4മീ	,,
64	ഒഴയിൽ ഭാഗം-റയിൽ റോഡ്	300മീ	4മീ	,,
65	വേലാണ്ടി വീട്ഒഴയിൽ ഭാഗം കിണറം കണ്ടി	2500മീ	6മീ	,,
66	ബോട്ട്ജട്ടി-നൂരുമ്പിൽ ബീച്ച്-പരീക്കടവ്	1350മീ	6മീ	,,
	ആകെ 11റോഡുകൾ	8,720കീമി		

പണിനടന്നുകൊണ്ടിരിക്കുന്ന റോഡുകൾ

1	ചിറക്കുനി-ഏലിപ്രം റോഡ്	1.500 കിമി
2	മേലൂർ പോസ്റ്റ് ഓഫീസ്-നാഗത്താൻ	1.0000കിമി
3	കോറണേഷൻ-പുത്തൻപുര	1.500 കിമി.
	ആകെ നാല് റോഡ്	5.500കിമി

പ്രശ്നങ്ങൾ:-

പൊതുവെ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്

1. താഴ്ന്നപ്രദേശത്ത് കൂടി കടന്നുപോകുന്ന റോഡുകൾ മഴക്കാലത്ത് വെള്ളം കയറി ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു.
2. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവവും നിലവിലുള്ളവ പ്രവർത്തനരഹിത മായികിടക്കുന്നതും കാണാം
3. പഴയ ഇടവഴികളും മറ്റും ഫൂട്പാത്തുകളും റോഡുകളുമായിത്തീരുന്നതിനാൽ മഴവെള്ളം കെട്ടിക്കിടന്ന് റോഡുകൾ തകരുന്നു.

ഗ്രാമസഭകളിൽ നിന്ന് ഗതാഗത വികസനത്തി നായി ധാരാളം നിർദ്ദേശങ്ങൾ ഉയർന്നു വന്നി ട്ടുണ്ട്.. അതാത് പ്രദേശത്തിന്റെ സ്ഥിതിഗതി കളുംആവശ്യകതയും കണക്കിലെടുത്ത് ആവശ്യമായ പുതിയ റോഡുകൾ നിർമി ക്കേണ്ടതുണ്ട്.

ഗ്രാമസഭയിൽ ഉയർന്നുവന്ന പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	കോഡ് നമ്പർ	റോഡിന്റെ പേര്
1	1	മേലീർ പി.ഡബ്ല്യൂ റോഡിന് കിഴക്കുള്ള പഞ്ചായത്ത് റോഡുകളെ ബന്ധിച്ചുകൊണ്ട് റോഡ
2	1	കലാമന്ദിരം-കോളാട് റോഡ്
3	2	എസ്റ്റേറ്റ്-പടിഞ്ഞാറ് പുഴക്കര റോഡ്

4	3	ശിശുമന്ദിരം- കിഴക്കെ വയൽ റോഡ്
5	4	പപ്പൻ മാസ്റ്ററുടെ വീട് മുതൽ- യൂനിവേഴ്സിറ്റി സെൻറർ വയൽ റോഡ്
6	5	ചന്ദ്രന്റെ പീടിക മുതൽ-പുഴക്കര മുഴപ്പിലങ്ങാട് കടവ് റോഡ്
7	1	നേഷണൽ സർക്കസ് റോഡ്-പുഴക്കര റോഡ്
8	2	മുളിയിൽ കരുണൻ മാസ്റ്ററുടെവീട്-എസ്റ്റേറ്റ് അണ്ടലൂർക്കാവ് ബന്ധിച്ച്
9	3	കൂളിക്കുളം-പുഴക്കര റോഡ്
10	1	വംഗണ പറമ്പ്-ഹരിജൻ കോളനിറോഡ്
11	1	ധർമ്മടം എരഞ്ഞോളി പഞ്ചായത്ത് ബന്ധിപ്പിച്ച റോഡ്
12	2	അണ്ടലൂർ കിഴക്കും ഭാഗം റോഡ്
13	1	കിഴക്കെ പാലയാട്-പഞ്ചായത്ത് കിണർ മുതൽ കിഴക്കോട്ട്
14	2	പാലയാട് ഈസ്റ്റ് ജൂനിയർ ബേസിക് സ്കൂൾ റോഡ്
15	1	ഇ.എസ്ഐക്ക് സമീപം കിഴക്കുഭാഗത്തെ റോഡ്
16	2	ഒഴയിൽ ഭാഗം പുഴക്കര റോഡ്
17	3	പരപ്രത്ത് - ഇഞ്ചിപ്പറമ്പ്
18	1	പൊട്ടൻ കാവിന് പിൻവശം
19	1	ധർമ്മടം ഐസ് ഫാക്ടറി-വിളക്കത്താൻ വയൽ
20	2	ധർമ്മടം എൻ.എച്ച്റോഡ്-പാലയാട് റോഡ് ബന്ധിപ്പിച്ച് അണ്ടർ ബ്രിഡ്ജ് വഴി റോഡ്

ഗ്രാമസഭയിൽ ഫുട്ട്പാത്ത് നിർമ്മിക്കാൻ ഉയർന്നുവന്ന നിർദ്ദേശം.

കൂറാറ മൈതാനത്തിന് തെക്ക്വശത്തു കൂടി (ടൗൺബേങ്ക് ശാഖക്ക് സമീപത്തുകൂടി) പുഴക്കരവരെ കാർ പോകാനുള്ള സൗകര്യത്തോടു കൂടിയ ഫുട്ട്പാത്ത് നിർമ്മാണം

സാധ്യതകൾ

1. പഞ്ചായത്തിൽ ഉയർന്നു വന്ന പുതിയറോഡുകളുടെയും ഫുട്ട്പാത്തുകളുടെയും നിർമാണത്തിനായി പൂർണ്ണമായ ജനപങ്കാളിത്തവും ഫണ്ടും പ്രയോജനപ്പെടുത്താവുന്നതാണ്.
2. വെള്ളം കെട്ടിനിൽക്കുന്ന റോഡുകളിൽ കൾവർട്ടുകൾ കെട്ടാൻ സാധിക്കണം.
3. താഴ്ന്ന റോഡുകൾ ഉയർത്താനുള്ള സാധ്യതകൾ പരിശോധനാവിധേയമാക്കാം. ഇതിൽ പ്രധാനമായത് ഇ.എസ്.ഐക്കും, പഞ്ചായത്ത്ഓഫീസിനും, വെള്ളൊഴുക്കി നിടയിലും,ഡയറ്റിന് സമീപമുള്ള കൂളിക്കുളം ഭാഗം,കൂറാറ മൈതാനിക്ക് സമീപമുള്ളപ്രദേശങ്ങൾ എന്നിവ.
4. ഈ പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ ചെയ്യുന്നതിന് സന്നദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക സഹായവും സ്വീകരിക്കാനുള്ള സാധ്യത പരിശോധിക്കണം.
5. ഓവുചാലുകൾ വൃത്തിയാക്കുന്നതിന് സ്ഥിരമായ സംവിധാനം നിലനിർത്താനുള്ള സാധ്യത ആരായണം
6. മമ്മാക്കുന്ന് പാലം നിർമ്മാണവും ധർമ്മടം ഓവർ ബ്രിഡ്ജിന്റെ പുനർനിർമ്മാണം

തലശ്ശേരിയിൽ നിന്ന് കണ്ണൂരിലേക്ക് റയിൽവേ കുരുക്കിൽ പ്പെടാതെ സമയവും ദൂരവും കുറക്കാൻ മമ്മാക്കുന്ന് കടവിൽ പാലം നിർമ്മിക്കാനുള്ള ദീർഘനാളത്തെ ആവശ്യത്തിന്റെ സാക്ഷാൽക്കാരത്തിനായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശം അടിയന്തിര പ്രാധാന്യത്തോടെ ശ്രമിക്കേണ്ടതുണ്ട്. ധർമ്മടം ഉൾപ്പടെ രണ്ടോ മൂന്നോ പഞ്ചായത്തുകൾ ഇതിന്റെ ഗുണഭോക്താക്കളാണ്. ഇതോടൊന്നിച്ച് ധർമ്മടം മീത്തലെ പീടിക മേലൂർ റോഡ് വീതികൂട്ടേണ്ടുന്നതിന്റെ പ്രവർത്തനം നടക്കേണ്ടതുണ്ട്. ഇതോടൊന്നിച്ച് ദീർഘനാളായി അപകടാവസ്ഥയിൽ തുടർന്നു

കൊണ്ടിരിക്കുന്ന ധർമ്മടം പാലം ഓവർബ്രിഡ്ജ് ഇവ വീതികൂട്ടി പുനർനിർമ്മിക്കേണ്ടുന്ന ആവശ്യം സാധ്യമാക്കണം.

7. ധർമ്മടം മൊയ്തു പാലം പുനർനിർമ്മിക്കാനുള്ള സാധ്യത ആരായാം.

8. നിർദ്ദിഷ്ട മാഹി ബൈപ്പാസ്സ് ഹൈവേ റോഡിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് വളരെപെട്ടന്ന് പണിതീർക്കുന്നതിനുവേണ്ടി എന്തെല്ലാം പ്രവർത്തനം നടത്താൻ സാധിക്കും എന്നകാര്യം പരിശോധിക്കണം.

9. മേലൂർ വടക്ക് ബസ്റ്റാൻറ് നിർമ്മിക്കുന്നതിനുള്ള ആവശ്യവും എല്ലാബസ്സ് ഷെൽട്ടർ ഇല്ലാത്ത ബസ്സ്സ്റ്റോപ്പിലും ജനപങ്കാളിത്തത്തോടെ ബസ്ഷെൽട്ടർ നിർമിതിക്കുള്ള സാധ്യത പരിശോധനാ വിധേയമാക്കാം.

റയിൽ ഗതാഗതം

പടുതിരിക്കത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ റയിൽ ഗതാഗത വികസനം റയിൽ വേസ്റ്റേഷൻ നഷ്ടപ്പെടുന്ന അവസ്ഥ യിലാണ് എത്തിനിൽക്കുന്നത്. താരതമ്യേന മോശമല്ലാത്ത അവസ്ഥയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം കുറച്ചുകാലമായി മുരടിപ്പ് കാണിക്കാൻ തുടങ്ങിയിട്ട്. റയിൽവേസ്റ്റേഷൻ തന്നെ എടുത്തുകളയാനുള്ള നീക്കം നടന്നിരുന്നു വെങ്കിലും തൽകാലത്തേക്ക് റയിൽവേസ്റ്റേഷൻ നിലനിർത്തിരിക്കയാണ്. ടിക്കറ്റ് വിൽപ്പന നഷ്ടത്തിലാണെന്ന കാരണത്താൽ സ്റ്റാഫിനെ നിയമിക്കാൻ പോലും ശ്രമിക്കാതെ സ്വകാര്യവ്യക്തികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിവരികയാണ്. ജീവിതത്തിന്റെ നാനാമേഖലയേയും ബാധിച്ച ഈ പ്രശ്നം നമ്മുടെ പലപരമ്പരാഗത വ്യവസായങ്ങളേയും വേരോടെ പിഴുതുമാറ്റിക്കഴിഞ്ഞിരിക്കയാണ്.

പ്രശ്നങ്ങൾ

1. രണ്ടോ മൂന്നോ ലോക്കൽ ട്രെയിനുകൾ മാത്രമെ ഇവിടെ നിർത്താറുള്ളൂ

2. ഈ മേഖലയെ ആശ്രയിച്ചിരുന്ന പലരും ഇന്ന് റോഡ് ഗതാഗതത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. പ്രത്യേകിച്ചും ചരക്ക് ഗതാഗതം.

3. റയിൽവേ ലൈനുകളുടെ അവസ്ഥ കേരളത്തിൽ പൊതുവേ മൊശമായ അവസ്ഥയിലാണല്ലോ. ഇവിടെയും സ്ഥിതി മറിച്ചല്ല.

4. ബ്ലോക്കോഫീസിനു സമീപത്തുകൂടിയും ഒഴയൽ ഭാഗത്തുകൂടിയുമാണ് രണ്ട് റയിൽ റോഡ് ക്രോസുകൾ ഉള്ളത്. ഇത് രണ്ടും സുരക്ഷിതമല്ല.

5. റയിൽവേസ്റ്റേഷനിലേക്ക് പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ളവർക്ക് എത്തിപ്പെടാൻ നേരിട്ട് ബസ് റൂട്ട് ഇല്ലാത്തത് ഒരു പ്രശ്നമാണ്.

സാധ്യതകൾ

1, ധർമ്മടം റയിൽവേസ്റ്റേഷന്റെ ഇന്നത്തെ ശോച്യാവസ്ഥ മാറ്റി എടുക്കാൻ വേണ്ടുന്ന പ്രവർത്തനം നടത്തണം.

2 കണ്ണൂർ വരെ പോകുന കണ്ണൂർ എക്സ്പ്രസ്സ് കോയമ്പത്തൂർ ഫാസ്റ്റ് പസഞ്ചർ തുടങ്ങിയ ട്രെയിനുകൾ ഇവിടെ നിർത്തിക്കാൻ വേണ്ട ശ്രമം നടത്തണം.

3. എല്ലാ ലോക്കൽ ട്രെയിനുകളും ഇവിടെ നിർത്തികടന്നുപോകാനുള്ള സാഹചര്യം ഉണ്ടാക്കണംമ.

4. റയിൽവേയെ ആശ്രയിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം.

5. റോഡിനെ കൂടുതലായി ആശ്രയിക്കുന്നതിനാൽ നിത്യസംഭവമായ ഈ കാലത്ത് റയിൽവേയെ ജനങ്ങൾ കൂടുതൽ ആശ്രയിക്കുമ്പോൾ ഉണ്ടാകുന്ന ഗുണ ഫലങ്ങൾ ബോധ്യപ്പെടുത്തികൊടുക്കണം. അപ്പോൾ റയിൽവേസ്റ്റേഷന്റെ നടത്തിപ്പിലുള്ള നഷ്ടം പരിഹരിക്കാനും ആ മേഖലയിൽ ഉയർച്ച ഉണ്ടാക്കുവാൻ സാധിക്കുകയും ചെയ്യും.

6. നേഷണൽ ഹൈവേയെ ഹൈസ്കൂൾ റോഡുമായി ഒരു അണ്ടർ ബ്രിഡ്ജ് വഴി

ബന്ധിപ്പിച്ചാൽ ഭൂരിഭാഗം വരുന്ന വടക്കുഭാഗത്ത് താമസിക്കുന്ന ജനങ്ങൾക്ക് എളുപ്പത്തിൽ റയിൽവേ സ്റ്റേഷനിൽ എത്തിപ്പെടാൻ സാധിക്കുകയും അത് മേൽപ്പറഞ്ഞബോധവൽക്കരണം തുടങ്ങിയ കാര്യങ്ങളെ എളുപ്പമാക്കുകയും ചെയ്യും.

ജലഗതാഗതം

ജനങ്ങൾ പണ്ട് കാലത്ത് ചരക്ക് കടത്തിനും യാത്രാ സൈകര്യത്തിനും ജലഗതാഗതത്തെയായിരുന്നു പ്രധാനമായും ആശ്രയിച്ചിരുന്നത്.
അതിന്റെ സ്ഥാനം ഇന്ന് റോഡും റയിൽവേയും കൈയ്യടക്കിനിൽക്കുകയാണ് ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിക്ക് അനുസൃതമായി അഞ്ചോ ആറോ കടത്തുകൾ ഉണ്ടായിരുന്നെങ്കിലും ഇന്നിപ്പോൾ സ്ഥിരമായി പ്രവർത്തിക്കുന്ന രണ്ടോമൂന്നോ കടവുകൾ മാത്രമേ ഉള്ളൂ.

കടത്തിന്റെ സ്ഥാനത്ത് റോഡും പാലവും നിർമ്മിച്ചതാണ് ഇതിന്റെ കാരണം.

പ്രശ്നങ്ങൾ

1. കടത്തുകളൊക്കെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.
2. ചരക്ക്കടത്തിനും ഗതാഗതത്തിനും മറ്റ് മേഖലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജല ഗതാഗതം ചിലവേറിയതാണ്.

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ ധർമ്മടം തുരുത്തുമായി ബന്ധപ്പെട്ട് ടൂറിസം വികസനത്തിനുള്ള സാധ്യതയുണ്ട്. അത് ഉപയോഗപ്പെടുത്തുമ്പോൾ ജലഗതാഗതത്തെ ആ മേഖലയിലേക്ക് മാറ്റാനുള്ള സാധ്യത ആരായണം.
2 ജല ഗതാഗത സൗകര്യം ചുരുങ്ങിയ ചിലവിൽ ലഭ്യമാക്കിയാൽ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നകാര്യത്തിൽ മുന്നേറാൻ സാധിക്കും. ഇത് പരിശോധനാ വിധേയമാക്കണം.

ഊർജ്ജം

മനുഷ്യൻ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഒരു വലിയ പ്രശ്നമാണ് ഊർജ്ജ പ്രതിസന്ധി. മനുഷ്യ സംസ്ക്കാരത്തെ പുരോഗതിയിലെ ത്തിക്കുന്നതിനുള്ള രാസത്വരകമായി പലപ്പോഴും പ്രവർത്തിക്കാറുള്ളത് ഈ പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗത്തിന്റെ അന്വേഷണമാണ്. നാം ആശ്രയിച്ചു കൊണ്ടിരിക്കുന്ന പഴയ ഊർജ്ജ സ്രോതസ്സുകളൊക്കെ വറ്റിക്കൊണ്ടി രിക്കയാണ്.

നമ്മുടെ പഞ്ചായത്തിൽ ഭക്ഷണം പാകം ചെയ്യുന്നതിനും വെളിച്ചത്തിനും പ്രധാനമായും ആശ്രിയക്കുന്നത് വിറക്, വൈദ്യുതി മണ്ണെണ്ണ എന്നിവയാണ്. ഇതിൽ വിറകിന് തന്നെയാണ് പ്രഥമസ്ഥാനം. പാചക വാതകവും ജൈവവസ്തുക്കളും മണ്ണെണ്ണയും ആശ്രയിക്കുന്ന വീടുകളും ധാരാളമുണ്ട്. ഊർജ്ജുപഭോഗവുമായി ബന്ധപ്പെട്ട പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്. (അവലംബം പ്രാഥമിക സർവ്വെ)

ക്രമനമ്പർ	പ്രധാനമായി ഉപയോഗിക്കുന്ന ഇന്ധനം	ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം	
		പാചക ആവശ്യം	വെളിച്ചത്തിന്
1	വിറക്	32.14	-
2	കേരവസ്തുക്കൾ	683	-
3	മണ്ണെണ്ണ	183	733
4	ഗ്യാസ്	353	-
5	വൈദ്യുതി	13	3707
6	ജൈവാവശിഷ്ടം	11	-

വൈദ്യുതി ഉപഭോഗം താരതമ്യേന ഉയർന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. മൊത്തത്തിൽ 4459 വീടുകൾ ഉള്ളതിൽ 273 വീടുകൾ 100യൂണിറ്റിനുമുകളിൽ പ്രതിമാസം വൈദ്യുതി ഉപയോഗിക്കു ന്നവയാണ്. 1309 വീടുകൾ 100 യൂണിറ്റിനുതാഴെയും 30 യൂനിറ്റുമുകളിലും, 752 വീടുകൾ 30വരെയും യൂനിറ്റു വൈദ്യുതി ഉപയോഗിക്കുന്നു. (അവലംബം പ്രാഥമിക സർവ്വെ)

പൊതു ഉപഭോഗം കണക്കിലെടുക്കുമ്പോൾ തെരുവുവിളക്കുകളായി 350 ബൾബുകളും 28 ഫ്ളൂറസൻറ് ട്യൂബുകളും 8 ഫ്ലൂറസൻറ് ലാമ്പുകളും ഉപയോഗിക്കുന്നു. 1995-96വർഷത്തിൽ ഈ ഇനത്തിലെ ചിലവ് 61, 373 രൂപയാണ്. അതായത് പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൻെറ 3.86% (അവലംബം ഇലക്ട്രിസിറ്റി ഓഫീസ് രജിസ്ററർ.

പാചക വാതക ഉപഭോഗകാര്യത്തിൽ 529 കുടുംബങ്ങൾ പ്രതിമാസം ഒരു സിലിണ്ടറുപയോഗിക്കുന്നവരും 38 കുടുംബങ്ങൾ ഒന്നിൽ കൂടുതൽ സിലിണ്ടർ ഉപയോഗിക്കുന്നവരുമാണ്.മണ്ണെണ്ണ 2 ലിറ്റർ ഉപയോഗിക്കുന്ന 2902ഉം 2ലിറ്ററിൽ കൂടുതൽ ഉപയോഗിക്കുന്ന 1490കുടുംബങ്ങളും ഉണ്ട്.

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നിന്ന് ഇതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

1. ഏറ്റവും പ്രധാനമായി ഉയർന്നുവന്ന പ്രശ്നം വോൾട്ടേജ് ക്ഷാമവും ഉയർന്ന വൈദ്യുത ഉപഭോഗവുമാണ്.
2. തെരുവുവിളക്കുകളുടെ ദൗർലബ്യം വലിയ പ്രശ്നമാണ്.പ്രധാനപ്പെട്ട പലറോഡുകളിലും തെരുവുവിളക്കുകൾ ഉണ്ടാകാറില്ല. തെരുവുവിളക്കുകൾ ഉള്ള സ്ഥലത്താണെങ്കിൽ ചിലപ്പോൾ പകൽ സമയത്തുപോലും പ്രകാശിക്കുന്നതായും ചില സ്ഥലങ്ങളിൽ വിളക്ക് തെളിക്കാൻ പോലും ശ്രദ്ധിക്കാത്തതും കാണാറുണ്ട്.
3. വൈദ്യുതി ലൈനുകളിൽ സമീപത്തുള്ള മരത്തിൻെറ ചില്ലകളിൽ തട്ടി പലപ്പോഴും വിതരണത്തെ ബാധിക്കാറുണ്ട്.
4. അമിതമായ വിറക് ഉപഭോഗം പരിസ്ഥിതി പ്രശ്നം അടക്കമുള്ള പ്രതിസന്ധിയെ ഉയർത്തുന്നു.

സാധ്യതകൾ

1. വോൾട്ടേജ് ക്ഷാമവും പ്രസരണത്തിലുള്ള പ്രശ്നവും പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും അടുത്തുള്ള പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുകയും വേണം.
2. വൈദ്യുതി ഉപഭോഗം കുറക്കാൻ ഫ്ലൂറസെൻറ് ബൾബുകളും ട്യൂബുകളും ഉപയോഗിക്കാൻ ജനങ്ങളിൽ പ്രേരണ ചെലുത്തണം. സൗരോർജ്ജത്തെ ഏത് അളവ് വരെഉപയോഗിക്കാൻ പറ്റുമെന്ന് പഠിക്കുകയും ചുരുങ്ങിയ ചിലവിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിളക്കുകൾ തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യണം.
3. വൈദ്യുത ലൈനുകൾക്ക് സമീപത്തുള്ള മരങ്ങൾ മുറിച്ചുനീക്കാൻ സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗിക്കണം.
4. തെരുവുവിളക്കുകൾ സംരക്ഷിക്കുവാനും പ്രവർത്തിപ്പിക്കാനും വേണ്ടി ഒരു സ്ഥിരം സംവിധാനം ഓരോ പ്രദേശത്തും ഉണ്ടാക്കണം.
5. അനർട്ടിൻെറ വിവിധ തരം അടുപ്പുകൾ വിളക്കുകൾ തുടങ്ങിയവക്ക് പ്രചാരണം നൽകുകയും സബ്സീഡി നിരക്കിൽ ഇവ ലഭ്യമാക്കുകയും വേണം.
6, അമിതമായ വിറക് ഉപഭോഗത്തെ നിരുത്സാഹപ്പെടുത്തുകയും പകരം ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ ഉപയോഗിക്കേണ്ടിന്നതിൻെറ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്താൽ

പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

7. ജൈവവസ്തുക്കളിൽ നിന്നും ഗ്യാസുൽപാദിപ്പിക്കുവാൻ ജനങ്ങളെ സഹായിക്കുകയും കുറഞ്ഞ നിരക്കിൽ ഉൽപാദിപ്പിക്കുവാൻ ജനങ്ങൾക്ക് സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയും വേണം.

മാർക്കറ്റ്

എന്തും വിറ്റഴിക്കാൻ പറ്റിയ ഒരു മാർക്കറ്റായിത്തീർന്നിരിക്കയാണ് ഇന്ന് കേരളം എന്ന് പറയാറുണ്ട്. പുത്തൻ സാമ്പത്തിക ഉപഭോഗസംസ്ക്കാരത്തിന്റെ ചുവട് പിടിച്ച് നാമും അനുദിനം ആ ദിശയിലേക്ക് നീങ്ങികൊണ്ടിരിക്കയാണ്. നമ്മൾ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾക്കാണെങ്കിൽ ന്യായമായ വില ലഭിക്കുന്നുമില്ല.

4 മത്സ്യമാർക്കറ്റുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ ധാരാളം കച്ചവട സ്ഥാപനങ്ങളും ഇവിടെ പ്രവർത്തികുന്നുണ്ട്. മത്സ്യമാർക്കറ്റിൽ നിന്ന് പഞ്ചായത്തിന് 1996-97 വർഷത്തിൽ ഏകദേശം 100 രൂപ വരുമാനമുണ്ടായിരുന്നു.

പ്രശ്നങ്ങൾ

1. നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ സംഭരിച്ച് വിൽപ്പന നടത്താനുള്ള ഒരു മാർക്കറ്റിന്റെ അഭാവം ഈ പഞ്ചായത്തിലുണ്ട്. ഉൽപാദകന്റേയും ഉപഭോക്താവിന്റേയും ഇടയിൽ പ്രവർത്തിക്കുന്ന ദല്ലാളന്മാരുടെ ഉപദ്രവം ഒരു വലിയ പ്രശ്നമാണ്.



2. പല സാധനങ്ങൾക്കും വേണ്ടി അടുത്ത പട്ടണങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയുണ്ട്.

3. മത്സ്യം മാർക്കറ്റിന്റെ പുറത്ത് വെച്ച് മത്സ്യം വിൽക്കുന്ന ഒരു പ്രവണത എല്ലാ മാർക്കറ്റിലും കാണാറുണ്ട്. മാർക്കറ്റുകൾക്ക് പരിമിത മായ സൗകര്യം മാത്രമെ ഉള്ളു.

4. മാർക്കറ്റിന്റെ ശുചിത്വമില്ലായ്മ പരിസര മലിനീകരണ പ്രശ്നം പോലും ഉയർത്താറുണ്ട്.

സാധ്യതകൾ

1. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഉൽപാദകനേയും ഉപഭോക്താവിനേയും രക്ഷിക്കാൻ വേണ്ടി ആഴ്ച ചന്തകളും പച്ചക്കറി മാർക്കറ്റുകളും സ്ഥാപിക്കണം.

2. ചിറക്കുനിയിൽ അണ്ടലൂർ റോഡിന് സമാന്തരമായി ഒരു ഷോപ്പിംങ്ങ് കോപ്ലക്സ് നിർമ്മിക്കാനുള്ള സാധ്യത ആരായണം.

3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേലൂരിലേയും ചിറക്കുനിയിലേയും മത്സ്യമാർക്കറ്റ് മാറ്റിസ്ഥാപിക്കണം. ചിറക്കുനിയിലെ മത്സ്യമാർക്കറ്റ് നിർദ്ധിഷ്ട നേഷണൽ ഹൈവേയുടെ സമീപത്തായി സ്ഥാപിക്കാനുള്ള ഒരു നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അത് പരിശോധിക്കണം.

4. മീത്തലെ പീടികയിലെ മത്സ്യമാർക്കറ്റ് അടിയന്തിരമായും റിപ്പേർ ചെയ്യണം.

5. ധർമ്മടം റയിൽവേ സ്റ്റേഷന് സമീപം ഒരു മത്സ്യമാർക്കറ്റ് നിർമ്മിക്കാനുള്ള സാധ്യത ആരായണം.

6. മാർക്കറ്റുകൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാക്കാൻ ശ്രദ്ധിക്കുകയും മാർക്കറ്റിനുപുറത്തുള്ള മത്സ്യവിൽപ്പന കർശനമായി തടയുകയും വേണം.

7. ശുചിത്വപരിപാലനത്തിന് അടിയന്തിരനട പടികൾ കൈക്കൊള്ളുകയും വേണം

4–7

പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന് ഭക്ഷണം വസ്ത്രം എന്നിവയെപ്പോലെ തന്നെ പ്രാധാന്യമുള്ള ഒന്നാണ് പാർപ്പിടം. എല്ലാ കുടുംബങ്ങൾക്കും മിനിമം സൗകര്യങ്ങളോടു കൂടിയ പാർപ്പിടം ലഭ്യമാക്കുക എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. ധർമ്മടം പഞ്ചായത്തിൽ നിലവിലുള്ള വീടുകളുടെ നില പരിശോധിച്ചാൽ 80% വും ചെറുകിട ഭവനങ്ങളാണ്. വൻകിട വീടുകൾ 20% വരും. 80 കുടുംബങ്ങൾ കുടിലുകളിൽ താമസിക്കുന്നവരാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ മാത്രമേ ഉള്ളൂ. വിവിധ പദ്ധതികളിൽ നിന്നുള്ള സാമ്പത്തീക സഹായം ഉപയോഗപ്പെടുത്തിയാണ് വലിയൊരു ഭാഗം ആളുകൾ വീടു വെച്ചിട്ടുള്ളത്. വീട് നിർമ്മാണ രംഗത്ത് കോൺക്രീറ്റ് വീടുകളോടുള്ള ആഭിമുഖ്യം വളരെ കൂടുതലാണ്. ഈ ഭ്രമം കൂടിവരികയാണ്. ആളുകൾക്ക് വീടുകളോടുള്ള സങ്കൽപ്പത്തിൽ വലിയ മാറ്റം വന്നിരിക്കുന്നു. സ്വീകരണമുറി, ശയന മുറികൾ, അടുക്കള തുടങ്ങിയ സൗകര്യങ്ങളുള്ള വലിയ വീടുകളോടുള്ള താൽപ്പര്യം കൂടി വരുന്നു. ഗൾഫുകാരെ അനുകരിച്ച് വീട് നിർമ്മിക്കാൻ ശ്രമിച്ച പലരും കടം വീട്ടാൻ ജീവിതത്തിലെ വരുമാനത്തിന്റെ ഏറിയ പങ്കും പാർപ്പിടത്തിന് വേണ്ടി നീക്കി വെക്കേണ്ടി വരുന്നു. കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യ ചെലവുകൾ വളരെ കൂടുതലുണ്ടെന്നാണ് വിദഗ്ധാഭിപ്രായം. മിക്ക വീടുകൾക്കും അടിത്തറ ഒരുക്കുന്നത് 1500 വർഷത്തെ ദീർഘവീക്ഷണത്തോടെയാണ്. കട്ടില, ജനൽ എന്നിവയ്ക്കുള്ള ചെലവ് ഇന്നത്തേതിൽ നിന്ന് നാലിലൊന്നായി ചുരുക്കാൻ കഴിയും.

ധർമ്മടം പഞ്ചായത്തിലെ വീടുകളുടെ സ്ഥിതിവിവരം

മേൽക്കൂര ഓല	ഷീറ്റ്	ഓട്	കോൺക്രീറ്റ്	മറ്റുള്ളവ	ആകെ
342	24	2886	1198	9	4459

ഭിത്തി ഓല	മണ്ണ്	മരം/ഷീറ്റ്	ഇഷ്ടിക/കല്ല്	ആകെ
80	990	73	3316	4459

തറ ചാണകം	സിമൻറ്	മൊസെയ്ക്	മറ്റുള്ളവ	ആകെ
1238	2734	433	54	4459

വിസ്തീർണ്ണം 200 സ്ക്വയർ ഫീറ്റിനു താഴെ	200 to 500	500 to 1000	1000 to 1500	1500ന് മുകളിൽ	ആകെ
1497	1776	903	238	45	4459

മലവിസർജ്ജന സൗകര്യം. സ്വന്തം പറമ്പിൽ	വെളിപ്പറമ്പിൽ	ലീച്ച്/സെപ്റ്റിക്	നദികൾ/കടൽക്കര	മറ്റുള്ളവ	ആകെ
401	259	3528	56	215	4459

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വെ

ഭവനനിർമ്മാണരംഗത്ത് അനവധി ഏജൻസികൾ പ്രവർത്തിച്ചു വരുന്നു. ധർമ്മടം പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് സഹായം നൽകിയിട്ടുള്ള ഏജൻസികൾ ജില്ലാവികസന അതോറിറ്റി, ഹൗസിങ്ങ് ബോർഡ്, തലശ്ശേരി സഹകരണ സംഘ,.എച്ച് ഡി. എഫ്.സി, എൽ ഐ സി,ഫിഷറീസ്വകുപ്പ്, മത്സ്യഫെഡ്, പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, സഹകരണ സംഘങ്ങൾ, സാമൂഹ്യക്ഷേമവകുപ്പ് എന്നിവയാണ്.

ഹൗസിംഗ് ബോർഡ് ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട 16 പേർക്ക് ഭവന നിർമ്മാണ വായ്പയായി 3,27,600 രൂപയും, ഇടത്തരക്കാരായ 3 പേർക്ക് 88,400 രൂപയും ഉയർന്ന വരുമാനക്കാരായ 2 പേർക്ക് 2,00,000/-രൂപയും നൽകിയിട്ടുണ്ട്. തലശ്ശേരി ഹൗസിംഗ് സഹകരണ സംഘം ഭവന നിർമ്മാണ വായ്പയായി 14 പേർക്ക് 1995-96ൽ 7,27,500 രൂപയും നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ വികസന അതോറിറ്റി എം.ഐ.ജി. സ്ക്കീമിൽ 5പേർക്കായി 6,65,000 രൂപയും എൽ.ഐ.ജി. സ്ക്കീമിൽ 22 പേർക്കായി 55,000 രൂപ വീതവും ഇ.ഡബ്ല്യു സ്ക്കീമിൽ 22 പേർക്ക് 19,500 രൂപ വീതവും നൽകിയിട്ടുണ്ട്. ബീഡി വെൽഫേർ ഫണ്ടിൽ നിന്ന് ധർമ്മടം പഞ്ചായത്തിൽ പെട്ട 212 പേർക്ക് 10,000 രൂപ വീതം വായ്പ നൽകിയിട്ടുണ്ട്. അതിൽ Rs. 3000/- സബ്സി

ഡിയാണ്. ജെ.ആർ.വൈ പ്രകാരം 94-95ൽ നാല് വീടുകൾ നിർമ്മിക്കുവാൻ സഹായം നൽകിയിരുന്നു. രണ്ടെണ്ണം പൂർത്തിയായി. ഐ.എ.വൈ മുഖാന്തിരം 95-96ൽ 2 വീടുകൾ നിമ്മിക്കുവാൻ Rs.15,800/- വീതം നൽകിയിട്ടുണ്ട്. ഈ സ്ക്കീമിൽ ധർമ്മടത്ത് ആകെ 5 വീടുകൾ നിർമ്മിക്കുവാൻ വായ്പ നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് 2 പേർക്ക് Rs.35,000/ രൂപ വീതം ഭവന നിർമ്മാണത്തിന് ഗ്രാൻറ് നൽകിയിട്ടുണ്ട്. മത്സ്യ ഫെഡ് മുഖാന്തിരം വാർഷിക വരുമാനം Rs.4200/-രൂപയിൽ കവിയാത്ത മത്സ്യ തൊഴിലാളികൾക്ക് 6000 രൂപ വരെ ഭവന നിർമ്മാണ ധനസഹായം നൽകുന്നു. ഇതിൽ.Rs.2000/-ഗ്രാൻറും,Rs.4000/ - വായ്പ യുമാണ്. ഗ്രാമ വികസന വകുപ്പിലൂടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കായി 32 വീടുകൾ അനുവദിച്ചിരുന്നു. അതിൽ 29 വീടുകൾ പൂർത്തിയായിട്ടുണ്ട്. മൂന്നെണ്ണം ഇനി പൂർത്തിയാകേണ്ടതായിട്ടുണ്ട്. 1.8.96 മുതൽ ഈ ഗ്രാൻറ് Rs.22000/- ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത്, ജെ.ആർ. വൈ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ടിൻെറ 22.5% പട്ടികജാതി/ പട്ടികവർഗക്കാർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കു വേണ്ടി നീക്കി വെക്കേണ്ടതുള്ളതിനാൽ ആ ഇനത്തിൽ 8 വീടുകളും, 4 കിണറുകളും 18 കക്കൂസുകളും നിർമ്മിക്കുന്നതിന് ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്. ഇതിനു പുറമെ S.C.P, C.R.S.P, സ്കീമുകളിലായി 42 കക്കൂസുകൾ ഗ്രാമവികസന വകുപ്പിൻെറ ധനസഹായത്തോടെ നിർമ്മിച്ചിട്ടുണ്ട്.

ധർമ്മടം പഞ്ചായത്തിൽ മൂന്ന് ലക്ഷം വീട് കോളനികളാണുള്ളത്. കാലപ്പഴക്കം മൂലം ഈ കോളനികളിലെ വീടുകൾ പുതുക്കിപ്പണിയേണ്ടതുണ്ട്. ഒൻപത്, അഞ്ച് എന്നീ വാർഡുകളിൽ സ്ഥിതിചെയ്യുന്ന ലക്ഷം വീട് കോളനികളിൽ കുടിവെള്ള പ്രശ്നമുണ്ട്. ഈ കോളനികളിൽ പരിസര ശുചീകരണ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങളുണ്ട്. തലശ്ശേരി ബ്ലോക്കിലെ ഏക അംബേദ്കർ കോളനിയാണ് പാലയാട് ഹരിജൻ കോളനി. താരതമ്യേന മോശമല്ലാത്ത ഭൗതീക സാഹചര്യങ്ങൾ ഈ കോളനി വാസികൾക്ക് ലഭ്യമാണെങ്കിലും ചില കുടുംബങ്ങൾക്ക് വീട്, കക്കൂസ് എന്നീ സൗകര്യങ്ങൾ ഇല്ല. ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാനുള്ള സ്ഥലസൗകര്യം ഇവിടെ ഉണ്ടായിട്ടും ഇതുവരെ അത് നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. ഒരു മഹിളാ സമാജവും, വികസന സമിതിയും ഇവിടെ രൂപീകരിക്കപ്പെട്ടിരുന്നുവെങ്കിലും ഇപ്പോൾ അവ നിർജ്ജീവങ്ങളാണ്.

കെട്ടിട നിമ്മാണ സാമഗ്രികകൾ ധർമ്മടം പഞ്ചായത്തിൽ ആവശ്യത്തിന് ലഭ്യമല്ല. കല്ലുവെട്ടാൻ പറ്റിയ ക്വാറികൾ ഇവിടെ ഇല്ല. കെട്ടിട നിർമ്മാണ സാമഗ്രികകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. മതിലുകൾ കെട്ടി വീട് നിർമ്മിക്കുന്നവർ സമൂഹത്തിൽ ഒറ്റപ്പെടുന്ന പ്രവണത കണ്ടുവരുന്നു. മതിലുകൾക്ക് പകരം ജൈവ വേലികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കെട്ടിട നിർമ്മാണത്തൊഴിലാളികൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനമാണ്. ചില വാർഡുകളിൽ ആവശ്യമായ തൊഴിലാളികളെ കിട്ടാത്ത പ്രശ്നമുണ്ട്. പഞ്ചായത്തിൽ 614 കെട്ടിട നിർമ്മാണ തൊഴിലാളികൾ ഉണ്ട്. ഇതിൽ 72 പേർ സ്ത്രീകളാണ്.തൊഴിലാളികൾ വൈദഗ്ധ്യമുള്ളവരാണ് കെട്ടിടനിർമ്മാണ രംഗത്തുള്ള ധാരാളം വിദഗ്ധതൊഴിലാളികൾ പഞ്ചായത്തിന് പുറമേ നിന്നും വന്നവരാണ്. കെട്ടിട നിർമ്മാണ രംഗത്ത് കോൺട്രാക്റ്റ് സമ്പ്രദായം വളരെ കുറവാണ്. കെട്ടിട നിർമ്മാണരംഗത്ത് പഞ്ചായത്തിന് ഇടപെടാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും സ്ഥലത്തിൻെറ വിലക്കൂടുതലും സാധാരണക്കാരുടെ വീട് നിർമ്മാണ മോഹങ്ങൾക്ക് വിലങ്ങുതടിയായി നിൽക്കുന്നു.

പാർപ്പിട പ്രശ്നം നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം വരും കാലങ്ങളിൽ

വലിയ പ്രശ്നമായിത്തീരാൻ പോവുകയാണ്. ഇപ്പോൾ ഓരോ വർഷവും ശരാശരി 250 വീടുകൾ പുതുതായി ഉയർന്നു വരുന്നു.എല്ലാവിധ സൗകര്യങ്ങളും ഒത്തിണങ്ങിയ ഒരു ഗ്രാമം എന്ന പ്രത്യേകത കൊണ്ട് ജോലിസംബന്ധമായി ഇവിടെ എത്തിപ്പെടുന്ന പലരും ഇവിടെത്തന്നെ സ്ഥിരതാമസമാക്കുന്നതിനാൽ വരും കാലങ്ങളിൽ ഇവിടെ നിർമ്മിക്കുവാൻ പോകുന്ന വീടുകളുടെ എണ്ണം കൂടി വരുമെന്നത് ഉറപ്പാണ്. പുതിയ റോഡുകളും വീടുകളും കൂടുതൽകൂടുതൽ ഉയർന്നുവരുമ്പോൾ നമ്മുക്ക് നഷ്ടപ്പെടുന്നത് കൃഷിയോഗ്യ മായ ഭൂമിയാണെന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കാതെ പോകുന്നു. അതിനു പുറമെ വീടുകളുടെ ആധിക്യം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതും ഉറപ്പാണ. പാർപ്പിട പ്രശ്നം പരിഹരിക്കുമ്പോൾ കൃഷി ഭൂമി നഷ്ടപ്പെടാതിരിക്കാൻ ഫ്ളാറ്റ് സിസ്റ്റം പ്രോത്സാഹിപ്പിക്കാവുന്നതാണ്. ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ നിലവിലുള്ള വെള്ളത്തിൽ പൊങ്ങിനിൽക്കുന്ന വീടുകളുടെ സാധ്യതയും ആലോചിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. വയലുകൾ നികത്തി വീടുനിർമ്മിക്കുന്ന പ്രവണത മിക്ക വാർഡുകളിലും കണ്ടുവരുന്നു.
2 സ്ഥലത്തിന്റെയും കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കൂടുതലും , തൊഴിലാളികളുടെ കൂലി വർദ്ധനവും കാരണം പാവപ്പെട്ടവർക്ക് വീട് ഒരു സ്വപ്നമായിമാറുന്നു.
3. മിക്ക ഏജൻസികളും നൽകുന്ന ഭവനനിർമ്മാണ വായ്പകൾക്ക് പലിശ വളരെ കൂടുതലാണ്.
4. കുടിലുകൾ എടുത്തവർക്ക് പോലും ക്ഷേമനിധി ഓഫീസിൽ അംശാദായം അടക്കേണ്ട അവസ്ഥയുണ്ട്.
5. പുഴക്കരയിലെ ഭവനങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ വേണം.
6. പാർപ്പിടങ്ങളുടെ ആധിക്യം കൃഷിയോഗ്യ മായ ഭൂമിയുടെ വിസ്തൃതി കുറക്കുന്നു.

സാധ്യതകൾ

1. ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്തിൽ സ്ഥാപിക്കണം.
2. ഭവനനിർമ്മാണ സംഘം വഴി കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. ഭവനനിർമ്മാണ വായ്പകളുടെ പലിശനിരക്ക് കുറക്കണം.
4. വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം.
5. ശുദ്ധ ജലത്തിന് ആവശ്യത്തിനുവേണ്ട കിണർ കുഴിക്കാൻ പഞ്ചായത്തിൽ നിന്ന് സബ്സീഡിയോടുകൂടിയ ലോൺ അനുവദിക്കണം.
6. വീടും കക്കൂസും നിർമ്മിക്കുമ്പോൾ ഉണ്ടാകേണ്ട ദൂരപരിധി നിശ്ചയിക്കാൻ ഗ്രാമപഞ്ചായത്തിന് ശ്രദ്ധവേണം.
7. ലക്ഷം വീട് കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അവിടുത്തെ മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ വേണം.
8. ഓല മേഞ്ഞ വീടുകൾ ഓടാക്കുവാൻ പലിശ ഇല്ലാത്തത്തോ സബ്സീഡിയോടുകൂടിയതോ ആയ സാമ്പത്തിക സഹായം നൽകണം.
9. കുടിലുകൾ മാറ്റി വീടുവെക്കുവാനുള്ള സാമ്പത്തികസഹായം നൽകണം.
10. പട്ടിക ജാതിക്കാരിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകണം.
11. ഹൗസിംങ്ങ് ബോർഡിന്റെ ഓഫീസ് താലൂക്ക് ആസ്ഥാനങ്ങളിൽ സ്ഥാപിക്കണം.
12. കെട്ടിട നിർമ്മാണ രംഗത്തെ അനാവശ്യചെലവുകൾ കുറയ്ക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം.
13. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കെട്ടിടനിർമ്മണ സാമഗ്രികളുടേയും ഗൃഹോപകരണങ്ങളുടേയും നിർമ്മാണ ശാല സ്ഥാപിക്കണം.
14. ദേശീയ ശുചിത്വ പരിപാടിയിൽപ്പെടുത്തി പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത മുഴുവൻ വീട്ടുകാർക്കും കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്നിതിനുള്ള ഒരു സമഗ്ര

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി (capart) ന് നൽകാവുന്നതാണ്.

സാമൂഹ്യക്ഷേമം

ഏറ്റവും അധികം ക്ഷേപ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അസംഘടിത മേഖലയെ കൂടി സുരക്ഷിതത്വസംവിധാനത്തിനുള്ളിൽ കൊണ്ടുവരുവാൻ കഴിഞ്ഞു എന്നതാണ് നമ്മുടെ ഏറ്റവും വലിയ നേട്ടം. രണ്ട് തരത്തിലുള്ള ക്ഷേമപദ്ധതികൾ ഇന്ന് നിലവിലുണ്ട്. പൂർണ്ണമായും സംസ്ഥാനസർക്കാരിന്റെ ഫണ്ടിനെ ആശ്രയിച്ചുള്ള അഗതി, വിധവാ വാർദ്ധക്യകാല പെൻഷനുകൾ തുടങ്ങിയവയാണ് ഒന്നാമത്തേത്. രണ്ടാമത്തേതാകട്ടെ തൊഴിലുടമയുടേയും തൊഴിലാളികളുടേയും പങ്കാളിത്തത്തോടെ വിവിധ ബോർഡുകൾക്ക് കീഴിൽ നടപ്പാക്കപ്പെടുന്നവയാണ്. ഇത്തരം 18 ബോർഡുകൾ ഇന്ന് നിലവിലുണ്ട്.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായ പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റുവകുപ്പുകൾ വഴിയും വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. വലിയ വിഭാഗം ആളുകൾക്ക് പദ്ധതികളെ കുറിച്ച് യാതൊരു അറിവും ഇല്ല. പെൻഷനുകൾ ലഭിക്കുന്നവർക്ക് തന്നെ അവ കൃത്യമായി ലഭിക്കുന്നില്ല.

വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം

1	വാർദ്ധക്യകാല പെൻഷൻ	66
2	വിധവാ പെൻഷൻ	91
3	വികലാംഗ പെൻഷൻ	137
4	ക്ഷയരോഗ പെൻഷൻ	2
5	കാൻസർ രോഗികൾക്കുള്ള പെൻഷൻ	1
6	അവശ കായിക താരങ്ങൾക്കുള്ള പെൻഷൻ	70
7	കർഷക തൊഴിലാളി പെൻഷൻ	349
8	തൊഴിലില്ലായ്മ വേതനം	201

ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര വ്യാപകമായിട്ടില്ല. ധർമ്മടം പഞ്ചായത്തിൽ ബീഡിതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ കർഷകതൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ എന്നിവർ കൂടുതലു ണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധി യിൽ അംഗങ്ങളായിട്ടില്ല.

ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ധർമ്മടം പഞ്ചായത്തിൽ 1399 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 14 കുടംബങ്ങൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്നു. ഇതിൽ 117 പേർക്ക് 8ാംപഞ്ചവൽസര പദ്ധതികാലത്ത് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഐ.ആർ.ഡി.പി സർവ്വെ സഹായ ലഭ്യതാ കണക്ക്

വർഷം	എണ്ണം	സബ്സീഡി	വായ്പ
91/92	16	31138രൂപ	49857രൂപ
92/93	16	44137 ''	93353 ''
93/94	25	103480 ''	184898 ''
94/95	32	127525 ''	383500''
95/96	28	119850 ''	405350 ''
ആകെ	117	42,6,130	11,16,958

ഡി.ഡബ്ല്യൂ.സി.ആർ.എ

1992 മുതൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ വനിതകൾ കൂട്ടു ചേർന്ന് ബാങ്ക് വായ്പയും സർക്കാർ ധനസഹായവും ഉപയോഗിച്ച് തുടങ്ങിയിട്ടുള്ള തൊഴിൽ സംരഭങ്ങളെ കുറിച്ചുള്ള വിവരം

വർഷം	സ്കീമുകളുടെ എണ്ണം	സബ്സിഡി	വായ്പ	അംഗങ്ങൾ
91/92	1	30,000/- 15,200/-(ഗി ഫ)	60,000/-	12
92/93	1	15,000/-	40,000/-	5
94/95	1	40,000/- 25,000/-(ഗി ഫ)	1,19,000/-	10

ട്രൈസം പരിശീലന ലഭ്യതാ പട്ടിക

18മുതൽ 35വയസ്സ് വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

വർഷം	എണ്ണം
91/92	19
92/93	5
93/94	7
94/95	2
95/96	10
ആകെ	43

ട്രൈസം പരിശീലനം എട്ടാം പദ്ധതിയിൽ 43 പേർക്ക് നൽകിയിട്ടുണ്ട്. മൊത്തം 77 പേർക്കാണ് ഇതുവരെ പരിശീലനം ലഭിച്ചത് ഇതിൽ 54 പേർ പരിശീലനം ലഭിച്ച മേഖലകളിലെ തൊഴിലെടുക്കുന്നു. 16 പേർ സ്വന്തമായി തൊഴിൽ ചെയ്യുന്നു. 7 പേർക്ക് പരിശീലനം ലഭിച്ച മേഖലകളിൽ തൊഴിലെടുക്കുവാൻ താല്പര്യമില്ല.

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ച വരുടെ എണ്ണം
1. മൈൻ ഇഞ്ചിനിയറിംഗ്	3
2. ടെയ്ലറിംഗ്	5
3. പ്ലംബിംഗ്	2
4. മോട്ടോർ വൈൻറിംഗ്	3
5. പ്രിൻറിംഗ് ആൻറ് കമ്പോസിങ്ങ്	9
6, എയർ കണ്ടീഷനിംഗ്	3
7. ഇലക്ട്രോണിക്സ്	13
8. ബീഡി റോളിംഗ്	28
9. വെൽഡിംഗ്	3
10. അപ്പോൾസ്റ്ററി	2
11. ടു വീലർ റിപ്പേറിംഗ്	2
12. സ്പ്രേപെയിൻറിംഗ്	4
ആകെ	77

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഐ.ആർ.ഡി.പി സർവ്വെ പ്രകാരം ധർമ്മടം പഞ്ചായത്തിൽ 67 ഗ്രാമീണ കൈത്തൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ 12 പേർക്ക് ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണം നൽകുന്ന പരിപാടിയിൽപ്പെടുത്തി ടൂൾകിറ്റ് നൽകിയിട്ടുണ്ട്. കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകിയത് നല്ല ഫലം ഉളവാക്കായിട്ടുണ്ട്. ഇനി സഹായത്തിന് അർഹതയുള്ള 55 പേർ കൂടി പഞ്ചായത്തിലുണ്ട്.

ടൂൾ കിറ്റ് ലഭിച്ചവരുടെ വിവരം

വർഷം	എണ്ണം	തുക
93/94	4	10154/-
94/95	5	14620/-
95/96	3	13631/-
ആകെ	12	38405/-

തലശ്ശേരി വികസന ബ്ലോക്കിന്റെ മേൽനോട്ടത്തിൽ രണ്ട് ബാലവാടികളും 5 ഫീഡിംങ്ങ് സെൻറുകളും ധർമ്മടത്ത് പ്രവർത്തിച്ചുവന്നിരുന്നു. തലശ്ശേരി ബ്ലോക്ക് ഐ.സി.ഡി.സി ബ്ലോക്ക് ആയതോടെ ഫീഡിംങ്ങ്

സെൻററുകളും റജിസ്റ്റർചെയ്യപ്പെട്ട മഹിളാസമാജങ്ങളുടെ സഹായത്തോടെയാണ് പ്രവർത്തിച്ചുവന്നിരുന്നത്. ഇപ്പോൾ ഇവയുടെ പ്രവർത്തനം നിർജീവമായിരിക്കുന്നു. ഇവിടെ പ്രവർത്തിച്ചുവന്നിരുന്ന 3 ഡി.ഡബ്ലൂ.ആർ.സി.എ യൂനിറ്റുകളും രജിസ്റ്റർ ചെയ്യപ്പെട്ട മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിലാണ് പ്രവർത്തിച്ചുവന്നിരുന്നത്.

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി ജെസിസിസിന്റെ ആഭിമുഖ്യത്തിൽ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു വിദ്യാലയം ധർമ്മടം സ്വാമിക്കുന്നിൽ പ്രവർത്തിക്കുന്നു. ബധിരമൂകവിദ്യാർത്ഥികൾക്കായി റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മറ്റൊരു വിദ്യാലയം ബ്രണ്ണൻ കോളേജിന് സമീപവും പ്രവർത്തിച്ചുവരുന്നു. വികലാംഗർക്കായി ഗ്രാമവികസന വകുപ്പ് മുഖേന ചിലർക്ക് ഐ.ആർ.ഡി.പി സ്കീമിൽ സഹയാം നൽകിയിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിന് പ്രത്യേക പരിഗണന ലഭിച്ചിട്ടില്ല. വികസ ബ്ലോക്ക് മുഖേന ജെ.ആർ.വൈ. സ്കീമിൽ 95/96 ൽ ഒരു വികലാംഗ ഗുണഭോക്താവിനെ ഭവന നിർമ്മാണ സഹായം നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1 വിവിധ പെൻഷനുകൾ കൃത്യമായി ലഭിക്കുന്നില്ല.
2. ധനസഹായത്തിന് അപേക്ഷ നൽകിയവർ അനിശ്ചിതമായി കാത്തുനിൽക്കേണ്ടിവരുന്നു.
3 അംങ്കൺ വാടികളുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.
4 ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ.
5 ഐ.ആർ.ഡി.പി ലിസ്റ്റിൽ അനർഹ കുടുംബങ്ങൾ ഉൾപ്പെടുകയും അർഹതയുള്ള കുടുംബങ്ങൾ ഉൾപ്പെടാതേയും ഉണ്ട്.
6 ക്ഷേമ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ പലർക്കും അറിയില്ല.
7 വിവിധ വിഭാഗങ്ങളിലെ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാകുവാൻ താൽപര്യം കാണിക്കുന്നില്ല.

സാധ്യതകൾ

1 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ഉള്ള ധനസഹായം പഞ്ചായത്ത് മുഖേന നൽകണം.
2 1000ജനസംഖ്യയ്ക്ക് 1 എന്ന തോതിൽ എല്ലാവാർഡുകൾക്കും അംങ്കൺ വാടികൾ സ്ഥാപിക്കണം.
3 നിർദ്ദനകുടുംബങ്ങളിലെ അംഗങ്ങൾക്ക് മാരകമായ രോഗമുണ്ടാകുമ്പോൾ സഹായിക്കുവാൻ പഞ്ചായത്ത് ഒരു നിധി സ്വരൂപിക്കണം.
4 പഞ്ചായത്തിൽ ഒരു മൊബൈൽ മാവേലി സ്റ്റോർ ഏർപ്പെടുത്തണം.
5 വനിതകൾക്കായി ഓരോ വാർഡിലും രണ്ട് വീതം ഡി.ഡബ്ലൂ.സിആർ.എ യൂനിറ്റുകൾ സ്ഥാപിക്കണം.
6 ഐ.ആർ.ഡി.പി സർവ്വേയിൽപ്പെട്ട ആനുകൂല്യം ലഭിക്കാത്തവർക്കെല്ലാം അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
7 ക്ഷേമപദ്ധതികൾക്ക് അർഹതയുള്ളവരെഓ കണ്ടെത്താനും ആനുകൂല്യം ലഭിക്കുവാനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുക.
8 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക
9 എല്ലാസാമൂഹ്യക്ഷേമ പെൻഷനുകളും പ്രതിമാസം 300 രൂപ ആക്കി ഉയർത്തുക
10 വിവിധ വിഭാഗം തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം.

4-8 സാംസ്കാരികരംഗം

ഉത്തരകേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന തലശ്ശേരി നഗരത്തിന്റെ തൊട്ടടുത്ത് കിടക്കുന്ന ധർമ്മടത്തിന് സമ്പന്നമായ സാംസ്കാരിക പാരമ്പര്യമുണ്ട്. ധർമ്മടം നിവാസികളുടെ ഒരുമയും സാംസ്കാരികത്തനിമയും അണ്ടലൂർ കാവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.((ഈ റിപ്പോർട്ടിന്റെ 2ാം അധ്യായത്തിൽ അണ്ടലൂർ കാവിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.) ഒരുകാലത്ത് അണ്ടലൂർ കാവ് പോലെത്തന്നെ പ്രസിദ്ധമായിരുന്നു മേലൂർ ശിവക്ഷേത്രവും. ധനു 10,11 തീയ്യതികളിൽ നടന്നുവരുന്ന മേലൂർ ഊട്ട് പ്രസിദ്ധമാണ്. ഈ രണ്ട് ആരാധനാലയങ്ങൾക്കും പുറമേ പതിനാല് കാവുകൾ ഇവിടെയുണ്ട്.

ചെറുതും വലുതുമായി ഏഴ് മുസ്ലീം പള്ളികൾ പഞ്ചായത്തിലുണ്ട്. ഇസ്ലാംമതം പ്രചരിപ്പിക്കാൻ കേരളത്തിൽ വന്ന മാലിക്ക് ഇബ്ൽദിനാർ സ്ഥാപിച്ച ഏഴ് മുസ്ലീം പള്ളികളിലൊന്ന് ധർമ്മടത്തായിരുന്നു.

ക്രൈസ്തവമതത്തിൽ പെട്ടവരുടെ എണ്ണം തുലോം പരിമിതമെങ്കിലും ഒരു ക്രിസ്തീയ ദേവാലയവും ധർമ്മടത്തുണ്ട്. ബ്രണ്ണൻ കോളേജിന് സമീപമുള്ള ഈ പള്ളിയിൽ സെമിനാരി പ്രവർത്തിക്കുന്നുണ്ട്.

1958ൽ തലശ്ശേരിയിൽ നിന്ന് ധർമ്മടത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ട ബ്രണ്ണൻ കോളേജ് ഇവിടുത്തെ സാംസ്കാരികാന്തരീക്ഷത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. കരിമ്പുഴ രാമകൃഷ്ണൻ, എസ്. ഗുപ്തൻ നായർ, ആറ്റൂർ രവിവർമ്മ, തായാട്ട് ശങ്കരൻ, ഒ.എൻ.വി കുറുപ്പ്, എം.കെ.സാനു, എം.എസ്. മേനോൻ, ജി.കുമാരപ്പിള്ള, വിഷ്ണുനാരായണൻ നമ്പൂതിരി, എം. ലീലാവതി, ബി.രാജീവൻ, തോന്നക്കൽ വാസുദേവൻ തുടങ്ങി ബ്രണ്ണൻ കോളെജിൽ അധ്യാപകരായെത്തിയ സാഹിത്യകാരന്മാരുടെ സാന്നിധ്യം ധർമ്മടത്തിന്റെ സാംസ്കാരിക ചൈതന്യത്തെ ദീപ്തമാക്കിയിട്ടുണ്ട്.

ജന്മം കൊണ്ട് കൊടുങ്ങല്ലൂർ ക്കാരനെങ്കിലും കർമ്മം കൊണ്ട് ധർമ്മടക്കാരനായിത്തീർന്ന സുപ്രസിദ്ധ ചിന്തകനും നിരൂപകനും വാഗ്മിയുമായ പ്രൊഫസർ എം.എൻ. വിജയന്റെ സാന്നിദ്ധ്യം ധർമ്മടത്തിന്റെ സാംസ്കാരികാന്തരീക്ഷത്തെ ഏറെ ധന്യമാക്കുന്നു. ധർമ്മടത്തുള്ള അദ്ദേഹത്തിന്റെ 'കരുണ' എന്ന വാടകവീട് സാഹിത്യകാരന്മാരുടെയും എണ്ണമറ്റ ശിഷ്യഗണങ്ങളുടേയും ഒരു തീർത്ഥാടന കേന്ദ്രമാണ്. കലാസാഹിത്യ

രംഗത്തും ഈഗ്രാമത്തിന് തനത്സംഭാവന കളുണ്ട്. കവികളായ രാജൻ പാലയാട്, അണ്ടലൂർ സുകുമാരൻ, കഥാകൃത്ത്ക്കളായ ശ്രീ കെ.കെ രമേശ്, ശ്രീ. വി. എസ്. അനിൽ കുമാർ, ഫോട്ടോഗ്രാഫറും ചിത്രകാരനുമായ ശ്രീ. സെൽവൻ മേലൂർ,ഗാന്ധിയനും വിദ്യാഭ്യാസ ചിന്തകനുമായ ശ്രീ. എം. പി. ബാലകൃഷ്ണൻ, കേന്ദ്രനാടകഅക്കാഡമിയിൽ ഏറേക്കാലം പ്രവർത്തിച്ചിരുന്ന ഗോവിന്ദ വിദ്യാർത്ഥി എന്നി വർ ധർമ്മടത്തിന്റെ അഭിമാനഭാജനങ്ങളാണ്. എഴുത്തുകാരനും ഭരണകർത്താവുമായ ശ്രീ. മൂർക്കോത്ത് രാമുണ്ണി,കഥാകൃത്ത്ക്കളായ ശ്രീ. എൻ. പ്രഭാകരൻ ശ്രീമതി വി.വി.രുഗ്മിണി വിവർത്തകനായ ശ്രീ എം.പി.കുമാരൻ എന്നിവരും ഇപ്പോൾ ധർമ്മടക്കാർ തന്നെ.

1940 മുതൽ കലാസാസ്കാരികസംഘട നകളും നാടകസംഘങ്ങളും ധർമ്മടത്തു പ്രവർത്തന മാരംഭിച്ചിരിരുന്നു. നാടകനടന്മാരായ ശ്രീ ചാലാടൻ ഗോവിന്ദൻ, ശ്രീ കെ.സി.നായർ ശ്രീ എൻ.കെ.പത്മനാഭൻ, ശ്രീ വെങ്ങിലാട്ട് കുമാരൻ, ശ്രീമതി രജനി മേലൂർ, കഥാപ്രസംഗകനായ കലാസദനം ഭാസി സിനിമാ പിന്നണി ഗായികയായ ശ്രീമതി പാലയാട് യശോദ വയലി നിസ്റ്റ് ശ്രീ കെ.പി.പണിക്കർ തുടങ്ങിയവർ ധർമ്മടത്തെ കലാകാരൻമാരിൽ പ്രാതഃ സ്മരണീയരാണ്.

വായനശാലകളും ഗ്രന്ഥാലയങ്ങളും

എട്ട് ഗ്രന്ഥാലയങ്ങളും ഏഴ് വായനശാലകളും ധർമ്മടത്തു പ്രവർത്തിക്കു ന്നുണ്ട് എല്ലാ ഗ്രന്ഥാലയത്തോടനുബന്ധിച്ചും വായനശാലയുണ്ട്. 4 ഗ്രന്ഥാലയത്തിനും 4 വായനശാലക്കും സ്വന്തമായി കെട്ടിടമുണ്ട് 5 ഗ്രന്ഥാലയം മാത്രമേ കേരളസേറ്റ്റ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളു. ഇവയിൽ1947ൽ സ്ഥാപിച്ച മേലൂർവായ നശാല&ഗ്രന്ഥാലയമാണ് പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. എല്ലാ ഗ്രന്ഥാലയ ങ്ങളിലും കൂടി 21252 പുസ്തകങ്ങളുണ്ട്.

ആധുനീകകാലത്തിന്റെറ പ്രവർത്തന ങ്ങളുമായി സാംസ്കാരികാന്തരീക്ഷത്തിൽ നിറഞ്ഞുനില്ക്കുന്ന ഇലക്ട്രോണിക്ക് മാധ്യമങ്ങളിൽ പ്രധാനമായ ടെലിവിഷൻ 1501 വീടുകളിലുണ്ട്.(അവലംബം സാമൂഹ്യസാമ്പ ത്തിക സർവ്വെ)6 കേബിൾ ടിവി ഓപ്പറേറ്റർ പഞ്ചായത്തിലുണ്ട്. തെയ്യം,പുരക്കളി, കോൽക്കളി തുടങ്ങിയവയാണ് ഇവിടുത്തെ പരമ്പരാഗത കലാരൂപങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന പുരക്കളി സംഘങ്ങളും കോൽക്കളിസംഘങ്ങളും ഇവിടുണ്ടായിരുന്നു.

പ്രശ്നങ്ങൾ

1. പുസ്തകവായനയിൽ താല്പര്യം കുറയുന്നു.
2. ആധുനീകരീതിയിലുള്ള റഫറൻസ്ലൈബ്രറി സൗകര്യം ഇല്ല.
3. സ്ത്രീകൾ വായനക്കാരായി വായനശാലകളിൽ വരുന്നില്ല
4. ഹോംലൈബ്രറി സംവിധാനം ഗ്രന്ഥാ ലയങ്ങളോടനുബന്ധിച്ച് പ്രവർത്തി ക്കുന്നില്ല.
5. കമ്മ്യൂണിറ്റി ഹാൾ ഇല്ല.
6. പരമ്പരാഗത കലാരൂപങ്ങൾക്ക് പ്രോത്സാ ഹനം ലഭിക്കുന്നില്ല.
7. 5,8, വാർഡുകളിൽ വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.
8. സ്കൂൾലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
9. ഗ്രന്ഥാലയ പ്രവർത്തനങ്ങളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നില്ല.
10. കലാസമിതികളുടെ പ്രവർത്തനം നിർജ്ജീ വമാണ്.

സാധ്യതകൾ

ഗ്രന്ഥാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വിവിധ മത്സര പരീക്ഷകൾക്ക് പോകുന്നവരെ പരിശീലിപ്പിക്കന്നതിനു വേണ്ടി ഒരുകോച്ചിംഗ് സെൻറർ.

2. എല്ലാ കലാകാരന്മാരെയും പോതുവേദിയിൽ കൊണ്ടുവരുന്ന ഗ്രാമോത്സവം.
3. പ്രതിമാസ കലാപാരിപാടികൾ.
4. വായനശാലകൾ കേന്ദ്രീകരിച്ച് കുട്ടികൾ ക്കായുള്ള വീഡിയോ ക്ളബ്ബുകൾ.

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ	ആനുകാലികങ്ങൾ	മറ്റ്അനുബന്ധ പ്രവർത്തനങ്ങൾ
1 നവദീപം വായനശാല ആൻറ് ഗ്രന്ഥാലയം, പാലയാട്	1951	സി	4654	400	32	-
2 സാഹിത്യപോഷിണി വായന ശാല ആൻറ് ഗ്രന്ഥാലയം, അണ്ടലൂർ	1954	ബി	5590	980	27	-
3 കൈരളി വായനശാല ആൻറ് ഗ്രന്ഥാലയം, പാലയാട്	1952	ബി	5581	775	21	പ്രീ പ്രൈമറി വിഭാഗം സ്പോർട്ട്സ് ക്ലബ്ബ് ചർച്ച സെമിനാർ
4 മേലൂർ വായനശാല ആൻറ് ഗ്രന്ഥാലയം	1947	സി	3000	350	12	കൈയ്യെഴുത്തു വനിതാ ശിശു വിഭാഗം, ചർച്ച സെമിനാർ
5 എം.പി.ശങ്കരസ്മാരക സാംസ്കാരിക കേന്ദ്രം ഗ്രന്ഥാലയം, ധർമ്മടം	1969	സി	2397	320	13	ആരോഗ്യപരിപാടികൾ പ്രതിരോധ കുത്തിവെപ്പ്
6 കലാമന്ദിരം വായനശാല ഗ്രന്ഥാലയം, മേലൂർ						
7 നവതരംഗ് വായനശാല ആൻറ് ഗ്രന്ഥാലയം, ധർമ്മടം						

ധർമ്മടം ഗ്രാമപഞ്ചായത്ത്

ക്ഷേത്രങ്ങളുടെ പട്ടിക

ക്രമനമ്പർ	പേര്
1.	അണ്ടലൂർക്ഷേത്രം.
2.	വാരിക്കോൾക്കാവ്, മേലൂർ.
3.	ശിവക്ഷേത്രം, മേലൂർ.
4.	ഏടത്തിൽ ദേവീക്ഷേത്രം.
5.	കടവിലെകാവ്, മേലൂർ.
6.	കണ്ടനാവിൽമുച്ചിലോട്ട് ഭഗവതിക്ഷേത്രം
7.	മുല്ലപ്രം ക്ഷേത്രം, അണ്ടലൂർ.
8.	വിശ്വകർമ്മക്ഷേത്രം,പാലയാട്
9.	വിശ്വകർമ്മക്ഷേത്രം. കിഴക്കേപാലയാട്
10.	തട്ടാൻകാവ്, കിഴക്കേപാലയാട്
11.	മാരിയമ്മകോവിൽ, ചാത്തോടം ഭാഗം.
12.	മലയൻകാവ്, ധർമ്മടം.
13.	ശ്രീ. കൂറുമ്പഭഗവതിക്ഷേത്രം, പാരിക്കടവ്.
14.	ശ്രീ. ഗണേശൻ കാവ്.
15.	പുത്തൻചിറക്കാവ്, ധർമ്മടം.

വായന ശാലകൾ

1	സുഗുണൻ സ്മാരക വായനശാല
2	ഗ്രാമീണ വായനശാല, കിഴക്കെ പാലയാട്
3	ശ്രീനാരായണ വായനശാല, കിഴക്കെ പാലയാട്
4	പൂവാടൻ ലക്ഷ്മണൻ സ്മാരക വായനശാല
5	രാജീവ്ഭവൻ വായനശാല, ചാത്തോടം
6	ചെങ്കൊടി കണ്ണൻ സ്മാരക വായനശാല, പാലയാട്
7	അൽഇർഷാദ് ഇസ്ലാമിക് വായനശാല, ഒഴയിൽ ഭാഗം
8	എ.കെ.ജി വായനശാല, ഒഴയിൽ ഭാഗം

കായിക രംഗം

അതി പുരാതനമായ ഒരു കായിക സംസ്ക്കാരം നമ്മുടെ ഗ്രാമത്തിൽ നിലവിലുണ്ടായിരുന്നു എന്നുമനസ്സിലാക്കാൻ ഏറെ പ്രയാസമില്ല. നമ്മുടെ സംസ്ക്കാ രത്തിന്റെ ഭാഗമായ അണ്ടലൂർക്കാവും അവിടുത്തെ ഉത്സവചടങ്ങുകളും അതിപുരാതനമായ ഒരു കായിക സംസ്ക്കാരം ഇവിടെ നിലനിന്നിരുന്നതിന് തെളിവാണ്. ആയോധന കലയുമായ ബന്ധപ്പെട്ട് ധാരാളം കളരിക നംമുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനും കളരിപ്പറമ്പെന്ന പേരിൽ അറിയപ്പെടുന്ന സ്ഥലങ്ങൾ ഇതിനു തെളിവാണ്. പാലടാട് കണാരി ഗരക്കൾ മേലൂർ വടക്ക് കൃഷ്ണൻ ഗുരുക്കൾ കിഴക്കെ പാലയാട്, സി.എച്ച് രാഘവൻമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ കളരി പ്രവർത്തിച്ചിരുന്നു. ഇന്ന് ഈ പഞ്ചായത്തിലെ ഏക കളരി മേലൂർ കലാമന്ദിരത്തിനടുത്ത് ശ്രീ

ചാത്തുകുട്ടിഗുരുക്കളുടെ കളരിയാണ്. കളരി ഗുരുക്കന്മാർ ചികിത്സാരംഗത്തും പഠിപ്പുള്ള വരായിരുന്നു. ചിറയിൽ-തയ്യിൽ എന്ന വീട്ടിൽ താമസിച്ചിരുന്ന കുഞ്ഞാമൻ വൈദ്യർ ഇതിൽ പ്രധാനിയായിരുന്നു.

വ്യായാമ കലാകേന്ദ്രം, ധാരാളം ജിം നേഷ്യങ്ങൾ, യോഗാസന കേന്ദ്രം എന്നിവ ഈ ഗ്രാമത്തിൽ പ്രവർത്തിച്ചിരുന്നു. ജിംമനേഷ്യങ്ങൾ ചുരുങ്ങുകയും വ്യായാമ കലാകേന്ദ്രം യോഗാസനാകേന്ദ്രം എന്നിവ നിർജ്ജീവമാകുകയും ചെയ്ത ഒരു അവസ്ഥ യിലിന്നുനാം എത്തിനിൽക്കുന്നു.

ഒരുകാലത്തു ഇന്ത്യൻസർക്കസ്സ് രംഗം അടക്കിവാണത് നമ്മുടെ ഗ്രാമത്തിലെ കലാകാരന്മാരായിരുന്നു. എണ്ണത്തിൽ ചുരുങ്ങി യെങ്കിലും ഇന്നും നിരവധിപേർ പ്രശസ്തമായ നിരവധി ഇന്ത്യൻ സർക്കസ് കമ്പനികളിൽ സേവനമനുഷ്ഠിക്കുന്നു, പ്രസിദ്ധമായ കമലാ സർക്കസിന്റെ ഉടമയായിരുന്ന പ്രൊഫസർ ശങ്കരനും നേഷണൽ സർക്കസ് ഉടമയാ യിരുന്ന പി.പി. നാരായണനും ധർമ്മട ത്തുകാരായിരുന്നു.

ഒരു കാലത്ത് നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്ന ധാരാള നാടൻ കളികൾ ഇന്ന് അപരിചിതമായിരിക്കുന്നു. പണ്ട് കുട്ടികളും മുതിർന്നവരും ഒരു പോലെ പങ്കെടുത്തിരുന്ന തലമകളി ചടുകുടു, ചൗ, റൗണ്ടൻസ്, കൊത്ത് (ഡോഡി), തുടങ്ങിയവ അന്യം നിന്നുപോയ നാടൻ കളികളാണ്.

1935തൊട്ട് ഫുട്ബോളിലും വോളി ബോളിലും പ്രഗൽഭരായ ഒരുപാടുപേർ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. കറാഡിയിൽ ഗോപാലൻമാസ്റ്റർ, വാസുമാസ്റ്റർ, സി.വി.ദാമുമാസ്റ്റർ, ഗോപാലൻ നമ്പ്യാർ. ടി.വി.നാരായണൻ, ശങ്കരൻ, കളത്തിൽ സുകുമാരൻ തുടങ്ങിയവർ ആനന്ദ ബ്രദേഴ്സ് എന്നപേരിൽ അന്നത്തെ കോട്ടയം, ചിറക്കൽ, താലൂക്കുകളിൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും പ്രശസ്തരാവുകയും ചെയ്തവരാണ്. അതിനുശേഷം മേലൂർ കിഴക്ക് മേലൂർ കളരിപ്പറമ്പ്, കിഴക്കെപാലയാട് തുടങ്ങിയയിടങ്ങളിൽ നല്ല വോളീബോൾ ടീമുകൾ ഉണ്ടായിരുന്നു. ഇന്ന് വോളീബോൾ ശേഷിക്കുന്ന ഏക സ്ഥലം മേലൂർ കിഴക്കാണ്. കുറച്ചുകൊല്ലം മുൻപ് വരെ മേലൂർ പി.ടി. ബാലന്റെ നേതൃത്വത്തിൽ കളരിപ്പറമ്പിൽ ജില്ലയിലെ പ്രഗൽഭ ടീമുകളെ പങ്കിടുപ്പിച്ച് കൊണ്ട് വോളീബോൾ ടൂർണ്ണമെൻറ് നടിത്തിയിരുന്നുവത്രേ. ഭാരിച്ച സാമ്പത്തിക ബാധ്യതയാണ് ഇത് നിന്നുപോകുവാൻ കാരണം.

ഇന്ന് കാണുന്നത് പോലുള്ള ക്ലബുകളൾ ഉണ്ടായിരുന്നില്ലെങ്കിലും ധാരാളം ചെറുപ്പക്കാർ കൂട്ടമായിച്ചെന്ന് ഫുട്ബോൾ വോളീബോൾ മറ്റ് നാടൻകളികൾ എന്നി വയിൽ പങ്കെടുത്തിരുന്നു. അക്കാലത്ത് ധാരാളം കളിക്കളങ്ങളും ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. കൂറാറമണപ്പുറം, റയിഞ്ചർ മണപ്പുറം, തട്ടാരിമണപ്പുറം, പണിക്കറേൽ ഹരിജൻ കോളനികുന്നുമ്പ്രം, റയിൽവേ കോർട്ട് തുടങ്ങിയ ഒട്ടനവധി കളിക്കളങ്ങളിൽ ഇന്ന് ശേഷിക്കുന്നത് കൂറാറമണപ്പുറവും ഹരിജൻ കോളനി ഗ്രൗണ്ടുമാണ്.

ഒരു ക്ലബ് എന്നനിലയിൽ 1946-47 ലാണ് ചിറക്കുനി ആസ്ഥാനമായ സെൻറർ പാലയാട് യംങ്ങ്മെൻസ് ക്ലബ്ബ് ഏതാനും ഫുഡ്ബോൾ കളിക്കാർ കൂടി രൂപീകരിക്കന്നതു. തുടർന്ന് മേലൂർ സ്പോർട്സ് ക്ലബ്ബ് ഫൈറ്റിംങ്ങ് ബ്രഴേസ് അണ്ടലൂർ, ഭാരത് ധർമ്മടം തുടങ്ങിയ ക്ലബുകളും രൂപീകൃതമായി. പണ്ട് കോഴിക്കോടുമുതൽ കാഞ്ഞങ്ങാട് വരെയുള്ള ഭാഗങ്ങളിൽ നടക്കുന്ന ഫുട്ബോൾ ടൂർണ്ണ മെൻറുകളിൽ പങ്കെടുക്കുകയും വിജയി ക്കുകയും പതിവായിരുന്നു. ഇന്ന് സ്ഥാനമുള്ളതും ഇല്ലാത്തതുമായ 48ക്ലബുകൾ

ഈ ഗ്രാമത്തിൽ ഉണ്ട്. അതിൽ 5എണ്ണം രജിസ്റ്റർ ചെയ്തവയാണ്. ഇന്ത്യൻ ഫുട്ബോളിനു കനത്ത സംഭാവന നൽകിയ ഗ്രാമമാണ് നമ്മുടേത്. ടി.മുകുന്ദൻ (സർവ്വീസസ്), എം.ടി.രാമൻ(ഗുജറാത്ത് സ്റ്റേയിറ്റ്ടീം) പൂവാടൻ ലക്ഷ്മണൻ (കേരള പോലീസ്) തുടങ്ങിയവർ ഈ പട്ടികയിലെ ചിലർ മാത്രമാണ്. 1950മുതൽ 80വരെ ഈ പഞ്ചായത്തിൽ ഫുട്ബോളിന്റെ സുവർണ്ണ കാലമായിരുന്നെന്ന് പറയാം. അന്ന് പ്രശസ്ത മായ പല ക്ലബ്ബുകളും ഇന്ന് നിർജീവമാണ്. ധർമ്മടം ഭാരത്, താഴെക്കാവ്ബ്രദേഴ്സ്, ശ്രീനാരായണ പാലയാട് തുടങ്ങിയവ ഇന്നും സാമാന്നം നല്ല ഫുട്ബോൾ ടീമുള്ള ക്ലബുകളാണ്. ജില്ലാഫുട്ബോൾ അസോസി യേഷനിൽ അംഗത്വമുള്ള അണ്ടലൂർ റെഡ്സ്റ്റർ ഈ ഗ്രമത്തിലെ വിവിധ കളിക്കാരെ ജില്ലാലീഗിൽ മത്സരിപ്പിക്കുന്നു. 1950മുതൽ ധാരാള ഫുട്ബോൾ ടൂർണ്ണമെൻറുകൾ ഈ ഗ്രാമത്തിൽ നടത്തപ്പെട്ടിരുന്നു. 1967മുതൽ തുടർച്ചയായി വലിയ ജനപങ്കാളിത്തത്തോടെ ഇന്നും ഫുട്ബോൾ ടൂർണ്ണമെൻറ് നടന്നു വരുന്നുണ്ട്.

പഴയകാല ഫുഡ്ബോളറായ വി.കെ ലക്ഷ്മണനാണ് ഈ ഗ്രാമത്തിൽ വനിതാഫുട്ബോളിന്റെ ബീജപാവം നടത്തിയത്. 70 കളിൽ എസ്റ്റേറ്റ് കോമ്പൗണ്ടിൽ ഏതാനും കളിക്കാരുമായി പ്രാക്ടീസ് നടത്തിയ ശ്രീ ലക്ഷ്മണൻ പ്രതികൂല ,സാഹചര്യങ്ങളെ വെല്ലുവിളിച്ച് പാലയാട് ബ്ലാക്ക് ആൻറ് വൈറ്റ് എന്നപേരിൽ ഇന്ത്യയാകെ അറിയപ്പെടുന്ന വനിതാഫുട് ബോൾ ടീം സംഘടിപ്പിച്ചു. ഈ ഗ്രാമത്തിലെ നിരവധി പെൺകുട്ടികൾ വനിതാഫു ഡ്ബോളുകളിൽ ഇന്ത്യൻകുപ്പായമണി യുകയും ആ കാരണത്താൽ തന്നെ അവർക്ക് വിവിധ ഗവ: ഡിപ്പാർട്ടുമെൻറുകളിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്

കബഡിയുടെ പ്രാകൃതരൂപമായ 'ചടുകുടു' വ്യാപകമായി നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നുവെങ്കിലും നിമാനുസൃതമായ ഒരു കളി എന്ന രീതിയിൽ 1968ൽ ചിൽഡ്രൻ സ്കൾച്ചർ ഫോറമാണ് ആദ്യമായി ചിറക്കു നിയിൽ കബഡി സംഘടിപ്പിച്ചത്. തുടർന്ന് ഫ്രൻസ് പാലയാട്, ഈഗിൾ മേലൂർ, വി.കെ.എസ് മേലൂർ തുടങ്ങി ജില്ലയിൽ പ്രശ്സ്തമായ പല കബഡിടീമുകളും ഉണ്ടായി. ധാരാളം ജില്ലാകബഡി കളിക്കാരെ നമ്മുടെ ഗ്രാമം സംഭാവന നൽകിയിട്ടുണ്ട്. കൂടാതെ നിരവധി ജില്ലാ മത്സരങ്ങൾക്ക് നമ്മുടെ ഗ്രാമം വേദിയാവുകയും ഉണ്ടായി. കബഡിയിൽ ചെറുപ്പക്കാർക്ക് ഉണ്ടായിരുന്ന താൽപര്യം ഇന്ന് കുറഞ്ഞുവരുന്നതായി കാണുന്നു.

ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ ബേഡ്മിൻറൽ, ടേബിൾടെന്നീസ് എന്നി വയിലും ഗ്രാമത്തിലെ കളിക്കാർ ജില്ലാമത്സര ങ്ങളിൽ പങ്കെടുത്തുവരുന്നുണ്ട്.

വളരെ പണ്ടുമുതൽ നമ്മുടെ ഗ്രാമത്തിൽ പ്രചാരമുള്ള ഒരു കായി വിനോദമായിരുന്നു കമ്പവലി. ഇന്ന് ജില്ലാനിലവാരം പുലർത്തുന്ന പല ടീമുകളും മത്സരങ്ങളും നമ്മുടെ ഗ്രാമത്തിൽ നിലനിൽക്കുന്നു.

കഴിഞ്ഞ 20 വർഷമായി മാദ്ധ്യമങ്ങളിൽ കൂടി ക്രിക്കറ്റിന് കിട്ടിയ വൻ പ്രചരണം നമ്മുടെ ഗ്രാമത്തിലും ചലനങ്ങളുണ്ടാക്കി. ക്രിക്കറ്റിലുള്ള അമിത താൽപ്പര്യം മറ്റ് കളികളെ കാര്യമായി ബാധിച്ചത് കാണാം. ഇന്ന് ധാരാളം ക്രിക്കറ്റ്ക്ലബ്ബുകൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ടെങ്കിലും ജില്ലാനിലവാരമുള്ള കളിക്കാരെ വളർത്തിയെടുക്കാൻ പറ്റാത്തത് ശ്രദ്ധാപൂർവ്വം നോക്കികാണേണ്ടകാര്യമാണ്.

ഇതൊക്കെയാണെങ്കിലും സ്പാർട് സിന്റെ മാതാവ് എന്നറിയപ്പെടുന്ന അത്ലറ്റിക്സിൽ അടുത്തകാലം വരെ കാര്യമായസംഭാവനകളൊന്നും നമ്മുടെ ഗ്രാമ

ത്തിൽ നിന്നുമുണ്ടായിരുന്നില്ല. 1965 70 കാലഘട്ടങ്ങളിൽ സി.പി.യംങ്ങ് മെൻസിന്റെ പേരിൽ ജില്ലാമതസരത്തിൽ പങ്കെടുത്ത ചിലർ നേടിയ വിജയം മാത്രമാണ് ഇക്കാര്യത്തിൽ നമ്മുടെ പൂർവ്വചരിത്രം. എന്നാൽ ഇന്ന് കേരള കായിക ഭൂപടത്തിൽ അറിയപ്പെടുന്ന ഒരു ഗ്രാമമായി നമ്മുടെ ഗ്രാമം മാറിയിരിക്കുന്നു. കഴിഞ്ഞഏതാനും വർഷമായി ജില്ലാ അമേച്വർ, ജില്ലാസ്കൂൾ എന്നീ മത്സരങ്ങളിൽ പാലയാട് ഗവ:ഹൈസ്കൂളിലെ കുട്ടികൾ ഓവറോൾ ചാമ്പ്യൻമാരാണ്. കൂടാതെ നിരവധി സംസ്ഥാന ദേശീയ ചാമ്പ്യൻമാരെ സംഭാവന ചെയ്യാനും നമ്മുടെ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്.

1990ൽ നായനാർ സർക്കാർ ആരംഭിച്ച 'ഓപ്പറേഷൻ ഒളിമ്പ്യ' സ്കീം കണ്ണൂർ ജില്ലയിലേത് പാലയാട് ഗവ: സ്കൂൾ ആസ്ഥാനമായാണ് നടന്നിരുന്നത്. ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും 66കുട്ടികളും 7 ട്രിയനർമാരുമായി തുടങ്ങിയ സ്കീം 91ൽ മാറിവന്ന സർക്കാർ 30കുട്ടികളും 3 ടെയ്നിനിമാർമാരുമായി കുറക്കുകയും തുടർന്നുള്ളവർഷം പൂർണ്ണമായി നിറുത്തൽ ചെയ്യുകയും ചെയ്തു. അതുവരെ കുട്ടികൾക്ക് ലഭിച്ചിരുന്ന പല ആനുകൂല്യങ്ങളും ഇതോടെ ഇല്ലാതായി. കേരളത്തിൽ മധ്യതിരുവിതാംകൂറിലെ 5 സെൻറുകൾ ഒഴികെ മറ്റെല്ലാസെൻറകളും നിർത്തിയ സർക്കാർ നമ്മുടെ സെൻറർ നിറുത്തിയതിന് നൽകിയ ഭാഷ്യം നന്നായി നടക്കുന്നില്ല എന്നാണ്. എന്നാൽ മധ്യതിരുവിതാംകൂറിലെ നിലനിറുത്തിയ 5സെൻറുകളേക്കാളും നല്ലനിലയിൽ നടക്കുകയും നല്ലനിലവാരം പുലർത്തുകയും ചെയ്ത സെൻററായിരുന്ന നമ്മുടേത്.

സർക്കസിന്റെഈറ്റില്ലമെന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ ഗ്രാമത്തിൽ ഇന്ന് ദേശിയ നിലവാരം പുലർത്തുന്ന ധാരാളം ജിനാസ്റ്റിക്സുകളുണ്ട്. തലശ്ശേരി സായി ജിംനാസ്റ്റിക് സെൻററിലെ കുട്ടികളിൽ കൂടുതലും ഈ ഗ്രാമത്തിൽ നിന്നുള്ളവരാണ്

അത്ലറ്റിക്സിൽ ദേശീയ നിലവാരം പുലർത്തുന്ന അത്ലറ്റുകൾ ഇന്ന് തികച്ചും നിരാശരാണ്. പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ടോ ഉപകരണങ്ങളോ ഇല്ലാത്തതാണ് ഇതനുള്ളകാരണം.

നിർദ്ദേശങ്ങൾ

1 കൂറാറ മണപ്പുറം മിനിസ്റ്റേഡിയമാക്കിമാറ്റുക
2. 3വർഷമായി തുടരുന്ന സ്കൂൾ ഗ്രൗണ്ടിന്റെ പണി പൂർത്തിയാക്കുക.
3. പഞ്ചായത്തിലെ മിച്ചഭൂമിയും അതിനോട് ചേർന്ന സ്ഥലവും കൂടി മെച്ചപ്പെട്ട പരിശീലനത്തിനുതകുന്ന രീതിയിലുള്ള മികച്ച സ്റ്റെഡിയമാക്കുക
4. നിലവിലുള്ള കളിക്കളങ്ങൾ നഷ്ടപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുക
5. പഞ്ചായത്തിലെ എല്ലാ ക്ലബ്ബുകളേയും ചേർത്ത് ജില്ലാലീഗ് മത്സര മാതൃകയിൽ വിവിധ ഇനങ്ങളിൽ ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കുക
6. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പുനഃസ്ഥാപിക്കുക
7. കായികരംഗത്ത് വളർന്നുവരുന്ന കുട്ടികളെ സമൂഹം നല്ല രീതിയിൽ പ്രോത്സാഹിപ്പിക്കുക.

കലാകായിക സ്ഥാപനങ്ങൾ

1 സി. കെ. ബാലൻ മെമ്മോറിയിൽ സ്പോർട്ട്സ് ക്ലബ്ബ്, മേലൂർ
2 കൃഷ്ണപിള്ള സ്പോർട്ട്സ് ക്ലബ്ബ് മേലൂർ
3 വി.കെ.എസ് സ്പോർട്ട്സ് ക്ലബ്ബ്, മേലൂർ

4 ഈഗിൾ സ്പോർട്ട്സ്, മേലൂർ
5 അനീഷ് തമ്പീസ് സ്പോർട്ട്സ് ക്ലബ്ബ്
6 ബിച്ചൂസ് സ്പോർട്ട്സ്ക്ലബ്ബ്
7. താഴെക്കാവ് ബ്രദേഴ്സ്, അണ്ടലൂർ
8. റെഡ്സ്റ്റാർസ് സോർട്ട്സ് ക്ലബ്ബ്, അണ്ടലൂർ
9. ഫൈറ്റിംങ്ങ് ബ്രദേഴ്സ്, അണ്ടലൂർ
10 ശ്രീനാരായണ സ്പോർട്ട്സ് ക്ലബ്ബ്, കിഴക്കെപാലയാട്
11 ജവാൻ ഗോപീ സ്മാരക സ്പോർട്ട്സ്ക്ലബ്ബ്
12 കൈരളി സ്പോർട്ട്സ് ക്ലബ്ബ്
13 ഒഴയിൽ ഭാഗം സ്പോർട്ട്സ് ക്ലബ്ബ്
14 ഭാരത്സ്പോർട്ട്സ് ക്ലബ്ബ്
15 ബ്രദേർസ് സ്പോർട്ട്സ് ക്ലബ്ബ്
16 ജാസ് സ്പോർട്ട്സ് ക്ലബ്ബ്
17 ക്രസൻറ് സ്പോർട്ട്സ് ക്ലബ്ബ്
18 സി.പി.യങ്ങ്മെൻസ് സ്പോർട്ട്സ് ക്ലബ്ബ്
19 റെഡ്സ്റ്റാർ സ്പോർട്ട്സ് ക്ലബ്ബ്
20 ഡയമണ്ട് സ്പോർട്ട്സ് ക്ലബ്ബ്
21 പ്ലീബിയൻസ് സ്പോർട്ട്സ് ക്ലബ്ബ്

4-9 വനിത

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും എന്നപോലെ ധർമ്മടം ഗ്രാമപഞ്ചായത്തിലും എണ്ണത്തിൽ വനിതകൾ തന്നെ മുന്നിൽ. ഈ പഞ്ചായത്തിൽ 52.01%സ്ത്രീകളാണ്. എന്നാൽ 1996ലെ സാമൂഹ്യസാമ്പത്തിക സർവ്വെ കണക്ക് അനുസരിച്ച് 16 വയസ്സിനുതാഴെയുള്ള പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ 66 കുറവാണ്. ഈ നില ആരോഗ്യകരമായ ഒന്നല്ലെന്ന് അഭിപ്രായപ്പെടുന്നു.

പഞ്ചായത്തിലെ ജനസംഖ്യ 26705		ശതമാനം	സാക്ഷരതാ ശതമാനം	സ്ത്രീ പുരുഷാനുപാതം		
				സംസ്ഥാനം	ജില്ല	പഞ്ചായത്ത്
സ്ത്രീകൾ	13903	5201	92.11	1036	1049	1086
പുരുഷന്മാർ	12802	47.99	97.54	1000	1000	1000

സാക്ഷരതാ നിരക്കിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിറകിലാണെന്ന് കണക്ക് സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസം:

ഹൈസ്കൂൾ തലം വരെയുള്ള വിദ്യാർത്ഥികളിൽ കൂടുതലും പെൺകുട്ടികൾ തന്നെ. പെൺകുട്ടികളിൽ ചെറിയൊരു ശതമാനം ഇല്ല. പരീക്ഷാഫലങ്ങൾ കാഴ്ച വെച്ചു. ഉന്നത വിദ്യാഭ്യാസം നേടുമ്പോൾ നല്ലൊരുശതമാനം എസ്എസ്എൽ.സി തട്ടിലോ അതിനുതാഴെയുള്ള തട്ടിലോ വെച്ച് പഠിത്തം നിറുത്തുന്നതായാണ് കാണുന്നത്. അതു കൊണ്ട്തന്നെ വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് പിറകി

ലാണ്. ക്രീയാത്മകമായ ഒരു ബോധ വൽക്കരണരീതിയിലൂടെ ഈ അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കുമെന്ന് ഈ വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ ഗുരുകലം പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം സൂചിപ്പിക്കുന്നു.

തൊഴിൽ:

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പുരുഷന്മാരുടേതിനേക്കാൾ വളരെ കുറവാണ്. പുരുഷന്മാരുടെ പങ്കാളിത്തം 45.96%വരുമ്പോൾ സ്ത്രീകളുടേത് വെറും 12.19 % ആണ്. സംഘടിതമേഖലയിലാണ് സ്ത്രീകളിൽ ഭൂരിഭാഗവും ജോലിചെയ്യുന്നത്. വിവിധ മേഖലകളിലെ സ്ത്രീപുരുഷ പങ്കാളിത്തം പട്ടിക -ൽ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീ	പു
കർഷകതൊഴിലാളികൾ	148	305
മൃഗസംരക്ഷണം, മത്സ്യതൊഴിലാളികൾ	47	437
പാറപൊട്ടിക്കൽ	7	41
ഇതരവ്യവസായിക മേഖല	17	48
വ്യവസായിക മേഖല	875	1716
നിർമ്മാണം	72	542
ഗതാഗതം വാർത്താവിനിമയം	57	856
വ്യാപാര വാണിജ്യം	58	1096
സേവനമേഖല	415	843
ആകെ	1696	5884

അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്

സ്ത്രീ പങ്കാളിത്തം ബീഡിവ്യവസായ മേഖലയിലും ചുമട് എടുക്കുന്ന രംഗത്തും കൂടിവരുന്നുണ്ടെങ്കിലും കയർ, കൈത്തറി, കൃഷി എന്നീമേഖലകളിൽ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ഗവ-ജോലിയിൽ സ്ത്രീകളുടെ തൽപരത അടുത്ത കാലത്തായി കൂടിവരുന്നുവെന്നത് ആശ്വാസ ജനകമാണ്.

വനിതകളുടേത് മാത്രമായി പഞ്ചായത്തിൽ 4 തൊഴിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ മൂന്നെണ്ണം ഡി ഡബ്ല്യൂസിആർഎ യൂനിറ്റുകളും നാലാമത്തേത് തലശ്ശേരി ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ മേൽനോട്ടത്തിൽ ക്ഷീര വകുപ്പിന്റെ സഹായത്തോടെയുള്ള പാലുൽപന്ന നിർമ്മാണ യൂനിറ്റുമാണ്. വിശദ വിവിരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

സ്ഥാപനം		തൊഴിലെടുക്കുന്നവരുടെ എണ്ണം
ജ്യോതി ബീഡി പാലയാട്	(ഡിഡബ്ല്യൂസിആർഎ)	12
ഗ്രാമശ്രീ കാൻറീൻ പാലയാട്	"	5
നന്ദിനി ഡയറി സ്വാമിക്കുന്ന്	"	10
പാലുൽപന്ന യൂനിറ്റ്		4

ബീഡി മേഖലയിൽ ഒഴിച്ച് മറ്റെല്ലാതൊഴിൽ തുറകളിലും സ്ത്രീപുരുഷന്മാരുടെ വേതനനിരക്കിൽ പ്രകടമായ അന്തരം ഉണ്ടെന്നും പട്ടിക സൂചിപ്പിക്കുന്നു.

മേഖല	വേതനം (രൂപ) സ്ത്രീ	പു
കൃഷി	60	100
കെട്ടിടനിർമ്മാണ സഹായി	70	100-110

പൊതുരംഗം:

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. ചില മഹിളാസമാജങ്ങൾ പേരിന് മാത്രം നിലകൊള്ളുന്നു.

മഹിളാസംഘടനകളുടെ ആഭിമുഖ്യ

ത്തിൽ ബാലവാടികൾ നടന്നുവന്നിരുന്നു. എന്നാൽ 1996ൽ തലശ്ശേരി ഐസിഡിഎസ് ബ്ലോക്കായതോടെ ഫീഡിംങ്ങ് സെൻററു കളുടെ പ്രവർത്തനം മന്ദീഭവിച്ചു.

കുടുംബരംഗം:

പഞ്ചായത്തിലെ 20%വരുന്ന വീടു കളിൽ സ്ത്രീകൾ കുടുംബനാഥകളായുണ്ട്. ഇവരിൽ ഭൂരിഭാഗവും സ്വയം അദ്ധ്വാവിനിച്ച് കുടുംബം പോറ്റുന്നവരാണ്. തൊഴിൽ രഹി തരായ സ്ത്രീകളിൽ ചിലർ മൃഗപരിപാലന ത്തിലും, പച്ചക്കറി കൃഷിയിലും ഏർ പ്പെടുന്നു. വീട്ടാവശ്യത്തിന് സാധനങ്ങൾ വാങ്ങുന്നതിന് കടകളിൽ പ്രത്യേകിച്ച് റേഷൻ കടയിൽ എത്തുന്നവരിൽ അധികവും സ്ത്രീകളാണ്.

വിധവാ പെൻഷൻ വാങ്ങുന്ന 91 സ്ത്രീകൾ ഇവിടെയുണ്ട്. വിധവകളുടെ പുനർ വിവാഹ പ്രശ്നം ഗൗരവമായി ചിന്തിക്കേണ്ട ഒന്നാണ്. പുരുഷന്മാരിൽ പുനർവിവാഹം സാധാരണമെങ്കിലും വിധവാ വിവാഹം വളരെ വിരളമായേ നടക്കാറുള്ളൂ. ക്രൂരമായ ആചാര മര്യാദകളുടെ കുരുക്കിൽപ്പെട്ടു എത്രയോ ജീവിതങ്ങൾ ചതഞ്ഞരഞ്ഞു പോകുന്നു.

ഇവിടെ സ്ത്രീധന സമ്പ്രദായം ഇല്ലെന്നു തന്നെ പറയാം. അതുകൊണ്ട് തന്നെ സ്ത്രീധന ത്തിൻെറ പേരിലുള്ള സ്ത്രീപീഡനങ്ങളും ഉണ്ടാകാറില്ല. സ്ത്രീകൾ അക്രമിക്കപ്പെടുന്ന അവസ്ഥ ഇവിടെ ഉണ്ടായിട്ടില്ല. സ്ത്രീകളെ അശ്ലീലം കലർത്തി ചിത്രീകരിക്കുന്ന പോസ്റ്റ റുകൾക്ക് എതിരായി മിക്കവാറും എല്ലാ ഗ്രാമ സഭകളിലും പ്രതിഷേധം ഉയർന്നു വന്നിരുന്നു.

വനിതകളുടെ ക്ഷേമം ഉറപ്പുവരുത്തു ന്നതിനുവേണ്ടി അവരുടെ ഇവരുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. പ്രധാന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

പ്രശ്നങ്ങൾ

1 സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിൽ രഹിതരാണ്.

2. എല്ലാതുറകളിലും പ്രത്യേകിച്ച് പൊതു രംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവാണ്.

3 ഏതുരംഗത്തും സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായി പ്രാതിനിധ്യമില്ല

4 തൊഴിൽ മേഖലയിൽ വനിതകൾക്ക് വേണ്ടുന്നത്ര അവസരം ലഭിക്കുന്നില്ല.

5 തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം എല്ലാമേഖലകളിലും പാലിക്കപ്പെടുന്നില്ല.

6 സർക്കാർ പദ്ധതികളെകുറിച്ചുള്ള അറി വില്ലായ്മകൊണ്ടും താൽപര്യക്കുറവ് കൊണ്ടും വനിതകൾക്ക് പല അവ സരവും നഷ്ടപ്പെടുന്നു.

7 ഗൗരവപൂർണ്ണമായ വായനാശീലം കുറഞ്ഞുവരുന്നു.

8 പുരുഷന്മാരിലെ മദ്യാപാനത്തിൻെറ ദുരിതം സ്ത്രീകൾക്ക് തന്നെ വഹിക്കേണ്ടിവരുന്നു.

9 കുടുംബിനികളുടെ ശുചിത്വബോധമില്ലായ്മ കുടുംബത്തിൻെറ ആരോഗ്യത്തെ ബാധിക്കുന്നു.

10 വനിതകളുടെ വ്യക്തിത്വവികസനത്തിനും അവരുടെ നേതൃത്വഗുണം വർദ്ധി പ്പിക്കുന്നതിനുതകുന്ന ഒരു സമഗ്രമായ പരിപാടിയും ഇപ്പോഴില്ല.

നിർദ്ദേശങ്ങൾ

1 സ്ത്രീ പങ്കാളിത്തമുള്ള തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നൽകിയാൽ തൊഴിൽ സ്ഥിരതയും പങ്കാളിത്തവും ഉറപ്പിക്കാൻ കഴിയും.

2. തൊഴിൽ മേഖലയിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളെപ്പറ്റി വനിതകളെ ബോധവാൻമാരാക്കാൻ അയൽ ക്കൂട്ടം സംവിധാനം ഉപയോഗിക്കാം.

3. വായനാശീലം വളർത്തിയെടുക്കാൻ ഗൃഹസംമ്പർക്കലൈബ്രറികൾ സഹായിക്കും.

4. അടുക്കളതോട്ടവും ഓർക്കിഡ്കൃഷിയും പ്രോത്സാഹിപ്പിക്കുന്ന പക്ഷം ഒഴിവുസമയങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാനും സാമ്പത്തിക ഞെരുക്കം കുറക്കാനും സാധിക്കും.

5. സ്ത്രീകളുടെ പ്രസവസംബന്ധമായ കാര്യങ്ങൾ കൈകാര്യംചെയ്യാൻ പറ്റുന്ന ഒരാശുപത്രി ഏർപ്പെടുത്തണം.

6 ആരോഗ്യശീലം, ശുചിത്വം, ഗൃഹരിപാലനം, എന്നിവയെ കുറിച്ച് പഠനക്ലാസുകൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും.

7. പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും തൊഴിൽശാലകളിലും പ്രാഥമികാവശ്യങ്ങൾക്കായി പ്രത്യേക സംവിധാനം ഉറപ്പുവരുത്തണം.

8. ജോലിയിൽ ഏർപ്പെടുന്ന വീട്ടമ്മമാർക്ക് ഒരുനിശ്ചിത തുക വേതനമായി നൽകാൻ പറ്റുംവിധം ഒരു ക്ഷേമനിധി ഏർപ്പെടുത്തുക, അതുവഴി തൊഴിലിനെ കുറിച്ചുള്ള ആകാംക്ഷകൂടാതെ ഗൃഹപരിപാലനത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനും കുട്ടികളെ നന്നായി സംരക്ഷിക്കുന്നക്കവാനും സ്ത്രീകൾക്ക് സാധിക്കും.

4–10 സഹകരണം

ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന സഹകരണ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം ദുർബല ജനതയുടെ ശക്തി മാത്രമാണ്. ഒരുമയിൽ നിന്നേ പെരുമ യുണ്ടാവുകയുള്ളൂ. കൂട്ടായ്മയിൽ നിന്നേ നാടിനും നാട്ടാർക്കും നേട്ടമുണ്ടാ വുകയുള്ളു എന്ന് മനസ്സിലാക്കി പ്രവർത്തി ക്കാനുള്ള അവസരം ജനകീയ ആസൂ ത്രണത്തിലൂടെ വരികയാണ്. ജനകീയാസൂത്രണ പ്രക്രീയയിലൂടെ നാടിന്റെ വികസന ത്തിനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സഹകരണ മേഖലക്ക് മുഖ്യ പങ്ക് വഹിക്കാൻ സാധിക്കും.

ധർമ്മടം പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര പ്രത്യേകത നൽകിയ ചരിത്രപരമായ കൂട്ടായ്മ സഹകരണ രംഗത്ത് നേട്ടമാക്കി മാറ്റാൻ സാധിക്കും സഹകരണ മേഖലയ്ക്ക് ഏറെ സാധ്യതയുള്ള പ്രദേശമാണ് ധർമ്മടം പഞ്ചായത്ത്. എങ്കിലും ഈ പഞ്ചായത്തിൽ ധർമ്മടം സർവ്വീസ് സഹകരണ ബേങ്ക് ധർമ്മടം ബീഡി തൊഴിലാളി സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങൾ മാത്രമാണ് ഫലപ്രദവും സജ്ജീവവുമായി ഇപ്പോൾ പ്രവർത്തിക്കുന്നത്.

1948ൽ പഞ്ചായത്തിൽ ഒരു ചക്കര ഉൽപാദിപ്പിക്കുന്ന സഹകരണസംഘം രൂപീകരിച്ചിരുന്നു. നല്ല നിലയിൽ ഏറെക്കാലം പ്രവർത്തിച്ച സംഘം 1969 തോടെ നില ക്കുകയാണുണ്ടായത്.

ധർമ്മടം സർവ്വീസ് സഹകരണ ബേങ്ക്:

ധർമ്മടം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം ധർമ്മടം സർവ്വീസ് സഹകരണ ബേങ്കിന്റെ ചരിത്രം കൂടിയാണ്. ഒരു വിവിധോദ്ദേശ്യസഹകരണ സംഘമായി 28.10.1914ൽ രജിസ്റ്റർ ചെയ്ത് 1.1.1915 മുതൽ പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ പ്രഥമ ഭരണസമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. നള്ളക്കണ്ടി രാമു പ്രസിഡണ്ട്.
2. മാടായ കൃഷ്ണൻ സിക്രട്ടറി
3. ചൂര്യായി കണാരൻ
4. വലിയ വീട്ടിൽ കുഞ്ഞു
5. നള്ളക്കണ്ടി പുന്ന കേളപ്പൻ
6. വൈദ്യർ കുഞ്ഞിക്കണാരൻ
7. മദമ്മൽ കോരൻ
8. എൻ,സി. കുഞ്ഞിക്കണ്ണൻ
9. പി. കുഞ്ഞിക്കണ്ണൻ
10. വി.കേളൻ

1966-ൽ ഇത് ഐക്യനാണയ സംഘമായി മാറുകയും 27.8.1980മുതൽ ഒരു സർവ്വീസ് സഹകരണ ബേങ്കായി ഉയർത്തപ്പെചുകയും ചെയ്തു. ബേങ്കിൻെറ പ്രഥമ പ്രസിഡണ്ട്. കെ. കെ. അനന്തൻ മാസ്റ്റർ ആയിരുന്നു.

ഇപ്പോൾ പാലയാട് ചിറക്കുനിയിൽ പ്രവർത്തിക്കുന്ന ബേങ്കിന് ധർമ്മടം റയിൽവേസ്റ്റേഷന് സമീപം ഒരു ശാഖയുണ്ട്. ബാങ്കിംങ്ങ് പ്രവർത്തനത്തിനുപുറമെ കൺസ്യൂമർ സ്റ്റോർ, വളംഡിപ്പോ, കൊപ്ര സംഭരണ കേന്ദ്രം എന്നിവയും ബേങ്കിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 1992-93മുതൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന ബേങ്കിൻെറ കഴിഞ്ഞ 5വർഷകാലത്തെ സാമ്പത്തിക നില കാണികുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക -1

വായ്പാ തുക

വർഷം	മെമ്പർ മാരുടെ	ഓഹരി സംഖ്യ	നിക്ഷേപ സംഖ്യ	ഹ്രസ്വകാലം	മധ്യകാലം	ദീർഘകാലം	പ്രവർത്തന മൂലധനം	സ്റ്റോർ വഴി വിറ്റ്വരവ്	ലാഭം	നഷ്ടം
1	2	3	4	5	6	7	8	9	10	
91-92	4984	6,45,426	14429839	17981441	5382612	139100	18859817	511239		139457
92-93	5245	887361	20051577	20697830	8117453	21508	24222756	872655		55414
93-94	5625	998206	28263385	27360080	10483132	53770	30943648	853649		345140
94-95	6127	1234743	36020055	32651445	14601073	414550	40563648	884151		1464408
95-96	6670	1555053	47585696	44384703	14209513	132250	51593507	1025404		1854755

കാർഷികമേഖലയിലെ പുരോഗതിക്ക് ആവശ്യമായ ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല സാധാരണ വായ്പകൾക്ക് പുറമെ വൈവിധ്യമാർന്ന മേഖലകളിൽ വായ്പനൽകുന്നതിന് ബേങ്ക് ശ്രമിച്ചുവരികയാണ്. ബയോഗ്യാസ് പ്ലേൻറ്, ഓർക്കിഡ്കൃഷി കല്ലുമ്മക്കായ കൃഷി എന്നിവയ്ക്കുള്ള വായ്പകൾ ഇതിനുദാഹരണമാണ്.

പാലയാട് സ്കൂളിൽ നിന്നും ഏറ്റവും കൂടുകൽ മാർക്ക് വാങ്ങുന്ന പത്താംതരം വിദ്യാർത്ഥിക്കും പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന വിദ്യാർത്ഥിക്കും വർഷം തോറും ബേങ്ക് അവാർഡ് നൽകിവരുന്നു. ബേങ്ക് ലാഭത്തിൽ പ്രവർത്തിച്ചു തുടങ്ങിയതിനെ തുടർന്ന് പൊതുനന്മാഫണ്ടിൽ നിന്നും പഞ്ചായത്തിലെ വായനശാലകൾക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനും മറ്റുക്ഷേമപ്രവർത്തനങ്ങൾക്കും ധനസഹായം നൽകിവരുന്നുണ്ട്.

ധർമ്മടം പഞ്ചായത്തിലെ സാമ്പ

ത്തിക പ്രവർത്തനങ്ങളുടെ സിരാ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ബാങ്ക് പുതുതായി ഒരു സായാഹ്നശാഖ ചിറക്കുനിയിൽ തുടങ്ങുന്നതിനുള്ള പ്രവർത്തനത്തിലാണ്. 17 ജീവനക്കാർ 5 ബിൽ കലക്ടർമാർ, 2 അപ്രൈസർമാർ എന്നിവരും ബാങ്കിൽ ജോലി ചെയ്തുവരുന്നു. ബാങ്കിന്റെ നിലവിലുള്ള പ്രസിഡണ്ട് ശ്രീ എം പി, മോഹനനും സിക്രട്ടറി ശ്രീ. സി. മോഹനനുമാണ്.

ധർമ്മടം ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം

ബീഡിതൊഴിലാളി ക്ഷേമത്തിനായി കേരള ഗവൺമെൻറ് നടപ്പിലാക്കിയ 1968ലെ ബീഡി സിഗാർ നിയമത്തെ തുടർന്ന് നിലവിൽ പ്രവർത്തിച്ചുവന്നിരുന്ന വടക്കെ മലബാറിലെ പ്രമുഖ വ്യവസായ സഹകരണസ്ഥാപനമായ മാഗ്ളൂർ ഗണേശ് ബീഡികമ്പനി അടച്ചുപൂട്ടിയിരുന്നു. തൊഴിൽ രഹിതരായ ബീഡിതൊഴിലാളികളെ പുന:രധിവസിപ്പിക്കുന്നതിനായി കേരള ഗവൺ മെൻറിന്റെ മുൻകൈയോടെ 1969ൽ സ്ഥാപിതമായ കേരള ദിനേശ് ബീഡി കേന്ദ്രസഹകരണ സംഘത്തിന്റെ കീഴിൽ ധർമ്മടം പഞ്ചായത്ത് പ്രവർത്തന പരിധിയായി രൂപീകരിച്ച് സഹകരണസംഘമാണ് ധർമ്മടം ബീഡിതൊഴിലാളി വ്യവസായ സഹകരണ സംഘം.

സംഘത്തിന്റെ പ്രഥമ യോഗം 4.1 1969-ന് പാലയാട് ഇൻറസ്ട്രിയൽ എസ്റ്റേറ്റ് ഹാളിൽ ചേർന്നപ്പോൾ. 175 പേർ പങ്കെടുക്കുകയുണ്ടായി. 28.2.69ന് പ്രവർത്തനം ആരംഭിച്ചപ്പോൾ തന്നെ 578 മെമ്പർ മാരിൽ 400 പുരുഷതൊഴിലാളികൾക്ക് ജോലി നൽകുകയുണ്ടായി. സംഘത്തിന്റെ പ്രഥമ ഭരണ സമിതിയാംഗങ്ങൾ പനോളി മുകുന്ദൻ (പ്രസിഡണ്ട്) വടവതിവാസു, എം,സി. ബാലൻ പണിക്കർ രാജൻ, വി.എൻ.നാരായണൻ എന്നിവരും സിക്രട്ടറി ടി.അബ്ദുറഹിമാനും ആയിരുന്നു. ധർമ്മടം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 ശാഖകളിലായി പ്രവർത്തനം ആരംഭിച്ച സംഘത്തിന്റെ ഹെഡ് ഓഫീസ് ചിറക്കുനിയിൽ സ്ഥിതി ചെയ്യുന്നു. നിലവിൽ 14 ശാഖകളിലായി 622 പുരുഷന്മാരും, 764 സ്ത്രീകളും ജോലി ചെയ്തുവരുന്നു. ധർമ്മടം പഞ്ചായത്തിൽ സ്ത്രീകൾക്ക് ഏറ്റവും കൂടിതൽ തൊഴിൽ നൽകുന്ന സ്ഥാപനമാണിത്. സംഘത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തൊഴിൽ സ്ഥിതിയും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിവിരിച്ചിരിക്കുന്നു.

പട്ടിക -2

വർഷം	മെമ്പർ മാരുടെ എണ്ണം	ഓഹരി തുക	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	മൊത്തം വിറ്റുവരവ്	പ്രവർത്തന മൂലധനം	ലാഭം നഷ്ടം
91-92	1738	172991	856	737	24318368	2846697	220459
92-93	1788	346391	800	810	30569822	3277412	950925
93-94	1741	338271	749	788	32711081	3811371	1469525
94-95	1693	331331	706	762	32082960	4362548	579641
95-96	1590	312291	622	764	32303040	4797636	1259449

പുകവലിക്ക് എതിരായ വ്യാപകമായ സാമൂഹ്യപ്രചരണത്തെ തുടർന്നുളവാക്കാവുന്ന ബീഡിമേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് സംഘം ബീഡി മേഖലയിൽ നിന്നും മാറിയുള്ള വൈവിധ്യവൽക്കരണം സാദ്ധ്യമാക്കുവാനുള്ള ശ്രമത്തിലാണ്. 23 ജീവനക്കാർ ജോലിചെയ്യുന്ന ധർമ്മടം ബീഡിതൊഴിലാളി സഹകരണ സംഘത്തിന്റെ നിലവിലുള്ള പ്രസിഡണ്ട് ശ്രീ യു. മുകുന്ദനും സിക്രട്ടറി ശ്രീ. വി. പ്രേമനാഥ് എന്നിവരുമാണ്.

ധർമ്മടം പഞ്ചായത്തിൽ രൂപീകൃതമായസഹകരണ സംഘങ്ങളുടെ വിശദ വിവരം താഴെ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	സംഘത്തിന്റെ പേര്	രൂപീകരിച്ച വർഷം	മെമ്പർമാരുടെ എണ്ണം	ഓഹരി മൂലധനം	പ്രവർത്തന വിറ്റുവരവ്	വാർഷിക ലാഭം	ജീവനക്കാരുടെ എണ്ണം പു	സ്ത്രീ	തൊഴിലാളികളുടെഎണ്ണം പു	സ്ത്രീ
1	2	3	4	5	6	7	8	9	10	11
1	ധർമ്മടം സർവ്വീസ് സഹകരണ ബേങ്ക്	1995	6647	1555053	51593507	1025404	14	3	4	5
2	ധർമ്മടം ഗവ:ബ്രണ്ണൻ കോളേജ് സഹ യൂനിയൻ	1920	155	19284	47662	357085	1			
3	ധർമ്മടം നെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം	1958	215	222463	288094	32906959			9	4
4	ധർമ്മടം കയർ വ്യ.. സായ സഹകരണ സംഘം	1959	250	171355	128282					
5	ധർമ്മടം ബീഡിതൊഴിലാളി വ്യവസായ സഹസംഘം	1969	1590	331331	4362548	32303040	23		622	784
6	മേലൂർ പ്രൈമറി സ്കൂൾ ഗ്രൂപ്പ് സഹസംഘം	1976	49	1192	477	7700				
7	പാലയാട് ഗവ: ബേസീക് ട്രെയിനിംങ്ങ് സഹ സംഘം	1976	74	4589	14631	22797				
8	പാലയാട് സെൻട്രൽ ബേസിക് യു.പി.സഹസംഘം	1976	45	225	57	7481				
9	പാലയാട് ഗവ:ഹൈസ്കൂൾ സഹ സംഘം	1976	106	7352	9434	39761				
10	ധർമ്മടം ബേസിക് യു.പിസ്കൂൾ സഹ സംഘം	1976	58	1794	2900	35839				
11	ധർമ്മടം മത്സ്യബന്ധന വല നിർമ്മാണ സഹ സംഘം	1978		2980	3428					
12	ധർമ്മടം ബീഡി തൊഴിലാളി സ്റ്റാഫ് കൺസ്യൂമർ സഹ സംഘം	1988	1212	31725	29885					
13	ധർമ്മടം സെറി കൾച്ചറൽ സഹ സംഘം	1990	19	1900	1900					
14	വെള്ളൊഴുക്ക് കൺസ്യൂമർ സഹ സംഘം	1992	26	650	650					
15	അണ്ടലൂർ കൺസ്യൂമർ സഹ സംഘം	1992	വിവരം ലഭ്യമല്ല							
16	ധർമ്മടം യന്ത്ര വൽകൃത കയർ വ്യവസായ സഹ സംഘം	1993	58	101000	553496					

ഇവകൂടാതെ തലശ്ശേരി സഹകരണ ടൗൺ ബേങ്ക് തലശ്ശേരി സഹകരണ ലാൻറ് ഡവല്പ്പ്മെൻറ് ബേങ്ക് തലശ്ശേരി ഹൗസ് ബിൽഡിംങ്ങ് സഹകരണ സംഘം, തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം. പാലിശ്ശേരി മത്സ്യതൊഴിലാളി ക്ഷേമസ ഹകരണ സംഘം എന്നവയുടെ പ്രവർത്ത നപരിധി ധർമ്മടം പഞ്ചായത്ത് കൂടി ഉൾപ്പെടുന്നതാണ് തലശ്ശേരി സഹകരണ ടൗൺ ബാങ്കിൻെറ ഒരു ശാഖയും തലശ്ശേരി ക്ഷീര സഹകരണ സംഘത്തിൻെറ ഒരു വനിതാ പാലുൽപ്പന്ന വിപണന യൂനിറ്റും ചിറക്കുനിയിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1 സഹകരണ സംഘങ്ങളുടെ ഭൂരിപക്ഷം മെമ്പർ മാരുടേയും സംഘം പ്രവർത്ത നത്തിനുള്ള താൽപര്യകുറവ് പ്രവർത്തനത്തെ ബാധിക്കുന്നു.

2. വായ്പേതര സഹകരണസംഘങ്ങളുടെ മാനേജ്മെൻറിനു കാലാനുസൃതമായി വിദഗ്ദ പരിശീലനം ലഭിക്കായ്മ. അത്തരം സംഘങ്ങളുടെ പ്രവർത്തനത്തെ മന്ദീഭവി പ്പിച്ചിട്ടുണ്ട്.

3. വൈവിധ്യമാർന്ന മേഖലയിൽ സംഘങ്ങൾ രൂപീകരിച്ച് ഫലപ്രദമാക്കുവാൻ അടുത്ത കാലത്തായി പഞ്ചായത്തിൽ ശ്രമമൊന്നും ഉണ്ടായിട്ടില്ല.

4 സ്കൂൾ സഹകരണ സംഘങ്ങളുടെ സജീവമായ പ്രവർത്തനത്തെ മൂലധന ദൗർലഭ്യതയും, അദ്ധ്യാപകരുടെ സമയ ദൗർലഭ്യതയും പ്രതികൂലമായി ബാധി ക്കുന്നുണ്ട്.

5, പ്രാഥമിക സഹകരണ ബാങ്കിൽ നിന്നും കുറഞ്ഞ പലിശയിൽ കൂടുതൽ പേർക്ക് കാർ ഷിക വായ്പകൾ കാലതാമസമില്ലാതെ ല ഭിക്കണമെന്നത് കർഷകരുടെ ആവശ്യമാണ്.

സാദ്ധ്യതകൾ

1 വനിതാക്ഷേമ സഹകരണ സംഘം : വനിതകളിൽ മിതവ്യയശീലം വളർത്തുന്നതിനും സ്വരൂപിക്കുന്ന ഫണ്ടുകൾ വനിതാ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉതകുന്ന വായ്പകളായി വിതരണം ചെയ്യുന്നതിനും സംഘത്തിന് സാധിക്കും. സംഘത്തിൻെറ കീഴിൽ ഓരോ വാർഡിലും ടൈയിലറിംങ്ങ്, കോഴിവളർത്തൽ തുടങ്ങിയ യൂനിറ്റുകൾ പ്രവർത്തിപ്പിക്കാവുന്നതുമാണ്.

2. ഉപഭോക്ത സഹകരണ സംഘം: ധർമ്മടം പഞ്ചായത്ത് പ്രവർത്തനപരിധിയായി വാർഡിൽ ഒരു സ്റ്റോർ എന്നനിലയിൽ ആവശ്യ വസ്തുക്കളുടെ ഒരു വിതരണ ശൃംഗല സൃഷ്ടിക്കാവുന്നതാണ്. സംഘത്തിൻെറ കീഴിൽ അണ്ടലൂർ, മേലൂർ, പാലയാട്. ധർമ്മടം, എന്നിവിടങ്ങളിൽ കാൻറീനുകൾ നടത്താവുന്നതാണ്.

3. ലേബർ കോൺക്ട്രാക്ട് സഹകരണ സംഘം ധർമ്മടം പഞ്ചായത്തിലെ വിദഗ്ദ കെട്ടിട നിർമ്മാണ തൊഴിലാളികളേയും തൊഴിൽ രഹിതരായ യുവതീയുവാക്കളേയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന സംഘത്തിന് പൊതുസ്ഥാപനങ്ങളുടേയും മറ്റും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തണ നടത്താൻ സാധിക്കും.

4. ക്ഷീര സഹകരണ സംഘം: ധർമ്മടം പഞ്ചായത്ത് പ്രവർത്തനപരിധിയായി പുതുതായി ഒരു ക്ഷീരസഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ക്ഷീരകർഷകരുടെ പാൽ സംഭരികുന്നതിനും പാൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനും സാധിക്കുന്നുമെന്നുമാത്രമല്ല കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ മിഥവിലയിൽ വിതരണം ചെയ്യാവുന്നതുമാണ്.

5. കാർപ്പെൻററി ആൻറ് സ്മിത്ത് വർക്കേഴ്സ് കോ-ഓപ്പ് സൊസൈറ്റി: തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും തൊഴിൽ സ്ഥിരതയും ലഭിക്കുന്നതിന് സംഘത്തിൻെറ രൂപീകരണം കൊണ്ട് സാധിക്കും.

6. പഞ്ചായത്തിലെ കാർഷിക വിളകൾക്ക് ന്യമായ വില ലഭിക്കുന്നതിന് ധർമ്മടം സർവ്വീസ് സഹകരണ ബേങ്കിന് കാർഷികോല്പ്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് സംവിധാനം ഉണ്ടാക്കാവ

ന്നതാണ്.

7. ധർമ്മടം പഞ്ചായത്തിലെ കയർ സഹകരണസംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കയാണ്. സംഘത്തിന്റെ പ്രവർത്തനം നവീകരിക്കുകയും വൈവിധ്യമാർന്ന കയറുൽപ്പന്നങ്ങളൾ ഉൽപ്പാദിപ്പിക്കേണ്ടതുമാണ്.

8. ധർമ്മടം പഞ്ചായത്തിവെ കൈത്തറി തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനം സജീവമാക്കി കൂടുതൽ തൊഴിലാളികൾക്ക് തൊഴിലും മെച്ചപ്പെട്ട വേതനവും ലഭ്യമാക്കേണ്ടതുണ്ട്. വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികളെ പരിശീലിപ്പിക്കുകയും ഉൽപ്പന്നങ്ങൾ വിൽകുന്നതിന് ആധുനിക വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും വേണം.

9. സംഘങ്ങളുടെ ജനറൽ ബോഡ്ഡികളിൽ മെമ്പർമാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു സഹകരണ വിദ്യാഭ്യാസം അവർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

10. പഞ്ചായത്തിലെ സഹകരണ സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാരാഷ്ട്രീയ പാർട്ടി പ്രതി നിധികളേയും സംഘം പ്രതിനിധിക ളേയും ഉൾപ്പെടുത്തി പഞ്ചായത്ത് സഹകരണ സെൽ രൂപീകിരക്കാവുന്നതാണ്.



4–11

പട്ടികജാതി പട്ടികവർഗ്ഗം

ധർമ്മടം പഞ്ചായത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിന്റെ കുടുംബവിവര ക്കണക്ക്

ഹരിജൻ കോളനി	പട്ടികജാതി വീടുകൾ	പട്ടികവർഗ്ഗ വീടുകൾ
1 (5ാം വാർഡ് 10 1/2 ഏക്കർ സ്ഥലം)	96	8

ജനസംഖ്യ

	പുരുഷന്മാർ	സ്ത്രീകൾ
എസ്സി	323	340
എസ്ടി	21	6

അഭ്യസ്തവിദ്യാർ

	പുരുഷന്മാർ	സ്ത്രീകൾ
എസ് എസ് എൽ സി പാസായവർ	36	28
തോറ്റവർ	20	45
പി ഡി സി പാസായവർ	22	12
തോറ്റവർ	36	24
ഡിഗ്രി നേടിയവർ	26	16

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ പഴയ പിന്നോക്കാവസ്ഥയിൽ നിന്നും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും ഏറെക്കുറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. അവരിൽ ചിലർ ഇന്നും പരമ്പരാഗതമായ കുലത്തൊഴിൽ ചെയ്തു ജീവിക്കുന്നു. പായനെയ്ത്ത്. തെയ്യം കെട്ടൽ ചൊണ്ടകൊട്ടൽ മത്സ്യബന്ധനം എന്നിവയാണ് മുഖ്യകുലത്തൊഴിലുകൾ. ഭൂരിഭാഗം ആളുകളും ഇന്ന് മറ്റ് വിഭാഗക്കാരോടൊപ്പം കൂലിപ്പണി ചെയ്യുന്നു. ഇവിരിൽ 25%ആളുകൾ സർക്കാർ ജോലിയിലും സർക്കാരേതര ജോലികളും ചെയ്യുന്നു. ഗ്രാമത്തിലൊ മൊത്തം ജനസംഖ്യയുടെ 26%മാത്രം വരുന്ന ഈ വിഭാഗക്കാരിൽ വലിയൊരു% താമസിക്കുന്നത് 5ാം വാർഡിലെ ഹരിജൻ കോളനിയിലാണ്. ഇന്ന് ഈ കോളനി അംബേദ്ക്കർ കോളനി എന്നാണ് അറിയപ്പെടുന്നത്. ഇവർക്കിടയിലുള്ള കുട്ടികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ വാങ്ങിച്ചുകൊണ്ട് പഠിക്കുന്നു. . അഭ്യസ്തവിദ്യരായ ചിലർ കമ്മ്യൂണിറ്റി പോളിയിലൂടെ തൊഴിൽ പരിശീലനം നേടുന്നുണ്ട്. ഗവ: ബ്രണ്ണൻ കോളേജ് അവരുടെ ഉന്നത വിദ്യാഭ്യാസത്തിന് വളരെയധികം ഉപകരിക്കുന്നു.വർഷങ്ങളായി ഈ വിഭാഗക്കാരുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട് പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഭവന നിർമ്മാണം, കക്കൂസ്, കിണർ തുടങ്ങിയവയ്ക്ക് ലോൺ സബ്സീഡിയായി നൽകുന്നു. ബ്ലോക്ക്/ പഞ്ചായത്ത് എന്നിവ യിലൂടെ ഐ.ആർ. ഡി.പി, ജെ.ആർ.വൈ സ്കീം പ്രകാരം ഭവനനിർമ്മാണം , കക്കൂസ്, കിണർ, എന്നിവയ്ക്ക് ധനസഹായവും ഉപജാവനത്തിന് ഉള്ള തൊഴിൽ ആടുമാടുകൾ എന്നിവ നൽകുന്നു. വെൽഫെയർ ഓഫീസ് വഴി കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും യൂനിഫോറവും നൽകുന്നു.

ഈ ക്ഷേമപദ്ധതികളെല്ലാംതന്നെ ഈ വിഭാഗക്കാരിൽ പലരും അനുഭവിച്ച് പുരോഗതി നേടിയിട്ടുണ്ട്.

95-96,96-97,വർഷങ്ങളിൽ ജെ.ആർ.വൈ.സ്കീം പ്രകാരം നൽകപ്പെട്ടതുകയുടെ കണക്ക്

പണിയുടെ പേര്	വർഷം	തുക
8 ഹരിജൻ കുടുംബങ്ങൾക്ക് വീട് അനുബന്ധ സൗകര്യങ്ങൾ 2 ഹരിജൻ കുടുംബങ്ങൾക്ക് കിണർ കുഴിക്കൽ	95-96	1,35526
6 ഹരിജൻ കുടുംബങ്ങൾക്ക് കിണർ കുഴിക്കൽ	96-97	84,235

പ്രശ്നങ്ങൾ:

ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യാരായവർക്ക് അർഹമായ തൊഴിൽ ലഭിക്കുന്നില്ല. അംബേദ്ക്കർ കോളനിയിൽ അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, കക്കൂസ്, വോൾട്ടേജ്ക്ഷാമം, എന്നീപ്രശ്നങ്ങൾ രൂക്ഷമായി നേരിടുന്നു. ഗ്രാമത്തിൽ ഒറ്റപ്പെട്ടുകഴിയുന്ന ചിലകുടുംബങ്ങൾക്കും ഈ അടിസ്ഥാന സൗകര്യങ്ങളില്ല.

പഞ്ചായത്തിലെ 11ഗ്രാമസഭകളിൽ നിന്നും ഏറ്റവും രൂക്ഷമായി ചർച്ചചെയ്യപ്പെട്ട പ്രശ്നം കുടിവെള്ളമാണ്. കോളനിയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ വീടുകൾക്ക് സ്ഥലത്തിന്റെ കുറവും കൂടിയാകുമ്പോൾ സ്വന്തംമായൊരു കക്കൂസ്, കിണർ, എന്നിവ വെറുമൊരു ദിവാസ്വപ്നമായിത്തീരുന്നു. ഈ ദു:സ്ഥിതി മാറ്റാൻ നിലവിലുള്ള കിണർ റിപ്പേർ ചെയ്ത് കൂടുതൽ ടേപ്പുകൾ നൽകിയാൽ മതിയാകും. സ്ഥലസൗകര്യമുള്ള ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് കിണർ കുഴിക്കാനുള്ള ധനസഹായം കൂടുതൽ ഉദാരമാക്കണം. രൂക്ഷമായ വോൾട്ടേജ് ക്ഷാമം കോളനിയുടെ ഒരു ശാപമാണ്. ഇവർക്ക് കുലത്തൊവിലുകൾ ചെയ.യുന്നതിന് ഒരു സ്ഥാപന സൗകര്യമില്ല. ധാരാളം ക്ഷേമപദ്ധതികൾ നിലവിലുണ്ടെങ്കിലും പല സാങ്കേതിക തടസ്സങ്ങളും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. അതിനാൽ ആനുകൂല്യങ്ങൾക്ക് വളരെ കുറച്ച് അപേക്ഷകർ മാത്രമേ ബന്ധപ്പെട്ടോ ഫീസുകളിൽ എത്തുന്നുള്ളൂ. ചിലർ ഈ ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു.

കോളനിയിലെ മഹിളാസമാജം, ക്ലബികൾ എന്നിവയുടെ പ്രവർത്തനം സഹകരണമില്ലാത്തതിനാൽ മെച്ചപ്പെട്ട് പ്രവർത്തിക്കുന്നില്ല. ക്ഷേമപദ്ധതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വളരെയധികം ശ്രമം നടത്തിയിട്ടും അവർ ഒറ്റക്കെട്ടായി നിന്ന് ഇവ ലഭ്യമാക്കാൻ തുനിയുന്നില്ല. കോളനിയിൽ ശിശുക്ഷേമ പ്രവർത്തനങ്ങളുമായ ബന്ധപ്പെട്ട് നടത്തിയിരുന്ന സ്ഥാപനം ഇന്ന് പ്രവർത്തിക്കുന്നില്ല. 9ാം വാർഡിലെ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന രണ്ട് കുടുംബങ്ങൾക്ക് ശുദ്ധജലം കക്കൂസ് ഇവയുടെ സൗകര്യം ഇല്ല. ഇവർക്ക് ഇടയിൽ ഇനിയും നിരക്ഷരർ ഉണ്ട്.

പ്രശ്നങ്ങൾ

1. അംബേദ്ക്കർ കോളനിയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. കോളനിയിലെ വോൾട്ടേജ് ക്ഷാമം
3 സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
4. ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരം അറിയാത്തതുകൊണ്ട് അപേക്ഷകരുടെ എണ്ണം കുറയുന്നു.
5 പരമ്പരാഗത തൊഴിൽ ചെയ്യാനുള്ള ധനസഹായമോ മറ്റ്സ്ഥാപന സൗകര്യമോ ഇല്ല.
6. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ
7. കോളനിയിലെ മഹിളാസമാജം ക്ലബുകൾ എന്നിവ സജ്ജാവമായി പ്രവർത്തിക്കുന്നില്ല.
8. ശിശുക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനം ഇല്ല.
9. കോളനിയിൽ വായനാശാലയോ ഗ്രന്ഥാലയണോ ഇല്ല.
10 കമ്മ്യൂണിറ്റിഹാൾ ഇല്ല.
11 സ്ഥലപരിമിതിമൂലം ശവസംസ്ക്കാരം നടത്താൻ ബുദ്ധിമുട്ടുന്നു.
12. സർക്കാർ ആനുകൂല്യത്തിന് ജാതിസർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ നേരിടുന്നതിൽ ബുദ്ധിമുട്ടും കാലതാമസവും

സാധ്യതകൾ

1. കുലത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്ക് അത് ചെയ്യാനുള്ള പൊതുസ്ഥാപനം പണിയാം

2. കോളനിയിൽ ലഭ്യമായ 4 1/2സെൻറ് സ്ഥലം കമ്മ്യൂണിറ്റിഹാൾ പണിയാൻ ഉപയോഗിക്കണം.

3. സർക്കാർ ആനുകൂല്യങ്ങളെക്കുറിച്ചും സ്വയംതൊഴിൽ കണ്ടെത്തുന്നതിനെ കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

4. ഒരു സഹകരണ സംഘം രൂപീകരിക്കണം.

5. ഭൂരഹിതരെ കണ്ടെത്തി സർക്കാർ പുറമ്പോക്കുഭൂമി പതിച്ചുനൽകണം.

6. കാലക്രമത്തിൽ പട്ടികജാതിക്കാർക്ക് പ്രത്യേക കോളനി എന്നതിനുമാറ്റം വരുത്തണം.



4–12 വിഭവസമാഹരണം

അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ സമഗ്രമായ വികസനത്തിന് ശാസ്ത്രീയവും കുറ്റമറ്റതുമായ വിഭവ സമാഹരണം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ തനത് വരുമാനം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയവയാണ്. ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ തനത് നികുതി രേഖകൾ പരിശോധിച്ചാൽ 5 വർഷത്തിലിടെ സാരമായ വർദ്ധനവ് വന്നിട്ടുണ്ടെന്ന കാര്യം വ്യക്തമാണ്.

കെട്ടിടനികുതി:

കെട്ടിട നികുതി പുനർ നിർണ്ണയ കാലയളവിനു മുമ്പുള്ള ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ കെട്ടിടനികുതി വരുമാനം 1, 82, 989 രൂപയിൽ നിന്നും 1995-96വർഷമാകുമ്പോഴേക്കും 3, 04, 934 രൂപയായി ഉയർത്തിയത്(66.64%) കാണിക്കുന്നത് പഞ്ചായത്തിന്റെ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള വിഭവ സമാഹരണത്തിന് ഉദാഹരണമാണ്. ധർമ്മടം ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണ ചട്ടം ബാധകമല്ലാത്തതിനാൽ കെട്ടിട നികുതി നിർണ്ണയം തികച്ചും ശാസ്ത്രീയമായി ചെയ്യാൻ ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്. പ്രസ്തുത ആക്ട് നിലവിൽ വരുത്തി ഒരു ടെക്ക്നിക്കൽ വിംങ്ങ് സ്ഥാപിച്ചാൽ ശാസ്ത്രീയമായ കെട്ടിട നികുതി നിർണ്ണയം സാധ്യാമാവുകയും കെട്ടിട നികുതി ഇനത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്നതുമായിരിക്കും. 1997-98വർഷം കെട്ടിടനികുതി പുനർനിർണ്ണയം നടക്കുന്നതുമൂലം കുറഞ്ഞത് 20% എങ്കിലുംവർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

2. തൊഴിൽ നികുതി:

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാണ് തൊഴിൽ

നികുതി. ഗവ:ബ്രണ്ണൻ കോളേജ് പോലുള്ള സ്ഥാപനങ്ങൾ ധർമ്മടത്തിന്റെ വിഭവ സമാഹരണത്തിൽ ഇതുവഴി വികസ പ്രവർത്തനങ്ങളിൽ സാരമായ പങ്ക് വഹിക്കുന്നു. 1991-92വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ 1, 55, 081 രൂപ വരുവുണ്ടായിരുന്നത് 1995- 96 ആകുമ്പോ ഴേക്കും 2, 77, 574 രൂപയായി (78.98%) ഉയർന്നു എന്നതും ആശാവഹമാണ്.

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ 65 സ്വകാര്യ/സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കികൊണ്ടിരിക്കുന്നത്. പക്ഷെ ബഹുഭൂരിപക്ഷം വരുന്ന മറ്റ് മേഖലകളിൽ ജോലിചെയ്യുന്ന രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ നിന്നും ക്ഷേമനിധിയിൽ അംഗമായിരിക്കുന്ന തൊഴിലാളികളിൽ നിന്നും വാഹനമുടമകളിൽ നിന്നും കാർഷികാ ദായത്തിൽ നിന്നും കൂടി തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ സാധിച്ചാൽ കെട്ടിടനികുതിയേക്കാൾ വർദ്ധനവ് രേഖപ്പെ ടുത്തുന്നത് തൊഴിൽ നികുതിയായിരിക്കും. ഉദ്ദേശം 100000/- രൂപയോളം ഈ ഇനത്തിൽ വിഭവ സമാഹരണം നടത്താൻ സാധിക്കുന്നതായിരിക്കും.

3 വിനോദ നികുതി:

പഞ്ചായത്തിന്റെ മറ്റൊരു പ്രധാന വരുമാന മാർഗ്ഗമാണ് സിനിമാശാലകൾ. ധർമ്മടം ഗ്രാമപഞ്ചായത്തിൽ രണ്ട് സിനിമാശാ ലകൾ ഉണ്ടെങ്കിലും ഈ ഇനത്തിലുള്ള വരുമാ നത്തിൽ സാരമായ വരവുകൾ ഉണ്ടാകുന്നില്ല. ഇതിനൊരു പ്രധാന കാരണം ധർമ്മടം ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിക്ക് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്നു എന്നുള്ളതാണ്. ദൂരദർശൻ,കേബിൾ ടി.വി മുതലായ മാധ്യമങ്ങ ളിൽ ഞായറാഴ്ചതോറും മറ്റ് ദിവസങ്ങളിലും സംപ്രേഷണം ചെയ്യുന്ന മലയാളസിനിമ തീയെറ്ററിലെത്തുന്ന പ്രേക്ഷകരുടെ എണ്ണം സാരമായി കുറക്കുന്നു. 1991- 92 വർഷം 77258രൂപ വരുമാനം ഉണ്ടായിരുന്നത് 1995-96 വർഷം ആകുമ്പോഴെക്കും 90, 333രൂപ (16.92%) മാത്രമേ അധികമായി സ്വരൂപിക്കാൻ സാധിച്ചിട്ടുള്ളൂ. ശാസ്ത്രീയമായ നികുതി നിർണ്ണയവും പിരിവും നടത്തിയാൽ ഒരു പരിധിവരെ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുന്നതാണ്.സീറ്റിംങ്ങ് കപ്പാസിറ്റിക്ക് അനുസൃതമായി മിനിമം 50% നികുതി ചുമത്താൻ നിമയമുണ്ടായാൽ ഈ ഇനത്തിൽ നിന്നും അധിക വിഭവസമാഹരണം സാധ്യ മാകുന്നതായിരിക്കും.

4. നികുതിയേതര വരുമാനം:

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ നികുതിയേതര വരുമാന ഇനത്തിൽ 1991 -92 വർഷം, 1, 03,917രൂപ വരുമാനമുണ്ടായിരുന്നത് 1995 - 96 വർഷമാകുമ്പോഴേക്കും 2, 89, 303 രൂപയായി കൂടുകയും 178.39% വർദ്ധനവ് രേഖപ്പെടുത്തുകയും ചെയ്തു. 1992 വർഷം ലൈസൻസ് ഫീ ബൈലോ പുതുക്കിയതു കാരണം 342.62 % വർദ്ധനവുണ്ടായി ഈ ഇനത്തിൽ വിഭവ സമാഹരണത്തിന് ഇനിയുള്ള സാദ്ധ്യത കുറവായിട്ടാണ് കാണുന്നത്

5 സംസ്ഥാന നികുതി വിഹിതം

ബേസിക്ക് ടാക്സ് ഗ്രാൻറിനത്തിൽ 1991-92 വർഷം 16, 584 രൂപ ലഭിച്ചിരുന്നത്. 1995 -96 വർഷം 19,934 രൂപ ലഭിച്ചു വളരെ നാമമാത്രമായ(20.20%)വർദ്ധനവ് മാത്രമെ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ളു വരും കാലങ്ങളിൽ സ്വത്ത് നികുതിയിലുള്ള വർദ്ധനവ് അനുസരിച്ച് വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6. അൺടൈഡ് ഫണ്ട്:

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ

സമഗ്രമായ വികസനത്തിന് അൺടൈഡ് ഫണ്ടിന്റെ സ്വാധീനം പ്രശംസനീയമാണ്. പേരുകൊണ്ട് അർത്ഥമാക്കുന്നതുപോലെ ഉപാധികൾ രഹിതമായിട്ടുള്ള ഫണ്ടായതിനാൽ സാങ്കേതികത്വത്തിന്റെ നൂലാമാലകൾ ഒരു പിരിധിവരെ കുറച്ചു പ്രവർത്തികൾ സുഗമമായി നടത്തികൊണ്ടുപോകാൻ സാധിക്കുന്നു.

വർഷം	1991-92	1992-93	1993-94	1994-95	1995-96
അൺടൈഡ്ഫണ്ട്	1,90,000	1,90,600	2,00,000	2,87,290	2,88, 240
അൺടൈഡ് ഫണ്ട് നിരക്ക്	52.65%	51.99%	38.69%	47.75%	45.95%

സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിൽ അൺടൈഡ് ഫണ്ടിന്റെ നിരക്ക് കുറഞ്ഞുവരുന്നതായിട്ടാണ് രേഖകൾ സൂചിപ്പിക്കുന്നത്. 1994-95, 1995-96വർഷങ്ങളിലെ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് പാലയാട് ദേശത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിടനിർമ്മാണ് നടന്നുവരുന്നു എന്നത് ധർമ്മടം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം ആരോഗ്യപരിപലാനരംഗത്തുണ്ടായ പുരോഗതിക്ക് ഉത്തമദൃഷ്ടാന്തമാണ്.

അൺടൈഡ് ഫണ്ട് എസ്.സി.പി. സെക്ടർ ഉപയോഗിച്ച് ഹരിജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. പാലയാട് ഹരിജൻ കോളനിമുതൽ അണ്ടലൂർ കാവ് വരെയുള്ള റോഡ് താർ ചെയ്യാൻ പ്രസ്തുതഫണ്ട് ഉപയോഗിക്കുവാൻ സാധ്യമാകും.

പരിമിതികൾ ഏറെയുള്ള തനത് നികുതിയിനത്തേക്കാളും നികുതിയേതരവരുമാനത്തേക്കാളും വിഭവസമാഹരണത്തിൽ അൺടൈഡ് ഫണ്ടിന്റെ വർദ്ധനവിനെ ആശ്രയിച്ചായിരിക്കും ഗ്രാമപഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളുടെ വിജയം എന്നകാര്യത്തിൽ സംശയമില്ല.

7 ജവഹർ റോസ്ഗാർ യോജന:

ജെ.ആർ.വൈ പദ്ധതിപ്രകാരം ലഭിക്കുന്ന ഫണ്ടിന്റെ 22.5% പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കും 77.5% ജനറൽ വിഭാഗത്തിൽ വേണ്ടുന്ന പ്രവർത്തികൾക്കും ചെലവഴിക്കുന്നു.

വർഷം	1991-92	1992-93	1993-94	1994-95	1995-96
ജെ.ആർ.വൈ	1,50,419	2,23,210	3,42,849	1,57,470	1,57,650

ജെ.ആർ.വൈ എസ്.സി / എസ്.ടി വിഭാഗത്തിൽ ഇതുവരെ 8 വീടുകളും 4കിണറുകളും ,18 കക്കൂസുകളും നിർമ്മിക്കുന്നതിന് ധനസഹായം നൽകി. കൂടാതെ 16 ഹരിജൻ കുടുംബങ്ങൾക്ക് പറമ്പ് കിളച്ച് മണ്ണൊലിപ്പ് തടയുന്നതിനും ധനസഹായം നൽകിയിട്ടുണ്ട് എസ്. സി/ എസ്.ടി വിഭാഗത്തിൽ ആവശ്യത്തിനുള്ള ഗുണഭോക്താക്കളെ ലഭിക്കാത്തത് കാരണം ഫണ്ട് മുഴുവനാ.യും ചെലവഴിക്കാൻ സാധ്യമാവാത്ത അവസ്ഥ സംജാതമാകുന്നുണ്ട്.

ജെ.ആർ.വൈ. ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തി കേരളത്തിലെ വിനോദ സഞ്ചായര കേന്ദ്രമാവാൻ സാധ്യതയുള്ള ധർമ്മടം തുരുത്ത്വരെയുള്ള റോഡ് ടാർ ചെയ്യുവാനും അതുപോലുള്ള മറ്റ് പലവിധ വികസന പ്രവർത്തനങ്ങളും നടത്തുവാൻ സാധിച്ചു.

പുതിയ ഗ്രാമപഞ്ചായത്ത് നിയമപ്രകാരം കാര്യമായ മാറ്റങ്ങളൊന്നും ഈ പദ്ധതിയിൽ സംഭവിച്ചിട്ടില്ല. വരും വർഷങ്ങളിൽ കൂടുതൽ വിഹിതം ജെ. ആർ. വൈ ഇനത്തിൽ ലഭ്യമായാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

8. എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്:

എസ്റ്റാബ്ലിഷ്മെൻറ് ഗ്രേൻറിനത്തിൽ 1991-92വർ 1967 രൂപയും 1992-93വർ, 28.083രൂപയുമാണ് ധർമ്മടം ഗ്രാമപഞ്ചാ യത്തിന് ലഭിച്ചതക്. പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജ് തനത് വരുമാനത്തിൻെറ 40% കവിയാത്തത് കാരണം തുടർന്നുള്ള വർഷങ്ങളിൽ ഗ്രാൻറ് ലഭ്യമല്ല.

വരുമാനം ഒരവലോകനം

വർഷം	1991-92	1992-93	1993-94	1994-95	1995-96	വ്യത്യാസം	നിരക്ക്
കെട്ടിടനികുതി	1,82,988	2,46,848	2,73,743	2,84,230	3,04.934	1,21,945	66.64%
തൊഴിൽ നികുതി	1,55,081	1,76,484	1,96,968	2,31,664	2,77,574	1,22,494	78.98%
വിനോദ നികുതി	77,258	77,651	83,582	79,933	90,333	13,075	16.92%
സ്റ്റാമ്പ് ഡ്യൂട്ടി	1,17,869	1,09,063	1,76,381	2,48,070	1,63,354	45,485	38.58%
അൺടൈഡ് ഫണ്ട്	1,90,000	1,90.600	2,00000	2,87,290	2,88,240	98,240	51.70%
ബേസിക് ടാക്സ് ഗ്രേൻറ്	16,584	17,436	17,474	20,252	19,934	3350	20.20%
മറ്റ് ഗ്രാൻറുകൾ	36,418	49,485	1,23,049	45,936	1,55,763	1,19,345	327.70%
നികുതിയേതര വരുമാനം	1,03,917	1,96,203	1,91,751	2,03,650	2,89,303	1,85,386	178.39%
ആകെ വരവ്	8,80,115	10,63,770	12,62,948	14,01,023	15,89,435	7,09,320	80.59%



ചെലവുകൾ

1എസ്റ്റാബ്ലിഷ് മെൻറ് ചെവല്

വർഷം	1991-92	1992-93	1993-94	1994-95	1995-96	വർദ്ധനവ്
ചെലവ്	2,44.261	2,55,585	2,77,939	3,47,601	3,88,829	59%

എസ്റ്റാബ്ലിഷ് മെൻറ് ചെലവിനത്തിൽ 1991-92 വർഷത്തെ അപേക്ഷിച്ച് സാരമായ വർദ്ധനവ് രേഖപ്പെടുത്തുന്നു. മൊത്തം ചെലവിൽ എസ്റ്റാബ്ലിഷ്മെൻറ് ചെലവിൻെറ തോത് വർദ്ധിച്ചുകൊണ്ടിരിക്കുന്നതിൻെറ കാരണം പൈ ഈകൃലൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 1993ലെ നമ്പർ (പി)600/93 930/93 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള കേന്ദ്രനിരക്കിലുള്ള ശമ്പള പരിഷ്ക്കരണമാണ് കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന ക്ഷാമബത്താ നിരക്കിലുള്ള വർദ്ധനവും എസ്റ്റാബ്ലിഷ്മെൻറ് ചെലവ് കൂടാൻ കാരണമാകുന്നു. പഞ്ചായത്തോഫീസിൽ നിലവിലുള്ള സ്റ്റാഫുകളുടെ എണ്ണത്തിൽ മാറ്റൊമൊന്നും സംഭവിച്ചിട്ടില്ല.

2. **പൊതുമരാമത്ത്:**

അടുത്ത പ്രധാന ചെലവിനമാണ് പൊതുമരാമത്ത്. എസ്റ്റാബ്ലിഷ്മെൻറ് ചെലവിനേക്കാൾ കൂടുതലാണ് പൊതു മരാമത്ത് ചെലവുകൾ എന്നാണ് രേഖകൾ സൂചിപ്പിക്കുന്നത്. 1991 -92വർഷം 1,09, 613 രൊ പൊതുമരാമത്ത് ജോലികൾക്കായി ചെല വഴിച്ചുവെങ്കിൽ 1995-96 വർഷമാകു മ്പോഴേക്കും അത് 4, 17, 760 രൂപയായി വർദ്ധി ച്ചു. 1991 92വർഷത്തോതിനേക്കാൾ 281.12% വർദ്ധനവാണ് ഈ ഇനത്തിൽ ഉണ്ടായി ട്ടുള്ളത്.

വർഷം	1991-92	1992-93	1993-94	1994-95	1995-96	വർദ്ധനവ്
ചെലവ്	1,09,613	1,63,116	6,06,300	3,92,653	4,17,760	281.12%

പൊതുമരാമത്ത് പ്രവൃത്തികൾ സാധാ രണയായി ടെണ്ടർ ക്ഷണിച്ച് കോൺട്രാ ക്ടർ മുഖാന്തിരമാണ് നടത്തിവരാറുള്ളത്. വർദ്ധിച്ചു വരുന്ന വാഹനഗതാഗതവും ജനസ ഞ്ചാരവും വർഷ്തോറും റോഡ് സംരക്ഷണം നടത്തേ ണ്ടുന്നതിൻെറ ആവശ്യകതയിലേക്കും അതു വഴി പൊതുമരാമത്ത് ചെലവുകൾ വർദ്ധിക്കു വാനും കാരണമാകുന്നു.

3. മറ്റ് വകസന ചെലവുകൾ:

1. വിദ്യുത്ഛക്തി
2. ശുദ്ധജല വിതരണം
3. ആരോഗ്യപരിപാലനം
4. വിദ്യാഭ്യാസം
5. സാമൂഹ്യക്ഷേമം

എന്നീഇനങ്ങളാണ് മറ്റ് പ്രധാന വികസന ചെലവുകളിൽ പ്രധാനമായവ. ഇതിൽ വിദ്യുത്ഛക്തി ച്ചെലവുകളും, ശുദ്ധജല വിതരണ ച്ചെലവുകളും മുൻപന്തിയിൽ നിൽക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ടേബിൾ അത് വ്യക്തമാക്കുന്നു.

വർഷം	1991-92	1992-93	1993-94	1994-95	1995-96
വിദ്യുത്ഛക്തി	44,394	54,670	54,624	54,624	61,373
ശുദ്ധജലം	15,188	25,000	22,000	10,000	1,23,346
ആരോഗ്യം	20,945	23,988	35,196	26,524	27,038
വിദ്യാഭ്യാസം	13,611	53,23	6065	12,411	13,925
സാമൂഹ്യക്ഷേമം	9,400	5875	1601	7223	11,760

ഇതിൽ ശുദ്ധജല വിതരണ ഇനത്തിൽ 11ലക്ഷത്തോളം രൂപ കുടിശ്ശികയായി കിടക്കുകയാണ്. സർക്കാരിൽ നിന്നും ഏതെങ്കിലും വിധത്തിൽ ധനസഹായം ലഭിച്ചാൽ മാത്രമെ ഈ ഇനത്തിലുള്ള കുടിശ്ശിക ഒടുക്കാൻ ബോധ്യമാവുകയുള്ളൂ. മറ്റ് നാലിനങ്ങളിൽ കാര്യമായ മാറ്റങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. കടമിനങ്ങൾ: ധർമ്മടം ഗ്രാമപഞ്ചായത്ത് നാളിതുവരെ വായപ്പകൾ ഒന്നും എടുക്കാത്തതിനാൽ ഈ ഇനത്തിൽ ബാധ്യതകളൊന്നും തന്നെയില്ല.

വർഷം	1991-92	1992-93	1993-94	1994-95	1995-96	വർദ്ധനവ്
എസ്റ്റാബ്ലിഷ്മെൻറ്	2,44,261	2,55,585	2,77,939	3,47,601	3,88,829	59.18%
പൊതുമരാമത്ത്	1,09,613	1,63,116	6,06,300	3,92,653	4,17,760	281.12%
മറ്റ് വികസനം	3,67,539	5,57,412	3,88,183	4,29,855	7,60,331	106.87%
ആകെ ചെലവ്	7,21,413	9,76,113	12,72,422	11,70,109	15,66,920	117.20%



5വർഷത്തെ വരവ് ചെലവ് വ്യതിയാനങ്ങൾ

വർഷം	1991-92	1992-93	1993-94	1994-95	1995-96	വർദ്ധനവ്
വരവ്	8,80,115	10,63,770	12,62,948	14,01,023	15,89,435	80.59%
ചെലവ്	7,21,413	9,76,113	12,72,422	11,70,109	15,66,920	117.20%



ധനകാര്യസ്ഥാപനങ്ങൾ

ധർമ്മടം ഗ്രാമപഞ്ചായത്തിൽ ഒരു വാണിജ്യബേങ്കും ഒരു പഞ്ചായത്ത്തല സർവ്വീസ് സഹകരണ ബേങ്കും തലശ്ശേരി ആസ്ഥാനമായുള്ള കോ-ഓപ്പ് ടൗൺ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു.

1.വാണിജ്യ ബേങ്കികൾ

ധർമ്മടം ഗ്രാമപഞ്ചായത്തിൽ സിൻറിക്കേറ്റ് ബാങ്കിന്റെ ഒരു ശാഖ മീത്തലെ പീടിക എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന് പുറത്ത് നിന്നുള്ള നിക്ഷേപങ്ങൾ ധാരളമുള്ളതിനാൽ പഞ്ചായത്തിന്റെ മാത്രം നിക്ഷേപത്തിന്റെ തോത് നിർണ്ണയിക്കുന്നത് ശ്രമകരമാണ്. നിക്ഷേപത്തിന്റെ 50% ധർമ്മടം പഞ്ചായത്ത് നിവാസികൾക്കും 50% മറ്റ് സമീപപ്രദേശനിവാസികൾക്കും വായ്പയായി അനുവദിക്കുന്നു. വായ്പകളുടെ സ്വഭാവം അനുസരിച്ച് ഹ്രസ്വകാല വായ്പയായും ദീർഘകാലവായ്പയായും അനുവദിക്കുന്നു. കൃഷി, ചെറുകിട വ്യവസായം സ്വയം തൊഴിൽ കേണ്ടെത്തൽ ഐ.ആർ.ഡി.പി പി.എം.ആർ.വൈ സ്കീമുകൾ ഭവനനിർമ്മാണ് എന്നിവക്കാണ് മുഖ്യമായും വായ്പകൾ അനുവദിക്കുന്നത്. പഞ്ചായത്തിലെ 1,2,3,8,9,10 വാർഡുകളിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന സ്കീമുകൾക്ക് പ്രത്യേകമായി

വായ്പ അനുവദിക്കുന്നു.

സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണത്തിന് സ്ഥലവീടിൻമേൽ 25000 രൂപ വരെ 12 1/2% പലിശനിരക്കിലും നാവിനുമുകളിൽ 14% പലിശ നിരക്കിലും വായ്പ നൽകിയിരുന്നു.

നേന്ത്രവാഴകൃഷി നടത്തിന്നതിന് സർക്കാർ തലത്തിൽ സ്കീമുകൾ ഉണ്ടാക്കിയാൽ എത്ര തുകവേണമെങ്കിലും വായ്പയായി അനുവദിക്കാൻ ബേങ്ക് സന്നദ്ധമാണ്. പക്ഷെ വായ്പ തിരിച്ചട പ്പിക്കുന്ന കാര്യത്തിൽ ജനപ്രതിനിധികളുടെ നിർലോഭമായ സഹകരണം ആവശ്യമാണെന്ന് ബാങ്ക് അധികൃതർ അഭിപ്രായപ്പെടുന്നു.

സി.എം.എഫ്.ആർ.ഐ യുടെ സാങ്കേതിക സഹായത്തോടെ നാബാർ ഡിന്റെ ആഭിമുഖ്യത്തിൽ വ്യവസായിക അടിസ്ഥാനത്തിൽ കല്ലുമ്മക്കായ കൃഷി നടത്തുന്നതിന് രണ്ട് ഗ്രൂപ്പികൾക്ക് 22500രൂപ വീതം വായ്പ അനുവദിച്ചു.

ഐ.ആർഡി.പി പദ്ധതി പ്രഖാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേമ്ടി ധർമ്മടം ഗ്രാമപഞ്ചായത്തിലെ 15 തൊഴിൽ രഹിതർക്ക് ധനസഹായയം നൽകിയിട്ടുണ്ട്.

കൃഷി ആവശ്യങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങുന്നതിനും കൊടുക്കുന്ന വായ്പയുടെ കാലാവധി ഒരു വർഷമാണ്. മറ്റ് വായ്പകൾക്ക് മൂന്നുവർഷം മുതൽ 5 വർഷം വരെ കാലാവധി അനുവദിക്കുന്നു. സ്വർണ്ണപണയത്തിൻമേലുള്ള വായ്പകളാണ് കൂടുതലായും അനുവദിക്കുന്നത്.

നിയമാനുസൃതമായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് കാലാവധി കഴിഞ്ഞ വായ്പാ തുക പിടിച്ചെടുക്കുന്നു.

വിദേശത്തു വസിക്കുന്നവരുടെ ഫണ്ടായി 421 എൻ ആർ ഇ അക്കൗണ്ടുകൾ സിൻറിക്കേറ്റ് ബേങ്കിലുണ്ട്.

സഹകരണ ബേങ്കുകൾ:

ധർമ്മടം ഗ്രാമപഞ്ചായത്തിൽ ഒരു പഞ്ചായത്ത് തല സർവ്വീസ് സഹകരണ ബേങ്കും തലശ്ശേരി ആസ്ഥാനമാക്കിയുള്ള കോ-ഓപ്പ് ടൗൺ ബേങ്കിന്റെ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു. സഹകരണ ബേങ്കുകളെ സംബന്ധിച്ച് നിക്ഷേപത്തിന്റെ 95% വായ്പയായി ഈ പഞ്ചായത്തിൽ തന്നെ വിനിയോഗിക്കുന്നു.

കൃഷി, ചെറുകിട വ്യവസായം സ്വയം തൊഴിൽ അനുബന്ധകൃഷികൾ ഐ.ആർഡി.പി സ്കീം ഗൃഹോപകരണ വായ്പകൾ സ്വർണ്ണപ്പണയം ഭവനനിർമ്മാണം മുതയാവക്കാണ് ബേങ്ക് മുഖ്യമായും വായ്പകൾ നൽകിവരുന്നത്. കൃഷി ആവശ?ങ്ങൾക്കുള്ള വായ്പകൾക്ക് ഒരു വർഷവും മറ്റ് വായ്പകൾക്ക് 3മുതൽ 5 വർഷവും കിണർ. പമ്പ്സെറ്റ് എന്നിവയ്ക്ക് 9 മുതൽ 15വർഷം വരെ തിരിച്ചടവിനുള്ള കാലാവധി നൽകുന്നു.

കല്ലുമ്മക്കായകൃഷി, ഓർക്കിഡ്കൃഷി ബയോഗ്യാസ് എന്നിവക്കുള്ള പ്രത്യേകാ സ്കീമുകളും സഹകരണ ബേങ്കിൽ ആരംഭി ച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ വായ്പാ തുക പിടിച്ചെടുക്കുന്നതിന് സഹകരണ ഡിപ്പാർട്ടുമെൻറ് മുഖേന അന്ന്യായ ഹർജി ഫയൽ ചെയ്ത് അതിന്റെ അടിസ്ഥാന ത്തിൽനിയമനടപടിക്കൾ സ്വീകരിക്കുന്നു. വിദേശത്ത്വസിക്കു ന്നവരുടെ ഫണ്ട്സ്വരൂപി ക്കാനായി എൻ.ആർ.ഐ നിക്ഷേപത്തിന് വാണിജ്യബേങ്കുകൾക്ക് നൽകി വരുന്ന സൗകര്യം സഹകരണ ബേങ്കുകൾക്കും ബാധകമാക്കണമെന്ന് ബേങ്ക് ഭരണ സമിതി ആവശ്യപ്പെടുന്നു.

ഇതിനുപുറമെ മറ്റ് ബാങ്കുകളോ സഹകരണ വായ്പാസംഘങ്ങളോ ബേങ്കേതര ധനകാര്യസ്ഥാപനങ്ങളോ ധർമ്മടം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ വിഭവസമാഹരണത്തിനും പഞ്ചായത്തിന്റെ പുരോഗതിക്കും ധർമ്മടം ഗ്രാമപഞ്ചായത്തിലുള്ള രണ്ട് സഹകരണ ബേങ്കുകളും സിൻറിക്കേറ്റ് ബേങ്കും അതിപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം

ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം ധർമ്മടം ഗ്രാമപഞ്ചായത്തിൽ വർഷങ്ങൾക്ക് മുമ്പേ പ്രകടമായിരുന്നു. പക്ഷെ കാർഷികമേഖലയിലോ വ്യവസായ മേഖലയിലോ മറ്റ് ഉൽപാദന മേഖലയിലോ ഇവരുടെ സംഭാവനകളോ മുടക്കുകളോ അനുഭവപ്പെട്ടിട്ടില്ല. ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം കാരണം ധർമ്മടം ഗ്രാമപഞ്ചായത്തിൽ താമസിച്ചുകൊണ്ടിരിക്കുന്ന പാവപ്പെട്ടവർക്ക് സ്വന്തം ദേശത്ത് വിലകൊടുത്ത് സ്ഥലം എടുക്കാൻ പറ്റാത്ത സാഹചര്യം സംജാതമായിരിക്കയാണ്. പട്ടണത്തിന്റെ ശല്യം ഇല്ലെന്ന് മാത്രമല്ല പട്ടണത്തിന്റെ എല്ലാ സൗകര്യങ്ങളുമുള്ള ധർമ്മടം ഗ്രാമപഞ്ചായത്ത് മറ്റ് സ്ഥലങ്ങളിലുള്ള ഗൾഫ് കുടിയേറ്റക്കാർക്ക് ചേക്കേറാൻ പറ്റിയ ഒരു താവളമായി മാറിയിരിക്കയാണ്. അതിന്റെ ഫലമായി ഉണ്ടായിരുന്ന നെൽപാടം പോലും നികത്തി വൻവില കൊടുത്ത് സ്ഥലം എടുക്കുവാൻ അവർ തയ്യാറാകുന്നു. നാട്ടിലെ സാമൂഹ്യസാംസ്കാരിക സാമുദായിക മേഖലകളിലെ പൊടുപ്രവർത്തനങ്ങൾക്ക് ഇവരുടെ സംഭാവന നാമമാത്രമായിരുന്നു. ഗൾഫിൽ ജോലിചെയ്യുന്നവരുടെ സമ്പാദ്യങ്ങൾ വ്യവസായിക-കാർഷിക മേഖലകളിലേക്ക് തിരിച്ച് വിടുന്നതിന് സാധ്യതകൾ ഒന്നും തെളിഞ്ഞുകാണുന്നില്ല. എങ്കിലും സംഭാവനകളുടെ അടിസ്ഥാനത്തിൽ അത്യാവശ്യംവേണ്ടുന്ന സാമൂഹിക സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങളുടെ സൃഷ്ടിക്ക് വിദേശമലയാളികളിൽ നിന്നുള്ള വിഭവസമാഹരണത്തിന് സാധ്യതയുള്ളതായി കാണുന്നു.

സന്നദ്ധ പ്രവർത്തനങ്ങൾ:

ധർമ്മടം ഗ്രാമപഞ്ചായത്തിൽ സന്നദ്ധ സംഘടനകൾ ഏറെ ഇല്ലെങ്കിലും സന്നദ്ധ പ്രവർത്തനങ്ങളുടെ അടഅസ്ഥാനത്തിൽ നടത്താവുന്ന വികസന പ്രവർത്തനങ്ങളുടെ സാധ്യത വളരെ കൂടുതലാണ്. കഴിഞ്ഞ 5 വർഷത്തിനിടെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വളരെ കൂടുതൽ വികസന പ്രവർത്തനങ്ങളനു നടത്താൻ സാധിച്ചിട്ടുണ്ട്. വേലാണ്ടിവീട്, ഒഴയിൽ ഭാഗം കിഞ്ഞറം കണ്ടെ റോഡും ഇൻറസ്ട്രിയൽ അണ്ടലൂർക്കാവ് റോഡും ഉത്തമ ഉദാഹരണങ്ങളാണ്.പാലയാട് ഗവൺമെൻറ് ഹൈസ്കൂളിൽ പി.ടി.എ.യുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ സ്കൂൾ ഗ്രൗണ്ട് നിർമ്മിച്ചതും എടുത്തുപറയത്തക്ക നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സർതോന്മുഖമായ വിതസനത്തിന് സന്നദ്ധസംഘടനകളുടെ പങ്ക് പരമ പ്രദാനമാകുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല
2. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യം.
3. സന്നദ്ധ പ്രവർത്തനങ്ങളിലെ താൽപര്യക്കുറവ്.

സാധ്യതകൾ

1 നികുതി പിരിവ് കാര്യക്ഷമമാക്കൽ
2. പുതിയ സേവനങ്ങൾ നൽകി അവക് ചാർജ്ജ് ഈടാക്കൽ
3. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ
4 പഞ്ചായത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
5 സന്നദ്ധപ്രവർത്തനങ്ങൾ
6 വിദ്യാഭ്യാസം ആരോഗ്യക്ഷേണപ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ




ധർമ്മടം നിയോജക മണ്ഡലം.
തലശ്ശേരി
കണ്ണൂർ
പയ്യന്നൂർ
ധർമ്മടം.
അറബിക്കടൽ

ധർമ്മടം ഗ്രാമ പഞ്ചായത്ത്

വാർഡുകളും പ്രധാന റോഡുകളും



Sathyanath
96